
മലയാളരാജ്യം
വാരിക



C.K.P.

THE MALAYALA RAJYAM
ILLUSTRATED WEEKLY
13th May 1953. Three Annas



സിനിമാപംക്തി

ബീനാറായി

★

"ഒരു തന്നിയുടെ ധനം വർദ്ധനമകുന്നു'—ഇംഗ്ലീഷിലുള്ള ആ പഴഞ്ചൊഴി ബീനാറായിയെസംബന്ധിച്ചിടത്തോളം പതിരില്ലാത്ത ഒരു പരമാർത്ഥമാണെന്നു സമ്മതിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. വെള്ളിത്തിരയിൽ സൗന്ദര്യധാമങ്ങളായി പ്രത്യക്ഷപ്പെടുന്ന തരുണികളിൽ ബഹുഭൂരിപക്ഷവും കാഴ്ചയിൽ സുന്ദരികളായിരിക്കയില്ല, എന്നാൽ ബീനാറായി ഇതിനിന്നും വ്യത്യസ്ഥയാണ്. സൗകുമാര്യം തിരയുന്ന അവരുടെ കടുംബാരം അടിമുടി ആകർഷകമാണ്. ബീനായുടെ സൗന്ദര്യമാണ് അവർക്ക് ചലച്ചിത്രലോകത്തു സ്ഥാനം നേടിക്കൊടുത്തതും. 1950-ൽ "കാളിഘട്ട്" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിനു ഒരു പുതിയ നടിയെ ആവശ്യമുണ്ടെന്നു പ്രൊഡ്യൂസർഡയറക്ടർ കിഷോർസാഹു ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇന്റർമീഡിയറ്റുപരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരുന്ന ബീനാറായി ആ പരസ്യം കാണുകയും കിഷോർസാഹുവിനു ഒരു അപേക്ഷ അയയ്ക്കുകയുംചെയ്തു. അപേക്ഷലഭിച്ചതിനെത്തുടർന്ന് കിഷോർസാഹു അഭിമുഖസംഭാഷണത്തിനു ചെല്ലുവാൻ ബീനാറായിയെ ക്ഷണിച്ചു. പരീക്ഷയായതുകൊണ്ട് ഒരുമാസം കഴിഞ്ഞെ തനിക്കു അഭിമുഖസംഭാഷണത്തിനുചെല്ലുവാൻ സൗകര്യം ലഭിക്കുകയുള്ളു എന്നു ബീനാ മറുപടിയയച്ചു. പരീക്ഷകഴിഞ്ഞു ബീനാ വീട്ടിലയ്ക്കുപോകാതെ ബോംബയിൽചെന്ന് കിഷോർസാഹുവിനെ കാണുകയാണുണ്ടായതു്. "സ്ക്രീൻ ടെസ്റ്റിൽ' വിജയിച്ച ബീനാറായിയെ കിഷോർസാഹു തന്റെ ചിത്രത്തിൽ അഭിനയിക്കുവാൻ തെരഞ്ഞെടുക്കുകയുംചെയ്തു. പ്രഥമചിത്രത്തിനു 25000 രൂപാ പ്രതിഫലമനുവദിക്കുമെന്നു സമ്മതിക്കുകയുംചെയ്തു. ഈ അവസരത്തിൽ അവരുടെ മാതാപിതാക്കന്മാർ പുത്രന്റെ വിവാഹം പ്രമാണിച്ചു് ബോംബയിൽ ചെന്നിട്ടുണ്ടായിരുന്നു. തങ്ങളുടെ മകൾ സിനിമായിൽ അഭിനയിക്കുവാൻ തീരുമാനംചെയ്തതിൽ അവർക്ക് കഠിനമായ പ്രതിഷേധമുണ്ടായിരുന്നു. മാതാപിതാക്കൾക്കു ശക്തിയായി എതിർത്തുകൊണ്ട് ബീനാ നിരാഹാരവ്രതം നടത്തുകയും ഒടുവിൽ ഒരു ചിത്രത്തിൽ അഭിനയിക്കുന്നതിനു അനുവാദം നൽകുകയുംചെയ്തു. അങ്ങിനെ ബീനാറായി ആദ്യമായി കാളിഘട്ടാ എന്ന ചിത്രത്തിൽ അഭിനയിക്കുകയുംചെയ്തു. കാളിഘട്ടായിൽ ബീനാറായ്, ആശാമഥൂർ, ഇന്ദിരാപാഞ്ചോൾ എന്ന മൂന്നു പുതിയനടികളാണു പ്രത്യക്ഷപ്പെട്ടതു. പക്ഷെ അഭിനയത്തിലും സൗന്ദര്യത്തിലും മറ്റുള്ളവരെ കവച്ചുവയ്ക്കുന്നതിനു് ബീനാറായിക്കു കഴിഞ്ഞു. കാളിഘട്ടായുടെ വിജയത്തിനു പ്രധാനകാരണം ബീനാറായിയായിരുന്നു.

ബീനാറായി 1932 മേയ് 13-നു തീയതി ലാഹോറിൽ ജനിച്ചു. ചെറുപ്പത്തിൽത്തന്നെ ബീനാറായി കലാഭിരുചി പ്രകടിപ്പിച്ചിരുന്നു. ബീനായുടെ പിതാവു് സരിൻ മകളുടെ കലാഭിരുചിയെ പോഷിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. നൃത്തം അഭ്യസിപ്പിക്കുവാൻ ഒരു അദ്ധ്യാപകനെയും നിയമിച്ചു സ്കൂൾ ഫൈനൽപരീക്ഷയിൽ ജയിച്ചതിനുശേഷം ബീനാ ലക്നൗവിലെ കാളേജിൽചേർന്നു പഠിച്ചു. കാളേജിലെ നാടകങ്ങളിലും അവർ അഭിനയിക്കാറുണ്ടായിരുന്നു തുടർന്ന് വിദ്യാർത്ഥിനിയായിരിക്കുമ്പോൾതന്നെ ബീനാ ഒരു ചലച്ചിത്രതാരമായി ഉയരുകയുംചെയ്തു. കാളിഘട്ടായിലെ അഭിനയത്തിനുശേഷം "സപ്ന" "അനാർക്കലി" "ഷേർ" "ഔരത്തു" എന്നീചിത്രങ്ങളിൽ ബീനാറായി അഭിനയിച്ചു. ഈ ചിത്രങ്ങളെല്ലാം പ്രധാനഭാഗങ്ങൾതന്നെയാണു് അവർ അഭിനയിച്ചിട്ടുള്ളതും. ഔരത്തിലെ അഭിനയക്കാലത്തു് ബീനാറായിയും പ്രേംനാഥുമായി പ്രണയബദ്ധരാകുകയും തുടർന്ന് അവരുടെ വിവാഹം നടക്കുകയുംചെയ്തു. 1951-സെപ്തംബർ രണ്ടാംതീയതിയാണ് വിവാഹം നടന്നതു്. വിവാഹച്ചടങ്ങുകളും എല്ലാം ഹിന്ദുചെയ്യുകയുമുണ്ടായി. വിവാഹത്തിനുശേഷം അവർ ഇന്ത്യൻചലച്ചിത്രസംഘത്തിലെ അംഗങ്ങളായി യുണൈറ്റഡ് സ്റ്റേറ്റ്സ് സന്ദർശിക്കുകയുംചെയ്തു. ആയ്മ ഇന്ത്യാപിക്ചേഴ്സിന്റെ "ഗൗഹർ" എന്ന ചിത്രത്തിലും ബീനാറായി അഭിനയിച്ചിട്ടുണ്ട്. മരിച്ചുപോയ തന്റെ പ്രിയതമനെപ്പോലിരുന്ന ഒരു ഡാക്ടറെക്കണ്ടു് വിചാരതരളിതയാകുന്ന ഒരു നേഴ്സിന്റെ വേഷമാണ് ബീനാ അഭിനയിച്ചിട്ടുള്ളതു്. ഇപ്പോൾ ബീനാറായിയും പ്രേംനാഥുംകൂടി സ്വന്തമായ ചിത്രങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. ഭാവിയിൽ ബീനാറായി പ്രേംനാഥുനിർമ്മിക്കുന്ന ചിത്രങ്ങളിൽ മാത്രമേ അഭിനയിക്കുകയുള്ള എന്നൊരു തീരുമാനവും ചെയ്തിട്ടുണ്ട്. ബീനാറായി ഇപ്പോൾ "ഷാഹുദാ" എന്ന ചിത്രത്തിൽ അഭിനയിച്ചുകൊണ്ടിരിക്കുന്നു ഈ ചിത്രത്തിൽ നായകന്റെ ഭാഗം അഭിനയിക്കുന്നതു് പ്രേംനാഥാണ്. ഒരേകാലത്തു രണ്ടുചിത്രങ്ങളിൽ കൂടുതൽ ഒരു നടി അഭിനയിക്കരുതെന്നാണ് ബീനാറായിയുടെ അഭിപ്രായം. പക്ഷേ അവരിപ്പോൾ അഞ്ചുചിത്രങ്ങളിൽ അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ബീനാറായിൽനിന്നു് ഇന്ത്യചലച്ചിത്രവേദിക്കു് മഹത്തായ പല സംഭാവനകളും പ്രതീക്ഷിക്കാവുന്നതാണ്. ഹിന്ദിചലച്ചിത്രവേദിയുടെ ഒരു അമൂല്യമായ നേട്ടംതന്നെയാണ് ബീനാറായി.

★

ചലച്ചിത്രനിരൂപണം

പർഛായി

★

ഈ ഴിഞ്ഞ പതിനെട്ടുകൊല്ലങ്ങളായി കലാരംഗത്തിന്റെ പ്രതിരൂപങ്ങളായ അനവധി അമൂല്യചലച്ചിത്രങ്ങൾ ശാന്താറാം സിനിമാലോകത്തിനു സംഭാവനചെയ്തിട്ടുണ്ട്. ഡയാക്ടർ ശാന്താറാം ഇന്ത്യൻചലച്ചിത്രവേദിയുടെ ഒരു ആവശ്യവും നേടുമാണ്. അദ്ദേഹത്തിന്റെ ചിത്രങ്ങൾ പുരോഗമനത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും മുദ്രകൊണ്ടിപ്പിക്കുന്നവയുമാണ്. സമുദായികവും ആത്മീകവുമായ ഉച്ചനീചത്വങ്ങൾ മനുഷ്യസമുദായത്തിനു ദുരീകരിക്കണമെന്നും മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണമെന്നുമുള്ള മഹത്തായ സന്ദേശങ്ങളാണ് അദ്ദേഹത്തിന്റെ ചിത്രങ്ങൾ വിളംബരംചെയ്യുകയുള്ളതും. പ്രേമം കേവലം മാംസനിബദ്ധമല്ലെന്നും അതു് ആത്മാവും ആത്മാവുമായുള്ള അനശ്വരമായ ഐക്യമാണെന്നുമാണ് ശാന്താറാം പർഛായിയിൽക്കൂടി ഉൽബോധിപ്പിക്കുന്നതു്. "ആത്മാവറിഞ്ഞ ഉലകിൽ മറയുന്നല്ല മാംസംറെടിഞ്ഞാൽ തീരുന്നില്ലീ പ്രണയബന്ധിലം ദേഹിതൻ ദേഹബന്ധം" എന്ന മഹാകവിയുടെ വാക്യത്തെ അനർത്ഥമാക്കുന്നതിനും ഈ കഥ സഹായിക്കുന്നുണ്ട്. പക്ഷെ 'ദുനിയാനെമനെ'യിലും "ആദ്മി"യിലും 'പഡോസി'യിലും "കോട്ട്നീസി"ലും തുടർന്നുവന്ന ആ മഹത്തായ പാരമ്പര്യവും ഉയർത്തിപ്പിടിക്കുവാൻ ശാന്താറാമിനു പർഛായിയിൽ കഴിയാതെ പോയിട്ടുണ്ട്. വിശ്വോത്തരമായ ചായാപടലേഖനവും അഭിനന്ദനാർഹമായ ശബ്ദഗ്രഹണവും, സന്ദർഭോചിതമായ സംഗീതസംവിധാനവും ആകർഷണീയങ്ങളായ രംഗവിധാനങ്ങളും പർഛായിയുടെ മേന്മ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നുണ്ടെന്നുള്ളതും ഇവിടെ വിസ്മരിക്കുന്നില്ല. വികാരോത്തേജകമായ നിരവധി രംഗങ്ങളും ഈ ചിത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മനുഷ്യഹൃദയങ്ങളിൽനിന്നു് പൊട്ടുന്നതും അവയെന്നും മങ്ങിമറയുമെന്നും തോന്നുന്നില്ല. പക്ഷെ സാധാരണ ആസ്വാദകനെ ഇക്കിളിപ്പെടുത്തുന്ന മാദകത്തമോ സമയംകൊല്ലാൻ സിനിമാകാണുന്നവരെ രസിപ്പിക്കുന്ന പ്രേമകഥാകഥനമോ പർഛായിയിൽ കണ്ടില്ലെന്നുവന്നേക്കാം. എങ്കിലും വിദേശീയചിത്രങ്ങളോടു് കിടനിൽക്കത്തക്കവണ്ണമുള്ള ചിത്രങ്ങളും ഇന്ത്യനാക്കിനു നിർമ്മിക്കുവാൻ കഴിയുമെന്നുള്ളതിനു് പർഛായി സാക്ഷ്യംവഹിക്കുന്നുണ്ട്.

ഷംസുലക്നവിയാണ് പർഛായിയുടെ കഥയും സംഭാഷണങ്ങളും രചിച്ചിരിക്കുന്നതു്. കഥ പൊതുവെ ജഡിലവും ദുർഗ്രഹവുമായിട്ടുണ്ട്. സുഖസൗകര്യങ്ങളിൽ ജീവിക്കുകയല്ല യഥാർത്ഥജീവിതമെന്നും കഷ്ടപ്പാടുകളെ അഭിമുഖീകരിച്ചുകൊണ്ടു മുന്നേറണമെന്നാണ് ജീവിതലക്ഷ്യമെന്നും കഥയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഒരു കുലീനകുടുംബത്തിൽ ജനിച്ച ദീപക് ജീവിതനൈരാശ്യംകൊണ്ടു് ആത്മഹത്യചെയ്യാൻ ഉദ്യമിച്ചുവെങ്കിലും അവസാനം അന്തരീക്ഷത്തിന്റെ പ്രഭാവത്തിനനുസരിച്ചു് ജീവിതം തുടരുന്നതിനു് തീരുമാനിക്കുന്നു. ദീപക് അലഞ്ഞുതിരിയുമ്പോൾ ഒരിന്ദ്രാർ രാജഗണപതിറാവുവിന്റെ മകളായ സലോണിയുടെ ലക്ഷ്യംതെറ്റിയുള്ള വെടിയേറ്റു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട

(ശേഷം 32-ാംപേജിൽ)

മുഖചിത്രം

★

ലളിതാപത്മിനിമാരുടെ സഹോദരി രംഗിണി.

Republic Photo News Bureau, Bombay.

മലയാളരാജ്യം

ആഴ്ചപതിപ്പ്

പുസ്തകം ൨൪ | കൊല്ലം, ക്രമവു ഇടവം ൪ ൦൦൯- തിങ്കളാഴ്ച | ലക്കം ൯൦൨

റതർഫോർഡ് പ്രഭ - പരമാണുയുഗത്തിന്റെ പിതാവ്

★

എം. ബാലരാമമേനോൻ

1871 ആഗസ്റ്റ് മാസം 30-൦ന- നുസിലണ്ടിലെ ഒരു കർഷകകുടുംബത്തിൽ ഒരു കുട്ടി ജനിച്ചു: ആ കുട്ടിയാണ് പിന്നീട് റതർഫോർഡ് പ്രഭ എന്ന പേരിൽ വിശ്വവിഖ്യാതനായിത്തീർന്നത്. അദ്ദേഹത്തിന്റെ ഗവേഷണങ്ങളും പരമാണുയുഗത്തിന്റെ അടിത്തറ പണിതു. പരമാണുയുഗത്തിന്റെപിതാവു് എന്നപേർ അദ്ദേഹത്തിനന്നപോലെ മറ്റാർക്കും യോജിക്കുകയില്ല.

പഠിക്കുന്നകാലത്തുതന്നെ ഏർണസ്റ്റ് റതർഫോർഡ് എന്നപേരായ ആ ബാലൻ അസാമാന്യമായ ബുദ്ധിസാമർത്ഥ്യം പ്രദർശിപ്പിച്ചിരുന്നു. എല്ലാ വിഷയങ്ങളിലും സഹപാഠികളേക്കാൾ വളരെയധികം മാർക്കുവാങ്ങിക്കുണ്ടോണ് ആ കുട്ടി പരീക്ഷകളിൽ ജയിച്ചിരുന്നതു്. ഏർണസ്റ്റിന്റെ കൈകളും വെറുതെ ഇരുന്നിരുന്നില്ല. ക്രമയാഗ്രഹകയന്ത്രങ്ങൾ, ക്ലോക്കുകൾ, വെള്ളച്ചക്രങ്ങൾ തുടങ്ങി നിരവധി സാധനങ്ങൾ നിർമ്മിക്കുന്നതിൽ അവ വ്യാപൃതങ്ങളായിരുന്നു.

ഇരുപത്തിനാലാമത്തെവയസ്സിൽ ഏർണസ്റ്റ് ഇംഗ്ലണ്ടിലെത്തി. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ലോകപ്രസിദ്ധി നേടിക്കഴിഞ്ഞിരുന്ന കവൻഡിഷ് പ്രയോഗശാലയിൽ ഗവേഷണങ്ങൾ നടത്തി ഒരു ബിരുദം കൈക്കലാക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അധികാരികളും അദ്ദേഹത്തെ അതിനു അനുവദിച്ചു.

സുപ്രസിദ്ധ ശാസ്ത്രജ്ഞനായ സർ ജെ. ജെ. തോംസൺ ആയിരുന്നു അന്നു് ആ പ്രയോഗശാലയുടെ നായകൻ. 1896-ലാണു് അദ്ദേഹം ആധുനികശാസ്ത്രലോകത്തിലെ 'വേതാള'മെന്നു വ്യവഹരിക്കപ്പെടുവുന്ന ഇലക്ട്രോണെ കണ്ടുപിടിച്ചതു്. ഇലക്ട്രോൺന്റെ കണ്ടുപിടിത്തത്തിൽ എത്തിച്ചേർന്നഗവേഷണങ്ങളിൽതോംസനെസഹായിക്കുന്നതിനുള്ള സന്ദർഭവും സൌകര്യവും റതർഫോർഡിനു ലഭിച്ചു.

രണ്ടുകൊല്ലങ്ങൾക്കു ശേഷമാണ്-1898-ൽ—ഭൌതിക ശാസ്ത്രത്തിനു റതർഫോർഡിന്റെ വകയായുള്ള ആദ്യത്തെ സംഭാവന ലഭിച്ചതു്. 1896-ൽ ഹെൻറിബെക്വറൽ എന്ന പരന്ത്രീസ്സുഗവേഷകൻ യുറേനിയം എന്ന ലോഹം ക്രമയാഗ്രഹണഫലകങ്ങളെ ക്രുപാന്തരപ്പെടുത്തുന്നതിനും, കടലാസ്സുകളെ തുളച്ചുകയറുന്നതിനും ശക്തിയുള്ള ചില അദൃശ്യകിരണങ്ങളെ വിമോചിപ്പിക്കുന്നുണ്ടെന്നു കണ്ടുപിടിച്ചു. റതർഫോർഡ് സ്വാഗവേഷണങ്ങളെ പ്രസ്തുത കിരണങ്ങളിലേക്കു തിരിച്ചു. തൽഫലമായി, ആ കിരണങ്ങളിൽ രണ്ടുതരക്കാരുണ്ടെന്നു അദ്ദേഹം മനസ്സിലാക്കി—ഉയർന്ന മേറിയതും വായുവിൽക്കൂടി കുറച്ചുദൂരമാത്രം സഞ്ചരിക്കുന്നതുമായ മറ്റുതരവും, ഉയർന്നതും കുറഞ്ഞതും വായുവിൽക്കൂടി അധികദൂരം സഞ്ചരിക്കുന്നതുമായ മറ്റൊരുതരവും. ഇവയിൽ ആദ്യത്തേതിനു ആൽഫകിരണങ്ങളെന്നും രണ്ടാമത്തേതിനു ബീറ്റാകിരണങ്ങളെന്നും അദ്ദേഹം നാമകരണംചെയ്തു. (ഇവയ്ക്കുപുറമേ ഗാമകിരണങ്ങളെന്ന മൂന്നാമതൊരുതരക്കാർകൂടി ആ കൂട്ടത്തിലുണ്ടെന്നു പിന്നീടാണു സ്പഷ്ടമായതു്.)

ഈ ഗവേഷണങ്ങൾ റതർഫോർഡിനെ പ്രസിദ്ധനാക്കി. 27-൦മത്തെ വയസ്സിൽ അമേരിക്കയിലെ മക്ഗിൽ സർവ്വകലാശാലയിലെ ഒരു പ്രൊഫസ്സറായി അദ്ദേഹം ക്ഷണിക്കപ്പെട്ടു. എല്ലാവിധ സൌകര്യങ്ങളോടുംകൂടിയ ഒരു പ്രയോഗശാലയും അദ്ദേഹത്തിന്റെ അധീനത്തിൽ വെച്ചിരുന്നു. എങ്കിലും ആ ഉദ്യോഗത്തിനു ചില ദോഷവശങ്ങളുണ്ടായിരുന്നു. ഒന്നാമതായി, അതിനുള്ള ശമ്പളം ഒട്ടും ആകർഷകമായിരുന്നില്ല. അതിനുംപുറമേ ബക്വറൽ, ക്യൂരിമാർ, തോംസൺ തുടങ്ങിയ പ്രതിഭാശാലികളുടെ ആസ്ഥാനമായ പശ്ചിമയൂറോപ്പിൽനിന്നും വളരെ വിദൂരസ്ഥമായിരുന്നു, മക്ഗിൽ സർവ്വകലാശാലയുടെ ആസ്ഥാനമായ മോണ്ട്റീൽപട്ടണം. എന്നിരിക്കിലും റതർഫോർഡ് ആ ക്ഷണത്തെ സ്വീകരിച്ചു മോണ്ട്റീലിലേക്കുപോയി:

മോണ്ട്റീലിൽവെച്ചുറേഡിയത്തെ കേന്ദ്രീകരിച്ചുയിരുന്ന റതർഫോർഡിന്റെ ഗവേഷണങ്ങൾ, റേഡിയത്തിൽനിന്നു 'റേഡോൺ' എന്നൊരു വാതകം ഉത്ഭവിക്കുന്നുണ്ടെന്നും അദ്ദേഹം ഗ്രഹിച്ചു. ഈ കണ്ടുപിടിത്തത്തെ ആധാരമാക്കിയാണ് അദ്ദേഹം യുറേനിയം, റേഡിയം എന്നീ ലോഹങ്ങളുടെ വംശപരമ്പര നിർണ്ണയിച്ചതു്. ആ സർവ്വകലാശാലയിലെത്തന്നെ ഒരു രസതന്ത്രജ്ഞനായിരുന്ന ഫ്രെഡറിക്, ഡബ്ളിയു. സോഡിയും ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിച്ചു. യുറേനിയം എന്ന ലോഹം മുമ്പു് വിവരച്ചതരത്തിലുള്ള അദൃശ്യകിരണങ്ങളെ വിമോചിപ്പിക്കുന്നതിന്റെ ഫലമായി സ്വയം രൂപാന്തരപ്പെട്ടു. ക്രമത്തിൽ റേഡിയമായും ഒടുവിൽ യാതൊരുചൈതന്യവുമില്ലാത്ത ഈയമായും പരിണമിക്കുന്നു. ഈ പരിണാമത്തിനിടയിലുണ്ടാകുന്ന ധാതുക്കളാണു യുറേനിയം-റേഡിയം കുടുംബത്തിലെ അംഗങ്ങൾ. ഇങ്ങിനെ രൂപാന്തരപ്പെടുന്നതുകൊണ്ടു ഓരോധാതുവിന്റേയും തൂക്കം കുറഞ്ഞുകുറഞ്ഞുവരണമല്ലൊ. ഇങ്ങിനെ ക്ഷയിച്ചുക്ഷയിച്ചു ആദ്യമുണ്ടായിരുന്നതിന്റെ പകുതിമാത്രം ആകുന്നതിനു എടുക്കുന്നസമയത്തെയാണു 'പകുതിപ്പെട്ടുന്നതിനുള്ളസമയം' എന്നു പറയുന്നതു്. ഓരോധാതുവിനും ഈ സമയം എത്രയാണെന്നു അദ്ദേഹം കണക്കാക്കി. ഉദാഹരണമായി റേഡിയത്തിന്റെകഥതന്നെ എടുക്കാം. അതിന്റെ പകുതിപ്പെട്ടുന്നതിനുള്ള സമയം 1760 കൊല്ലമാണ്. അതായതു നിങ്ങളുടെകയ്യിൽ ഒരുപണമിടറേഡിയം ഉണ്ടെന്നിരിക്കട്ടെ. അതിനെ എത്ര ഭദ്രമായിസൂക്ഷിച്ചുവെച്ചാലും വേണ്ടില്ല, 1760 കൊല്ലങ്ങൾക്കുശേഷം എടുത്തുനോക്കുന്നപക്ഷം, അതു അരപ്പണമിടമാത്രമേ ഉണ്ടായിരിക്കുകയുള്ളു. ആരേയും സംശയിച്ചിട്ടും, പോലീസ്സിൽ ആവലാതിപ്പെട്ടിട്ടും കാര്യമില്ല. അതു ആ ലോഹത്തിന്റെ ഒരു സ്വഭാവവിശേഷമാണ്.

കെൽവിൻപ്രഭ എന്ന ആംഗലശാസ്ത്രജ്ഞൻ സൂര്യനിൽനിന്നു ലഭിക്കുന്നതിനേക്കാൾ അധികം ചൂടുനഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ഭൂമി അല്പകാലത്തിനുള്ളിൽ തണുത്തുറഞ്ഞു അധിവാസയോഗ്യമല്ലാതായിത്തീരും എന്നു അഭിപ്രായപ്പെട്ടിരുന്നു. രാദശക്തിയുടെ പ്രവർത്തനംമൂലം ഭൂമിക്കകത്തു ചൂടുണ്ടാകുന്നുണ്ടെന്നും, അതു ഭൂമിയുടെ ചൂടിലുള്ള ആയുസ്സിനെത്തന്നെ സമീകരിക്കുന്നതിനു പര്യാപ്തമാണെന്നും, അതിനാൽ ഭൂഗോളം അടുത്തകാലത്തൊന്നും അധിവാസയോഗ്യമല്ലാതാകില്ലെന്നും റതർഫോർഡ് സമർത്ഥിച്ചു. റതർഫോർഡിന്റെ ഈ അഭിപ്രായത്തെ അന്നത്തെ പണ്ഡിതന്മാരും 'പ്രയഭിതി അകന്നുപോ

യി' എന്ന ശീർഷകത്തിലാണ് പ്രസിദ്ധപ്പെടുത്തിയത്.

റേഡിയത്തിന്റെ ക്ഷയോന്മുഖമായ യുറേനിയം ഭൂമിയുടെ പഴക്കത്തെ നിശ്ചയിക്കുന്നതിനു റതർഫോർഡ് ഉപയോഗിച്ചു. ഭൂഗോളത്തിനു പത്തുകോടിവയസ്സേ പ്രായമുള്ളു എന്നായിരുന്നു നിലവിലുള്ള അഭിപ്രായം. പല സ്ഥലങ്ങളിലേയും പാറകളിൽ കണ്ടുവരുന്ന യുറേനിയം, റേഡിയം, ഇയും എന്നിവയുടെ ക്ഷയപരിണതത്തെ ആസ്പദമാക്കി റതർഫോർഡ് ഭൂമീദേവിയുടെ എഴുപതുകോടി വയസ്സെങ്കിലും ആയിട്ടുണ്ടെന്നു വാദിച്ചു.

റേഡിയം ഉദ്വമിക്കുന്ന ബീറ്റാകിരണങ്ങളും ഊർജ്ജമേറിയ ഇലക്ട്രോണുകളാണെന്നു അദ്ദേഹം മനസ്സിലാക്കി. അതുപോലെ ആൽഫാകിരണങ്ങളും ഹീലിയം ധാതുവിന്റെ പരമാണുവിലെ 'മൂലകന്ദ'ങ്ങളാണെന്നു അദ്ദേഹം പിന്നീടു ഇംഗ്ലണ്ടിൽവെച്ചു തെളിയിച്ചു.

രാദേശക്തി പരമാണുക്കളുടെതന്നെ സർഗ്ഗികമായ ഭഞ്ജനനിമിത്തം ഉത്ഭവിക്കുന്നതാണെന്നു 1902 ൽ റതർഫോർഡ് അഭിപ്രായപ്പെട്ടു. ഇതര ശാസ്ത്രജ്ഞന്മാർ ആ അഭിപ്രായത്തെ സ്വീകരിക്കുന്നതിനു വിമനസ്കരായിരുന്നുവെങ്കിലും, റതർഫോർഡ് ഉന്നയിച്ച തെളിവുകളുടെമുമ്പിൽ അവക്കു തലകുനിക്കേണ്ടിവന്നു. റതർഫോർഡിന്റെ അഭിപ്രായത്തിനു പ്രതിഷ്ഠലഭിച്ചു.

1907-ൽ റതർഫോർഡ് മോണ്ട്രീൽ വിട്ടു ഇംഗ്ലണ്ടിലെ മഞ്ചസ്റ്ററിൽവന്നു. രാദേശക്തിയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾക്കുപറ്റിയ ലളിതമായ ഒരു ഉപകരണം നിർമ്മിക്കുന്നതിലാണ് അവിടെ അദ്ദേഹത്തിന്റെ ശ്രദ്ധപതിഞ്ഞതു. രാദേശക്തിയുള്ള പദാർത്ഥങ്ങളിൽനിന്നുവരുന്നകിരണങ്ങൾ ചില പ്രത്യേകരസായനങ്ങൾ പൂരട്ടിയിരിക്കുന്ന ചില്ലുതകിടിന്മേൽ ചെന്നുതട്ടുമ്പോൾ ഒരു മിന്നൽ ഉണ്ടാകുന്നു. ഒരു ഇരുട്ടറയിൽവെച്ചു ഒരു സൂക്ഷ്മദർശിനിയുടെ സഹായത്തോടുകൂടി അത്തരം മിന്നലുകളെ എണ്ണിത്തിട്ടപ്പെടുത്തിയാണ് അതുവരെ രാദേശക്തിയെക്കുറിച്ചുള്ള ഗവേഷണങ്ങൾ നടത്തിയിരുന്നതു. അതു ശ്രമാവഹമായ ഒരു ജോലിയായിരുന്നു. ആ വികിരണങ്ങൾക്കു അന്തരീക്ഷത്തിലെ വായുവിനെ വിദ്യുച്ഛക്തിയാക്കുന്നതിനുള്ള-സ്വതവേ അതു അങ്ങിനെയല്ല-കഴിവുണ്ടു്. ഈ കഴിവിനെ ഉപയോഗപ്പെടുത്തി റതർഫോർഡിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ ഒരു സഹായിയായിരുന്ന ഹാൻസ് ഗൈഗർ എന്ന ജർമ്മൻ ഗവേഷകൻ നിർമ്മിച്ച ഉപകരണമാണു "ഗൈഗർ കൌണ്ടർ' എന്നപേരിൽ പിന്നീടുപ്രസിദ്ധമായതു. പരമാണുശക്തിയെക്കുറിച്ചു ഗവേഷണങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിലെല്ലാം ഗൈഗർ കൌണ്ടർ അത്യന്താപേക്ഷിതമാണു്.

മനുഷ്യശരീരത്തിനു അപായകരങ്ങളായ വികിരണങ്ങളുടെ സന്നിധ്യത്തെക്കുറിച്ചു മുന്നറിയിപ്പുനൽകുന്നതിനുകൂടി അത്തരം സ്ഥാപനങ്ങളിൽ ഗൈഗർകൌണ്ടർ ഉപയുക്തമായിവരുന്നു.

ഗൈഗർകൌണ്ടർ ഉപയോഗിച്ചാണ് റതർഫോർഡിന്റെ അടുത്ത കണ്ടുപിടിത്തമുണ്ടായതു. ആൽഫാകണങ്ങളും ബീറ്റാകണങ്ങളും ഘനപദാർത്ഥങ്ങളിൽക്കൂടി നിഷ്പ്രയാസം കടന്നുപോകുമെന്നു എന്ന വസ്തുത ശാസ്ത്രജ്ഞന്മാരെ അൽഭുതപ്പെടുത്തിയിരുന്നു. റതർഫോർഡ് ഗൈഗർകൌണ്ടറിന്റെ സഹായത്തോടുകൂടി ആ സംഗതിയെക്കുറിച്ചു് ഉപരി ഗവേഷണങ്ങൾ നടത്തുന്നതിനു് ഒരുമ്പെട്ടു. ലോലമായ സപ്പന്നത്തകിടിനുനേരെ അദ്ദേഹം ആൽഫാകണങ്ങളെ പ്രക്ഷേപിച്ചു. അവയിൽ ഭൂരിഭാഗവും നിഷ്പ്രയാസം തകിടിനെ തുളച്ചു മറുപുറത്തെത്തി. ചിലവമാത്രം എന്തിന്മേലോ ചെന്നു തട്ടിയിട്ടെന്നപോലെ തിരിച്ചുവന്നു. ഈ പരീക്ഷണഫലം കൂടുതൽ ആശ്ചര്യകരമായിരുന്നു. റതർഫോർഡും ഗൈഗറുംകൂടി പരീക്ഷണങ്ങൾ ആവർത്തിച്ചു. ഫലം എപ്പോഴും ഒന്നുതന്നെയായിരുന്നു. 1911-ൽ ഒരു സായാഹ്നത്തിൽ റതർഫോർഡിനു് ഒരുൾവിളിതോന്നുകയുണ്ടായി. സപ്പന്നത്തകിടിലെ പരമാണുക്കൾക്കിടയിൽ അധികവും ശൂന്യതയായതുകൊണ്ടു് മിക്ക ആൽഫാകണങ്ങളും തകിടിൽക്കൂടി കടന്നുപോകുന്നു. പ്രതിക്ഷിപ്തമാകുന്ന ആൽഫാകണങ്ങൾ പരമാണുക്കേന്ദ്രത്തിലുള്ള ഭാരിച്ച എന്തോ ഒന്നിന്മേൽചെന്നു തട്ടുന്നുണ്ടാകണം. അങ്ങിനെ പരമാണുവിന്നകത്തു അതിന്റെ ഭാരം മുഴുവനും കേന്ദ്രീകരിച്ചിരിക്കുന്ന 'മൂലകന്ദ'ത്തെ റതർഫോർഡ് ആദ്യമായി വിഭാവനം ചെയ്തു. ഇതിനെ തുടർന്നാണ് റതർഫോർഡ്-ബോർ പരമാണുമാതൃക ഉടലെടുത്തതു്. ഭാരം മുഴുവനും കേന്ദ്രീകരിച്ചിരിക്കുന്ന ഒരു മൂലകന്ദത്തിനു ചുറ്റും വിവിധവൃത്തങ്ങളിലായി ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ഇലക്ട്രോണുകളോടുകൂടി, സൗരവ്യൂഹത്തിന്റെ മാതൃകയിലാണ്, റതർഫോർഡും ബോറുംകൂടി പരമാണുവിനെ ആദ്യമായി ചിത്രീകരിച്ചതു.

ഒന്നാംലോകമഹായുദ്ധകാലത്തു്, മാഞ്ച ഗവേഷണശാലകളെപ്പോലെ റതർഫോർഡിന്റെ ഗവേഷണശാലയും അടച്ചുപൂട്ടിയ കണക്കായിരുന്നു. എല്ലാ ഗവേഷണങ്ങളും ഗവേഷകന്മാരും യുദ്ധത്തിന്റെ നടത്തിപ്പിനും വിജയത്തിനുംവേണ്ടി മാറ്റിയായി. സബ്മറൈനുകളുടെ ഭീകരതയെ ലഘൂകരിക്കുന്നതിനു സഹായിച്ച 'ഹൈഡ്രോഫോൺ' ആവിഷ്കരിച്ചതു റതർഫോർഡിന്റെ നേതൃത്വത്തിലുള്ള ഒരുസംഘം ശാസ്ത്രജ്ഞരായിരുന്നു.

യുദ്ധാനന്തരം റതർഫോർഡ് സ്വഗവേഷണങ്ങളും പുനരാരംഭിച്ചു. അതിവേഗത്തിൽ സഞ്ചരിക്കുന്ന ആൽഫാകണങ്ങൾക്കു ഹൈഡ്രജൻ പരമാണുക്കളിലെ മൂലകന്ദങ്ങളെ ഒട്ടുമുക്കാലും തട്ടിത്തെറിപ്പിക്കുവാൻ കഴിയുമെന്നു് ഒരു ഗവേഷകൻ യുദ്ധത്തിനു മുമ്പുതന്നെ നിരീക്ഷിച്ചിരുന്ന ഈ വഴിക്കാണു് ഇത്തവണ റതർഫോർഡിന്റെ ഗവേഷണങ്ങൾ തിരിഞ്ഞതു്. നൈട്രജൻ പരമാണുക്കളുടെനേരെ അദ്ദേഹം അതിവേഗതയുള്ള ആൽഫാകണങ്ങളെ പ്രക്ഷേപിച്ചു. ഫലം അത്ഭുതകരമായിരുന്നു. നൈട്രജൻ പരമാണുക്കളും ഓക്സിജന്റെ ഒരുതരം പരമാണുക്കളായും, ഹൈഡ്രജൻ പരമാണുക്കളായും പൊട്ടിപ്പിരിഞ്ഞു. അങ്ങിനെ ആദ്യമായി ധാതുവിപരിണമനം ഒരു ധാതുവിനെ മറൊരു ധാതുവായി രൂപാന്തരപ്പെടുത്തൽ—നടത്തി റതർഫോർഡ് ചെമ്പിനെ സപ്പന്നമാക്കി മാറുന്നതിനു് അനവരതം അദ്ധ്വാനിച്ചിരുന്ന മദ്ധ്യമയുഗത്തിലെ ആൽക്കെമിസ്റ്റുകളുടെ സപ്പന്നത്തെ യാഥാർത്ഥ്യമാക്കി. റതർഫോർഡിന്റെ കാലടിപ്പാടുകളെ തുടർന്നുപോയതിന്റെ ഫലമായാണ് രാദേശക്തിയുള്ള പദാർത്ഥങ്ങളെ കൃത്രിമമായും ആദേയകരമായും നിർമ്മിക്കുന്നതിനുള്ള വിദ്യ കരഗതമായതു്. അതേഗവേഷണങ്ങളുതന്നെയാണു നെപ്ട്യൂണിയം, അമേരിക്കയം, കൂറിയം എന്നീ നാലു പുതിയ മൂലധാതുക്കളുടേയും, പരമാണുഭഞ്ജനത്തിന്റേയും കണ്ടുപിടിത്തത്തിലേയ്ക്കുള്ള വഴി തെളിയിച്ചതു്.

സദാതന്റെ ഗവേഷണങ്ങളിൽ മാത്രം മുഴുകിയിരുന്ന ഒരു ശാസ്ത്രജ്ഞനായിരുന്നില്ല റതർഫോർഡ്. അദ്ദേഹത്തിനു മാറു പല കായ്ങ്ങളിലും താല്പര്യമുണ്ടായിരുന്നു. അദ്ദേഹം ധാരാളം സഞ്ചരിച്ചിട്ടുണ്ടു്. ഗഹനങ്ങളായ ശാസ്ത്രവിഷയങ്ങളെക്കുറിച്ചു സുഗ്രഹമായ രീതിയിൽ പ്രസംഗിക്കുന്നതിനു് അദ്ദേഹത്തിനു് അസാധാരണമായ കഴിവുണ്ടായിരുന്നതിനാൽ പ്രസംഗിക്കുന്നതിനുള്ള ക്ഷണം അദ്ദേഹത്തിനു് എപ്പോഴും ലഭിച്ചിരുന്നു. കുട്ടികളുമായി കളിക്കുന്നതും, അവക്കു കഥകളുണ്ടാക്കി പറഞ്ഞുകൊടുക്കുന്നതിലും അദ്ദേഹത്തിനു ബഹുരസമായിരുന്നു. സഹപ്രവർത്തകരേയും അഭ്യുതാക്കളേയും പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു.

1919-ൽ അദ്ദേഹം പുറപ്പെട്ട സ്ഥലത്തുതന്നെ എത്തി ഇരുപത്തിനാലുകൊല്ലങ്ങൾക്കുമുമ്പ് എവിടെവെച്ചു് ആത്മതേജസ്സിയായത്ര ഒരാരംഭിച്ചുവോ അകവൻഡിഷ് ലബോറട്ടറിയിലേയ്ക്കുതന്നെ അദ്ദേഹം, ആത്മടെകീഴിൽ ഗവേഷണങ്ങൾ ആരംഭിച്ചുവോ, ആ ജെ. ജെ. തോംസന്റെ പിൻഗാമിയായി, പ്രൊഫസ്സറായി, തിരിച്ചെത്തി. ഭൗതികസ്സ്രോകത്തിലെ മഹാരഥന്മാർക്കിടയിലെ സ്ഥാനമാണ് കവൻഡിഷ് ലബോറട്ടറിയിലെ പ്രൊഫസ്സറുദ്യോഗം. 1937 ഒക്ടോബർ 19-നു് മരിക്കുന്നതുവരെ അദ്ദേഹം അവിടത്തന്നെ പ്രശോഭിച്ചു. ബഹുമതികളും അദ്ദേഹത്തിനു തുടരെത്തുടരെ ലഭിച്ചുകൊണ്ടിരുന്നു. 1908-ൽ രസതന്ത്രത്തിനുള്ള നോബൽസമ്മാനം അദ്ദേഹത്തിനു ലഭിച്ചു. ബ്രിട്ടീഷുചക്രവർത്തി ഒരു പ്രഭുപദവി നൽകി അദ്ദേഹത്തെ ബഹുമാനിച്ചു.

പരമാണുക്കളുടെ ഉള്ളിലത്തെ അളക്കുന്നതിനുള്ള മാതൃകയ്ക്കു് 'ക്രോക്കഡൈൽ' എന്നൊരു പേരുണ്ടു്. 'ആലിസ് ഇൻ വണ്ടർലണ്ടു്' എന്ന കഥയിൽ ഒരു മുതല വാച്ചുവിഴുങ്ങിയെന്നും, അതിനുശേഷം ആ വാച്ചിന്റെ 'ടിക് ടിക്' ശബ്ദം മുതലയുടെ വരവിനെക്കുറിച്ചു മുന്നറിയിപ്പു നൽകിയിരുന്നു എന്നും പറയുന്നുണ്ടു്. റതർഫോർഡിനു മുഴുത്തുന്ന ഒരു ശബ്ദമുണ്ടായിരുന്നതു്. അതു അദ്ദേഹത്തിന്റെ വരവിനെക്കുറിച്ചു മുന്നറിവു നൽകി. തന്റെ ജോലികളിൽ വ്യാപൃതരാകുന്നതിനു അദ്ദേഹത്തിന്റെ വിദ്യാർത്ഥികളെ സഹായിച്ചിരുന്നു. ഈ സംഗതിയെ ആസ്പദമാക്കി അദ്ദേഹത്തിന്റെ വിദ്യാർത്ഥികളും സ്നേഹാദരങ്ങളോടെ നൽകിയ പേരാണ് 'ക്രോക്കഡൈൽ' എന്നതു്.

പരമാണുവിജ്ഞാനം റതർഫോർഡിന്റെ മരണശേഷം വളരെ അധികം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. എന്നാലും ആ മനോഹരസൗധത്തിന്റെ—അതിന്റെ പണി എന്നുതീരുമെന്നോ, അഥവാ തീരുമോ എന്നതിനെയോ അറിവില്ല—അസ്തിവാരം ഉറപ്പിച്ച ആ പ്രതിഭാശാലിയെ കൃതജ്ഞതാപുരസ്സരമല്ലാതെ നമുക്കു സ്മരിക്കുവാൻ സാധിക്കുകയില്ല.

★

"സമുദ്രത്തിനടിയിൽ, മലകൾ, കുന്നുകൾ, ഗർത്തകൾ, സമതലങ്ങൾ മുതലായവ ഉണ്ടു്; എന്നാലും അവകൾ മുകൾപരപ്പിൽ കാണപ്പെടുന്നില്ല. അതുപോലെ സമാധിനിലയിൽ സച്ചിദാനന്ദമാകിയ വിസ്തൃതസാഗരമൊന്നുമാത്രം ഒരാൾക്കു് തോന്നും; അപ്പോൾ താൻ എന്ന വ്യക്തിത്വം നിശ്ശേഷം മറഞ്ഞുപോകുന്നു."

2—70

അതുകൊണ്ടു് ജ്ഞാനമാർഗ്ഗത്തെ അനുസരിക്കുന്നവർ, തങ്ങളുടെ ആശകളെ നിയന്ത്രിക്കുന്നതിനു് ശ്രമിക്കണം. ജ്ഞാനികൾ, ഇപ്രകാരമെങ്കിലും കാണണമെങ്കിൽ ധ്യാനംയിത്തിരുണം; ആശകളെല്ലാം അടക്കണം എന്നുപറയുന്നു. ആദ്യം ഇന്ദ്രിയനിഗ്രഹം; അനന്തരം ഈശ്വരജ്ഞാനം."

2—68

ശ്രീരാമകൃഷ്ണദേവൻ

മാമ്പഴക്കുരുവി

★

എം. സോമശേഖരൻനായർ.

മാമ്പഴക്കുരുവി; ഇവയിൽ പ്രധാനമായി രണ്ടിനം ഉണ്ട്.

1. മാമ്പഴക്കുരുവി. The Golden Oxiole.

2. കറുത്ത തലയൻ മാമ്പഴക്കുരുവി The Black-headed oriole.


1. മാമ്പഴക്കുരുവി.

ഇതിന് സാധാരണ ഒരു മൈനയുടെ വലിപ്പം ഉണ്ട്.

സപ്പോട്ടനിറത്തോട്ടു കൂടിയതും (തിളങ്ങുന്ന മഞ്ഞ) വാലിലും ചിറകിലും കറുപ്പുനിറത്തോട്ടു കൂടിയതും ആയ ശരീരം. കണ്ണിനു ചുറ്റും ഒരു കറുത്ത രേഖ(പിരിയംപോലെ)യുണ്ട്. ഇതു പെൺപക്ഷിക്കാണെങ്കിൽ സാധാരണ മങ്ങിയും പച്ചനിറത്തിലും ആയിരിക്കും. കൂട്ടുകളുള്ള സ്ഥലങ്ങളിൽ ഒറ്റയായും ജോഡികളായും വൃക്ഷങ്ങളിൽ ഇലകളുടെ ഇടയിൽ കാണാം.

ഇൻഡ്യയിൽ എല്ലായിടവും കാണുന്നു. ഹിമാലയത്തിൽ ഏകദേശം 5000 അടിഉയരംവരെയും, കാശ്മീർ, കന്യാകുമാരി, ബംഗാൾ, ബലൂചിസ്ഥാൻ, എന്നിവിടങ്ങളിലും കാണുന്നു. സിലോണിൽഇല്ല. ഈപക്ഷി ഒരു ദൂരദേശസഞ്ചാരിയാണ്. ഒരു സ്ഥലത്തും സ്ഥിരമായി പാർക്കുന്നില്ല. മാർച്ചുമുതൽ സെപ്തംബർവരെയാണ് ഇങ്ങനെ ദൂരദേശസഞ്ചാരം നടത്തുന്നതു്. ഇണചേരുന്നതിനുവേണ്ടി മാത്രമാണ് ഇങ്ങനെ ദൂരദേശങ്ങളും സന്ദർശിക്കുന്നതു്.

ഉറപ്പായ വനങ്ങളുള്ള രാജ്യങ്ങളും; അതിപ്പുഷ്ടപ്പെടുന്ന പഴങ്ങളുള്ള തോട്ടങ്ങളും; ആൽ, മാവു് മുതലായ വൃക്ഷങ്ങളും ഇടതിങ്ങിവളരുന്ന ഉപവനങ്ങളും; എന്നിവിടങ്ങളിലാണ് മാമ്പഴക്കുരുവിയേയും അതിന്റെ ഉപവർഗ്ഗങ്ങളെയും സാധാരണ കാണാവുള്ളതു്. ഇവ മിക്കവാറും വൃക്ഷങ്ങളിൽ വസിക്കുന്നവയാണ്. വളരെ ഭയവും, നാണവും ഉള്ള ഒരു പക്ഷിയാണ് മാമ്പഴക്കുരുവി. ഭയമുണ്ടായാൽ പെട്ടെന്നു് വല്ല തോട്ടങ്ങളിലോ, വൃക്ഷങ്ങളിൽ ഇലകൾക്കിടയിലോ ഓടിമറയുന്നു. പട്ടണത്തിലെ ബഹളംകേട്ടും ഇങ്ങനെ ഓടിയൊളിക്കുന്നു. ഈ പക്ഷിയെ മിക്കവാറും ജോഡി(ഇണ)കളായിട്ടാണ് കണ്ടുവരുന്നതു്. സാധാരണ ഇവ ഒരു വൃക്ഷത്തിൽനിന്നും മറ്റൊരു വൃക്ഷത്തിലേക്ക് മിന്നൽവേഗത്തിൽ പറന്നുകൊണ്ടിരിക്കുന്നു. ഇതു വളരെ വേഗത്തിൽ പറക്കുന്നുവെങ്കിലും വളരെ താഴ്ന്നാണ് പറക്കുന്നതു്. മറ്റുള്ള പക്ഷികൾ പറക്കുന്നതിൽനിന്നും മാമ്പഴക്കുരുവി പറക്കുന്നതിനുള്ള വ്യത്യാസം ഇതാണ്. നമ്മുടെ രാജ്യത്തിലുള്ള മാമ്പഴക്കുരുവികളുടെ ശബ്ദം ഒരു ചൂളം വിളിയാണ്. ഏതാണ്ട് ഇതുപോലെ ഇരിക്കും. പീ-ലുലു...



മാമ്പഴക്കുരുവി

ഇവയുടെ ആഹാരം പഴങ്ങളും, വെള്ളരിക്ക, കത്തിരിക്ക മുതലായ മാംസളഫലങ്ങളും ആണ്. പല തരത്തിലുള്ള കീടങ്ങളെ ഇവ തിന്നുന്നു. ചില പൂക്കളുടെ തേനും ഇവ കുടിക്കുന്നു.

പൊതുവെ ഏപ്രിൽ മുതൽ ജൂലൈവരെയുള്ള കാലഘട്ടത്തിനിടക്കാണ് ഇവ കൂടു നിർമ്മിക്കുന്നതു്. നാരുകൊണ്ടു് വളരെ ഭംഗിയായി ഒരു കപ്പിന്റെ ആകൃതിയിൽ നെയ്തു് കൂടുണ്ടാക്കുന്നു. ധാരാളം ഇലകളുള്ള വൃക്ഷങ്ങളിലാണ് ഇവ കൂടുകെട്ടുന്നതു്. കൂടുണ്ടാക്കി ഒരു ഊഞ്ഞാൽപോലെ തൂക്കിയിടുന്നു. തറയിൽനിന്നു് 12 അടി മുതൽ 30 അടിപൊക്കംവരെ കൂടുവയ്ക്കുന്നു. രണ്ടോ മൂന്നോ മുട്ടകൾ ഇടുന്നു. മുട്ടകൾ വെളുത്തതും, കറുപ്പോ, അല്പം ചുവന്നതോ വിട്ടുനിറമോ ഉള്ള പുള്ളികളോടുകൂടിയതുമാണ്. ചില ആൺപക്ഷികൾ ചെറുപ്പത്തിൽതന്നെ പ്രായം ചെന്നപക്ഷികളെപ്പോലെയിരിക്കും. അപ്പോൾ കാഴ്ചയിൽ പെൺപക്ഷികളാണെന്നു് തോന്നിക്കുന്നു.

കൂടുണ്ടാക്കുക, കുഞ്ഞുങ്ങളെ പാലിക്കുക എന്നിവയിൽ ആൺപക്ഷിയും, പെൺപക്ഷിയും ഒരുപോലെ പങ്കെടുക്കുന്നു.

2. കറുത്ത തലയൻ മാമ്പഴക്കുരുവി. സാധാരണ ഒരു മൈനയുടെ വലിപ്പംതന്നെ.

സപ്പോട്ടനിറത്തോടുകൂടിയതും; തലയിലും, നെഞ്ചിന്റെ മുകൾഭാഗത്തും, വാലിലും ചിറകിലും കറുപ്പുനിറത്തോടും കൂടിയശരീരം. ആൺപക്ഷിയും പെൺപക്ഷിയും ഒരുപോലെയാണ്; എന്നാൽ പെൺപക്ഷിയുടെ തലയിലെ കറുപ്പുനിറം അല്പം മങ്ങിയതാണ്. സാധാരണ ഒറ്റയായും, ജോഡി (ഇണ)യായും കൂടുകൾ നിറഞ്ഞ സ്ഥലങ്ങളിൽ കണ്ടുവരുന്നു. വൃക്ഷശാഖകളിൽ ജീവിച്ചുവരുന്നു.

ഇൻഡ്യയിൽ വരണ്ട പ്രദേശങ്ങളൊഴിച്ചു ബാക്കി എല്ലായിടവും കണ്ടുവരുന്നു. ഹിമാലയത്തിൽ ഏകദേശം 4 000 അടി ഉയരംവരെ കാണുന്നു. വലിപ്പവ്യത്യാസം, നിറവ്യത്യാസം എന്നിവയെ ആസ്പദമാക്കി ഇവയെ മൂന്നുതരങ്ങളായിതിരിക്കാം. അതായതു്;

1) വടക്കുഭാഗത്തുള്ളവ.
2) അർത്ഥദ്വീപുകളിലുള്ളവ.
3) സിലോണിലുള്ളവ.

ഇവയ്ക്ക് ഒരിടത്തും സ്ഥിരതാമസമില്ല. ഇതിന്റെ ഉപവർഗ്ഗങ്ങളുള്ള സ്ഥലങ്ങളിലേക്ക് മാറിപ്പൊയ്ക്കൊണ്ടിരിക്കും.

കൂട്ടുകളുള്ള സ്ഥലങ്ങളിൽ കാണുന്ന ഒരു പക്ഷിയാണിതു്. വലിയ വൃക്ഷങ്ങളുടെ ഇലകൾക്കിടയിൽ വസിക്കുന്നു. കറുത്ത തലയൻമാമ്പഴക്കുരുവിയുടെ ശബ്ദം കേൾക്കാൻ വളരെ ഇമ്പമുള്ളതാണ്. വിളിസാധാരണ മാമ്പഴക്കുരുവിയുടെ വിളിയേക്കാൾ വളരെ സാമ്യമുള്ളതാണ്.



കറുത്തതലയൻ മാമ്പഴക്കുരുവി

ഇതിന്റെ ശബ്ദവും ഒരുതരം മരംകൊത്തിയുടെ ശബ്ദവും ഏകദേശം ഒരുപോലെയിരിക്കും. അതിനാൽ തെറ്റിപ്പോകാനിടയുണ്ട്. സാധാരണ മാമ്പഴക്കുരുവിയുടെയും, കറുത്ത തലയൻമാമ്പഴക്കുരുവിയുടെയും സ്വഭാവങ്ങളും തമ്മിൽ വലിയ വ്യത്യാസമില്ല.

പ്രധാനമായി ഇൻഡ്യയിൽ ഏപ്രിൽ മുതൽ ജൂലൈവരെയുള്ള കാലഘട്ടത്തിനിടയിലാണ് കൂടുനിർമ്മിക്കുന്നതു്. എന്നാൽ സിലോണിൽ ഇണചേരുന്നതു് ഒക്ടോബർ മുതൽ മേയ്വരെയുള്ള കാലഘട്ടത്തിനിടക്കാണ്. കൂടിന്റെ ഘടനയും, സ്ഥലവും സാധാരണ മാമ്പഴക്കുരുവിയുടെ കൂടുപോലെതന്നെ. കറുത്തതലയൻ മാമ്പഴക്കുരുവിയുടെ മുട്ടകൾ ഏതാണ് ചില കാരണത്താൽ ചെറുതും, മിനുസമില്ലാത്തതും, ഇളംചുവപ്പോടുകൂടിയതുമാണ്. പ്രാവിനെപ്പോലെ ശാന്തസ്വഭാവമുള്ളതാണ് ഈപക്ഷി. ഇവ വർഗ്ഗങ്ങൾ. പ്രാവും (ഇതുപോലെ ശാന്തസ്വഭാവമുള്ള മറ്റു പക്ഷികളും) മാമ്പഴക്കുരുവിയും ചിലപ്പോൾ ഒരേ വൃക്ഷത്തിൽതന്നെ കൂടുവയ്ക്കാറുണ്ട്.

★

"പച്ചമണ്ണുകൊണ്ടു് കുശവൻ കലങ്ങളും, കുടങ്ങളും ഉണ്ടാക്കുന്നു; ചുട്ടമണ്ണാണെങ്കിൽ അതുകൊണ്ടു് ഒന്നും ചെയ്യാൻ സാധ്യമല്ല. അതുപോലെ വിഷയതൃഷ്ണയാകുന്ന ചൂടുകൊണ്ടു് വെന്ത ഒരുവന്റെ മനസ്സിൽ ഉയർന്ന ദിവസനകളും ഉണ്ടാകയില്ല. അതു് നല്ലരൂപത്തിലാക്കുന്നതിനു പ്രയാസം."

2—66

ശ്രീരാമകൃഷ്ണദേവൻ



പ്രസിഡന്റ് ഐസൻഹോവർ, "ഞങ്ങളും ആവശ്യപ്പെട്ടിരുന്ന സമാധാനത്തെപ്പറ്റി പ്രസംഗിക്കുന്നു. കൊറിയൻസമരം മുതലുള്ള ലോകത്തിലെ തർക്കവിഷയങ്ങൾക്കു പരിഹാരം കണ്ടുപിടിക്കണമെന്നദ്ദേഹം ആവശ്യപ്പെടുന്നു. ഉടൻ നിരായുധീകരണം യു. എൻ. സംഘടനയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. സമരസജ്ജീകരണങ്ങൾക്കുവേണ്ടി വ്യയംചെയ്യപ്പെടുന്ന ഭീമമായ സംഖ്യകൾ അവികസിതരാജ്യങ്ങൾക്കുവേണ്ടിയുള്ള വമ്പിച്ച പദ്ധതികൾക്കായി ചിലവാക്കപ്പെടണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കാളിദാസമഹാകവിയുടെ ശാകുന്തളത്തെ ഒന്നാം തർജ്ജമചെയ്ത കേരളീയർക്ക് പ്രഥമമായി പരിചയപ്പെടുത്തിയതു് കേരളവർമ്മത്തമ്പുരാനാണല്ലോ. അതുകഴിഞ്ഞു വളരെ താമസംക്രൂടാതെയാണ് ശ്രീമാൻ രാമയ്യരുടെ തർജ്ജമ പുറത്തുവന്നതു്. ഞാൻ എഫ്. എ-യ്ക്കു പഠിക്കുന്നേഴം അതായതു് 1906-ലെ പരീക്ഷയ്ക്കു എനിക്ക രാമയ്യരുടെ തർജ്ജമ പഠിപുസ്തകങ്ങളിൽ ഒന്നായിരുന്നു. രണ്ടധികംതാമസിയാതെ പുറത്തായല്ലോ എ. ആർ. തിരുമേനിയുടെതാണ്. പിന്നീടു പണ്ഡിതവര്യൻ ആറൂർ, മഹാകവി വള്ളത്തോൾ, ചെറുകുന്നിമഠം, കുറിപ്പുറത്തു കേശവൻനായർ ഇവരുടെ എല്ലാം ഓരോ തർജ്ജമ പുറത്തുവന്നിട്ടുണ്ട്. വേറെ വല്ലവരുടേയും തർജ്ജമ എനിക്ക അജ്ഞാതമായി കിടപ്പുണ്ടോ എന്നറികയില്ല. ഏതായാലും ആദ്യത്തെ തർജ്ജമയിൽ ചില ന്യൂനതകൾ ഉണ്ടെന്നു മഹാകവി കുഞ്ഞുക്കുട്ടൻതമ്പുരാൻ രാമയ്യരെ അറിയിച്ചിരുന്നു. ആ തിരുവെഴുത്തു കിട്ടുന്നതിനുമുമ്പായി രാമയ്യരുടെ തർജ്ജമ പ്രസ്സിൽപോയിരുന്നതിനാൽ പിന്നീടതിനെപ്പറ്റി കൃത്യാന്തരബാഹുല്യത്താൽ രാമയ്യർ ശ്രദ്ധിച്ചതുമില്ല.

അന്നത്തെ തർജ്ജമയിൽ ഉണ്ടായിരുന്ന അറകുറകൾ തീക്കി ഒരു പുതിയ തർജ്ജമ പുറത്തുവരേണമെന്നു മലയാളരാജ്യം വാരികമുഖേനയും ജയഭാരതംമാസികമുഖാന്തരവും നേരിട്ടു കത്തുമൂലവും ഞാൻ രാമയ്യരോടു് അപേക്ഷിച്ചിരുന്നു. അതിന്റെ ഫലമാണു ഈ പുതിയ തർജ്ജമ. ആയതു പ്രസിദ്ധീകരിക്കേണ്ട ഭാരവും ഞാനേറ്റിട്ടുണ്ട്. ഈ പുതിയ തർജ്ജമ കേരളീയർക്ക രുചിപ്രദമാണോ എന്നറിവാൻവേണ്ടി ശാകുന്തളത്തിൽ ഒരു പ്രധാനമായ അങ്കമായ കൈരളിയുടെ കാൽത്തളിരിൽ കാണിക്കവെച്ചുകൊള്ളുന്നു.

ടി. എസ്സ്. അനന്തസുബ്രഹ്മണ്യം.

ഭാഷാശാകുന്തളം

(അഞ്ചാമങ്കം)

പി. ജി രാമയ്യർ, റിട്ടയർഡ് സബ്ജഡ്ജി, കോയമ്പത്തൂർ

ശാകുന്തളം

അഞ്ചാമങ്കം

(ഇങ്ങനെകൊണ്ടു് രാജാവും വിദൂഷകനും പ്രവേശിക്കുന്നു.)

വിദൂഷകൻ—സ്നേഹിത! സംഗീതശാലയുടെ അകത്തേക്കെന്നു് ശ്രദ്ധാപതിപ്പിക്കേണം. മധുരവും ശ്രദ്ധേയവും ആയ പാട്ടുകേൾക്കുന്നു. തത്ഭവതിഹംസപദിക വല്ലസാധകം ചെയ്യുകയാണെന്നു് ഞാൻ വിചാരിക്കുന്നു.

രാജാ—മിണ്ടാതിരിക്ക. പാട്ടുകേൾക്കട്ടേ.

(അണിയറയിൽ പാട്ടു്)

പുതുമധുതിരയുന്ന ഭൃംഗമാമൊ-
ട്ടതിനൊരു ചുംബനമപ്രകാരമേകി
ഇതുപൊഴുതുസരോജസക്തനായി-
ട്ടതിനെമറപ്പതിനെന്തുഹന്ത! ബന്ധം!

രാജാ—ഹാ! പാട്ടിൽ രാഗംകവിഞ്ഞൊഴുകുന്നു.

വിദൂ—അതിരിക്കട്ടേ. പാട്ടിന്റെ താല്പര്യം ധരിച്ചുവോ?

രാജാ—(പുഞ്ചിരിയോടുകൂടി) ഒരിക്കൽ ഞാൻ ഇവളെ സ്നേഹിച്ചിരുന്നു. ഇവൾ ഇപ്പോൾ വസുമതിയെ ചൂണ്ടിക്കൊണ്ടു് എന്നെ ശകാരിക്കുകയാണു്. സഖേ? താൻ ഹംസപദികയുടെ അടുക്കൽപോയി ശകുന്തള കേമമായി എന്നു് ഞാൻ പറഞ്ഞതായി പറയൂ.

വിദൂ—കല്പന. (എഴുന്നേറ്റു) വല്ലകായ്വും ഉദ്ദേശിച്ചു് ദേവി തന്റെ പരിചാരികമാരെക്കൊണ്ടു് എന്റെ കുട്ടമപിടിപ്പിച്ചുനിർത്തിയാൽ അപ്സരസ്സുകളുടെ കയ്യിൽ അകപ്പെട്ട യതിക്കെന്നപോലെ എനിക്ക മോക്ഷംകിട്ടുന്നതല്ല.

രാജാ—ചെല്ല നഗരീകമട്ടിൽ പറഞ്ഞു വരൂ.

വിദൂ—എന്തുഗതി? (പോയി)

രാജാ—എന്താണിതു. ഈ പാട്ടു കേട്ടിട്ടു്, ഇഷ്ടജനവിരഹം ഒന്നും ഉണ്ടായിട്ടില്ലെങ്കിലും എന്റെ മനസ്സിൽ ബലമായ ഉല്ക്കണ്ഠയുണ്ടാകുന്നു. അഥവാ,

നല്ലൂഴ്കണ്ടു, മധുരധ്വനികേട്ടു,
(സൌഖ്യം
കയ്ക്കുള്ളോരാൾ മഴലുള്ളിലുദി-
(പ്രതോത്തൽ
ഭാവസ്ഥിരങ്ങളാം ജനനാന്തരസൌ-
(ഹൃദങ്ങ-
ളുവ്യക്തമോർമ്മയിൽ വരുന്നതുകൊ-
(ണ്ടതന്നേ.

(അനന്തരം കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി—(നെടുവീർപ്പിട്ടു) കഷ്ടം! എന്റെ അവസ്ഥ ഇങ്ങനെയായി. ശ്രുതാന്തജോലിക്കടയാളമായ് ഞാൻ
കയ്ക്കുണ്ടൊരീച്ചൂരലനേക-
നാൾപോയ്
വാർദ്ധക്യമായ്ക്കാലിടറീടുമിപ്പോൾ
യാത്രയ്ക്കുനിക്കുന്നവതിനുപാരീ.

അതുപോകട്ടേ. മഹാരാജാവിനു് ധർമ്മകാര്യങ്ങളെ സംബന്ധിച്ചു് മുടക്കം ഉണ്ടാവാൻ പാടില്ലതന്നെ. എങ്കിലും, ഇതാ ഇപ്പോൾതന്നെ ധർമ്മാസനത്തിൽ നിന്നെഴുന്നേറ്റ തമ്പുരാന്റെ മുമ്പിൽചെന്നു് കണ്വശിഷ്യന്മാർ വന്നിട്ടുണ്ടെന്നുപറഞ്ഞു് വീണ്ടും ശല്യമുണ്ടാക്കാൻ എനിക്കു് മനസ്സുവരുന്നില്ല.

അല്ലെങ്കിൽ,

കുതിരകളെയൊരിക്കൽപ്പൂട്ടിമാറി-
(ലക്ഷ്മ-
ഭൃതി; പകലിരവുംതാൻ സഞ്ചരിക്ക-
(നുവായ്;
ക്ഷിതിഭരമുരഗേശൻ സഹ്യദം താ-
(ങ്ങിടുന്നു,
പതിവു നികുതിവാങ്ങിപ്പോക്കുമീമ-
(ട്ടതന്നെ.

അതുകൊണ്ടു് ഞാൻ എന്റെ ജോലി നടത്തും (ചുറ്റിനടന്നു) ഇതാ.

തനയരുടെകണക്കിൽക്കാത്തു തൻനാ-
(ട്ടുകരെ
ജനപതിവിജനത്തിൽപ്പോന്നിരി-
(ക്കുന്നശാന്തൻ
വനഭുവിഗജരാജൻതന്റെയൂഥത്തെ-
(മേച്ചി
ട്ടിനകരപരിതപ്തൻ ചോലയിൽചേ-
(ന്നപോലെ

(അടുത്തുപോയി) തിരുമേനിജയിച്ചാലും. ഹിമവത്സാനുവിലുള്ള തപോവനങ്ങളിൽ വസിക്കുന്ന തപസന്മാർ സ്ത്രീകളേയുംകൂടി കാശ്യപമഹർഷിയുടെ സന്ദേശവുംകൊണ്ടുവന്നിരിക്കുന്നു. മേൽ ഉത്തരവു്.

രാജാ—(ആദരവോടുകൂടി) കാശ്യപമഹർഷി പറഞ്ഞയച്ചിട്ടുള്ളവരോ?

കഞ്ചുകി—അതേ.

രാജാ—എന്നാൽ ആ തപസന്മാരെ ശ്രുതവിധിപ്രകാരം പൂജിച്ചു് താൻതന്നെ കൂട്ടിക്കൊണ്ടുവരേണമെന്നു ഞാൻ പറഞ്ഞതായി പുരോഹിതൻ സോമരാതനോടു പറയേണം. ഞാനും അവരെ കാണാൻ ഉചിതമായ സ്ഥലത്തുചെന്നു കാത്തുകൊണ്ടിരിക്കാം.

കഞ്ചുകി—കല്പന. (പോയി)

രാജാ—വേത്രവതി അഗ്നിശരണത്തിലേക്കു വഴികാണിക്കു്.

പ്രതിഹാരി—തിരുമേനി ഇതിലെ, ഇതിലെ.

രാജാ—(ചുറ്റിനടന്നു് രാജ്യഭാരക്ലേശത്തെക്കുറിച്ചു ആലോചിച്ചു്) എല്ലാജന്തുക്കൾക്കും ആഗ്രഹംസാധിച്ചാൽ സുഖമുണ്ടാകും. രാജാക്കന്മാർക്കുമാത്രം, കൃതാർത്ഥതയും സൈരക്കേടും ഉണ്ടാകുന്നു. എന്തെന്നാൽ
ആശിച്ചിട്ടുംപലവികിട്ടുകിലശതീരും
പ്രശിച്ചിടേണമഥതൽപരിപാല-
(നാർത്ഥം
കയ്യിൽപ്പിടിച്ച കുടയെന്നവിധംനൃ-
പന്നു
വിശ്രാന്തിയും ശ്രമവുമേകിവരുന്നു-
(രാജ്യം

(അണിയറയിൽ വൈതാളികന്മാർ)

ഒന്നാമൻ—
സ്വതന്ത്രസുഖംകരുതിടാതെ ജനാർത്ഥ-
(മേൽപൂ
സന്തപ്തമെന്നു, മഥവാ, തവധർമ്മ
(മേവം
ഏറ്റുന്നമൂർദ്ധ്നികരിനംപോലെ,-
(ലാശ്രയിപ്പോർ
തന്താപശാന്തിതണലാലരുളുന്നു-
(വൃക്ഷം

രണ്ടാമൻ—
ദണ്ഡത്തിനാൽവഴിപിഴപ്പവരെത്ത-
(ടുത്തും
തിണ്ണംവിവാദശമമേകിയു,മണ്ടകാ-
(ത്തും
ബന്ധുപ്രവൃത്തികളംഭവാൻ പ്രജകൾ
(ക്കുചെയ്വൂ;
ബന്ധുക്കളൂഴിയിലെന്നു
(മാത്രം.

രാജാ—(കേട്ടിട്ടു്) ക്ഷീണമാനസനായ എനിക്കു് ഇവർ വീണ്ടും ഉണർച്ചയുണ്ടാക്കി.

പ്രതീഹാരി—ഇതാ ഇപ്പോൾതന്നെ അടിച്ചതളിച്ചു് ശുചിയാക്കിയും ഹോമധേനുഅടുത്തുനിൽക്കുന്നതും ആയ അഗ്നിശരണത്തിന്റെ തിണ്ണം കല്പിച്ചു കയറിയിരിക്കാം.

രാജാ—(പരിജനത്തിന്റെ ചുമലിൽ കൈവെച്ചുകൊണ്ടു കയറിനിന്നിട്ടു്) വേത്രവതി! എന്നുദ്ദേശിച്ചിട്ടായിരിക്കും കാശ്യപമഹർഷി ഇവരെ ഇങ്ങോട്ടയച്ചിട്ടുള്ളതു്?

കോടുംതപസർതൻതപസ്സിനളവാ-
ണ്ടുന്നോമുടക്കങ്ങളിൽ?
നാട്ടാർവല്ലവരും തപോവനമൃഗ-
ക്കൂട്ടത്തെ ഹിംസിച്ചുവോ?
ഒട്ടെൻദുഷ്കൃതകാരണം തരുലതാ-
പ്രാതംഫലിക്കായ്കയോ?
കിട്ടുന്നില്ലൊരുതിട്ടവും, മനമുഴ-
ന്നീടുന്നതക്കങ്ങളാൽ.

പ്രതീഹാരി—സച്ചരിതം കൊണ്ടാടുന്ന മഹർഷിമാർ, തിരുമേനിയെ കണ്ടഭിനന്ദിക്കാൻ പ്രസന്നരാണെന്നു അടിയനു തോന്നുന്നു.

(അനന്തരം ശകുന്തളയേയും ഗൗതമിയേയും മുൻനടത്തിക്കൊണ്ടു മുനിമാരും പുരോഹിതനും കഞ്ചുകിയും പ്രവേശിക്കുന്നു)

കഞ്ചുകി—ഭഗവന്മാർ ഇതിലെ; ഇതിലെ.

ശാർങ്ഗരവൻ—ശാരദത!
മന്നോർ മന്നനഭിനന്ദധർമ്മരതനാണേ-
റാംമഹാഭോഗനാ
ണെന്നല്ലിങ്ങപകൃഷ്ടനും വഴിപിഴക്കാ-
(റില്ല വണ്ണങ്ങളിൽ
എന്നാലും വിജനത്തിലോരിയപഴക്ക-
(ത്താൽ ജനംകൂട്ടമായ്
ച്ചേന്നോരീപ്പുരിയഗ്നിചാരിയെരിയും
(കാടെന്നപോൽകാൺമുഞാൻ.

ശാരദതൻ—സഖേ ശാർങ്ഗരവ! നഗരത്തിൽ പ്രവേശിച്ചപ്പോൾതന്നെ ഭവാനു് ഇങ്ങനെ തോന്നിയതു യുക്തം തന്നെ.

ഞാനും,
അഭ്യുക്തനെക്കളിച്ചോൻ,
ശ്രുതനഞ്ചുചിയെ; പ്രസൂപ്പനെയുണ-
(ന്നോൻ,

സേച്ഛംഗതി ബഹുമെയും,
കാണംപടികാൺമുഭോഗസംഗികളെ
ശകുന്തള—(ഉന്നിമിത്തം സൂചിപ്പിച്ചു്) അയ്യോ! എന്റെ വലത്തെക്കണ്ണെന്താണിങ്ങിനെ തുടിക്കുന്നതു്?
ഗൗതമി—മകളേ! അമംഗളം നശിക്കട്ടേ. ഭർത്തൃകുലദേവതകളും നിനക്കു് ശ്രേയസ്സുണ്ടാക്കട്ടേ.
(എല്ലാവരും ചുറ്റിനടക്കുന്നു)
പുരോഹിതൻ—(രാജാവിനെ കണ്ടിച്ചു്) അല്ലയോ തപസന്മാരേ! വർണ്ണാശ്രമധർമ്മങ്ങളുടെ രക്ഷിതാവായ മഹാരാജാവു് മുമ്പിൽകുടിത്തന്നെ എഴുന്നേറ്റു നിങ്ങളുടെ വരവു കാത്തു നിൽക്കുന്നു.
ശാർങ്ഗരവൻ—മഹാബ്രാഹ്മണ! ഈ വിനയം അഭിനന്ദിക്കത്തക്കതുതന്നെ. എന്നാൽ ഞങ്ങൾക്കു ഇതിൽ ഒരുസാധാരണത തോന്നുന്നില്ല. എന്തെന്നാൽ,
തരുക്കൾതാഴുന്ന ഫലോദ്ഗമത്താൽ,
നവാംബുവാൽ താണുവരുന്നമേഘം
സമൃദ്ധിയാൽസൽപുരുഷൻവിനീതൻ
പരോപകാരിക്കിതുതൻസ്വഭാവം.
പ്രതീഹാരീ—ഋഷികളുടെമുഖം പ്രസന്നമായിരിക്കുന്നു. കാര്യസിദ്ധിയിൽ വിശ്വാസത്തോടുകൂടിത്തന്നെയാണു് ഇവർ വന്നിട്ടുള്ളതെന്നതോന്നുന്നു.
രാജാ—(ശകുന്തളയെനോക്കി)
അഴകതുമുഴുവൻ കാട്ടാ-
തെഴമിവളുരമ്പാണ്മൂടുപടമുടയോൾ?
യതിമലിനത്തിലുണക്കില-
യുകുംകിടയിൽ പ്രവാളസമം?
പ്രതീഹാരീ—ദേവ! ആശ്ചര്യാതിരേകംകൊണ്ടു് ആരെന്നുഹിപ്പാൻ അടിയന്നു് ശക്തിയില്ല.
ഇവൾ ആരായാലും ഇവളുടെ രൂപം ദർശനീയതന്നെ.
രാജാ—പോകട്ടെ. പരകളത്രത്തെ നോക്കുന്നതു്.
ശകുന്തള—(മാറത്തു് കൈവച്ചുകൊണ്ടു്) ഹൃദയമേ! നീ എന്തിനിങ്ങിനെ മിടിക്കുന്നു. ആര്യപുത്രനോടുള്ള സ്നേഹമോർത്തു് ധൈര്യപ്പെട്ടു.
പുരോഹിതൻ—(മുമ്പിൽചെന്നു്) മഹാരാജാവേ! ഇതാ വിധിപ്രകാരം പൂജിക്കപ്പെട്ട തപസന്മാർ—ഇവർ ഇവരുടെ ഗുരുവിന്റെ ഒരു സന്ദേശംകൊണ്ടുവന്നിരിക്കുകയാണു്. അതു ഭവാൻ കേൾക്കേണം.
രാജാ—ഞാൻ സശ്രദ്ധനായിരിക്കുന്നു.
തപസന്മാർ—(കൈകളുയർത്തി) മഹാരാജാവു് വിജയിയായിഭവിച്ചാലും.
രാജാ—നിങ്ങൾക്കു് നമസ്കാരം.
തപസന്മാർ—സ്വസ്തിഭവിക്കട്ടെ!
രാജാ—തപസ്വികളുടെ കർമ്മങ്ങളെല്ലാം വിഘ്നംകൂടാതെ നടന്നുവരുന്നില്ലേ?
തപസന്മാർ—
എങ്ങിനെവിഘ്നംവന്നിട്ടു-
മങ്ങുന്നബുധർത്തിതിത്തു-
കാംക്ഷയോളം!
എങ്ങിനെയിരുളുണ്ടാകും
പൊങ്ങിസ്സൂര്യൻപ്രകാശിക്കെ?
രാജാ—എന്റെ രാജശബ്ദംഇപ്പോളും അർത്ഥവത്തായി. ലോകനാഥനായ ഭഗവാൻ കശ്യപൻ കുശലിയായിരിക്കുന്നില്ലെ?
ശാർങ്ഗരവൻ—സിദ്ധന്മാർ സാധീനകുശലന്മാരുണ്ടല്ലോ-കശ്യപപ്രശ്നാനന്തരം മഹർഷി അങ്ങയോടു് ഇങ്ങനെപറയാൻ ഏല്പിച്ചിരിക്കുന്നു.
രാജാ—എന്താണു് ഭഗവാന്റെ ആജ്ഞ?
ശാർങ്ഗ—"അന്യോന്യസമ്മതപ്രകാരം ഭവാൻ എന്റെ പുത്രിയെ വിവാഹംചെയ്തതു് നിങ്ങളിരുവരുടെയുംപേരിലുള്ളവാത്സല്യത്താൽ ഞാൻ അനുവദിച്ചിരിക്കുന്നു. എന്തെന്നാൽ,
നീ യോശ്രീരിൽ പ്രഥമനെന്നറിയാം. നമുക്കു്
മെയ്യാൻസൽക്രിയശകുന്തള;
യിപ്രകാരം
തുലുംഫണങ്ങളെഴുവോരിണ-
യെപ്പിണച്ചു
തെല്ലേനെരംവിധിയെഴി-
ച്ചുജനാപവാദം.
അതുകൊണ്ടു് ധർമ്മിനിയായിരിക്കുന്ന ഇവളെ സഹധർമ്മചാരിണിയായി ഏറ്റുകൊള്ളേണ്ടതാണു്"എന്നു്:
ഗൗതമി—ആര്യാ! എനിക്കും ഏതാണ്ടൊക്കെ പറഞ്ഞാൽകൊള്ളാമെന്നുണ്ടു്. പക്ഷേ അതിനു് അവകാശംകാണുന്നില്ല. എന്തെന്നാൽ,
ഇരുവൊട്ടചൊല്ലീലോത്തീ
ലൊരുബന്ധുവോടും ഭവാനു-
മിവളംതാനും,
ഇരുവരുമൊത്തുകഴിച്ചതി-
ലരുളാനെന്തുണ്ടുമിനിയുള്ളൂ?
ശകു—(ആത്മഗതം) എന്തുപറയുമോ ആര്യപുത്രൻ!
രാജാ—എന്താണീ പറഞ്ഞുംകൊണ്ടവരുന്നതു്?
ശകു—(ആത്മഗതം) ഈ വാക്കു് തീവ്രാരിയിട്ടുന്നുവല്ലോ.
ശാർങ്ഗ—എന്താണെന്നോ? അങ്ങേയ്ക്കതന്നെ ലോകാചാരം നല്ലവണ്ണം അറിയാമല്ലോ.
എല്ലാപ്പൈഴും പിതൃകുലത്തിൽ-
വസിക്കിൽനാട്ടാർ
വല്ലാത്തപേരുപതിയുള്ളസതിക്കു-
മേകും
ചൊല്ലുമതാണു്മുതിരുന്നതുബ-
ന്ധുവർഗ്ഗം
മല്ലാക്ഷിയെപ്പതിവെടിക്കിലു-
മങ്ങുചേർക്കാൻ.
രാജാ—ഈ ശ്രീമതിയെ മുമ്പു് ഞാൻ വേട്ടിട്ടുണ്ടെന്നോ?
ശകു—(ആത്മഗതം) ഹൃദയമേ! നിന്റെ ആശങ്ക ശരിയായല്ലോ.
ശാർങ്ഗ—
അപ്പോചെയ്തനിൻ, ധർമ്മവൃദ്ധി-
പ്പോ, കുശനിന്ദയോ?
രാജാ—ഇതെന്തോണു് ഇല്ലാത്തതിനെ ഉണ്ടെന്നുവെച്ചു് ചോദിക്കുന്നതു്.
ശാർങ്ഗ—
ചേരാവുണ്ടീവികാരങ്ങൾ,
പാരമ്പര്യമർത്തരിൽ.
രാജാ—ഭവാൻ എന്നെ കലശലായി ശകാരിച്ചു.
ഗൗതമി—മകളേ കുറച്ചുനേരം ലജ്ജിക്കാതിരിക്കു. ഞാൻ നിന്റെ മൂടുപടം നീക്കാം. എന്നാൽ നിന്റെ ഭർത്താവു് നിന്നെക്കണ്ടറിയും (മൂടുപടം നീക്കുന്നു)
രാജാ—(ശകുന്തളയെനോക്കി ആത്മഗതം)
പരമസുഭഗയാമീസ്ത്രീയെഞാൻ-
വേട്ടതുണ്ടോ
പരനടെമടവാരോ എന്നാര്യ്യാ-
യ്കമൂലം
പുലരുമളവുമങ്ങുംചേന്കുന്ദ-
ത്തെവണ്ടിൻ
നിലയിലണയുവാനംവയ്മേ-
തള്ളവാനും.
പ്രതീഹാരീ—(ആത്മഗതം) അഹോ! തന്വംഗിയുടെ ധർമ്മനിഷ്ഠ! നിർഭാഗ്യമായി കയ്യിൽകിട്ടിയ ഇങ്ങനെയുള്ള മനോഹരരൂപം കണ്ടിട്ടു് വേറേവല്ലവരും ആണെങ്കിൽ സംശയിക്കുമോ?
ശാർങ്ഗ—രാജാവേ; എന്താണെന്നോ പറയുന്നതു്!
രാജാ—അല്ലയോ തപസ്സിൽ! എത്ര ആലോചിച്ചുനോക്കിട്ടും തത്ഭവതിയെ ഞാൻ പരിഗ്രഹിച്ചതായി എനിക്കു് ഓർമ്മവരുന്നില്ല. പിന്നെ എങ്ങനെയാണു് പ്രത്യക്ഷത്തിൽ ഗർഭലക്ഷണംകാണുന്ന ഇവളെ പരകളത്രമാണെന്നുള്ള ശങ്കയോടുകൂടി സ്വീകരിക്കുക?
ശാർങ്ഗ—എന്നാൽ വേണ്ട.
നിന്ദാർഹനാണാമുനി,നീകെട്ടത്ത
തന്വംഗിയെസ്സാദരമോറിവണ്ണം
കള്ളൻകവന്നോരുധനത്തെ-
വീണ്ടും
കള്ളനുതാൻനൽകിടുമാപ്രകാരം.
ശാരദ്വതൻ—ശാർങ്ഗരവ! മതിയിക്കു്. ശകുന്തളേ? ഞങ്ങൾപറയേണ്ടതു പറഞ്ഞുകഴിഞ്ഞു. ഇതേ ഭവാനെങ്കിൽ ഇങ്ങനെയും പറയുന്നു. ഇതേഹത്തിനു് വിശ്വാസമുണ്ടാക്കുന്ന മറുപടി നീതന്നെ പറയണം.
ശകു—(ആത്മഗതം) അപ്രകാരമെല്ലാമായിരുന്ന അനന്തരംഅപ്രകാരം മാറിയിരിക്കെ ഞാൻ ഓർമ്മപ്പെട്ടിട്ടുതന്നെ എന്തുകാര്യം! ശോചിയാവാൻതന്നെയാണീ പുറപ്പാടു് (പ്രകാശം) ആര്യപുത്ര—(എന്നുതുടങ്ങി നിന്നിട്ടു) വിവാഹംതന്നെ വിവാഹത്തിലിരിക്കെ അങ്ങനെ വിളിക്കുന്നതു് യുക്തമല്ല. പൌരവ! അന്നു് ആശ്രമത്തിൽവെച്ചു- ഉത്തമഹൃദയയായ എന്നോടു് ശപഥപൂർവ്വം ഓരോന്നുപറഞ്ഞു് എന്നെ വഞ്ചിച്ചിട്ടു് ഇപ്പോൾ ഇങ്ങനെയുള്ളവാക്കുകൾപറഞ്ഞു് എന്നെ തിരസ്കരിക്കുന്നതു് അങ്ങേയ്ക്കു് യുക്തമല്ല.
രാജാ—(ചെവികൾപൊത്തി)പാപം നശിക്കട്ടെ.
പേരും കുലം മലിനമാക്കി,
യതോടെനിക്കും
ലോകം നിപാതമിഹചേപ്പതി-
നോർത്തീടുന്നോ?
തീരംതകർത്തുവിമലം സലിലം-
കലക്കി
ത്തീരത്തിലെത്തുമവെവീഴ്ത്തീടു-
മാറ്റലെ.
ശകു—ആകട്ടേ-അങ്ങു് ഇങ്ങനെ പറയുന്നതു് വാസ്തവത്തിൽ ഞാൻ അന്യപുരുഷനാണെന്നു് ശങ്കിച്ചിട്ടാണെങ്കിൽ ഈ അടയാളംകൊണ്ടു് സംശയംതീരും.
രാജാ—ഉത്തമപക്ഷം.
ശകു—(വിരൽ തടവിനോക്കീട്ടു്) അയ്യോ എന്റെ വിരലിൽ മോതിരം കാണുന്നില്ലല്ലോ (വിഷാദത്തോടുകൂടി ഗൗതമിയെനോക്കുന്നു?)
ഗൗതമി—ശക്രാവതാരത്തിൽശമീതീർത്ഥത്തെ വന്ദിച്ചപ്പോൾ വിരലിൽനിന്നു് മോതിരം ഊരി വീണിരിക്കണം.
രാജാ—(ചിരിച്ചു) ഇതാണു് സ്ത്രീകൾക്കു് സമയോചിതമായ യുക്തി തോന്നാം എന്നു് പറയാറുള്ളതു്.
ശകു—ഇതിനു് ദൈവം തന്റെ പ്രഭാവം കാണിച്ചു—ഞാൻ മറ്റൊരുസംശയം പറയാം.
രാജാ—ശരി—ഇപ്പോൾ കേൾക്കേണ്ട കഥയായി. പറയുകതന്നെ.
ശകു—ഒരുദിവസം നവമാലികാമണ്ഡപത്തിൽ അങ്ങു് താമരയിലയിൽ വെള്ളംവെച്ചുകൊണ്ടിരുന്നു.
രാജാ—ഞാൻ കേൾക്കുന്നുണ്ടു്.
ശകു—അപ്പോൾ എന്റെ കൃത്രിമപുത്രനായ ഭീർഘപാംശൻ എന്നമാൻകുട്ടി അവിടെ വന്നു. അങ്ങേയ്ക്കു് അതിനെക്കുറിച്ചു് അനുകമ്പതോന്നി. അതാദ്യം കുടിക്കട്ടേഎന്നു് പറഞ്ഞു് അങ്ങു് വെള്ളം അതിനു് കാണിച്ചു. പരിചയമില്ലാത്തതിനാൽ അതു് അങ്ങയുടെ കയ്യിൽനിന്നു് വെള്ളം കുടിച്ചില്ല. പിന്നെ അതേവെള്ളം ഞാൻവാങ്ങി കാണിച്ചപ്പോളും അതു കുടിച്ചു. അതുകണ്ടിട്ടു് "എല്ലാവരും കൂട്ടുകാരേയേ വിശ്വസിക്കുള്ളൂ. നിങ്ങളും ഇരുവരും കാട്ടിൽ വളർന്നവരാണല്ലൊ" എന്നുപറഞ്ഞു് എന്നെ പരിഹസിച്ചു.
രാജാ—സ്വാഭാവം നേട്ടവനായി സ്ത്രീകളും ഇങ്ങനെ കെട്ടിച്ചമയ്ക്കുന്ന വാക്കുകളും വിശ്വാസകുതന്മാരെ ആകർഷിക്കാറുണ്ടു്.
ഗൗതമി—മഹാനുഭാവനായ അങ്ങുന്നു് അങ്ങനെ പറയരുതു്. തപോവനത്തിൽ വളർന്ന ഈയുള്ളവൾക്കു് കൈതവം എന്തെന്നറിഞ്ഞുകൂടാ.
രാജാ—പൂർവതാപസി!
അശിക്ഷിതം പട്ടതമുന്മേഷശാലി-
നത്തിനും
വിശിഷ്യ ബുദ്ധിയുള്ള മനുഷ്യജാതി-
യിൽകഥിക്കണോ?
സ്വശക്തിയാൽ പാറുന്നിടംവരെപ്പ-
രദ്വിജങ്ങൾതൻ
വശത്തിൽവച്ചുകഞ്ഞിനെപ്പുല-
ർത്തിടുന്നപെൺപിറ

ശകു— (കോപിച്ച്) ഞാനായ്! സ്വന്തം വൃദ്ധയത്തിനെ തേടാതാക്കി മറ്റുള്ളവരെയും അളക്കുകയാണ്. ധർമ്മക്കുപ്പായം ധരിച്ച് പുല്ലുമൂടിയ കിണറുപോലെ ഭയങ്കരനായിരിക്കുന്ന അങ്ങയെപ്പോലെ മറ്റാരു പ്രവർത്തിക്കും.

രാജാ—(ആത്മഗതം) എന്റെ മനസ്സിൽ സംശയം തോന്നിക്കുന്നവിധം അകൈതവമായിരിക്കുന്ന ഇവളുടെ കോപം.

"മുന്നംനടത്തിയ രഹസ്യവിവാഹ
(മോർ-
ക്കുന്നില്ലതാണമനസ്സിവ' നെന്നാ-
(കോപാൽ
തനപാംഗി കണ്ണുരുണമായെ പ്പുരികം-
(വളച്ചീ-
ടുന്ത, സുമാത്രമധരസ്സമുറിച്ചവണ്ണം.

(പ്രകാശം) ഭദ്രേ! ഈ ഋഷിനന്ദന്റെ ചരിത്രം പ്രസിദ്ധമാണ്. അതിൽ ഇവൾ കേട്ടിട്ടില്ല.

ശകു—പുരുവംശക്കാരനാണെന്നു വിശ്വസിച്ച വായിൽ തേനും മനസ്സിൽവിഷവും വച്ചിരിക്കുന്ന ഇദ്ദേഹത്തിനു ഞാൻ വശപ്പെട്ടതിനു് എനിക്കു താന്തോന്നിപ്പട്ടം കിട്ടിയതു നന്നായി. (വസ്ത്രാഞ്ചലംകൊണ്ടു് മുഖം മറച്ചു കരയുന്നു)

ശാർങ്ങ—സ്വന്തം ചാപല്യം ഇങ്ങനെയാണ് പാശ്ചാത്താപത്തിനിടവരുത്തുന്നതു്. അതിനാൽ,

പരീക്ഷിച്ചേടത്തൊരു
പ്രത്യേകം ഗ്രഥവേഴ്ചകളും
ഉള്ളൊന്നെന്നറിയർത്തോർത്തൻ
സൗഹൃദം വൈരമായിടും.

രാജാ—ഈ സ്ത്രീ പാരത്തന്ത്ര്യത്തിനെ മാത്രം വിശ്വസിച്ച് എന്താണെന്നെ ഇങ്ങനെ കഠിനമായി ദുഷിക്കുന്നതു്.

ശാർങ്ങ—(സഹികെടുത്തുന്നഭാവത്തിൽ) കേട്ടില്ലേ തലകീഴായിട്ടുള്ള കുട്ടം.

പിറവിമുതൽക്കൊരുശീലു-
മറിയാത്തവർനേരുകേട്ടതാൻ,
(പാടും,
പരവഞ്ചനയെക്കലയായ്
പരിശീലിപ്പോർ യഥാർത്ഥമറുള്ളട്ടെ.

രാജാ—ഹേ സത്യവാദി! ഈസ്ത്രീയെ വഞ്ചിച്ചിട്ട് എനിക്കെന്താണ് പ്രയോജനം?

ശാർങ്ങ—അധഃപതനം.

രാജാ—പൗരവന്മാർ അധഃപതനം ആഗ്രഹിക്കുമെന്നു് പറയുന്നതു് വിശ്വാസയോഗ്യമല്ലല്ലോ.

ശാരദ്വതൻ—ശാർങ്ങരവ! നമ്മൾ ഋഷിയുടെ കല്പനപ്രകാരം നടന്നുകഴിഞ്ഞു. ഇനി മടങ്ങുക. (രാജാവോടു്)

ഇതാ നിൻപത്നി,യിവളെ-
ത്തള്ളരുതു്,കൊള്ളുക,നിനച്ചപോൽ
സ്വീകാരംഭവിക്കുന്നതിൽ
തൻദേഹത്തിനുണ്ടല്ലോ തൻഭാര്യയിൽ

ഗൗതമി! മുമ്പിൽ നടക്കുക. (പുറപ്പെടുന്നു.)

ശകു—ഈ ധൂർത്തൻ എന്നെ വഞ്ചിച്ചു. നിങ്ങളും എന്നെ ഉപേക്ഷിക്കുകയാണോ! (പിന്നാലെ പുറപ്പെടുന്നു)

ഗൗതമി—വത്സ ശാർങ്ങരവ! ശകുന്തള കരഞ്ഞുംകൊണ്ടു് നമ്മുടെ പിന്നാലെ വരുന്നു. ഭർത്താവു് നിർദ്ദയമായി പരിത്യജിച്ചിരിക്കെ എന്റെ മകൾ എന്തുചെയ്യും?

ശാർങ്ങ— (ഉപേക്ഷിക്കപ്പെട്ട തിരിഞ്ഞു) ദോഷൈകദൃശിനി! താന്തോന്നിയായി നടക്കുകയോ.

(ശകുന്തള പേടിച്ചു വിറയ്ക്കുന്നു)

ശാർങ്ങ—ശകുന്തളേ!
അരചനേതിയമാതിരിയെങ്കിലോ
ഇരവിനെന്തിനുനീ കുലപാംസിനി!
പ്രതമകല്പ്പകമെങ്കിലസംശയം
പതികുലതവദാസ്യവുമേറിടും.
നിൽക്ക. ഞങ്ങളം പോകുന്നു.

രാജാ—അല്ലയോ താപസ! എന്തിനു് ഈ സ്ത്രീയെ വ്യാമോഹിപ്പിക്കുന്നു.

കുടുമ്പത്തെയെവിടർത്തു
ഹിമകര,നബ്ജത്തെമാത്രമേസൃഷ്ടാൻ
വിമലർ വശിതപൂണ്ടവർ
വിമുഖന്മാരാംപരാംഗനാരതിയിൽ

ശാർങ്ങ—അന്യസംഗംകൊണ്ടു പൂർവ്വവൃത്താന്തം മറന്നിരിക്കുകയാണെങ്കിൽ, ഇവളെ ഉപേക്ഷിക്കുന്നതിൽ അധർമ്മഭീരുത്വം വേണ്ടാ എന്നല്ലേ?

രാജാ—ഇതിന്റെ ഗുണദോഷങ്ങളെപ്പറ്റി ഞാൻ നിങ്ങളോടുതന്നെ ചോദിക്കാം—

എന്നുടെ വിസ്മൃതിയോ, ഇവൾ
ചൊന്നതുകള്ളമോ, വിശങ്കയിതി-
(ലിപ്പോൾ
ഭാര്യാനിരസനമോ,പര-
ഭാര്യാസംശ്ലേഷവങ്കമോദോഷം

പുരോഹിതൻ—(ആലോചിച്ച്) എന്നാൽ ഇങ്ങനെയാകട്ടെ.

രാജാ—ഉപദേശിച്ചാലും.

പുരോ—തത്രഭവതി പ്രസവിക്കുന്നതുവരെ എന്റെ ഗൃഹത്തിൽ താമസിക്കട്ടെ. ഞാൻ എന്താണിങ്ങനെ പറയുന്നതെന്നാൽ അങ്ങേയ്ക്കു് ഒന്നാമതായി ജനിക്കുന്ന പുത്രൻ ചക്രവർത്തിയായിരിക്കുമെന്നു മഹർഷിമാർ അനുഗ്രഹിച്ചിട്ടുണ്ടല്ലോ. ഋഷിപുത്രി പ്രസവിക്കുന്ന പുത്രൻ അങ്ങനെയുള്ള ലക്ഷണങ്ങളുള്ളവനായിത്തന്നാൽ തത്രഭവതിയെസൽക്കരിച്ച് അന്തഃപുരത്തിൽ പ്രവേശിപ്പിക്കുക. മറിച്ചായാൽ ഇവൾ പിതൃകുലത്തിലേക്കു് മടങ്ങേണ്ടതുതന്നെ.

രാജാ—ഋഷിയുടെ ഇഷ്ടംപോലെ.

പുരോ—മകളേ! എന്റെകൂടെ വരിക.

ശകു—ഭൂമിദേവി! എനിക്കിടംതരണേ.

(പുരോഹിതന്റെകൂടെ കരഞ്ഞുംകൊണ്ടു് ശകുന്തളയും ഗൗതമിയെ മുൻനടത്തി തപസ്സന്മാരും പോയി. (ശാപമോഹിതനായ രാജാവു് ശകുന്തളയുടെ സംഗതിയെ ആലോചിച്ചുംകൊണ്ടിരിക്കുന്നു)

നായർസർവീസ് സൊസൈറ്റി

★

— തിരുവാപ്പ് ബാലൻ —

വാളെടുത്തു ശത്രുക്കളോടും, കലപ്പയെടുത്തു പ്രകൃതിയോടും യുദ്ധംചെയ്തു് പ്രശസ്തരായവരും പുലർത്തിവന്ന ഒരു സമുദായമായിരുന്നു നായന്മാർ ഒരുകാലത്തു്. ആ കൈകളും ഇടക്കാലത്തു പങ്കായവലിക്കുന്നതും, പാണികൊട്ടുന്നതും മാത്രമുള്ളതായി അധഃപതിച്ചു. മന്ദമക്കത്തായം വരുത്തിവച്ച ജീവിതസമ്പ്രദായം നായന്മാരെ കർമ്മവിമുഖരും അലസരും ആക്കിത്തീർത്തു. തറവാടുനശിച്ചിട്ടും 'തറവാടി'ത്തത്തിന്റെപേരിൽ, ഒരഭിമാനംമൂലം ചട്ടിണിയും, പരിവട്ടവുമായി തറവാടികൾ കഴിയാറാംതുടങ്ങി. കെട്ടുകല്യാണം, തെരണ്ടുകല്യാണംമുതൽ പുലകുളിയടിയന്തിരംവരെ പാരമ്പര്യവിധം നടത്തുക നായന്മാരുടെ ആവശ്യമായ ഒരു ചടങ്ങും തീർന്നു. ജന്മിയും, ഉപജന്മിയും നായന്മാരുടെ ഇടയിലും ഇല്ലാത്തതും വല്ലാത്തതും ആയ പല വിടുവേലകളും മുണ്ടാക്കി. ഇങ്ങനെയെല്ലാമുള്ള ഒരു പരിതഃസ്ഥിതിയിലാണ് ചങ്ങനാശ്ശേരിയിൽവച്ചു് കൂടിയ നായർപ്രമാണികൾചേർന്നു നായർസർവീസ് സൊസൈറ്റിയുടെ ആദ്യരൂപം ഉണ്ടാക്കിയതു് 1090 കന്നിമാസം 15-ാംനു-യായിരുന്നു അതു്: കെ. കേളപ്പൻ, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, മന്നത്തുപത്മനാഭൻ, കപ്പനകണ്ണൻമേനോൻ തുടങ്ങിയവർ ഇതിനാലോചിച്ചു് 'നായർസമുദായഭൃത്യജനസംഘം' എന്നപേരിൽ ഒരു സംഘടന അന്നു രൂപീകരിച്ചു. ആദ്യകാലത്തു അതിനു പലവിധത്തിലുള്ള എതിർപ്പുകളും സഹിക്കേണ്ടിവന്നു. എങ്കിലും ഉദ്ദേശലക്ഷ്യങ്ങളും പരിശുദ്ധങ്ങളായിരുന്നതുമൂലം അതിനു പെട്ടെന്നു വളർച്ചയുണ്ടായി. കഴിഞ്ഞു തിരുവിതാംകൂർ കമ്പനി നിയമപ്രകാരം 1100 മിഥുനം 17-ാംനു 12-ാംനു യായി സർവീസ്സൊസൈറ്റി രജിസ്റ്റർചെയ്തു. എൺപതുപേർ ചേർന്നാണ് 1100-ൽ സംഘം രജിസ്റ്റർചെയ്തതു്. മെ: കെ. കേളപ്പൻ, തളിയിൽമാധവൻപിള്ള, പൊതുവാടത്തുപത്മനാഭപിള്ള, പുഴവാതു പത്മനാഭപിള്ള, കൊണ്ടൂർകൃഷ്ണപിള്ള, നെന്മേലിൽകൃഷ്ണപിള്ള, മന്നത്തുപത്മനാഭപിള്ള, നാഗവള്ളി കൊച്ചുകുഞ്ഞുകുറുപ്പ്, കുക്കനാട്ടുനാരായണപ്പണിക്കർ, നൈനാടത്തു ത്രിവിക്രമക്കൈമൾ, ചങ്ങനാശ്ശേരിപരമേശ്വരൻപിള്ള, കപ്പന കണ്ണൻമേനോൻ, നെയ്യാറ്റിൻകരഗോവിന്ദപ്പിള്ള, കല്ലുപ്പാറ കേശവപിള്ള, പ്ലാക്കുളം പരമേശ്വരൻപിള്ള, കുട്ടിയാട്ടശിവരാമപ്പണിക്കർ, എം. എൻ. നായർ, എൻ. കെ. കൃഷ്ണപിള്ള, സമുദായത്തിൽ കേശവക്കുറുപ്പ്, ഇല്ലിക്കുളത്തു കൃഷ്ണക്കുറുപ്പ്, കുഞ്ചാറാറാ നാരായണപ്പണിക്കർ, ചമ്പക്കര കുഞ്ഞുണ്ണിപ്പിള്ള, പാലക്കുന്നത്തു പി. കെ. പിള്ള, കുലവറ ശങ്കരപ്പിള്ള, കാർത്യായനിക്കുഞ്ഞമ്മ, ചാലയിൽ രാമകൃഷ്ണപ്പണിക്കർ, തെക്കേതിൽ ലക്ഷ്മിക്കുട്ടിയമ്മ (കുഞ്ചാറാറാ), പള്ളിപ്പുറത്തുശങ്കരപ്പിള്ള, പറപ്പള്ളിൽഗോവിന്ദൻനായർ, ജി. വേലുക്കുട്ടൻനായർ

അണിയറയിൽ—ആശ്ചര്യം, ആശ്ചര്യം.

രാജാ—(കേട്ടിട്ട്) എന്താണതു്.

പുരോഹിതൻ (പ്രവേശിച്ച് സവിസ്മയം) ദേവ! ഒരൽഭുതം ഉണ്ടായി.

രാജാ—എന്താണത്.

പുരോ—മഹാരാജാവേ! കണ്വശിഷ്യന്മാർ പോയപ്പോൾ അപ്സരസ്ത്രീർത്ഥസമീപത്തിൽ.
അപ്പൊൾകിടാവു നിദ്രോർത്തശയെ-
(പ്പഴിച്ചു
മേല്പോട്ടുകൈകളുമെറിഞ്ഞുപരം-
(കരഞ്ഞു

രാജാ—എന്നിട്ട്.

പുരോ—
അപ്പോളണഞ്ഞുമടവാർവടിവം-
മഹാസ്സോ-
ന്നപ്പെണ്ണിനെപരിതമേന്തിമറഞ്ഞു-
(മേലേ.

രാജാ—ആ കാര്യം നാം മുമ്പിൽതന്നെ തള്ളിക്കളഞ്ഞതാണല്ലോ. പിന്നെ എന്തിനു് ഓരോന്നോർക്കുന്നു? ഭവാൻ വിശ്രമിച്ചാലും.

പുരോ—ജയിച്ചാലും. (പോയി)

രാജാ—വേത്രവതി! എനിക്കു നല്ല സുഖമില്ല. ശയനഗൃഹത്തിലേക്കു വഴികാണിക്കൂ.

പ്രതീഹാരി—തിരുമേനി ഇതിലെ എഴുന്നെള്ളുക.

രാജാ—(ചുറ്റിനടന്നു് ആത്മഗതം)
തള്ളിയ മുനിപുത്രിയെ വേ-
റിട്ടുള്ളൊരുകഥയോർമ്മയില്ലെനി-
ക്കെന്നാൽ
ഉള്ളുചുട്ടുനുബലമാ-
യുള്ളതുതാനെന്നണത്തിടുവാണ്.

(എല്ലാവരും പോയി)

അങ്കാരംകം സമാപ്തം.

★

ട്ടിരേത്തുരാഘവൻപിള്ള, വൈ
ക്കംരാമകൃഷ്ണപിള്ള, കുപ്പള്ളി നാരാ
യണപിള്ള (കലേടി), വടപ്പുറത്തിൽ
രാമൻവലൃതൻ, മഞ്ചനാമഠം പര
മേശ്വരൻപിള്ള, ബാരിസ്റ്റർ കുഞ്ഞു
രാമൻനായർ, കൈനിക്കരപത്മനാ
ഭപിള്ള, ആയില്യന്നത്തുകൃഷ്ണക്കുറുപ്പ്
പുത്തേത്തുകൃഷ്ണൻനായർ, പെരിങ്ങേ
ലി ഗോവിന്ദപ്പിള്ള (കിളിമാനൂർ)
അമ്പലപ്പാട്ടുമഠോത്തരനാരായൻ, തട്ട
ത്ത്മുട്ടേത്തുനാരായണപിള്ള, ജി. നാ
രായണപിള്ള, ചിറേടത്തുഗോവിന്ദപ്പി
ള്ള, പാണ്ടവത്തുശങ്കുറപ്പിള്ള, മഞ്ഞ
പ്പള്ളിരാമകൃഷ്ണപ്പിള്ള, കവിയൂർനാ
രായണക്കുറുപ്പ്, മഠത്തിൽ നാരായ
ണപിള്ള, പറയത്തുഗോവിന്ദമേനോൻ,
കാരുവള്ളിനീലകണ്ഠപ്പിള്ള, ഇരു
ട്ടുകഴി പരമേശ്വരൻപിള്ള, വാഴപ്പ
ള്ളിനാരായണൻനായർ, പടിഞ്ഞാ
റേമഠംനാരായണൻനായർ, കണ്ടനാ
ട്ടുമേടേരമേനോൻ, ഇലഞ്ഞിവേലി
നാരായണപ്പണിക്കർ, കവിയൂർ സി.
ജി. നാരായണക്കുറുപ്പ്, മുരണി ശ
ങ്കുനാരായണപിള്ള, കല്ലുപ്പുറം കുട്ട
പ്പണിക്കർ, കാവാലംനീലകണ്ഠൻനാ
യർ, പുഴവായ് പി. കെ. പത്മനാ
ഭപിള്ള, കൈപ്പട കേശവപിള്ള
(കിടങ്ങൂർ), കിടങ്ങൂർനാരായണപി
ള്ള, വെള്ളാപ്പള്ളിരാമൻപിള്ള, ശ
ങ്കരൻണ്ണി പുന്നത്തൂർ, കുമണ്ണൂർനാ
രായണപിള്ള, പാലുപ്പള്ളി കൃഷ്ണപി
ള്ള, വി. ഗോവിന്ദമേനോൻ മല
ബാർ, വെന്നിയിൽ പപ്പുപിള്ള, പ
നങ്ങോട്ടുകൃഷ്ണപ്പണിക്കർ(മുട്ടാർ), കെ.
എൻ. നീലകണ്ഠൈമൾ, കെ. പി.
ഗോപാലൻനായർ (കോതകുളങ്ങര),
കൊണ്ടൂർ പരമേശ്വരൻപിള്ള തുട
ങ്ങിയ വ്യക്തികളും മറ്റുചില കര
യോഗങ്ങളുമാണ് രജിസ്റ്റർചെയ്ത സം
ഘടനയിലെ എൺപതംഗങ്ങൾ.

അസ്തിയും, അനാഥത്വവും, ഒര
ഭിമാനവുംകൊണ്ട് നശിച്ചുതുടങ്ങിയ
സമുദായത്തെ മുക്തിയും, ക്ഷീണവും
മാറ്റി പുഷ്ടിപ്പെടുത്തുകയായിരുന്നു
ഈ സംഘടനയുടെ ലക്ഷ്യം.

ലക്ഷ്യപ്രഖ്യാപനത്തെപ്പറ്റി സൊ
സൈറ്റിമെമ്മോറാണ്ടത്തിൽ ഇങ്ങ
നെ പറയുന്നു "മെമ്മോറാണ്ടം 3.
(എ) നായന്മാരുടെ ഇടയിൽ സംഘ
ടിക്കുബോധവും, സമുദായികബന്ധ
ങ്ങളും ദൃഢതരവും കാലോചിതങ്ങ
ളുംആക്കി നിലനിർത്തുന്നതിനു നാ
നാഭാഗങ്ങളിലും കരയോഗങ്ങളും
സ്ഥാപിക്കുകയും ദേശീയക്ഷേമത്തെ
യഥായോഗ്യം അഭിവൃദ്ധിമാക്കുകയും
ചെയ്യുക." സൊസൈറ്റിക്ക ഈ ഉ
ദ്ദേശലക്ഷ്യമുള്ള 1800 ഓളം കര
യോഗങ്ങളും നായന്മാർ അധിവസി
ക്കുന്ന എല്ലാഭാഗങ്ങളിലുമായി ഇ
പ്പോൾ ഉണ്ട്.

3. (സി) ആവശ്യമുള്ള സ്ഥലങ്ങ
ളിൽ വിദ്യാലയങ്ങൾ, തൊഴിൽപാഠ
ശാലകൾ, വ്യവസായശാലകൾ, അ
നാഥശാലകൾ, വിദ്യാർത്ഥിസത്രങ്ങ
ൾ, ആതുരശുശ്രൂഷകൾ, ആതുരമന്ദിരങ്ങൾ
മുതലായവ സ്ഥാപിച്ചുനടത്തുക."
സൊസൈറ്റി ഇതിനകം നാലുകാ
ളേജുകളും, 23 ഹൈസ്കൂളുകളും
11 മിഡിൽസ്കൂളുകളും, 2 പ്രൈമ
റിസ്കൂളുകളും സ്ഥാപിച്ചുകഴിഞ്ഞിട്ടു
ണ്ട്. സി. വകുപ്പിൽ പറയുന്നതോ
തിലുള്ള സ്ഥാപനങ്ങളും നടത്തിവരു
ന്ന കരയോഗങ്ങളും പലതുണ്ട്.

"3. (എഫ്.) നായന്മാരുടെ ആ
ചാരങ്ങളിലും, അനുഷ്ഠാനങ്ങളിലും
ദേശോചിതം കുറഞ്ഞ വ്യത്യാസങ്ങ
ളെയും, അനുചിതങ്ങളായ മറ്റുനട
പടികളെയും ഭേദപ്പെടുത്തി അവ
യ്ക്ക് ഐകരൂപ്യമുണ്ടാക്കുകയും, പരി
ഷ്കരിക്കുകയും ചെയ്യുക.

3. ജി. ഇതരവർഗ്ഗക്കാരുടെ
സമുദായികോൽക്കർഷത്തിനുള്ള ശ്ര
മങ്ങളിൽ പങ്കുകൊള്ളുകയും അവരു
മായുള്ള മൈത്രിയെ പാലിക്കുകയും,
വർദ്ധിപ്പിക്കുകയും ചെയ്യുക.

3. എച്ച്. അധഃകൃതവർഗ്ഗക്കാരു
ടെ ഉന്നമനത്തിനായി പ്രയത്നിക്കുക.

3. ഐ. മേല്പറയപ്പെട്ട കാര്യ
ങ്ങളെ സാധിക്കുന്നതിന വേണ്ടതാ
ണെന്നോ സൗകര്യമുള്ളതാണെന്നോ
സൊസൈറ്റിക്ക തോന്നുന്ന വസ്തുക്ക
ളും തോട്ടങ്ങളും, സ്ഥാപനങ്ങളും മ
റാവകാശങ്ങളും സമ്പാദിക്കുക. അ
ങ്ങനെ സമ്പാദിക്കുന്ന വസ്തുക്കളിൽ
നിന്ന് ആദായം ഉണ്ടാക്കുന്നതിനാ
യി റബ്ബർ, തേയില, ഏലം, കുരുമു
കു, കുപ്പി, തെങ്ങ് കുമുകു മുത
ലായി അപ്പപ്പോൾ ആവശ്യമെന്നു
തോന്നുന്ന എല്ലാവക കൃഷികളും ചെ
യ്യുകയോ, ചെയ്യിക്കുകയോ ചെയ്യു
ക. ഇതെല്ലാമാണ് നായർസഭാ
സ് സൊസൈറ്റി സ്ഥാപകന്മാർ
വിഭാവനംചെയ്ത ആശയങ്ങൾ.
ഈ ആശയങ്ങൾ കുറെയെല്ലാം നട
ത്തിക്കഴിഞ്ഞിട്ടുണ്ട്. കുറെയെല്ലാം
നടത്തിക്കൊണ്ടിരിക്കയുമാണ്.

ആയിരത്തിയെണ്ണൂറോളം ശാഖ
കളും (കരയോഗങ്ങളും ഇന്ന സഭാ
സ് സൊസൈറ്റിക്കുണ്ടെന്നു പറ
ഞ്ഞല്ലോ? പ്രവർത്തനക്ഷമതയെ കു
റിച്ചു സൊസൈറ്റി ഇന്ന് 22 യൂ
ണിയനുകളായി വിഭജിച്ചിരിക്കുന്നു.
തിരുവിതാംകൂറിന്റെ മിക്കഭാഗങ്ങ
ളിലും സൊസൈറ്റി സൂക്ഷ്മമായ
പ്രവർത്തനം നടത്തിവരുന്നു. സഭാ
സ് സൊസൈറ്റിയുടെ ഭരണം
ഇന്ന് 21 മെമ്പറന്മാരടങ്ങിയ നായ
കസഭയാണ് (ഡയറക്ടർ ബോ
ർഡ്) നിർവ്വഹിക്കുന്നത്. ഈ നാ
യകസഭയിൽനിന്നും പ്രസിഡണ്ട്,
ജനറൽസെക്രട്ടറി ഖജാൻജി എന്നി
വരെയും തെരഞ്ഞെടുക്കുന്നു. നായ
കസഭയിൽനിന്നും തിരഞ്ഞെടുക്ക
പ്പെട്ട ഒരു എക്സിക്യൂട്ടീവ് കൗൺസി
ലും സൊസൈറ്റിക്കുണ്ട്. ഈ കൗ
ൺസിലിൽപ്രസിഡണ്ട്, ജനറൽസെ
ക്രട്ടറി, ഖജാൻജി എന്നിവരും ബോർ
ഡ് തിരഞ്ഞെടുക്കുന്ന രണ്ട് അംഗ
ങ്ങളും ഉൾപ്പെടുന്നു. 21 അംഗങ്ങ
ളുള്ള നായകസഭയിൽ ഏഴുപേരെ
വീതം ഓരോകൊല്ലവും പുതുതായി
തെരഞ്ഞെടുക്കുകയാണ് ചെയ്യുന്ന
തു. തെരഞ്ഞെടുക്കുന്നതു് സൊ
സൈറ്റി പൊതുയോഗമാണ്. നാ
ടുതുപം ഫിസൊടുക്കി അംഗത്വം
സമ്പാദിച്ച കരയോഗങ്ങളുടെ പ്രതി
നിധികളും, എൻ. എസ്. എസ്സിൽ
നേരിട്ട് അംഗമായി ചേ
ർന്നിട്ടുള്ള വ്യക്തിമെമ്പറന്മാരുമാണ്
സൊസൈറ്റിയുടെ വോട്ടവകാശ
മുള്ള പൊതുയോഗാംഗങ്ങൾ. ആ
യിരത്തിയെണ്ണൂറോളമുള്ള രജിസ്റ്റർ
ചെയ്ത കരയോഗങ്ങളിൽ അംഗത്വ
മുള്ള എണ്ണൂറോളം കരയോഗങ്ങ
ണ്ട്. ഇതരന്മാരിൽനിന്നുള്ള വ്യക്തി
യംഗങ്ങളുമുണ്ട്.

ഒരു സമുദായസംഘടനയാണ്
സഭാസ് സൊസൈറ്റി എങ്കിലും,
ആളെണ്ണി ഉദ്യോഗം വീതിക്കുന്ന സ
മുദായചിന്ത നിലനിന്നകാലത്തും
എൻ. എസ്. എസ്. നായർസമുദാ
യത്തിന്റെ പ്രത്യേകകാര്യങ്ങൾകൂടി
നോക്കിയിരുന്നു. എന്നാൽ രാഷ്ട്രീയ
ചിന്ത രാഷ്ട്രീയപാർട്ടികൾക്കു വിട്ട
കൊടുക്കണമെന്ന അഭിപ്രായഗതി
ജനമദ്ധ്യത്തിൽ ഉണ്ടായപ്പോൾ ആ
ദ്യമായി അതു പ്രവർത്തിപഥത്തിൽ
കൊണ്ടുവന്നതു് (1122-ൽ) നായർ
സഭാസ് സൊസൈറ്റിയാണ്. സൊ
സൈറ്റിയുടെ ഈ ധീരമായ പ്രവ
ർത്തി പലരുടെയും വിമർശനവിഷ
യമായെങ്കിലും മറ്റു സമുദായസംഘ
ടനകൾക്കു് അതു നേതൃത്വം നൽകി.
ഇന്നു സമുദായികോന്നമനം മാത്രമാ
ണ് ലക്ഷ്യമെങ്കിലും, മറ്റു സമുദായ
ങ്ങളുടെ പുരോഗതിയെ ലക്ഷ്യമാ
ക്കി സൊസൈറ്റി ഒരു മാനവ
സംഘടനയായി മാറാനും ഒരുക്കമാ
ണ്. വിശാലമായ ആ ചിന്താഗ
തിയിലേക്കു മറ്റു സമുദായസംഘട
നകൾകൂടി വന്നെത്തേണ്ട കാലമായതു
കൊണ്ട്.

ഒരു കണക്കനുസരിച്ചു സൊസൈ
റിക്കിപ്പോൾ 42 ലക്ഷം രൂപയുടെ
സ്വത്തുണ്ട്. പക്ഷെ അതു് സൊ
സൈറ്റിസ്വത്തുക്കളുടെ ഇന്നത്തെ
വിലയല്ല. ഇന്ന് അതു് പല ഇര
ട്ടിയായിരിക്കും. സ്വത്തുക്കളുടെ ഒരു
ശരിയായ വിവരം ഉണ്ടാക്കുന്നതിനു
വേണ്ട നടപടികളും എടുത്തുകഴി
ഞ്ഞിട്ടുണ്ട്.

സഭാസ് സൊസൈറ്റിയുടെപൊ
തുയോഗം ജനശ്രദ്ധയെ കൂടുതൽ
ആകർഷിക്കുന്നുള്ള ഒരു കടങ്ങാണ്.
ആണ്ടിലൊരിക്കൽ നടക്കുന്ന സമുദാ
യത്തിന്റെ ഈ കൂട്ടം സാധാരണ
രണ്ടുദിവസം നീണ്ടുനിൽക്കും. ഈ
ദിവസങ്ങളിൽ പ്രതിനിധികളും ഉച്ച
നീചതാഭേദംകൂടാതെ ഒന്നിച്ചുണ്ണുക
യും, മന്നിച്ചു കഴിഞ്ഞുകൂടുകയുംചെ
യ്യുന്നു. സൊസൈറ്റി ഭരണവകു
പ്പുകളുടെ റിപ്പോർട്ടുകളും, ബഡ്ജറ്റു
കളും മുമ്പിൽവച്ചുകൊണ്ട് രൂക്ഷമാ
യ വിമർശനങ്ങളും നടത്തും. അവ
യെല്ലാം സൃഷ്ടിപരമായ വിമർശന
ങ്ങളായിരിക്കും എന്നൊരു പ്രത്യേകത
യുണ്ടെന്നാണും. ഒരു സംസ്ഥാനനിയ
മസഭാ ബഡ്ജറ്റ്സമ്മേളനത്തിന്റെ
പ്രതീതി അവിടെ നമുക്കു കാണാനും
പാർലമെന്ററിനടപടികളും ഇതു
ചിട്ടയായി നടത്തുന്ന മാറ്റു സമുദായ
സംഘടനകളും ഇല്ല എന്നുള്ളതു നി
ശ്ചയമാണ്. സാധാരണയായി ബ
ഡ്ജറ്റുസമ്മേളനത്തിൽ സന്ദർശകരു
ടെയും ധാരാളമുണ്ടാകും.

ബഡ്ജറ്റുസമ്മേളനത്തിലെ ആദ്യ
ചടങ്ങ് അംഗങ്ങളുടെ ഹാജരു രേ
ഖപ്പെടുത്തലാണ്. ക്രമനമ്പർമാ
യ്ക്ക് പേരുവിളിക്കും. അവർ അ
ദ്ധ്യക്ഷവേദികയ്ക്കു മുമ്പിൽവന്ന് സ
ന്നിധേയരിച്ചിട്ട് ഹാജർ രേഖപ്പെടു
ത്തും. അനന്തരം ചോദ്യോത്തരങ്ങ
ളും, അദ്ധ്യക്ഷപ്രസ്താവനയും നട
ക്കും. തുടർന്ന് ജനറൽസെക്രട്ടറിയു
ടെ ബഡ്ജറ്റവതരണവും, വിദ്യാഭ്യാ
സം, സംഘടന, കൃഷി തുടങ്ങിയ
വിവിധ വകുപ്പുകളുടെ പ്രവർത്ത
നറിപ്പോർട്ടുകളും അതതു വകുപ്പുമേധാ
വികളും സമർപ്പിക്കും. അടുത്തതായി
വിമർശനങ്ങളും, ഉപക്ഷേപങ്ങളും,
ചോദ്യോത്തരങ്ങളുമായി ബഡ്ജറ്റു
വിമർശനം ഒന്നും രണ്ടും ദിവസം നീ
ണ്ടുനിൽക്കും. എല്ലാവിമർശനങ്ങളും
കും വകുപ്പദ്ധ്യക്ഷന്മാർ ഉത്തരംപറ
യണം. അടുത്ത ചടങ്ങ് പ്രമേയാ
വതരണങ്ങളും, പുതിയ തെരഞ്ഞെ
ടുപ്പുകളുമാണ്. സഭാസ് സൊസൈ
റിയുമായുള്ള ഔദ്യോഗികബന്ധം
വിടുത്തിയതുമുതൽ ശ്രീ: മന്നം ഒരു
സന്ദർശകനായി അദ്ധ്യക്ഷവേദി
യിൽ ഇരുന്ന ചടങ്ങുകളും വീക്ഷിക്കു
കയും, അടുത്ത പരിപാടികളെപ്പ
റ്റി ചിന്തിക്കുകയോ എല്ലാമാണ്
പതിവ്. എന്നാൽ ആവശ്യമെന്നു
തോന്നുന്ന ചുരുക്കം സന്ദർഭങ്ങളിൽ
(സഭാനടപടികം വല്ലാതെ പൂട്ട
പിടിക്കുമ്പോൾ) ശ്രീ: മന്നം ഇടപെ
ടും. സിംഹപരാക്രമശാലികളായി
വീറോടെ വാദിച്ചുനിൽക്കുന്ന അംഗ
ങ്ങളും തലയുംതാഴ്ത്തി മൗനംഭീക്ഷി
ച്ച് ഇരുന്നുകളയുന്ന ഈ സന്ദർഭ
ങ്ങളും (അപൂർവ്വമെങ്കിലും) രസാവഹ
മാണ്.

സഭാസ് സൊസൈറ്റിയുടെ പ്ര
വർത്തനാരംഭചരിത്രത്തിൽ പല പേ
രുകളും സൂചിക്കേണ്ടതുണ്ടെങ്കിലും, ഇ
ന്നത്തെ അതിന്റെ ഉയർന്ന നിലപാ
ടിനു പൂർണ്ണമായ ഉത്തരവാദി ശ്രീ. മ
ന്നത്തു പത്മനാഭനാണ്. അദ്ദേഹ
ത്തിന്റെ ആയുരാരോഗ്യങ്ങൾക്കുവേ
ണ്ടി പ്രാർത്ഥിക്കാൻ രാഷ്ട്രീയഭേദ
മായ ഏതു പക്ഷക്കാരനും സാധാര
ണ കടമമാത്രമാണ്.

"ഇന്ദ്രിയസുഖങ്ങൾ ചൊറിയുടെ
നോവിനതുല്യമാണ്"; ചൊറിയുന്നോ
റും രസംതോന്നും; എന്നാൽ വേദന
യും അതുമൂലം വർദ്ധിക്കും. ഇന്ദ്രിയസു
ഖത്തെപ്പിന്തുടരുന്നതോരോ മനസ്സിന്റെ
മഹിമ കുറഞ്ഞുവരുന്നു." 2—67
ശ്രീരാമകൃഷ്ണദേവൻ



— തകഴി കെ. രാമവാര്യർ —

5-10-1128 — 11-10-1128.
18-5-1953 — 24-5-1953.

അശ്വതി—ഭാഗ്യത്തിനു് നിദാനമായ കാര്യങ്ങളിൽ ശ്രദ്ധചെലുത്തും. കൂട്ടുകെട്ടുകൾ സ്വഭാവവിഭിന്നതക്കിടയാക്കും. പുരോഗതിക്കു് ചില ഉന്നതവ്യക്തികളെ സമീപിക്കും. സന്തോഷമുണ്ടാകും. അലങ്കാരസാധനങ്ങൾക്കു പണംമുടക്കും.

ഭരണി—തൊഴിലുകളിൽ ആദായം കുറയുമെങ്കിലും മനസ്സും ദേഹവും ഒരുപോലെ ക്ഷീണിക്കുന്ന പ്രവർത്തികളിൽ ഏർപ്പെടും. പൊതുകാര്യത്തിൽ ബഹുമതിയാർജ്ജിക്കും. തനിയെ ചില അനർത്ഥങ്ങളിൽചാടും. ധനനഷ്ടമുണ്ടാകും.

കാർത്തിക—കാര്യങ്ങളും മനോഗതിയെ പ്രാപിക്കും. അഭിലാഷം ലക്ഷ്യസ്ഥാനത്തെ പ്രതിനിധീകരിക്കയില്ല. സാഹസവും കുതന്ത്രവും നിഷ്പ്രയോജനമാകും. സ്വജനങ്ങളോടു തൽക്കാലവിദ്വേഷം തോന്നും.

രോഹിണി—സ്ത്രീവർഗ്ഗത്താൽ മനസ്സന്തോഷവും ഗൃഹസൌഖ്യവും ലഭിക്കും. ക്രമത്തിലധികം യാത്രയും ജോലിയും ചെയ്യും. പരിശ്രമത്താൽ സ്വസ്ഥതയുണ്ടാകും. ചിന്താഗ്രസ്തനെപ്പോലെ അഭിനയിക്കും.

മകയിരം—പല നല്ലകാര്യങ്ങളിലും മനസ്സും ശ്രദ്ധയും പതിയും. പ്രതീക്ഷയിൽ കവിഞ്ഞതൊലവു് ഉണ്ടാകും. ദിനകാര്യങ്ങളും തള്ളികൊണ്ടുപോകുവാൻ വിഷമിക്കും. സമുചിതമായ പെരുമാറ്റവും ഈശ്വരാധീനവും കുഴപ്പങ്ങളെ തരണംചെയ്യും.

തിരുവാതിര—പെട്ടെന്നു ചില സഹായികളെ കണ്ടെത്തും. അവരിൽനിന്നും സഹായസഹകരണം ആശിക്കാം. പ്രവർത്തികൾ ക്രമമായി തുടരും സന്താനങ്ങൾക്കു ചില അസുഖമുണ്ടാകും.

പുണർതം — അധികൃതരനുകൂല്യത്താൽ പ്രവർത്തികളിൽ ഉത്സേഹം വർദ്ധിക്കും. പുതിയ ഗാർഹികോപകരണങ്ങൾക്കു പണംമുടക്കും. ഗൃഹവളപ്പിലെ ചുമതലകൾ വലയംചെയ്യും. അനുചരർ നിമിത്തം നഷ്ടവും ക്ലേശവുംതട്ടും.

പൂയം — സംഘടിതശ്രമത്താൽ ബഹുജനപിൻതുണയാർജ്ജിക്കും. പ്രയത്നവിജയം ഉണ്ടാകും. പുതിയ പ്രവർത്തിപരിപാടികൾ രൂപീകരിക്കും. ഗാർഹികകാര്യങ്ങളിൽ ക്ലേശമുണ്ടാകും. പണക്കുഴപ്പത്താൽ വിഷമിക്കും.

ആയില്യം — അടുപ്പമുള്ളവരിൽ നിന്നും പല ഉപദ്രവങ്ങൾ നേരിടും. വേദനയുളവാക്കുന്ന സംഭവങ്ങളുണ്ടാകും. പലതരത്തിൽ മനസ്സുപുകഞ്ഞുകൊണ്ടിരിക്കും. നയം വെടിഞ്ഞു പെരുമാറും. പല ഭീഷണികളും ഉണ്ടാകും. ഈശ്വരാധീനം വിഷമതകൾ നീക്കും.

മകം — വ്യാപാരലാഭമുണ്ടാകും. പ്രവർത്തിയുടെ പുരോഗതിക്കുവേണ്ടി ചില കുനയങ്ങൾ സ്വീകരിക്കും. സർക്കാർകാര്യങ്ങളിൽ അനുകൂലം ആശിക്കാം. ദിനചര്യാദികൾപോലും തെറ്റും. ക്ഷേമവും സന്തുഷ്ടിയും കുടിയാട്ടം. ആശ്രിതരെ പ്രീണിപ്പിക്കും. തലവേദനയുണ്ടാകും.

പൂരം—കഴിഞ്ഞുപോയ കാര്യങ്ങളിൽ അനൌചിത്യത്തിനിടയുണ്ടു്. ബന്ധുക്കളുടെ വിദ്വേഷത്തിനു പാത്രമാകും. വ്യവസായമാർഗ്ഗങ്ങൾക്കു വിചാരിച്ചപോലെ ലാഭം കാണുകയില്ല. പണക്കുഴപ്പം വർദ്ധിക്കും. സന്താനപീഡകാണും.

ഉത്രം—അർഹമായ സാഭ്യുതകൾക്കുപോലും വിളംബംവന്നുകൂടും. പൂർവ്വാധികം ആനുകൂല്യം ആശിക്കാം. ഉന്നതവ്യക്തികളുടെ പിൻതുണയുണ്ടാകും. നൂതനകർമ്മങ്ങൾ ആസൂത്രണംചെയ്യും. തൊഴിലാഭവും അപവാദവും ഉണ്ടാകും. സ്ഥിരബുദ്ധി ക്ഷണംചെയ്യും:

അത്തം—പ്രതീക്ഷകൾക്കെതിരായി പല അനുഭവങ്ങളുണ്ടാകും. വിദ്യാഭ്യാസവിഷയത്തിലും പുരോഗതിക്കുംവേണ്ടി കൂട്ടുതലായി പണംമുടക്കുവാനുള്ള മാർഗ്ഗം നേടും. പ്രബല സഹായികളെ കണ്ടെത്തും. ആരോഗ്യം കുറയും.

ചിത്തിര—അധികാരിവർഗ്ഗത്തിന്റെ സ്നേഹവും വ്യാപാരങ്ങളിൽ അഭിവൃദ്ധിയും ആർജ്ജിക്കും. സജ്ജനങ്ങളോടിടപെടും. ഗാർഹികകാര്യങ്ങളിൽ മനസ്സുഖം കുറയും. പരിശ്രമത്തോടെ ഏതു പ്രയാസങ്ങളെയും അഭിമുഖീകരിക്കും.

ചോതി—പലരോടുമുള്ള ഈർഷ്യാപ്രവാഭങ്ങൾ സഹിക്കേണ്ടതായിവരും. പ്രതീക്ഷകൾക്കെതിരായി സംഭവനകമായ സംഭവങ്ങളുണ്ടാകും. പുതലയേറിയകാര്യങ്ങളിൽ അലസത കാണിക്കും. വ്യവസ്ഥാപിതകാര്യങ്ങൾ വിഘ്നംകൂടാതെനടത്തും. കുടുംബസുഖം കുറയും.

വിശാഖം—അവിചാരിതമായി ഒരു പതനഭീതിയുളവാകും. ബുദ്ധിവ്യാപാരങ്ങൾ നല്ലവണ്ണം ഫലിക്കും. ആവശ്യമില്ലാത്തകാര്യത്തിൽ വികാരാവേശത്വം പ്രകടമാക്കും. സ്വജനങ്ങളുമായി എതുക്കും. കക്ഷിമത്സരങ്ങളിൽ ഭാഗഭാക്കാകും.

അനിഴം—ഭാവികാര്യങ്ങളിൽ തീവ്രമായി പ്രയത്നിക്കും. സന്താനങ്ങൾക്കു് അനർത്ഥങ്ങൾനേരിട്ടും പ്രഭാഷണാദികളിൽ നല്ലവണ്ണം ശോഭിക്കും. എത്രതന്നെയായാലും മനഃക്ലേശം കുറയുന്നതല്ല. അധികൃതരെ ധിക്കരിക്കും.

തൃക്കേട്ട—സ്വജനങ്ങളോടു ശത്രുതജനിക്കും. പല അപവാദങ്ങൾക്കും ശരവ്യമായിത്തീരും. കുടുംബകാര്യം തൊടുകയാൽ നിരാശയുടിക്കും. ഗൃഹപരിഷ്കരണാദിയിൽ അഭിവാഞ്ഛയും യദ്ദ്രവ്യവും ചില ഭാഗ്യവും ഉണ്ടാകും. അഗ്നിഭീതിയുണ്ടാകും.

മൂലം—സാമുദായികകാര്യങ്ങളിൽ കൂടി സ്വാർത്ഥതനേടും. പ്രതീക്ഷയ്ക്കനുകൂലമായ ഫലം കണ്ടുതുടങ്ങും. ഏല്പിച്ചകാര്യങ്ങളും ഭംഗിയായി നിവ്വഹിപ്പാൻകഴിയും. സന്താനങ്ങളുടെകാര്യത്തിൽ മനസ്സുമുട്ടപിടിക്കും. ഉത്തമസ്നേഹിതരുമായി സമ്പർക്കംപുലർത്തും ഉന്മേഷംവളരും.

പൂരാടം—കഴിഞ്ഞുപോയ കാര്യങ്ങളിൽ ഹൃദയം പുകഞ്ഞുകൊണ്ടിരിക്കും: സന്താനങ്ങളുടെ ഭാവിക്ഷേമത്തിനുവേണ്ടി പൂർവ്വാധികം ശ്രമിക്കും. അനുചരരെക്കൊണ്ടു് ലാഭമെടുക്കും. സന്താനസുഖത്തെ കാംക്ഷിക്കും.

ഉത്രാടം—സന്താനങ്ങൾക്കു വിപത്തോ രോഗപീഡയോ നേരിട്ടും. മനസ്സിനെ അലട്ടിക്കൊണ്ടിരുന്നകാര്യങ്ങൾക്കു പരിഹാരം കണ്ടെത്തും. ക്രയവിക്രയങ്ങളിൽ ബുദ്ധിമോശം പിണയും. മേലധികാരികളിൽനിന്നും ദുഃഫലങ്ങൾ ആശിക്കാം.

തിരുവോണം—ഭരണകാര്യങ്ങളിൽ ശ്രദ്ധാശൈഥില്യം. സംരക്ഷകരുടെ പ്രീതിയാർജ്ജിക്കും. മൈത്രി കൊണ്ടു് കാര്യസാദ്ധ്യതയുണ്ടാകും. സമ്മേളനങ്ങളിൽ ദുഷ്പ്രചാരിതയും. വിജയവും ശ്രേയസ്സും ഉണ്ടാകും.

അവിട്ടം—പ്രബലന്മാരുടെ സഹായസഹകരണങ്ങൾ ലഭിക്കും. പലസംഗതികളിലിടപെട്ടു് വിഷണ്ണനായിത്തീരും. ആത്മാഭിമാനത്തിനായി പണംമുടക്കും. ഉചിതമല്ലാത്തസംരംഭങ്ങൾക്കു വിധേയരാകും. അനുചരർമൂലം അപവാദങ്ങൾക്കിടവരും.

ചതയം—ഉത്തമഗ്രന്ഥങ്ങൾ വായിക്കും. അറിഞ്ഞുകൊണ്ടുതന്നെ അപഥത്തിൽ സഞ്ചരിക്കും. സന്തോഷാനുഭവങ്ങൾ പലതുമുണ്ടാകും. അശ്രദ്ധമൂലം ധനനഷ്ടവും വിളംബവും വന്നുചേരും. തൊഴിൽകാര്യങ്ങളിൽ ശ്രദ്ധാകേന്ദ്രീകരിക്കും. ശരീരസുഖം കുറയും.

പൂരുരുട്ടാതി—സ്വന്തംകാര്യം സംരക്ഷിക്കുന്നതിൽ ശ്രദ്ധയുണ്ടാകും. ഭരണീയർമൂലം കാര്യലാഭം ആശിക്കും. സ്നേഹിതരുടെ സ്നേഹാദരങ്ങൾ ആർജ്ജിക്കും. ഉന്നതിയുണ്ടാകുമായുവരിക്കും. വിനോദകാര്യത്തിനു പണംമുടക്കും. നിലസൂക്ഷിക്കും.

ഉത്രട്ടാതി—മനസ്സിനു് ആഹ്ലാദമുണ്ടാകുന്ന കാര്യങ്ങളിലിടപെടും. തൊഴിലിൽ പൂർവ്വാധികം ശോഭിക്കും. നല്ലപോലെ പ്രയത്നിച്ചു പണമുണ്ടാക്കും. സംഘടിതപ്രസ്ഥാനങ്ങളുടെ നേതൃത്വം വഹിക്കും. അഭിമാനം ക്ഷതപ്പെടാതെ ആശ്രിതരെ സഹായിക്കും.

രേവതി—പ്രലോഭനകരമായിരിക്കും പരിസരം. ബുദ്ധിവ്യാപാരം നല്ലവണ്ണം ഫലിക്കും. ചിന്താക്ലേശം നേരിടാം. ധർമ്മകർമ്മങ്ങളിൽ ശ്രദ്ധാപതിയും. കൂട്ടുതൽ ആദായമുണ്ടാക്കുവാൻമുതിരും. ഉദ്ദേശങ്ങൾക്കെതിരായി അനുഭവങ്ങൾ കണ്ടുതുടങ്ങും. വിശ്രമംകുറയും നഷ്ടം സംഭവിക്കും.

★

ഗീതഗോവിന്ദം

(അഷ്ടപദി)

സവ്യാഖ്യാനം

വില — രൂ: 1 മാത്രം

മാനേജർ, ശ്രീരാമവിലാസം ബുക്ക്ഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ—എറണാകുളം.

തുടർക്കഥ

അഞ്ചു ഹൃദയങ്ങൾ

— പി. കെ. ബാലഗോപാലൻ —

ഒരു നൂറുകൊല്ലം പഴക്കമുള്ള ശവക്കോട്ടയാണത്. അതിന്റെ അധികം പൊക്കമില്ലാത്ത മതിലുകൾ പലടത്തും ഇടിഞ്ഞുപൊളിഞ്ഞിരിക്കുന്നു. അതവസാനിക്കുന്നിടത്തു് മതിലരികിൽ അങ്ങിങ്ങായി, അഞ്ചാറു ഇലകൊഴിഞ്ഞ മരങ്ങൾ നിൽപുണ്ടു്; രാത്രിയിൽ കണ്ടാൽ പിശാചുക്കളേപ്പോലെ.

എന്റെ മുറിയിൽനിന്നും ആ ശവക്കോട്ടയുടെ അകം വളരെ വ്യക്തമായി കാണാം. പഴകി ജീർണ്ണിച്ച ശവങ്ങൾ, എരിഞ്ഞടങ്ങിയ ശവങ്ങളുടെ ചാമ്പലുകൾ, ആ ചാമ്പലിൽ അഴുക്കും കരിയും പുരണ്ടു പൊടിഞ്ഞുകിടക്കുന്ന എല്ലിൻതുണ്ടുകൾ—ഇങ്ങനെ ഒരു നൂറുകൊല്ലംകൊണ്ടു്, ആ ശവക്കോട്ടയിൽ വന്നടിഞ്ഞ തലമുറയുടെ അവശിഷ്ടങ്ങൾ, ഒരുമാതിരി മഞ്ഞിച്ചു് തവിട്ടുനിറമുള്ള പുല്ലിനടിയിൽ മൂടിക്കിടക്കുകയാണു്. അങ്ങിങ്ങായി ഏതാനും പുതിയ ശവങ്ങൾ; അവയ്ക്കു മുകളിൽ മഞ്ഞച്ചെമ്മണ്ണ് തെളിഞ്ഞുകാണുന്നുണ്ടു്; അവയ്ക്കുമേൽ പുല്ലുവന്നു മൂടിയിട്ടില്ല. ഉള്ളിലെ ശരീരങ്ങൾ അഴുകുന്നതേയുള്ളൂ.

നാലുമണി. പതിവുപോലെ എനിക്കു് വെളിയിൽപോകേണ്ട സമയം. പക്ഷേ, ഇന്നെനിക്കു പുറത്തുപോകാനൊരുത്സാഹമില്ല. തലയ്ക്കൊരു ഭാരംപോലെ; ഹൃദയത്തിൽ ഒരു നീറ്റലും. അതിനു കാരണവുമുണ്ടു്. ഒരു ചിന്തയെന്നെ ഈ അസമയത്തു പിടികൂടിയിരിക്കുന്നു.

'ഈ ലോകം എത്രയോ കോടിക്കണക്കിനു ജനങ്ങൾകൊണ്ടു് ഇങ്ങിനെ ജീവിക്കുന്നു. എത്രയായിരംകൊല്ലംകൂടി ഇനിമേൽ ഇതിങ്ങനെ ജീവിക്കും. പിന്നെ ഒരിക്കൽ ഇതു നശിക്കുകയില്ലേ? നശിച്ചാൽ വീണ്ടും ഉണ്ടാവുമോ? ഉണ്ടായാൽ പിന്നെ അതെത്ര കാലത്തേയ്ക്കു്? ഉണ്ടായില്ലെങ്കിൽ, അങ്ങിനെ പിന്നെ എത്രകാലത്തേയ്ക്കു്?

സാധാരണ അർദ്ധരാത്രികളിൽ, അറിയാതെ ഞെട്ടിയുണരുമ്പോൾ, എനിക്കീ ചിന്ത ഉണ്ടാകാറുള്ളതാണു്. അപ്പോഴൊക്കെ ഞാൻ കണ്ണടച്ചു ഞെരിച്ചുപിടിച്ചു് ഉറങ്ങാൻ ശ്രമിക്കുകയും. ഒന്നും ചിന്തിക്കുകയില്ല. ചിന്തിച്ചാൽ ആത്മഹത്യചെയ്യണമെന്നു തോന്നിപ്പോകുന്നു.

എന്നാൽ ഈ ചിന്ത ഇന്നെന്നെ നാലുമണിക്കു പിടികൂടിയിരിക്കുകയാണു്. അപ്പോഴാണു് ഞാനാ ശവക്കോട്ടയിലേയ്ക്കു ഒന്നെത്തിനോക്കിപ്പോയതു്.

ഇപ്പോൾ അതാ അവിടെ ഒരു പുതിയ ശവം കൊണ്ടുവന്നിരിക്കുന്നു. അതിനുചുറ്റും അതിന്റെ ആൾക്കാരുമുണ്ടു്. അല്പംമുമ്പുവരെ ചുട്ടുള്ള രക്തവും, തുടിക്കുന്ന ഹൃദയവും, ഹൃദയംനിറച്ചു് ആശകളും അഭിലാഷങ്ങളുമെല്ലാമുണ്ടായിരുന്ന ഈ ജീവി ഇപ്പോൾ തണുത്തുറഞ്ഞു മരവിച്ചു കിടക്കുകയാണു്. ജീവിതങ്ങളും ഇരമ്പുന്ന ഈ പട്ടണത്തെക്കുറിച്ചും, ശവങ്ങളെ വിഴുങ്ങുന്ന ആ മരവിച്ച മതിൽക്കെട്ടിനെക്കുറിച്ചും, അണ്ഡകടാഹങ്ങളുൾക്കൊള്ളുന്ന ഈ വിശാലവിശ്വത്തിന്റെ അനന്ത അസ്തിത്വത്തെക്കുറിച്ചുതന്നെയും അറിയാതെ ആ ശരീരം ചാമ്പലായി മണ്ണോടു ചേരാൻപോകുകയാണു്.

നിശ്ശബ്ദമൂകമായ ഒരന്തിസന്ധ്യക്കു് ഞാനും ഇതുപോലെ ഒരു ശവക്കോട്ടയിലേയ്ക്കു പോകുകയില്ലേ? ഞാനും!

എന്റെ ഹൃദയത്തിൽ ആ വേദന ഇപ്പോൾ വ്യക്തമായിക്കൊണ്ടിരിക്കുന്നു. ആശകളേയും അഭിലാഷങ്ങളേയും അടക്കിയിട്ടാണോ ഞാനും അങ്ങോട്ടു പോകുമായിരിക്കുന്നതു്?

ഞാനറിയാതെതന്നെ ഒന്നു ഞെട്ടിപ്പോകുന്നു. ഞാനൊന്നു പുറകിലേയ്ക്കു തിരിഞ്ഞുനോക്കുകയാണു്, കാലത്തിന്റെ വെടിയുണ്ടകളേറ്റു്, പൊളിഞ്ഞുതകർന്ന ജീവിതത്തിന്റെ കരികൽക്കോട്ടയുടെ ഭഗ്നാവശേഷങ്ങളിലേയ്ക്കു്. അവിടെനിന്നും ചില ഹൃദയങ്ങൾ എന്നോടു സംസാരിക്കുന്നു. ഒരുകാലത്തു ഞാനവരോടും അവരെന്നോടും വളരെ ബന്ധപ്പെട്ടിരുന്നു. അവർക്കെന്നോടും പലതും പറയാൻ കാണും. എനിയിരിക്കും അവർക്കെന്നോടു പറയാനുള്ളതു്.

ഹൃദയത്തിനു ഹൃദയത്തോടും, ശരീരത്തിനു ശരീരത്തോടും തോന്നിയിരുന്ന ബന്ധങ്ങളുടെ തകർന്ന കഥകളും; ആ കഥകളുടെ ഓർമ്മകളിൽക്കൂടി ഞങ്ങൾ വീണ്ടും വീണ്ടും ഒന്നിച്ചു ജീവിക്കുകയാണു്.

ഒരു ഹൃദയത്തിനു് മറ്റൊരു ഹൃദയത്തോടും, ഒരു ശരീരത്തിനു മറ്റൊരു ശരീരത്തോടും തോന്നിയിരുന്ന ബന്ധങ്ങളുടെ തകർന്ന കഥകൾ കേൾക്കാൻ നിങ്ങൾക്കു കൗതുകം തോന്നുന്നുണ്ടോ? എങ്കിൽ എന്റെകൂടെ വരൂ.

വളരെപ്പഴക്കമുള്ള ഒരു കഥയാണു്; പഴക്കമുള്ളതെന്നു പറഞ്ഞാൽ, ഏതാണ്ടു് പന്ത്രണ്ടുകൊല്ലത്തെ പഴക്കം വരും.

ഉരുട്ടിയെടുത്ത ഒരു വലിയ പട്ടണം; പട്ടണത്തിന്റെ ഒരൊഴിഞ്ഞ കോണിൽ മാവും മരങ്ങളുമുള്ള ഒരു തോപ്പു്; ആ തോപ്പിൽ തലയുയർത്തി നിൽക്കുന്ന ഒരു മാളിക; ആ മാളികയിൽ കാണാൻ ചന്തമുള്ള ഒരു പെണ്ണ്; ആ പെണ്ണിനൊരുമ്മയും ഒരു ചേട്ടനും. ക്രുദ്ധനെ കവുത്തു തടിച്ചു വിരൂപനായ ഒരു വേലക്കാരൻ. അയാൾക്കു തുണയ്ക്കു ഒരു കമലാക്ഷിയും. അവർക്കൊരു വടിവൊത്ത ശരീരമുണ്ടു്; അനുകമ്പ നിറഞ്ഞ ഒരു ഹൃദയവും. ഇതിനൊക്കെപ്പുറമേ ആ മാളികയിലെ ചന്തമുള്ള പെണ്ണിനെ സ്നേഹിക്കുന്ന ഒരു ചെറുക്കനും.

ആ ചെറുക്കൻ ആരാണെന്നു വിശേഷിച്ചു പറയണമല്ലോ. അവനു്, അതായതു് എനിക്കു ആ വീടിനോടു ണ്ടായിരുന്ന ബന്ധമെന്തെന്നു നിങ്ങൾ അറിയണമല്ലോ. ഒരുകാര്യംമാത്രം; ആവശ്യമുള്ളപ്പോഴൊക്കെ എനിക്കവിടെ ഉണ്ണുകയും ഉറങ്ങുകയുംചെയ്യാമായിരുന്ന പ്രതീതിമാത്രമായി വലിയ കടപ്പാടുകളൊന്നുമില്ല.

ആ ചന്തമുള്ള പെണ്ണും ഞാനും എങ്ങിനെ സ്നേഹിച്ചു എന്നറിയാൻ നിങ്ങൾക്കു് ആഗ്രഹം തോന്നുന്നില്ലേ. കേൾക്കൂ, അതെങ്ങിനെയെന്നു പറയാം.

ഒരു മഞ്ഞും മഴയുമില്ലാത്ത ദിവസം. അതായതു് വെയിലും വേനലുമുള്ള കാലം. ഒരു മണമുള്ള പൂവും കൈയിലെടുത്തു് ആ ചന്തമുള്ള പെണ്ണു് ആ മാളികയിൽ നിൽക്കുകയായിരുന്നു. കണ്ടാൽതോന്നും വെറുതേ നിൽക്കുകയാണെന്നു്; എന്നാൽ വെറുതേയല്ലായിരുന്നതാനും.

ഒരല്പംമുമ്പു് അവളാ മാളികയിലിരുന്ന ഔദ്യോഗികകൃത്യങ്ങൾ നിർവ്വഹിക്കുകയായിരുന്നു. അവളുടെ വിരലുകൾ വേദനിച്ചെന്നു തോന്നുന്നു, വായനനിറുത്തി അവൾ മാളികയുടെ വരാന്തയിൽ വന്നു. അവളുടെ വിരലുകൾ മാത്രമേ വേദനിച്ചുള്ളോ, അവളുടെ ഹൃദയത്തിലും ഒരു മുറിവു്; ആ വീണക്കമ്പികളിൽനിന്നു മുതിർന്ന നാദശകലങ്ങൾ വരുത്തിവച്ച ഒരു മുറിവു്. അവളൊരു പെണ്ണാണു്, അവൾക്കൊരാണിനെ വേണം.

ആ മദ്ധ്യപ്രധാനമായ മുഹൂർത്തത്തിലാണു്, ഞാനങ്ങോട്ടുചെല്ലുക. അവളെന്നെയൊന്നു നോക്കി, ഞാനവളെയും. ഞങ്ങളുടെ കഥയും തുടങ്ങി.

പക്ഷേ, ആദ്യമാദ്യം എനിക്കവളെ നേരേനിന്നൊന്നു നോക്കാൻ ഒരു പ്രയാസം; എന്തിനു കള്ളം പറയണം, എനിക്കു ധൈര്യംപോരായിരുന്നു. അപ്പോഴെന്റെ ആദ്യത്തെ ആശയിതാണു്: ധൈര്യത്തോടുകൂടി അവളുടെ കണ്ണുകളിൽ കണ്ണുറപ്പിച്ചു ഒന്നു നല്ലപോലെ നോക്കാൻ കഴിയണം. ഒരുമാസംകൊണ്ടു ആ ആശ സാധിച്ചു. ഇപ്പോൾ ഞങ്ങൾ രണ്ടുപേരും കണ്ണിമയ്ക്കാതെ നോക്കിനിൽപ്പുമെന്ന നിലയായി. അവിടെ ആ മാളികപ്പുറത്തും, ഞാൻ താഴെ വല്ലമറവിലും.

അത്രയുമായപ്പോൾ എനിക്കൊരാശകൂടി: അങ്ങിനെ നോക്കിനിന്നാൽ മാത്രംപോരാ, ഒന്നു ചിരിക്കുകയുംവേണം. നേരുപറഞ്ഞാൽ ആദ്യമാദ്യം ചിരിവന്നില്ല. ഒടുവിൽ ഒരുദിവസം ഞാനൊന്നു ചിരിച്ചെന്നുവരുത്തി, പകരം അവളും ചിരിക്കാൻതുടങ്ങി. ഇപ്പോൾ ഞങ്ങൾ രണ്ടുപേരും പരസ്പരംനോക്കുകയും ചിരിക്കുകയും ചെയ്യുകയായി.

പക്ഷേ, അതുകൊണ്ടുംപോരില്ലോ. ഇനിയും ആശകളുണ്ടു്. എനിക്കവളോടെന്തെങ്കിലും ഒന്നുപറയണം. എന്തോന്നുപറയാനാണു്, അതിനേരം വായിൽതോന്നുന്നതു്. പക്ഷേ, അതു സാധിക്കാൻകുറെ പ്രയാസമുണ്ടു്. അതെങ്കിലും കണ്ടുപോയാലോ!

എങ്കിലും ആശയല്ലേ.

എല്ലാവരുടെയും കണ്ണുതപ്പിച്ചു്, ഞാൻ അവളുടെ മുറിവാതിൽക്കൽ ചെന്നു. ഇനി പറയേണ്ടതെന്താണു്? നിശ്ചയമില്ല. 'ങ്ങാ' എനിക്കാ പേനയൊന്നുവേണം.

'സ്വന്തം പേനയുണ്ടല്ലോ. പിന്നെ എന്റെ പേന എന്തിനു്?

'എനിക്കാ പേനയാരോടോ മമത' എനിക്കുപറയാനുള്ളതെല്ലാം അതിലുണ്ടായിരുന്നു.

ആ കാര്യം അങ്ങിനെ ഒന്നാംതീയതിച്ചെന്നവരുത്തി. പക്ഷേ, ഇതുകൊണ്ടുമാകുന്നില്ല. ഇനിയും ആശകളുണ്ടു്; എനിക്കവളെ ഒന്നുതൊടണം. എന്നുപറഞ്ഞാൽ അവളെ തൊടാൻവേണ്ടി തൊട്ടുകയാണെന്നുള്ള ബോദ്ധ്യത്തോടുകൂടി ഒന്നുതൊടണം.

എന്റെ ആ ആഗ്രഹവും ഞാനവളെ അറിയിച്ചു. ചേട്ടൻ സിനിമാക്കുപോയിരുന്നപ്പോൾ, അമ്മയും മറ്റുള്ളവരും അകത്തിരുന്നു് അത്താഴമുണ്ടുകൊണ്ടിരുന്നപ്പോൾ, ഒരു പൂച്ചയെപ്പോലെ പതുങ്ങിവന്നു്, കിടപ്പുമുറിയിലെ വിളക്കണച്ചു്, ടൂറെ ഒഴിഞ്ഞുമാറിനിന്നുകൊണ്ടു്, വളകിലുങ്ങാതെ ജനലിന്റെ അഴിയിലൂടെ ഒരു കൈ വെളിയിലേക്കിട്ടതും.

ആ കാര്യവും അങ്ങിനെസാധിച്ചു. പക്ഷേ, ഇതുകൊണ്ടും കഥതീരുന്നില്ല. ഒരാശതീരുമ്പോൾ, മറ്റൊരാശ മുച്ചുവരുന്നു. ഇപ്പോഴത്തെ ആശ കൂച്ചുകടന്നതാണു്.

'എനിക്കവളെ ഒന്നു ഉമ്മവയ്ക്കണം' അതും ഞാനവളെ അറിയിച്ചു.—'മണീ, എന്റെ ഒരാശയാണു്. നാളെ നിലാവുള്ളരാത്രിയാണു്. നാളത്തെ നിലാവിൽ, നിന്റെ ഈ വെള്ളത്തേച്ചുമാളികയും, ചുറ്റിനുമുള്ള ഈ മരങ്ങളും, പൂച്ചെടികളിലെ പൂക്കളും എന്നുവേണ്ട ഈ ലോകംമുഴുവൻതന്നെ മുഴുകിനിൽപ്പുമ്പോൾ, മാളികമുറ്റത്തെ മഞ്ഞുവാടിൽ നിന്നെ എന്റെനേരേത്തോടുചേർത്തു്, നിന്റെ മുഖമെത്തി ആ ചുവന്നുവിടർന്ന ചോരച്ചുണ്ടുകളിൽ—. എന്റെ ആശയാണു് മണീ. എന്നോടു പിണങ്ങരുതു്.

ഞാൻ പറഞ്ഞതുപോലെ ആ നിലാവുള്ളരാത്രിയിൽ അവൾ വന്നില്ല. എങ്കിലും ആദ്യത്തെ പത്തുനാഴിക ഇരുട്ടുള്ള ഒരു രാത്രിയിൽ ഒളിച്ചു പുറ

ങ്ങി മാളികയുടെ താഴത്തേക്കുള്ള കോണിപ്പടിയുടെ വരാന്തയിൽ അവളെ വന്നുനിന്നു.'

അങ്ങനെ അതുംകഴിഞ്ഞു.

എനിക്കവളോടുതോന്നിയ വികാരം പ്രേമമോ, കാമമോ, എനിക്കറിഞ്ഞുകൂടാ, പക്ഷേ അശക്തമായ ഇനിയും ബാക്കിയുണ്ട്.

ഒരുസന്ധ്യക്ക് ഞങ്ങൾക്ക് അല്പം സംസാരിക്കാൻ സൗകര്യംകിട്ടി. ഒരാൾ മറ്റൊരാളിനോടു പറയുന്ന 'എല്ലാവരും ഉറങ്ങിക്കഴിഞ്ഞു' കിടക്കുന്ന മുറിയുടെ വാതിൽ ഒന്നു തുറന്നുതരാമോ?

'എന്തിനാ'

'വെറുതെ. വല്ലതും സംസാരിക്കാൻ'

'പറയാനുള്ളതു് ഇപ്പോൾ പറഞ്ഞുകൂടെ.'

'ഇങ്ങനെയല്ല. കുറെയേറെനേരം ഒരിടത്തിരുന്ന് വല്ലതും പറഞ്ഞുകൊണ്ടിരിക്കാം.'

'അതു പ്രയാസമല്ലേ'

'അതെന്താ'

'സാക്ഷയെടുക്കുമ്പോൾ ഒച്ചയുണ്ടാവും'

'അതിനിടവെള്ളമൊഴിച്ച് ഒന്നനച്ചാൽമതി.'

'പിന്നെ കർമ്മസാക്ഷി അറിയും. അവളും എന്റെകൂടല്ലേ കിടക്കുന്നതു്.'

'അവളെന്തറിയാനാ. പൊട്ടപെണ്ണു്.'

'അമ്മയ്ക്കും ഉറക്കബോധമുണ്ടു്'

നിങ്ങളം ചിരിക്കരുതു്. ഇവിടെയാണെനിക്ക തൊഴപറ്റിയതു്.

ഞാൻ ഭീരുവായിരുന്നോ? എനിക്കറിഞ്ഞുകൂടാ. ഞാൻ ആദർശത്തിൽ വിശ്വസിക്കുന്നുണ്ടായിരുന്നോ? അതും നിശ്ചയമില്ല. ഒരു പെണ്ണിന്റെ മനസ്സിലെ മറിമായങ്ങൾ—നിങ്ങളതിനെ മനശ്ശാസ്ത്രമെന്നു വിളിച്ചോളൂ—മനസ്സിലാക്കാൻ എനിക്ക കഴിവില്ലായിരുന്നോ? അതിനും എനിക്കത്തരമില്ല.

ഞാൻ പറഞ്ഞില്ലേ, ഇവിടെയാണെനിക്ക തൊഴപറ്റിയതെന്നു്. ഞാനാ ശപിക്കപ്പെട്ട എഴുത്തു് എഴുതി. 'മണീ, എന്നോടു ക്ഷമിക്കണം. ഞാനങ്ങിനെ പറഞ്ഞതിനു് എന്നെ തെറ്റിദ്ധരിക്കുന്നുണ്ടോ? ഒരുരീതിയിലും എന്റെ മണിയെ കളങ്കപ്പെടുത്തണമെന്നെനിക്കഗ്രഹമില്ലായിരുന്നു. ഇനിയൊരിക്കലും ഇങ്ങനെ പറയുകയുമില്ല.'

അതിനുശേഷം നിരവധി രാത്രികാലങ്ങളിൽ ഞങ്ങളം പരസ്പരംകണ്ടുമുട്ടിയിട്ടുണ്ടു്. പക്ഷേ, ആ മുറിമരുന്നു തുറക്കപ്പെട്ടിട്ടില്ല. ജനൽകമ്പിയിൽപിടിച്ചുകൊണ്ടു് അവനും അകത്തും ഞാൻ വെളിക്കും അങ്ങനെ കോരിത്തരിക്കുന്ന പല രാത്രികളും ഞങ്ങളം കഴിച്ചുകൂട്ടിയിട്ടുണ്ടു്.

ആ സാക്ഷയൊന്നെടുക്കിത്തരണമെന്നു ഞാൻ പിന്നീടൊരിക്കലും അവളോടാവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെട്ടിരുന്നെങ്കിൽ, അവൾ എനിക്കുവേണ്ടി ആ കതകു തുറന്നുമലർത്തുമായിരുന്നുവെന്നു് ഇന്നെനിക്കു തോന്നുന്നുണ്ടു്. എന്തെന്നാൽ ആ സംഭവത്തിനുശേഷം ഒരിക്കൽ അവൾ എനിക്കെഴുതിയിരുന്നു:—'അന്നു ഞാൻ അങ്ങിനെപറഞ്ഞതിൽ എന്നോടുപിണക്കമൊന്നുമോ? എനിക്കും പലേ ആശകളുമുണ്ടല്ലോ. എങ്കിലും, ഞാൻ എങ്ങനെയിതുനിയന്ത്രിക്കുന്നുവെന്നു നോക്കൂ. കുറെയൊക്കെ സ്വയം നിയന്ത്രിക്കാൻ പഠിക്കണ്ടേ?'

ആ കഥ ഇവിടെയും തീരുന്നില്ല. പിന്നൊരിക്കൽ സംഭാഷണമദ്ധ്യേ അവളം പറഞ്ഞു: 'എനിക്കൊരു കുറ്റി നേടേണം. അതുപോലെയുള്ള ഒരു കുറ്റി.'

പക്ഷേ, അപ്പൊഴെക്കും വളരെ താമസിച്ചുപോയിരുന്നു. അതിനുപറ്റിയ ദിവസങ്ങൾക്കുശേഷം ഞങ്ങൾതമ്മിൽ പിരിഞ്ഞു.

ഞങ്ങളം പരസ്പരം പിരിഞ്ഞ സന്ധ്യ എനിക്കിന്നും വിശദമായി കാണാൻകഴിയുന്നുണ്ടു്. ആ വേർപാടു് എങ്ങിനെയായിരിക്കുമെന്നു് ഞങ്ങളം രണ്ടുപേരും ആദ്യംതന്നെ പറഞ്ഞുതീർച്ചപ്പെടുത്തിയിരുന്നു.

ആകാശവും ഭൂമിയും ഒരുവികലശാന്തി ഉൾക്കൊള്ളുന്നതായി ഞങ്ങൾക്കു തോന്നി. അവളം എനിക്കുകാണത്തക്കവണ്ണം മാളികപ്പുറത്തുവന്നുനിന്നു. പൊട്ടിത്തൊടണമെന്നും പൂച്ചൂടണമെന്നും ഞാനവളോടു പറഞ്ഞിരുന്നു. എന്റെ ആഗ്രഹത്തെ അവളം ആദരിച്ചിരുന്നുവെന്ന കണ്ടതിൽ എനിക്ക സന്തോഷംതോന്നി.

ഞാൻ അടുത്തപുറമ്പിൽ, മതിലരികിൽ മല്ലുവള്ളി പടർന്നുകിടക്കുന്ന ഒരു തൈവേപ്പിന്റെയും ചെമ്പകത്തിന്റെയും നിറഞ്ഞുനിന്നിരുന്ന ഒരു ചെമ്പരത്തിച്ചെടിയുടെയും നടുക്കു് അവൾക്കുകാണത്തക്കവണ്ണം നിന്നിരുന്നു. സന്ധ്യയുടെ അരണ്ടവെളിച്ചം ഞങ്ങളെ ആവരണം ചെയ്തുകൊണ്ടിരുന്നപ്പോഴും, നിന്നിമേഷരായി ഞങ്ങളം അവസാനമായി പരസ്പരം കണ്ടുകൊണ്ടിരുന്നു.

അവളുടെ മുഖം വിഷാദവിധുരമായിരുന്നു. അവിടെ വ്യാപിച്ചിരുന്ന കാന്തിനിന്നാ നിരാശ എനിക്ക വ്യക്തമായിരുന്നു. അവളം ക്രമേണ്ണുടെ കണ്ണീർതുടയ്ക്കുകയും, അടിച്ചുണ്ടു് കടിച്ചമർത്തി ഏതോ ഒന്നിനെ നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരുന്നു.

സ്വന്തമാളുകളുടെ ഈർഷ്യയും കോപവും, മറ്റുള്ളവരുടെ പരിഹാസങ്ങളും സഹിച്ചാണു്, ആ മാളികയിലെ ചന്തമുള്ള പെണ്ണു് എന്നെ സ്നേഹിച്ചതു്.

ഞങ്ങൾക്കുതമ്മിൽ തോന്നിയിരുന്ന ആ വികാരത്തിനു് എന്തുപേരിടാമെന്നു്, ഇന്നും എനിക്കറിഞ്ഞുകൂടാ; എങ്കിലും ഒന്നുമാത്രം എനിക്കിന്നു വിശദമാകുന്നുണ്ടു്. ശാരീരികവും മാനസികവുമായ ആശകളുടേയും, കൊട്ടക്കൽവാങ്ങലിന്റെയും അധിഷ്ഠാനത്തിലായിരുന്നിരിക്കില്ലേ, ആ ബന്ധവും കെട്ടിയുയർത്തപ്പെട്ടിരുന്നതു്? പക്ഷേ, ഞാൻ അന്നതു മനസ്സിലാക്കിയിരുന്നില്ല. പുസ്തകങ്ങളിൽ പഠിച്ചിരുന്നതും, തലമുറകാം എന്നിൽ അടിച്ചേല്പിച്ചിരുന്നതുമായ ഏതോ ഒരു സ്വപ്നത്തിന്റെ പുകച്ചുരുളിൽ ഞാൻ ബലമായി ശ്വസിച്ചിരുന്നു.

'എന്റെ മണീ, നീന്നെയൊരുതരത്തിലും പങ്കിലപ്പെടുത്തിയിട്ടില്ലെന്നള്ളതാണു്, എന്റെ പരമമായ സംതൃപ്തി.' പിരിയുന്നതിനു അല്പംമുമ്പു് അവസാനമായി ഞാനവളോടു പറഞ്ഞിരുന്നു.

പരസ്പരം പിരിയുമ്പോൾ അവൾ സംതൃപ്തയായിരുന്നിരിക്കുമോ? പരിപൂർണ്ണമായ സമാധാനത്തോടും സംതൃപ്തിയോടുംകൂടിയാണോ അവളം എന്നെന്നേക്കുമായി എനിക്കു വിടനൽകിയതു്?

ആശകളുടേയും കൊട്ടക്കൽവാങ്ങലിന്റെയും അധിഷ്ഠാനത്തിൽതന്നെയായിരുന്നിരിക്കില്ലേ, ലോകത്തിലെ മറ്റൊല്ലാബന്ധങ്ങളെയുംപോലെ ഞങ്ങളുടെ ആ ബന്ധവും കെട്ടിയുയർത്തപ്പെട്ടിരുന്നതു്? എങ്കിൽ, എങ്കിൽ!

മരണവെപ്രാളത്തോടുകൂടി ഞങ്ങളുടെ ശരീരങ്ങളം വിടയ്ക്കുമ്പോൾ, ഞങ്ങളുടെ ആത്മാവു് എന്തൊരു യാതനയായിരിക്കും അനുഭവിക്കുന്നതു്? പിന്നെ മരിച്ചുണ്ടുചെന്നുകഴിഞ്ഞാലോ? എവിടുച്ചെന്നുകഴിഞ്ഞാൽ!

എന്റെ ഹൃദയത്തിലെ ആ വേദനയ്ക്കു് ഇപ്പോൾ ഒരു രൂപമുള്ളതായി നിങ്ങൾക്കു തോന്നുന്നില്ലേ? എന്റെ അടുത്ത കഥ കേട്ടുകഴിയുമ്പോൾ, ആ രൂപം നിങ്ങൾക്കതിലും വ്യക്തമായി തോന്നും. ഞാനാക്കഥയുടെ കരുവു പറഞ്ഞതേളള്ളു, അവളതു ഈ ഇരുട്ടിൽ എന്റെ കൺമുമ്പിൽ നിവ്വുന്നു. അവളെ സാക്ഷിനിത്തിക്കൊണ്ടേ ഞാനാകഥ നിങ്ങളോടു പറയും; കാരണം അതിൽ തെറ്റുപറ്റിക്കൂടാ.

അതു സംഭവിച്ചതു്, കുറിരുട്ടുള്ള ഒരു രാത്രിയാണു്. അന്നൊരു ചാറമഴയും ചെറിയ കുളിരുമുണ്ടായിരുന്നു.

മണിയുടെ മാളികവീട്ടിലെ തോപ്പിന്റെ പടിഞ്ഞാറെപ്പുറമ്പിൽ ഒരു പഴയ വീടുണ്ടു്. ആ വീട്ടിൽ അടുത്തടുത്തുള്ള രണ്ടുമുറികളിൽ ഞങ്ങളം കിടക്കുകയാണു്. ഒന്നിൽ ഞാൻ, മറ്റതിൽ അവളും. അവളം എന്റെ ഒരു ബന്ധുവാണെങ്കിലും സ്നേഹിതന്റെ അനന്തിരിയാണു്. യൗവനത്തിന്റെ മധുരിപ്പും പുളിപ്പും നടുടെ അനുഭവിച്ചുതുടങ്ങിയവളാണു്. ആകെമാ സംമുപ്പു മാത്രമാണു്, അവളുടെ വിവാഹം കഴിഞ്ഞിട്ടുള്ളതു്. മധുവിധുവിൽന്റെ മനംമയക്കുന്ന സുരണകളെ മാത്രം അവൾക്കു് അയവിറക്കാൻ വിട്ടിട്ടു്, അവളുടെ ഭർത്താവു് ജോലിസ്ഥലത്താണു്. രണ്ടുമാസത്തിലൊരിക്കൽ അയാളൊന്നുവരും. ഒരു കാറുപോലെ ആ രീതിയൊന്നുതി കത്തിക്കാൻ.

അവളിടെ ട്രൂവന്നിട്ടു് ഒരാഴ്ചയേ ആയുള്ള. ഈ ഒരാഴ്ചകൊണ്ടു് ഞങ്ങളം വളരെ അടുത്തുകഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ ഞങ്ങളൊരുനൂറായിരം വിഷയങ്ങളെക്കുറിച്ചു സംസാരിച്ചുതീർത്തു. അതിൽ പ്രേമവും കാമവും, സ്ത്രീയും പുരുഷനും, വിവാഹവും വ്യഭിചാരവുമെല്ലാം ഉൾപ്പെട്ടും.

എന്റെ പാണ്ഡിത്യത്തിൽ അവൾക്കു അഭിമാനവും അന്ധവിശ്വാസവും തോന്നിയിരിക്കണം. ഒരു കള്ളച്ചിരിയോടുകൂടി ചോദിക്കുകയും ചെയ്തു. 'ഇതെല്ലാം നിങ്ങളെങ്ങിനെ പഠിച്ചു?

ങ്ഹാ, ഞാൻ പറഞ്ഞുകൊണ്ടുവന്നതു വിട്ടുപോയല്ലോ. ഞാൻ എവിടെവരെയാണു് പറഞ്ഞതു്? അതേ, ക്രൂരിരുട്ടുള്ള ഒരു രാത്രി, ഒരു ചാറമഴയും. ഞങ്ങളം അടുത്തടുത്ത രണ്ടു മുറികളിൽ കിടക്കുകയാണു്.

എനിക്കുറക്കം വരുന്നില്ല. മണിയേക്കുറിച്ചുള്ള ചിന്തയാണെന്നു തോന്നുന്നു. അതോ ആശയുടെ കൊട്ടമ്പിരിക്കൊള്ളലുകളോ, ഏതോ കൊട്ടക്കൽവാങ്ങലിനുവേണ്ടിയുള്ള തിരക്കോ, അറിഞ്ഞുകൂടാ.

ഞാനറിയാതെന്നെ ചുമച്ചുപോയി. അടുത്ത മുറിയിൽനിന്നും അവളും അതുപോലെ ഒന്നു ചുമച്ചു. പറഞ്ഞില്ലേ, ഞാൻ വെറും നിരപരാധിയാണു്; ഒന്നും അറിയാതെ ഒന്നു ചുമച്ചുപോയതാണു്. എന്നാൽ അടുത്തമുറിയിൽനിന്നും ഉയർന്ന ആ ചുമ അങ്ങിനെയല്ല. അതെനിക്കു മനസ്സിലാകുന്നുണ്ടു്.

നിങ്ങൾതന്നെ ഒന്നാലോചിക്കൂ. ഞാൻ എത്ര പുങ്കുലിലാണു്. ഒന്നാമതായി ഞാൻ എന്റെ മണിയെ ലോകത്തിലെ മറ്റേതിനേക്കാളും ഉപരിയായി സ്നേഹിക്കുന്നു. അവളം അടുത്ത മാളികയിൽ എന്നെ സ്വപ്നംകണ്ടുകൊണ്ടുതന്നെയായിരിക്കും കിടക്കുന്നതു്. രണ്ടാമതായി പുസ്തകങ്ങളിൽ പഠിച്ചതും തലമുറകാം എന്നിലടിച്ചേല്പിച്ചിരിക്കുന്നതുമായ ആ സ്വപ്നത്തിന്റെ പുകച്ചുരുളിനെ എനിക്ക സംരക്ഷിക്കണം. മൂന്നാമതു് അതിനടുത്ത മുറിയിൽ ഞാനാദരിക്കുകയുംസ്നേഹിക്കുകയും ചെയ്യുന്ന എന്നേക്കാളും പത്തുവയസ്സുകൂടുതൽ പ്രായമുള്ള എന്റെ സ്നേഹിതൻ അല്ലേറത്തിന്റെ മധുവിധുവുണ്ടുതീരാത്ത ഭാര്യയോടൊത്തു് ഉറങ്ങാതെ കിടക്കുന്നുണ്ടു്.

ഞാനെന്തുചെയ്തിരിക്കുമെന്നു്, നിങ്ങൾതന്നെ ഒന്നു സങ്കല്പിച്ചു നോക്കൂ.

ഞാൻ കതിക്കുട്ടി ശ്വാസമടക്കി, ചുമയടക്കിക്കൊണ്ടു കിടന്നു. ഞാൻ ചുമയ്ക്കുന്നിരിക്കണമെന്നു്, നിർബന്ധമായി കരുതിയതുകൊണ്ടു്, ഒന്നുകൂടി ചുമച്ചുപോയി. അവളം വിട്ടില്ല.

എനിക്കൊന്നു മൂത്രം ഒഴിക്കണം. അധികം ശബ്ദമുണ്ടാക്കാതെ ജനാലതുറന്നു ഞാൻ വെളിയിൽ ഇറങ്ങി. അടുത്ത മുറിയുടെ മുൻവശത്തേയുള്ള ജനാലയും തുറക്കപ്പെട്ടു.

മാറത്തു മഴ പെയ്യുന്നുണ്ടു്. ഞാൻ വരാന്തയിൽ തൂണിന്റെ മറവിൽനിന്നു. എൻറെടുത്തുവന്നു് അവളം ചോദിച്ചു:—'ആരാ അതു്.'

അതാരാണെന്നവൾക്കറിഞ്ഞുകൂടെ? എങ്കിലും ഒന്നുകൂടി അറിഞ്ഞേപോകുകയുള്ളൂ. അതിനു നിവ്വുകയാണു്. ആ നിലയ്ക്കു, അതും ഞാൻ നിങ്ങളോടു് പറയാം.

വളരെ ഇരുട്ടിക്കിടക്കുന്ന ബോഡീസ് മാത്രമേ ധരിച്ചിട്ടുള്ളു. കൈ

കും രണ്ടും മാറിടത്തിൽ അടുക്കിപ്പിടിച്ചിട്ടുണ്ട്. നിന്നുവിറയ്ക്കുകയാണ്.

ഇപ്പോൾ മഴയാണെന്നും, വായുവിൽ കുളിരുണ്ടെന്നും, അവർക്കു തണുക്കുന്നെന്നും, അങ്ങനെ വിറയ്ക്കുകയാണെന്നും എന്നെ അറിയിക്കുന്നതിനുള്ള ഒരു ചെറിയ ശബ്ദവും.

ഒരു കൊല്ലംനൊന്ത മിന്നി. ആ വെളിച്ചത്തിൽ ഞാനവളുടെ മുഖം കണ്ടു. ചുവന്ന ചോരച്ചുണ്ടുകൾ; പുരുഷന്റെ ചുംബനത്തിന്റെ ചൂടറിഞ്ഞ ചുണ്ടുകൾ; അവ വിടിന്നിരിക്കുന്നു; വിറയ്ക്കുന്നു.

നിങ്ങൾ വിശ്വസിക്കുകയില്ല. ഞാനെന്റെ മുറിയിൽ കയറി ജനലടച്ചു. മറേറ ജന്നൽ അടയുന്ന ശബ്ദത്തിനുവേണ്ടി കാത്തിരുന്നു. ഒരു മൂന്നു മിനിട്ടുകഴിഞ്ഞു് അതും അടഞ്ഞു.

പിറേറന്നു് എഴുന്നേല്ക്കുമ്പോൾ ആ യുവതിയുടെമുഖം വീണ്ടുമെത്തറിയിരുന്നു. അല്പം വെപ്രാളപ്പെടുകയാണു്, അവളെന്നെ നോക്കിയതെന്തും തോന്നുന്നു. പിറേറന്നു് സംഭാഷണത്തിനിടയിൽ വളരെ ചതുരമായി അവളൊന്നുപറഞ്ഞൊപ്പിച്ചു.

'നിങ്ങൾക്കു പലതും അറിയാം. പക്ഷേ, അതെല്ലാംപുസ്തകത്തിൽനിന്നു പഠിച്ചതാണ്.'

അടുത്തദിവസം അവരെ ബോട്ടുകയറ്റി നാട്ടിലേക്കയയ്ക്കുവാൻ, എന്റെ സ്നേഹിതന്റെകൂടെ ഞാനുംപോയിരുന്നു. ബോട്ടിന്റെ നങ്കൂരമിളകിയപ്പോൾ ആ സ്ത്രീ പറഞ്ഞു:—

'ഉത്സവത്തിനു് വന്നാൽ ഞങ്ങളുടെ വീട്ടിൽ വരാൻ മറക്കല്ലേ.'

തിരമാലകളെ അരിഞ്ഞുകൊണ്ടു്, ആ ബോട്ടു് മുന്നോട്ടുനീങ്ങി. കൈവരികൾക്കിടയിൽക്കൂടി അവർ നോക്കിക്കൊണ്ടിരുന്നു.

തെങ്ങിൻക്കൂട്ടങ്ങളുടെ മറവിൽ, നീണ്ടുപരന്ന കായലിന്റെ അപാരതയിൽ ആ ഇരുനൂറു തീബോട്ടു് അലിഞ്ഞു മറഞ്ഞപ്പോൾ ഞാനവളെ അവസാനമായി കണ്ടതാണ്. ഇനി എന്നെങ്കിലും കാണുമോ? അഥവാ കണ്ടാൽത്തന്നെയും.

എന്റെ മുമ്പിൽ ഇരുട്ടാണു്. മുറിയിലും വെളിയിലും, ആകാശത്തുമെല്ലാം ഇരുട്ടുപരന്നു കഴിഞ്ഞിരിക്കുന്നു. മൂലയിലെവിടെയോ പകുതിഎരിഞ്ഞ ഒരു മെഴുകുതിരി ഉണ്ടു്. എടുത്തു കത്തിച്ചാൽ മുറിയിൽ പ്രകാശമാവും.

പക്ഷേ, എനിക്കിപ്പോൾ ഈ ഇരുട്ടിൽ ഇരിക്കുന്നതാണിഷ്ടം.

ഈ ആരുമില്ലാത്ത ഇരുട്ടിലിരുന്നു്, പരിപൂർണ്ണമായ പരാജയബോധത്തോടുകൂടി ജീവിതത്തിന്റെ കപ്പല്ലുനയിൽനിന്നും ഹൃദയബന്ധങ്ങളുടെ തകർന്ന കപ്പിച്ചില്ലകളും പെറുക്കുന്നതിൽ എനിക്കൊരുസുഖം തോന്നുന്നുണ്ടു്. ഉണ്ണുന്നും ഉറങ്ങുന്നുംതന്നെ നേരമില്ലാത്ത ജീവിതത്തിന്റെ തിടുക്കത്തിന്റെ നാഴികകളിൽ, ഇത്ര നല്ല ഒരവസരം ഇനിപ്പിന്നെ കിട്ടിയില്ലെന്നുംവരാം. ഞാൻ മരിക്കുമ്പോൾ മറേറാരോടും പറയാനൊക്കാതെ ഈ കഥകളെല്ലാം എനോടുകൂടെത്തന്നെ



ഇന്ത്യയിലെ യു. എസ്. സ്ഥാനപതി മി: ജൊർജ്ജ് ആഉനും പത്നിയും കുടുംബാംഗങ്ങളും.

വിസ്മരിക്കപ്പെട്ടേക്കാനും ഇടയുണ്ടു്.

അതുകൊണ്ടു് ഞാൻ പറയുകയാണു്. നിങ്ങൾക്കു് കൗതുകവുമുണ്ടെന്നറിയാം. ഇപ്പോൾ ഞാൻ പറയാൻ പോകുന്നതു് ഒരബോധബാലികയേക്കുറിച്ചാണു്. ഞാനറിയാതെതന്നെ അവൾ എന്റെ ജീവിതത്തോടു് അത്രകണ്ടു് ഒട്ടിപ്പിടിച്ചുപോയിരുന്നു.

ഞാൻ മുമ്പു പറഞ്ഞില്ലേ ഒരു മാളികയെക്കുറിച്ചു്. ആ മാളികയ്ക്കു ചുറ്റും ഒരു മതിലുണ്ടു്. ആ മതിലിനു വെളിയിലും ഒരു വീടുണ്ടു്. വടക്കേ അറേറത്തെ മതിലരികിൽ അല്പമുയർന്നു് ആ മാളികയേനോക്കി ചുമ്മാനിൽക്കുന്ന ഒരു കൊച്ചുവീടു്. ആ വീട്ടിലാണവൾ.

ഇതു് പാകംവന്നുകൊണ്ടിരിക്കുന്ന ഒരു പഴമാണു്. കൈയെത്തിപ്പറിക്കാൻ ആക്കം കൗതുകംതോന്നും. അവൾ പാവാടയിൽനിന്നു് മുണ്ടിലേക്കു് മാറിയതേ ഉള്ളൂ; എങ്കിലും അവൾ കൈപ്പേറിയറിയാം. മറവുള്ളവർ പറഞ്ഞുകേട്ടു്, പുസ്തകങ്ങളിൽ വായിച്ചു്, കുറെയൊക്കെ സഹജജ്ഞാനവും.

അവളുടെ തുടക്കമിങ്ങിനെയാണു്.

'ഇന്നു് ഒരാൾ നിങ്ങളുടെ കാര്യം ചോദിച്ചു.'

'ഈ മതിലരികിൽനിന്നുകൊണ്ടു് എന്തിനാണു് എപ്പോഴും തെക്കോട്ടു നോക്കുന്നതു്.'

'മറേറാരുമറിയുന്നില്ലെന്നാണഭാവം.'

ഇതുപൊക്കെയായിട്ടും ഞാനൊന്നും തിരിച്ചുകുത്തി മിണ്ടാതിരിക്കുകയാണു്. എന്തെങ്കിലും ഞാനുംപറഞ്ഞുതുടങ്ങിയാൽ അപകടമാകുമെന്നെനിക്കറിയാം. ഒന്നു്; എന്റെയും മണിയുടേയും രഹസ്യങ്ങളും എനിക്കു രഹസ്യങ്ങളായിത്തന്നെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. രണ്ടു്; ഇവളുടെമനസിലും എനിക്കു സ്വപ്നത്തിന്റെ പൂകച്ചുരുളിൽ അള്ളിപ്പിടിച്ചുകൊണ്ടതന്നെ നിൽക്കേണ്ടിയിരിക്കുന്നു; കാരണം ഇവളും എന്റെ മറെറാരു സ്നേഹിതന്റെ അനുജത്തിയാണു്; എന്റെ മണിയുടെ കൂട്ടുകാരിയാണു്. തന്നെയല്ല, ആ വീട്ടുമുഴുവൻ എനിക്കു പൂർണ്ണമായ സ്വാതന്ത്ര്യം അനുവദിച്ചുതന്നിരിക്കുകയാണു്. എന്റെ സ്നേഹിതനു് എന്റെ പൂകച്ചുരുളുകളിൽ പൂർണ്ണമായ വിശ്വാസമുണ്ടു്.

ഒരുദിവസം ഞാനാവീട്ടിൽ ഒരു മൂറിയിലിരുന്നു് മണിക്കു് ഒരെഴുത്തെഴുതിക്കൊണ്ടിരിക്കുകയായിരുന്നു. വളരെ വികാരവിവശയോടെയാണു് ഞാനെഴുതുന്നതു്. പരിസരങ്ങളെക്കുറിച്ചുള്ള ബോധംപോലും എനിക്കില്ല. പെട്ടെന്നു് എന്റെ വിക്കാരധാര ഒന്നുമുറിഞ്ഞു്, ഞാൻ ഒരു പുതിയ ആശയത്തിനുവേണ്ടി പേനയുപേടിച്ചു് ശൂന്യതയിലേക്കു് നോക്കിയിരിക്കുകയാണു്.

എന്റെ മുമ്പിലിരുന്ന കടലാസ് അവൾ വലിച്ചെടുത്തു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വായിക്കാനുള്ള ഭാവമാണു്. ഒരു മഹാതാപസിയെ ജയിച്ച ഒർപ്പാസ്സിന്റെ മട്ടു്. എന്നെ തോല്പിച്ചിട്ടു്, എന്നെ കൊച്ചാക്കിയിട്ടു്, അവൾ നിന്നുതെളിയുകയാണു്. മറവുവല്ല അവസരത്തിലുമായിരുന്നെങ്കിൽ അതുമാറി എന്നെ ഒരു സാഹസിയാക്കാൻ; എങ്കിലും ഞാൻ ക്ഷമിച്ചു.

'മര്യാദയ്ക്കു് എന്റെ എഴുത്തു തരുന്നോ.' അല്ലെങ്കിൽ ഞാൻ കടന്നുപിടിക്കും.

'ചുണയുണ്ടെങ്കിൽ വാങ്ങിക്കൊള്ളൂ'.

അവൾ നെഞ്ചുംതള്ളിച്ചു്, കൈയും പുറകിൽകെട്ടി നില്ക്കുകയാണു്. പനിനീർപ്പൂപോലെ മുഖമായ വിരൽ കൂടെ നിമ്നിച്ച അവളുടെ മുഷ്ടിച്ചുരുളിലിരുന്നു, എന്റെ പ്രേമലേഖനം വീപ്പുമുട്ടുന്നു. ചുണയുണ്ടെങ്കിൽ വാങ്ങിക്കൊള്ളൂ, ഒരു വീരവാദവും.

അതുപിടിച്ചുവാങ്ങണമെന്നു് ഞാൻ തീരുമാനിച്ചുവെന്നതന്നെ വിചിത്രമായിരിക്കുന്നു. എങ്കിൽ ഞാനാപ്പുറകിലത്തെ കൈച്ചുരുളിൽ കടന്നുപിടിക്കണമേ. ആ കടന്നുപിടിക്കലിൽ, ഇനിയും ഒരു കൂച്ചുവെത്തിക്കഴിഞ്ഞിട്ടില്ലാത്ത അവളുടെ വക്ഷോജങ്ങളും എന്റെ നെഞ്ചിൽ തട്ടാതിരിക്കുമോ? ഒരുപക്ഷേ ആ കോലാഹലത്തിൽ, എന്റെ നെഞ്ചോടുചേർന്നു് അമരുംപോയെന്നുംവരാം. ആ അമർത്തലിൽ ആ ശരീരവും മനസ്സും, ജീവിതത്തിലെ ഒന്നാമത്തെതവണ രോമാഞ്ചം കൊണ്ടെന്നുംവരാം.

പിന്നെ ആ കഥയുടെ തുടർച്ചയെന്തായിരിക്കും.

ഇതുവരെ ഒരുപുരുഷനും, ഒരു മേലാലക്കാരൻപോലും കളിയായിട്ടെങ്കിലും ആ കൈത്തണ്ടകളിൽ അതിഗാഢതയോടെ പിടിച്ചു വലിച്ചിട്ടില്ല. ആരും ആ മാറിടം ഒരുനിമിഷനേരത്തേക്കെങ്കിലുംമാറിൽചേർത്തു ശ്വാസം മുട്ടിച്ചിട്ടില്ല.

ഞാനോ അതെന്നോ ചെയ്യാൻ പോയില്ല. ഒരുബലപരീക്ഷണംപോലും നടന്നുമറയില്ല. പിന്നെയോ, നിസ്സഹായനായി നോക്കിനിന്നു; ഭയനീയമായ ഒരുത്സവത്തോടെ എന്റെ കണ്ണുനീരൊഴുകിപ്പോയി.

'ഇതു് ഇത്രകൂട്ടതാലാണെന്നു് ഞാനറിഞ്ഞിരുന്നില്ല'

അവൾ എന്റെ പ്രേമത്തെ കളിയാക്കി; എങ്കിലും അപരാധബോധത്തോടെ എന്റെ എഴുത്തു മടക്കിത്തന്നു.

വൈകിട്ടു്, മതിലരികിലെ മുല്ലവള്ളിയിൽനിന്നും ഇരുത്ത പൂക്കൾകൊണ്ടു് അവൾ ഒരുമാല തീർത്തുകൊണ്ടിരിക്കുകയാണു്.

"ഇതു് ആർക്കാണു്" ഞാൻ ചോദിച്ചു.

"എനിക്കു്."

"എന്തിനു്."

"തലയിൽ ചൂടാൻ."

"ഒന്നെനിക്കുതരുമോ"

"എന്തിനാ. കൊണ്ടുപോയിക്കെട്ടിക്കാനാണോ?"

ആ സംഭാഷണം അവിടെ തീർന്നു.

അന്നുരാത്രി ആ വീട്ടിലെ വിളക്കില്ലാതിരുന്ന ഒരു മുറിയിൽ ഞാനിരിക്കുമ്പോൾ, അവൾ വന്നു.

'പൂമാലയവേണ്ടേ' ഒരു പൂമാല എനിക്കു വച്ചുനീട്ടി. 'ഇതുപോലെ വേറെയും ഒരോമാല ഇവിടെനിന്നു കിട്ടും. കൊണ്ടുപോയികൊടുത്തോളൂ'

അവൾ വാക്കുതെറ്റിച്ചില്ല.

പല രാത്രികളിലും, അതേ ഇരുട്ടുമുറിയിൽവച്ചു് അതിലും സ്വാതന്ത്ര്യത്തോടെ അവളെനിക്കു മാല തന്നിട്ടുണ്ടു്. കൂട്ടത്തിൽ പാടുകയാണെന്നും ഒരുദിവസം സ്വന്തം വിരൽകൊണ്ടു് എന്നെ ഒരു സിന്ദൂരപ്പൊട്ടും തൊടുവിച്ചു.

അതു ബന്ധം അങ്ങിനെ അവസാനിച്ചു.

(ശേഷം 16-ാംപേജിൽ)

സൂക്ഷ്മദർശിനിയിൽക്കൂടി

★

— ജി. ശിവൻകുട്ടിനായർ —

മനുഷ്യന്റെ ദർശനശക്തി വളരെ പരിമിതമാണ്. പ്രകൃതിയെ നിരീക്ഷണം ചെയ്യുമ്പോഴാണ് ഇതിന്റെ പരമാർത്ഥം നമുക്കനുഭവപ്പെടുന്നത്. ഒരനന്തതയുടെ മദ്ധ്യത്തിലാണ് നമ്മുടെ സ്ഥിതി. അതിന്റെ ഒരറ്റത്തു സൂക്ഷ്മഭാവവും മറ്റേയറ്റത്തു സ്ഥൂലഭാവവും. നമ്മുടെ ദർശനശക്തിയെ ഉപകരണങ്ങൾകൊണ്ടു ബലപ്പെടുത്തിയെങ്കിൽമാത്രമേ ഈ അനന്തതകളിലേക്കു നമുക്കെത്തിനോക്കുവാൻ സാധിക്കൂ. ജ്യോതിസ്സുകളെ കാണുവാൻ നാം ദൂരദർശിനി ഉപയോഗിക്കുന്നു. സൂര്യൻ, ചന്ദ്രൻ മുതലായ ഗ്രഹങ്ങളും താരതമ്യേന സമീപസ്ഥിതങ്ങളാണ്. എന്നാൽ അവ്യക്തമായ പൊട്ടകൾപോലെ അനന്തമായ ആകാശത്തിൽ എത്രയെത്ര ജ്യോതിസ്സുകൾ പ്രകാശിക്കുന്നുണ്ടെന്ന് ആരറിഞ്ഞു.

ഇതിന്റെ മറ്റേയറ്റത്താണ് സൂക്ഷ്മഭാവം. നിശ്ചലമായ ഒരു സർസ്സിൽനിന്നും കുറെ വെള്ളം ശേഖരിച്ച്, അതിൽ ഒരുതുള്ളി സൂക്ഷ്മദർശിനിയിൽക്കൂടി പരിശോധിക്കുക. ഇപ്രകാരം അനവധി ജീവവസ്തുക്കൾ അതിൽ അടങ്ങിയിരിക്കുന്നതായി അപ്പോൾ മനസ്സിലാകും. ഈ അത്ഭുതജീവികൾ അവയുടെ സാമീപ്യത്തിന്റെ സംശയലേശംപോലും ഒരു സാധാരണക്കാരനിൽ ഉളവാക്കാതെ അവിടെ സസുഖം ജീവിക്കുകയാണ്. അവയെ കാണണമെങ്കിൽ നയനോപകരണങ്ങളുടെ സഹായം ആവശ്യവുമാണ്. ഒരു പുതിയ പ്രപഞ്ചമാണ് നാം സൂക്ഷ്മദർശിനിയിൽക്കൂടി കാണുന്നത്. ഈ അത്ഭുതജീവികൾക്ക് ആ ഒരുതുള്ളി വെള്ളത്തിൽകവിഞ്ഞു വിസ്തൃതമായ മറ്റൊരു ലോകവുമുണ്ടായിരിക്കയില്ല.

ഇനിയും നമുക്ക് ആ ഒരുതുള്ളി വെള്ളത്തിൽ അടങ്ങിയിരിക്കുന്ന ചൈതന്യവിശേഷങ്ങളെ ഒന്നുപഠിച്ചുനോക്കാം. ആദ്യമായി അവയുടെ എണ്ണവും അത്ഭുതകരമായ ശുഷ്കവൈവിധ്യവും നമ്മെ അമ്പരപ്പിക്കും: ചിലർ നീണ്ട വാലുകൾ ചുഴറ്റി കൃത്താടുന്നു. ചിലരുടെ ശരീരം ചലിക്കുന്ന രോമങ്ങളാൽ ആവൃതമാണ്. ചിലർ നീണ്ടമെലിഞ്ഞ പുഴുക്കളെപോലെയിരിക്കുമ്പോൾ മാറ്റു ചിലർ ഉരുണ്ട ഗോളംപോലെയിരിക്കും. സാമാന്യം നല്ല വലിപ്പത്തിൽ സൂക്ഷ്മദർശിനിയിൽക്കൂടി കാണുന്ന ഈ ജീവികൾ നമ്മുടെ ബാഹ്യചക്ഷുസ്സുകൾക്കു വിഷയമല്ലാത്തവിധം സുസൂക്ഷ്മങ്ങളാണെന്ന മനസ്സിലാക്കുന്നതോടെപ്പോഴേ, അവയുടെ സമൂഹസ്ഥിതിയും ലോലമായ ഘടനാവിശേഷവും, ഇവയ്ക്കുള്ള ഉപചയാപചയസമ്പത്തും നമ്മെ അത്ഭുതാധീനരാക്കുന്നു. ഈ ഏകജീവികളുടെ ജീവിതോദ്ദേശം എന്താണ്? അവയുടെ ജീവധാരണത്തിൽ എന്തെങ്കിലും ലക്ഷ്യമുണ്ടോ? അതോ, പ്രകൃതിയെന്ന നാം വിഭാവനചെയ്യുന്ന ജീവശക്തിയുടെ അവശിഷ്ടങ്ങൾ ആവിഷ്കരിച്ച ആകൃതിവിശേഷങ്ങളാണോ ഇവ?

ഈദൃശമായ ചോദ്യങ്ങൾക്ക് മതിയായ ഉത്തരം കണ്ടുപിടിക്കുന്നത് പ്രയാസമാണ്. അതിനാൽ ഒരുതുള്ളി വെള്ളത്തിൽ പ്രതിഫലിക്കുന്ന ജീവശക്തികളെക്കുറിച്ചുള്ള ഒരു സാമാന്യചിന്തയിലേക്കു നമുക്കു കടക്കാം. അതിൽ ചിലപ്പോൾ സൂക്ഷ്മമായ ചില സസ്യാവശിഷ്ടങ്ങളും, ശൈവലശകലങ്ങളോ കണ്ടെന്നുവരാം. നാം കാണുന്ന ജന്തുക്കളിൽ പലതും ഒന്നുകിൽ അവയിൽ പറ്റിപ്പിടിച്ചോ, അല്ലാത്തപക്ഷം സ്വതന്ത്രമായി അവയുടെ ചുറ്റും സഞ്ചരിക്കുന്നവയോ ആകാം.

നമ്മുടെ ദർശനമണ്ഡലം ചലിക്കുന്ന പൊട്ടകളുടെ ഒരു സമൂഹമായിരിക്കും. കുറച്ചുകഴിഞ്ഞ് ആ ജലബിന്ദുവിൽ ഒരു വലിയ കോളിളക്കം ഉണ്ടാകുന്നു. സൂക്ഷ്മമായ പൊട്ടകൾ എല്ലാം ഒരു ശക്തിയായ ചുഴിയിൽ അകപ്പെട്ടതുപോലെ ഒരുഭാഗത്തേക്കൊഴുകുന്നതുകാണാം. പെട്ടെന്ന് ഈ കോലാഹലത്തിനുള്ള കാരണവും ദൃശ്യമാകും. അതും നോക്കണം, ദീർഘവൃത്താകൃതിയിലുള്ള ഒരു പരന്ന ജന്തു അതിൽ പ്രത്യക്ഷമായുകയാണ്. അയാളെ ഒന്നു സൂക്ഷിച്ചുനോക്കുക. സ്ഥടികനിർമ്മലമായ ശരീരം, അതിനുള്ളിൽ നീട്ടിയുള്ളകംപോലെ ചിലതു തെളിഞ്ഞുകാണുന്നുണ്ട്. ഒരു ശക്തിയായ ജലപ്രവാഹം ആ ശരീരത്തിന്റെ ഒരുഭാഗം ഉരുമ്മിപ്പോകുന്നതു കാണാം. അതാ, അവൻ സഞ്ചരിക്കുമ്പോൾ നീളംകുറഞ്ഞ അനവധി രോമങ്ങൾ ക്രമാനുസൃതമായി വളരെ വേഗം ചലിക്കുന്നുണ്ട്. അവയുടെ ചലനംകൊണ്ടാണ് ഈ ജലപ്രവാഹം ഉണ്ടാകുന്നത്. ശരീരത്തിന്റെ മദ്ധ്യഭാഗത്തായി വിസ്തൃതമായി കാണുന്നതാണ് അതിന്റെ വായ്. ആഹാരപദാർത്ഥങ്ങളെയും വഹിച്ചുകൊണ്ടു ആ ജലപ്രവാഹം അവസാനിക്കുന്നതവിടെയാണ്. ആ കപ്പാടെ അതിനെ കണ്ടാൽ ഒരു ചെരുപ്പിന്റെ ആകൃതിതോന്നിക്കും. ഇതിനെ "പാരമേസിയം" എന്നാണ് വിളിക്കുന്നത്. ചീഞ്ഞ സസ്യശകലങ്ങൾ അടങ്ങിയിരിക്കുന്ന കുളങ്ങളിൽ ഇതിനെ ധാരാളമായിക്കാണാം. ഒരുതുള്ളിവെള്ളത്തിൽ അവയുടെ കാങ്ങിക്കാങ്ങിയുള്ള ഓട്ടവും, കൂടെ കൂടെ അന്യോന്യം കൂട്ടിമുട്ടുമ്പോൾ പെട്ടെന്നു പിൻപോട്ടുള്ള ഗമനവും രസാവഹമായ കാഴ്ചകളാണ്.

ഇനിയും ഇതുപോലെ സഞ്ചരിക്കുന്ന മറ്റൊരുതരം ജീവിയുണ്ട്. കണ്ടാൽ വീപ്പപോലെയിരിക്കും. ആകൃതിയ്ക്കനുയോജ്യമായി "ബാരൽ അനിമൽകൂൾ" എന്നാണിതിനെ വിളിക്കുന്നത്. ഈ വീപ്പയിൽ ചതുരശ്രാകൃതിയിലുള്ള അനവധി രന്ധ്രങ്ങളും, രണ്ടഗ്രങ്ങളിലും ലോലമായ രോമങ്ങളും ഉണ്ട്. ഈ രോമങ്ങളുടെ ചലനത്താൽ ഒരു വീപ്പകണക്കെ ഇതു ഉരുണ്ടുരുണ്ടു സഞ്ചരിക്കുന്നു.


ചിലകാലങ്ങളിൽ കുളങ്ങളിലെ വെള്ളത്തിനു പച്ചനിറം വരുന്നതു നാം കാണാറുണ്ടല്ലോ. എന്താണീ നിറത്തിനു കാരണം? ഒരു സ്ഥടികപാത്രത്തിൽ കുറച്ചുവെള്ളംകോരി പരിശോധിച്ചാൽ അതിൽ അനേകമായിരം ഹരിതകരേണുക്കൾ അടങ്ങിയിരിക്കുന്നതുകാണാം. ഇതിൽ ഒരുതുള്ളിവെള്ളം സൂക്ഷ്മദർശിനിയിൽക്കൂടി പരിശോധിച്ചാൽ, ഓരോ ഹരിതകരേണുവും സഞ്ചരിക്കുന്ന ഓരോ ഗോളമാണെന്നു മനസ്സിലാകും. ഇതിൽകൂടി ഈ രേണുക്കളുടെ അത്ഭുതകരമായ ഘടന സുവ്യക്തമായി കാണാം. ഒരു ഗോളത്തിൽതന്നെ, ലോലമായ നിമ്നതന്തുക്കളാൽ അന്യോന്യം ബന്ധിക്കപ്പെട്ട അനേകം പച്ചപ്പൊട്ടുകൾ ഉണ്ട്. ഓരോ പച്ചപ്പൊട്ടിനും ഈ രണ്ടു വാലുകളും ഉണ്ടായിരിക്കും. ഈ വാലുകൾ ചുഴറ്റിയാണ് ഗോളം സഞ്ചരിക്കുന്നതു. ചില ഗോളങ്ങളുടെ ഉള്ളിൽതന്നെ ചിലപ്പോൾ ഒന്നിലധികം ഗ്രാസഗോളങ്ങളും ഉരുണ്ടുരുണ്ടു കളിക്കുന്നതു കാണാം. ഇവ ശിശുഗോളങ്ങളാണ്. അവയ്ക്കു പൂർണ്ണവളർച്ചയാകുമ്പോൾ മാതൃഗോളം പൊട്ടി ശിശുക്കളെ മോചിപ്പിക്കുന്നു. ഇങ്ങനെതിരിയുള്ള ഗോളജീവികൾക്കാണ് "വോൾവോക്സ്" എന്ന പറയുന്നതു. ഒറ്റനോട്ടത്തിൽ "വോൾവോക്സ്" ഒരേകജീവിയാണെന്നു തോന്നിപ്പോകും. എന്നാൽ പരമാർത്ഥം നേരേ മറിച്ചാണ്. ഓരോ പച്ചപ്പൊട്ടും ഓരോ സ്വതന്ത്രജീവിയാണ്. സൗകര്യത്തിനു അവ ഒരുമിച്ചുചേർന്ന് ഒരു സുഖമായി സഞ്ചരിക്കുന്നെന്നുമാത്രം. ഉടഞ്ഞ ഗോളത്തിലെ ഓരോ വ്യക്തിയും സ്വതന്ത്രമായി ജീവിക്കുവാൻ തികച്ചും പ്രാപ്തരാണ്.


സ്വതന്ത്രമായി സഞ്ചരിക്കുന്ന ഈ ജന്തുക്കളെക്കാൾ വളരെ മനോഹരവും രസാവഹവുമായ അനവധി ജീവികൾ ജലജസസ്യങ്ങളിൽ പറ്റിപ്പിടിച്ചു വളരുന്നുണ്ട്.

ഒരു കുളത്തിൽനിന്നും കുറച്ചു സസ്യാംശം എടുത്തു സൂക്ഷ്മമായി പരിശോധിച്ചാൽ, അതിൽ ചാരനിറത്തിൽ പൂപ്പുപോലെ ഏതോ പറ്റിപ്പിടിച്ചിരിക്കുന്നതുകാണാം. ഈ പൂപ്പെന്താണെന്നു നമുക്കു നോക്കാം. അതിൽ ഒരംശത്തെ സൂക്ഷ്മദർശിനിയിൽക്കൂടി പരിശോധിക്കുക. ആകൃതിയിലും വളർച്ചരീതിയിലും അതു ഒരു സസ്യസമൂഹമാണെന്നു പ്രഥമവീക്ഷണത്തിൽ തോന്നിപ്പോകും. പക്ഷെ, അവ സസ്യങ്ങളെപ്പോലെ നിശ്ചലമായി നിൽക്കുകയല്ല ചെയ്യുന്നതു. അതും നോക്കണം. അവ വളരെ ഉത്സാഹപൂർവ്വമായി ചലിക്കുന്നുണ്ട്. ആകൃതിയും വളരെ വിശേഷമാണ്. കോളാമ്പിപൂപോലെയുള്ള ഒരു ശിരസ്സ്. അതോടുചേർന്ന് ഒരു നീണ്ട ചരടുപോലെയുള്ള പാദം. ഈ പാദത്തിൽ ഉറച്ചുനിന്നുകൊണ്ടു അതു ആന്ദോളനംചെയ്കയാണ്. സ്ഥടികനിർമ്മലമായ ശരീരം. വിശാലമായ വദനപാർശ്വങ്ങളിൽ അനവധി രോമങ്ങളും ഉണ്ട്. അവ നിരന്തരമായി ചലിച്ചുകൊണ്ടിരിക്കുന്നതു. ഈ ചലനം ജലത്തിൽ ഒരു ചെറിയ ചുഴി സൃഷ്ടിച്ച് അതിനെ വായിലേയ്ക്കാകർഷിക്കുന്നു. മേശപ്പുറത്തു കൈകൊണ്ടു ചെറുതായൊന്നു തട്ടുക. പെട്ടെന്നു നമ്മുടെ കോളാമ്പിയുടെ സകല ഊർജ്ജസ്വലതയും നശിക്കും. വിടർന്ന പുഷ്പംപോലെ മനോഹരമായ വദനബിംബം ഒരു ഗോളംപോലെ ക്രമിപ്പോകുന്നു. പോരെങ്കിൽ ആ നീണ്ട പാദം ഒരു പ്രഹരമേറ്റതുപോലെ ചുരുണ്ട് സ്പ്രിംഗുപോലെ ആയിത്തീരും. എന്നാൽ, അല്പസമയത്തിനുള്ളിൽ ചുരുൾ നിവർന്ന്, വദനം വികസിച്ച്, അതു വീണ്ടും പ്രവൃത്തിനിരതമായിത്തീരുന്നു. "വോർട്ടിസെല്ലാ" എന്നാണിതിന്റെ പേർ.

"വോർട്ടിസെല്ലാ" എല്ലായ്പോഴും നിശ്ചലമായി ഒരിടത്തുതന്നെ നിൽക്കുകയില്ല. അതിന്റെ വർദ്ധനവു നടക്കുന്നതു വ്യക്തിവിഭജനംകൊണ്ടാണ്. അങ്ങിനെയുണ്ടാകുന്ന ശിശുക്കൾ രണ്ടഗ്രങ്ങളിലും രോമങ്ങൾ വളർത്തി, മാതാവിൽനിന്നും വേർപെട്ട് സ്വതന്ത്രമായി നീന്തിപ്പോകുന്നു. ഇവ മറ്റൊരിടത്തെയെങ്കിലും ചെന്നടിഞ്ഞ് ഒരു പുതിയ സമൂഹത്തിനു ബീജാവാപംചെയ്യുന്നു.

സൂക്ഷ്മദർശിനി വ്യക്തമാക്കുന്ന അനേകം ഗ്രാസജീവികളിൽ ഏറ്റവും മനോഹരമാണ് "റോട്ടിഫർ" വേർവിവരിച്ച ജന്തുക്കളെക്കാൾ ഘടനാപരമായി റോട്ടിഫർ വളരെയധികം പുരോഗമിച്ചിട്ടുണ്ട്. ഈ ജന്തുവർഗ്ഗത്തിൽ മിന്നുപ്രകൃതികളായ ഒട്ടനവധി അംഗങ്ങളും ഉണ്ട്. പക്ഷെ, അവയ്ക്കെല്ലാം നിശ്ചിതമായ ഒരു വദനവും ഒരുജോടി അന്നകളും, ഇന്ദ്രിയമുപകരണങ്ങളും





കൊല്ലം ശ്രീനാരായണഗുരുവിന്റെ പ്രദർശനത്തിൽ നാഷനൽ പ്ലാനിംഗ് കമ്മിഷന്റെ വക സ്റ്റാൾ. സ്റ്റാളിലെ പ്രദർശനവസ്തുക്കൾ സ്റ്റാൾ ചുമതലക്കാരനായ മി: സത്യപാൽ ഇടയ്ക്കിടയ്ക്ക് വിശദീകരിച്ചുകൊടുക്കുന്നു. രണ്ടാമത്തെ ചിത്രം സ്റ്റാളിലെ ഒരു സന്ദർശകനു് പ്ലാനിംഗ് പദ്ധതിയുടെ പുരോഗതിയെപ്പറ്റി വിശദീകരിച്ചുകൊടുക്കുന്നതാണു്. സ്റ്റാൾ വൈകുന്നേരം ഒരു മണിക്കൂർ സമയം നാഷനൽ പ്ലാനിംഗ് പദ്ധതിയെപ്പറ്റി ഫിലിം പ്രദർശനവും നടക്കുന്നുണ്ടു്.

ന്തരാവയവങ്ങളും പ്രത്യക്ഷമായി കാണാവുന്നതാണു്. വാലിന്റെ അഗ്രഭാഗം ഞണ്ടുകാണുന്ന പരിഭ്രമംകൊണ്ടു് റോട്ടിഫർ ജലജ സസ്യങ്ങളുടെയോ, മറ്റേതെങ്കിലും വസ്തുക്കളിലോ അള്ളിപ്പിടിച്ചുനിൽക്കുന്നു. ശിരസ്സിൽ രണ്ടു മൂന്നു വരി രോമങ്ങളും കാണുന്നതു് നിരന്തരമായി ചുഴറ്റിക്കൊണ്ടിരിക്കും. "റോട്ടിഫർ" അഥവാ "ചക്രധാരി" എന്നു ഇതിനു പേരുവരാനുള്ള കാരണവും ഇതുതന്നെ. ചക്രധാരികളിൽ പലതും സ്വതന്ത്ര സഞ്ചാരികളാണു്. എന്നാൽ ജീവിതത്തിൽ ഏറിയഭാഗവും ഒരു സ്ഥിര ഭവനത്തിൽ കഴിഞ്ഞുകൂട്ടുന്നവരുമുണ്ടു്. "പബ്ലിക് ബിൽഡേഴ്സ്" അഥവാ "കെട്ടുന്നിക്കാർ" ഇവരിൽ ഉൾപ്പെട്ടതാണു്.

ചിലപ്പോൾ മനോഹരമായ ചെറിയ കുഴലുകൾ ഇലകളിൽ ഒട്ടിയിരിക്കുന്നതു കാണാം. ആദ്യം അവ ശൂന്യമാണെന്നതോന്നും. ഭിത്തിയിൽ ഇഷ്ടിക അടുക്കിയിരിക്കുന്നരീതിയിൽ അനേകം ഏകസദൃശകങ്ങൾ കൊണ്ടാണു് ഈ കുഴൽ നിർമ്മിച്ചിരിക്കുന്നതു്. കുറച്ചുനേരം ഈ കുഴൽ അനങ്ങാതെ സൂക്ഷിക്കുക. അപ്പോൾ കാണാം കുഴലിൽനിന്നും ആരോ പുറത്തേക്കുതല പുറത്തേക്കുകാട്ടുന്നു. ആദ്യം ചുണ്ടെലിയുടെ ചെവിപോലെയുള്ള ഏതോ രണ്ടവയവങ്ങൾ വെളിയിൽവരും. അതിന്റെ പിന്നാലെ ഒരു കുഴത്തും. മുഴുവൻ വെളിയിലായിക്കഴിഞ്ഞാൽ ഇതിന്റെ ശിരസ്സു് ഒരു പൂമ്പാറ്റപോലെ വികസിക്കുന്നു. പെട്ടെന്നു് വെള്ളത്തിൽ ഒരു ചലനം ഉണ്ടാകും. വിടർന്നശിരസിനെ ലക്ഷ്യമാക്കി ജല



ഇറാക്കിരാജാവു ഫൈസൽരണ്ടാമന്റെ കിരീടധാരണം സംബന്ധിച്ചുള്ള ഇൻഡ്യൻ പ്രതിനിധിസംഘം യാത്രയ്ക്കായി ഡൽഹി വിമാനത്താവളത്തിൽ. മേയ് 2-നു തീയതിയായിരുന്ന കിരീടധാരണം. വലതുഭാഗത്തു നിൽക്കുന്നതു പ്രതിനിധിസംഘത്തെ നയിക്കുന്ന ഡോ സയ്യദുമുറാദും വലതുനിന്നു മൂന്നാമതു വിദേശകാര്യഡെപ്യൂട്ടിമന്ത്രി ശ്രീ: എം. കെ ചന്ദയുമാണു്. ഇൻഡ്യയിലെ ഇറാക്കുപ്രതിനിധി മുഹമ്മദുസലീം അൽറാദി, ഇൻഡ്യാഗവ. ചീഫ് അഫ് പ്രോട്ടോക്കോൾ എന്നിവരാണു് മറ്റുള്ളവർ.

ത്തിലെ ചെറിയ ഘനപദാർത്ഥങ്ങളും ഒഴുകിത്തുടങ്ങും. ഏതെ, നമ്മുടെ ചക്രധാരി അശനം തുടങ്ങിയിരിക്കയാണു്. മനോഹരമായ ആ ശിരസ്സു് അങ്ങോട്ടുമിങ്ങോട്ടും ആടുന്നുണ്ടു്. ഈ സമയംതന്നെ അവൻ ഭക്ഷിക്കുന്ന ആഹാരങ്ങളും ശേഖരിക്കുന്നുണ്ടു്. അല്പനിമിഷങ്ങൾക്കുശേഷം ശിരസ്സു് മന്ദമന്ദം കീഴ്പ്പോട്ടു വരുന്നു. രണ്ടു ചെറിയ കരങ്ങളും പ്രത്യക്ഷമായി ആഹാരത്തിന്റെ ഇഷ്ടിക പ്രായമായ ത്വക്കും ശത്തെ തന്റെ ഭവനഭിത്തിയുടെമേൽ പ്രതിഷ്ഠിക്കുന്നു.

സൂക്ഷ്മശരീരികളായ ജലജീവികളെപ്പറ്റി ചിന്തിക്കുമ്പോൾ നമുക്കു മറക്കുവാൻപാടില്ലാത്ത ഒരു ജന്തുവാണു് "സൈക്ലോപ്സ്." ഗ്രീക്ക് ഇതിഹാസങ്ങളിൽ ഒരു രാക്ഷസനെക്കുറിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. അയാൾക്കു് ഒരു കണ്ണു മാത്രമേ ഉണ്ടായിരുന്നുള്ളുവത്രേ. പേർ "സൈക്ലോപ്സ്" എന്നും ആയിരുന്നു. നമ്മുടെ സൈക്ലോപ്പിനും ഒരു കണ്ണുമാത്രമേ ഉള്ളതുകൊണ്ടായിരിക്കണം ഇയാൾക്കും ഈ പേർ സിദ്ധിച്ചതു്.

ശിരസ്സിന്റെ മദ്ധ്യഭാഗത്തായി ആ ഒറ്റക്കണ്ണു് ഒരു ചുകന്ന പൊട്ടുപോലെ തെളിഞ്ഞുനിൽക്കും. ദീർഘവൃത്താകൃതിയിലുള്ള ശരീരത്തിന്റെ പിന്നിൽ രണ്ടു വീണ്ടവാലുകളുണ്ടു്. അവയുടെ ഇരുവശങ്ങളിലുമായി ഒരു ജോഡി മുന്തിരിക്കുലകൾ കാണുന്നതു് മുട്ടകൾ ആണു്. മാതാവു സഞ്ചരിക്കുമ്പോഴൊക്കെയും ഈ സഞ്ചികളും കൂടി വഹിച്ചുകൊണ്ടാണു് പോകുന്നതു്.

ജീവിതം ആരംഭിച്ചതു് ജലത്തിലാണെന്നാണു് സങ്കല്പം. ഇപ്പോഴും ജീവന്റെ ലളിതരൂപങ്ങൾ കാണുന്നതും ജലത്തിൽതന്നെയാണു്. അവയ്ക്കു് മറ്റൊരിടത്തും ജീവിക്കുവാൻ സാദ്ധ്യവുമല്ല. കാരണം, ലോലമായ അവയുടെ ശരീരത്തെ താങ്ങുന്നതിനും, പ്രാഥമികമായരീതിയിൽ സഞ്ചരിക്കുന്നതിനും വെള്ളത്തിൽമാത്രമേ സാധിക്കൂ.

★

(13-ാംപേജിൽനിന്നും തുടർച്ച)

ഞാൻ ആ നാട്ടിൽനിന്നും പിരിയുന്നദിവസം, മാതിലരികിൽ മുല്ലവള്ളിയുടെയും, ചെമ്പരത്തിച്ചെടിയുടെയും ഇടയ്ക്കു നിന്നുകൊണ്ട്, മാളികമുകളിൽ നിന്നിരുന്ന എന്റെ മണിയെ അവസാനമായി നോക്കിക്കൊണ്ടിരുന്നപ്പോൾ, ആ കോരിത്തരിക്കുന്ന രോമഹർഷത്തിച്ചെടിയുടെ തൊട്ടടുത്തുള്ള ഒരു ഇരുട്ടുമുറിയിൽ ഒരബോധയായ ബാലിക ഒരന്യനുവേണ്ടി നെടുവീർപ്പിട്ടുകൊണ്ടു കിടക്കുന്നുണ്ടായിരുന്നു.

യാത്രചോദിക്കാൻ കളിചിന്നാരിക്കുളത്തിലേക്കുചെന്ന എന്നോട് അയാൾ കണ്ണീരിനിടയിൽ പറഞ്ഞു:—

'ഒരായിരം പേജുള്ള എഴുത്തയച്ചാലും നിങ്ങൾ തിരിച്ചുവരുകയില്ല'

'ഉം' ഞാനൊന്നുമൂളി.

ആ ഏകാന്തമായ ഇരുട്ടിൽ, നൈസർഗ്ഗികമായ ഏതോ പ്രേരണകൊണ്ട്, ഒരു ചുടുള്ള ചുംബനത്തിനുവേണ്ടി, ആ അധരങ്ങളും പൊട്ടിവിരിഞ്ഞു വിറച്ചിരിക്കുകയില്ലേ?

ബോട്ടിലിരിക്കുമ്പോഴും ഞാനേറ്റു. ഇന്നും അതുപോലെ ഒന്നുകൂടി ഓർക്കുന്നു. ഇനി ഈ ജീവിതത്തിൽ ഇങ്ങനെ എത്രപ്രാവശ്യംകൂടി ഓർക്കുമോ?

വെളിയിൽ ഒരു കാറ്റ് ചൂറിയടിക്കാൻതുടങ്ങിയിരിക്കുന്നു. പൂരപ്പറ പറ്റുന്നു ഇലഞ്ഞിപ്പുക്കളും പൊഴിഞ്ഞുവീഴുന്ന ശബ്ദം എനിക്കു കേൾക്കാം.

അവിടെയിരുന്നുകൊണ്ടുതന്നെ ഞാൻ ജനലിലൂടെ വെളിയിലേക്കു നോക്കി; ആ ശവക്കോട്ടയിലേക്ക്. ആ ശവം എരിഞ്ഞു തീരുകയാണ്. ഇടയ്ക്കിടെ ഒരാളിക്കത്തൽമാത്രം.

കാറ്റിന് ശക്തിപിടിച്ചു വരികയാണ്. ആ ശക്തിയിൽപെട്ട ജനലിന്റെ ഒരു പാളി വലിഞ്ഞടഞ്ഞു. ഞാനൊന്നു ഞെട്ടിപ്പോയി.

വളരെനേരംകൊണ്ട്, നിങ്ങളെന്റെ കഥ കേട്ടുകൊണ്ടിരിക്കുകയാണ്. ഒരുപക്ഷേ മുഷിച്ചിലും തോന്നാം. എങ്കിലും ഒരാളെ എനിക്കു വിസ്തരിക്കാൻവയ്യാ. അതു് ആ വേലക്കാരി കമലാക്ഷിയാണ്. അവളുടെ കഥകൂടിപറഞ്ഞിട്ടു ഞാനിതവസാനിപ്പിച്ചേക്കാം. ഞാനല്പം വേഗം വേഗം പറഞ്ഞുതുടങ്ങുകയാണ്.

ആ വീട്ടിൽ വളരെക്കാലംകൊണ്ടു തമസ്സിക്കുന്നെങ്കിലും, ഞാനാവേലക്കാരിയെക്കുറിച്ചു അതുവരെയും കാര്യമായി ശ്രദ്ധിച്ചിരുന്നില്ല. ഒരുദിവസം മണിയുടെ സഹോദരനാണ്, ആ അല്പം കറുത്ത അധികം സൗന്ദര്യമില്ലാത്ത കമലാക്ഷിയെ എന്നോട് ഇതുവരെ കൂട്ടിച്ചേർത്തത്.

'കമലാക്ഷിയെങ്ങനെയാ' അയാൾ ചോദിച്ചു.

'പാവം പെണ്ണ്'

'അതല്ല'

'പിന്നെ'

'വളയുമോ'

'എനിക്കെങ്ങനറിയാം'

'അതുപോട്ടെ. നിനക്ക.....?'

അയാൾ എനിക്ക് ഒരു സ്നേഹിതനിലുപരിഞ്ഞ ആരോ ഒക്കെയാണ്. കേട്ടും അറിഞ്ഞിട്ടുണ്ട്; എങ്കിലും അയാളുടെ ഇംഗിതമാണ്. നിഷേധിക്കാൻ നിവൃത്തിമില്ല. അയാൾ പറഞ്ഞപോലെ ഞാനേ മാളികമുകളിലെ മുറിയിൽ ചെന്നിരുന്നു.

മുറിയിൽ ഞാനൊറ്റയ്ക്കുണ്ട്. മേശപ്പുറത്തു രാവിലെ അയാൾ ചായകുടിച്ച കപ്പും സ്പൂണും ഉണ്ട്. അതെടുക്കാൻ കമലാക്ഷിയെ അങ്ങോട്ടു പറഞ്ഞയക്കാൻ അയാൾ തയ്യാറായിരിക്കയാണ്. അങ്ങിനെ ഒന്നുരണ്ടു മിനിട്ടിനുള്ളിൽ ആ ആളുമില്ലാത്ത മുറിയിൽ, അവൾ എന്റെ മുമ്പിൽ വന്നുചാടും. ഞാൻ നോക്കണം; അവൾ വളയുമോന്ന്. അതുമതും. അവൾ വളഞ്ഞാൽ അയാൾക്കു നഷ്ടപ്പെട്ട ധൈര്യം തിരിച്ചുകിട്ടും. ആ ധൈര്യം വിചാരിച്ചിരിക്കാതെ നഷ്ടപ്പെട്ടതു കഴിഞ്ഞ രാത്രിയാണ്. കഴിഞ്ഞ രാത്രി പൂജമുറിയിൽവച്ചു അയാളൊരു പകടംചെയ്തു. ഒരു വലിയ അപകടം. ഇതുവലിയ ഒരു പരാജയം അയാൾക്കുണ്ടാകുമെന്നു അയാൾ കരുതിയിരുന്നില്ല. ഒരു കൈവിളക്കിൽ ഒരു തിരിയുംകത്തിച്ച്, അവൾ പൂജമുറിയിൽ വിളക്കുവയ്ക്കാൻ വന്നു. അപ്പോഴാണ് അയാൾ ആ രംഗത്തു പ്രത്യക്ഷപ്പെട്ടതു്. ഒരു തട്ടുകൊണ്ട് ആ കൈവിളക്കിലെ തിരിയണച്ചു. പക്ഷേ, അവൾ അതിലും മിടുക്കിയാണ്. അയാളുടെ പിടിവിടുവിച്ച് ഓടിക്കളഞ്ഞു. അതോടെ അയാൾക്ക് ധൈര്യം നശിച്ചിരിക്കുകയാണ്. അതിനെ ആ അഗ്നിപരീക്ഷ നടത്തണ്ട ദുർബ്ബലൻ എന്റെ തലയിൽവന്നാണീനിരിക്കുന്നു.

ദയ്യോ, ഭൂമിയെന്നു ഞാൻ പറഞ്ഞില്ലേ അതിനു കാരണമുണ്ട്. പലതരത്തിലും അവളെനിക്കൊരുപകാരമാണ്. രാവിലെയും വൈകിട്ടും കട്ടൻചായകുടി, ധാരാളം പാലൊഴിച്ചു ഓരോ നല്ല ചായ കുടിക്കണം. ഇറച്ചുവെള്ളംവേണമെങ്കിൽ ഒന്നു ചൂടാക്കിത്തരും.

ഇതൊന്നുമല്ല, മണിയുമായിട്ടുള്ള എന്റെ ബന്ധത്തിനും, കമലാക്ഷിയുടെ പരോക്ഷമായ സഹായം ലഭിച്ചിട്ടുണ്ട്. ആ വീട്ടിൽ അവളാണാദ്യം ഞങ്ങളുടെ രഹസ്യം കണ്ടുപിടിച്ചതു്.

ഒരിക്കൽ ഉച്ചനേരത്തു മണിയെ ഞാനൊന്നു കൈകാട്ടിവിളിച്ചു. മണിയും അതേമാതിരി എന്നെ അങ്ങോട്ടു ക്ഷണിച്ചു. അങ്ങിനെ ഞങ്ങൾ വിനോദിച്ചുകൊണ്ടിരുന്നു. അതു കമലാക്ഷി കണ്ടുപിടിച്ചു. ആ കാഴ്ചയിൽ അവൾക്കും ഒരു രസംതോന്നിയിരിക്കണം. അവൾ എന്നോടു പറഞ്ഞു:—

"ആളു് ഞാൻ വിചാരിച്ചപോലല്ലല്ലോ.'

'നീയെന്തു വിചാരിച്ചിരുന്നു'

'ഒരു പാവമാണെന്ന്'

'അല്ലെന്നാരുപറയുന്നു.'

'ഞാനൊന്നും കണ്ടില്ലെന്നാഭാവം'

അങ്ങിനെ കമലാക്ഷിയും ഞങ്ങളുടെ കഥയിലെ ഒരു ഘടകമായി.

ജനൽകമ്പികളിൽപിടിച്ച്, അതു മിനുപറഞ്ഞു് ഞങ്ങൾ സമയംകഴിച്ചിട്ടുള്ള പല രാത്രികളിലും, കമലാക്ഷി ഉണർന്നുകിടന്നു അതെല്ലാം കണ്ടും കേട്ടും അറിഞ്ഞിട്ടുണ്ട്; എങ്കിലും അവൾ ഞങ്ങളെ സഹായിക്കയല്ലാതെ ഉപദ്രവിക്കാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. ഒരിക്കൽ അവളെന്നെ സഹായിച്ചതെങ്ങിനെയാണെന്നോ.

'ഇപ്പോൾ നല്ല സമയം'

'എന്തിനു''

'കാണാൻ'

'ആര'

'ചല്ലവരെയും കാണണമെന്നൊന്നെങ്കിൽ.'

'എനിക്കാരെയും കാണാനില്ലല്ലോ'

'ഇനിയും എത്രനിങ്ങനൊളിക്കണം. കൊച്ചമ്മ ഒറങ്ങുവാ. മാളികേടെ തഴത്തെ മുറിലൊണ്ട്. ഏതാ വേണ്ടതുവച്ചാ.'

അവളുടെ സഹായങ്ങളും ഇവിടെയും തീരുന്നില്ല. ചിലപ്പോൾ പറയും:—'ഇന്നു മണിയമ്മ തന്നത്താനിരുന്നു കരയുന്നതുകണ്ടു.' പിന്നെരിക്കൽ അവൾ പായുന്നതിനായിരിക്കും: 'ഇന്നു മണിയമ്മ ഉണ്ടില്ല. തലവേദനയാണെംപറഞ്ഞു കൊടുക്കുവാ. ഒന്നു പോയി നൊറി തടവിക്കൊടുക്കരുതോ!

ഇതു നല്ല കമലാക്ഷിയുടെ പുറത്തു ആ അഗ്നിപരീക്ഷ നടത്തണമെന്നാണ് ഞാൻ ആകാംക്ഷയോടെ കുത്തിയിരിക്കുന്നതു്. അവൾ വളയുമോന്നു നോക്കണം. ആത്മാഭിമാനതുല്യം സ്നേഹിക്കുന്ന ഒരു പങ്കാളിയുടെ ആവശ്യമാണ്. ഉപേക്ഷിക്കണമെന്നുവയ്യാ.

കോവേണിപ്പടിയിൽ ആരോ കയറുന്നു. അവൾതന്നെ. ഞാനെന്നോടായൊട്ടെന്തു. കുറെ ശക്തിയുംസംഭരിക്കണം.

എനിക്കു വേണ്ടത്ര ശക്തി മുഴുവനായിട്ടില്ല. അപ്പോഴേക്കും അവൾ വന്നുകഴിഞ്ഞു. കമലാക്ഷി വിചാരിച്ചിരുന്നില്ല, അവിടെ ആണുങ്ങളാരെങ്കിലുമുണ്ടായിരിക്കുമെന്ന്; അവളൊന്നു പകച്ചുപോയി. പക്ഷേ; അതൊരല്പനേരത്തേക്ക്. അവൾക്കെന്നെ വിശ്വാസമുണ്ട്; അവൾക്കെന്നും ചിരിക്കുന്നു. ചിരിയെന്നുപറഞ്ഞാൽ മതിയാവുന്നില്ല, ഒരു മന്ദഹാസമന്ദഹാസം. നിങ്ങൾക്കു മനസ്സിലാവുന്നില്ലേ അതെങ്ങനെയിരിക്കുമെന്ന്.

'അവൾ വളയുമോ.'

ഞാൻ അസാധാരണമായി അവളെയൊന്നുനോക്കി. പക്ഷേ, കമലാക്ഷിക്കു കുലുക്കമില്ല. അവൾക്കെന്നെ വിശ്വാസമാണ്; പരിപൂർണ്ണമായ വിശ്വാസം. എന്റെ പരീക്ഷ തീർന്നു.

'നീയെന്തിനാ വന്നേ'

'പാത്രമെടുക്കാൻ.'

'എന്നാൽ എടുത്തോണ്ടു പോവുന്നതാ.'

'ഞാൻ പൊയ്ക്കോളാമപ്പനെ. പക്ഷേ, ഇപ്പം കാണണമെന്നെങ്കിൽ തളത്തിൽചെല്ല്'; അവിടിരുന്നു തയ്യുവാ.'

അവൾ പോയി.

'അവളൊരുപുലിയാ. അടുക്കാൻ പറ്റുള്ളുകേട്ടോ.' ഞാൻ എന്റെ പകുതിയെ സമാധാനിപ്പിച്ചു.

ഞാൻ പറയാൻവന്ന സംഭവമിതല്ല. അതിനുശേഷം വളരെ ദിവസങ്ങൾ കഴിഞ്ഞിട്ടുണ്ട്.

രണ്ടാമത്തെ സന്ദർശനത്തിനാണ് ഞാൻ മുറിയിലെത്തിയതു്. സ്വിച്ചിട്ട് വിളക്കുതെളിച്ചു വസ്ത്രം മാറിക്കൊണ്ടിരിക്കുമ്പോഴുണ്ട്, കമലാക്ഷി വാതുക്കൽ.

'ചോറുവേണോ'

'ഞാൻ കഴിച്ചു.'

അത്താഴപ്പട്ടിണിക്കിടക്കണ്ട. ചോറെടുത്തുവച്ചിട്ടുണ്ട്.

'എനിക്കു വിശപ്പില്ല.'

'എങ്കിൽ പാലുകൊണ്ടുവരാം. ഞാൻ കൊറെ കാണാതെടുത്തുവച്ചിട്ടുണ്ട്..

'നീയിതുവരെ ഉറങ്ങിയില്ലേ'

'ഉറങ്ങി. പൊകുകണ്ടാണ്ടു വന്നതാ.'

'ആരെങ്കിലും കണ്ടിരുന്നെങ്കിലോ.'

'മണിയമ്മയൊറങ്ങുവാ. ഞാനൊച്ചയുണ്ടാക്കാതെരങ്ങിപ്പോന്നു. പാലുകൊണ്ടുവരട്ടെ'

എന്റെസമ്മതത്തിനു കാത്തുനിൽക്കാതെതന്നെ അവൾപോയി. ഞാൻ വിളിക്കണ്ടെച്ചു. പ്രകാശത്തിൽ ആരെങ്കിലും ഞങ്ങളെ അവിടെ ഒന്നിച്ചു കണ്ടാൽ!

അവൾ പാലുംകൊണ്ടുവന്നു. അതുവാങ്ങുമ്പോൾ അകാരണമായി എന്റെ കൈവിറയ്ക്കുന്നു.

'കൈയെന്താ വിറയ്ക്കുന്നേ' അവൾ അതു ശ്രദ്ധിക്കുകയുംചെയ്തു. ഗ്ലാസ് മടക്കിക്കൊടുത്തിട്ടും അവൾ പോകുന്നില്ല. ഭിത്തിയോടുചേർന്നു നിൽക്കുകയാണ്.

'നീയെന്താ പോകാത്തേ'

'ഞാൻ പോയിട്ടെന്തുവേണം.'

'നിനക്കുറങ്ങണ്ടേ.'

'ഉറക്കംവരുന്നില്ല..

അവൾ അല്പംകൂടി ചുവരോടുചേർന്നിന്നു. എന്റെ മുമ്പിൽ ആദ്യമായിട്ടാണവൾ ഇങ്ങിച്ചെന്നും തോന്നുന്നു. അപ്പോഴാണെനിക്കു കുറുത്തകേട്ടതോന്നിയതു്.

അവളുടെമുഖത്തും പൌഡറിന്റെ മണം!

'നിനക്കീ പൌഡറെവിടുന്നുകിട്ടി.'

'മണിയമ്മേടെയാ.'

'മണിയമ്മ തന്നതാണോ.'

'ഞാൻ കാണാതെടുത്തു.'

നല്ല മണമുള്ള പൌഡർ; അതും എന്റെ മണിയുടേതു്; അവൾ ദിവസവും മുഖത്തുപൂശുന്നതു്; ആ പൌഡറിന്റെമണത്തിനു് വല്ലാത്ത വശീകരണശക്തി

എന്റെ മുഖം അവളുടെ മാറിലും അമർന്നു. ഞാനവിടെയും നിന്നില്ല. പക്ഷേ അവളെന്നെ തടഞ്ഞു.

'അതുമതും വേണ്ടാ.'

'എന്താ'

'അതൊക്കെ എന്റെ കല്യാണംകഴിഞ്ഞിട്ട്.'

'നിന്റെകല്യാണം എന്നാ.

'ഒരുപക്ഷേ, അടുത്തമാസത്തി'

'ആളു് ആരാ'

'കിഷ്ണപിള്ള'

'അതിവയ്പുകാരനോ'

'അതേ'.

'നിനക്കയാളെ പിടിച്ചോ'

'ഇല്ല'.

'പിന്നെ'.

'കൊച്ചമ്മയ്ക്ക് പിടിച്ചു'

'നിൻറമ്മയ്ക്കും'

'ഇവിടുത്തെ കൊച്ചമ്മയ്ക്കിഷ്ടമാണെങ്കിൽ, അമ്മയ്ക്കും ഇഷ്ടമാണെന്നു പറഞ്ഞു.'

ആ നല്ല അനുകമ്പയുള്ള കമലാക്ഷി ഒരു മൊരട്ട മെണ്ണയുടെ അച്ചിയാവാൻ പോകയാണോ? എനിക്കൊരു മരവിപ്പുപോലെ.

'എന്നാ നീപോ.'

'എനിക്കിവിടെ നിൽക്കുകേം.'

'എന്തിനാ വെറുതേ നിക്കണേ.'

'നമുക്ക് വല്ലോം പറഞ്ഞോണ്ടിരിക്കാം.'

'ഇനി എല്ലാം നിൻറെ കല്യാണം കഴിഞ്ഞു'.'

പക്ഷേ, ആ കല്യാണം ഒരിക്കലും കഴിഞ്ഞില്ല. അവൾക്കു പറഞ്ഞുതീർക്കാനുണ്ടായിരുന്നതു് പറഞ്ഞുമില്ല. നിങ്ങൾ ഞെട്ടരുതു്. അവളുടെ കല്യാണത്തിൻറെ തലേദിവസം രാത്രി ഒരു പാമ്പുകടിച്ചു്, അവൾ മരിച്ചു.

ഞാൻ കാണുമ്പോൾ, ആ ശരീരം ഒരു വെള്ളത്തുണിയിൽമൂടി, വെളിക്കതിണ്ണയിൽ കിടത്തിയിരുന്നു. മരവിച്ചു തണുത്തുപോയ അവളുടെ ചുണ്ടുകൾ അപ്പോഴും വിടർന്നതന്നെയിരുന്നു. ആ ചുണ്ടുകളിൽനിന്നെന്നെയുണ്ടായി, അവിടെത്തന്നെ നിന്നുറഞ്ഞു്, ഉണങ്ങിപ്പോയ ഒരു ദാഹത്തിൻറെ വരൾച്ചയും പൂട്ടും എനിക്കു സങ്കല്പിക്കാൻ കഴിയുമായിരുന്നു. തണുത്തുമരിയ്ക്കുന്ന അവസ്ഥയിലും, ആ ശരീരം കൊടുത്തുതീർക്കേണ്ടുള്ള കടങ്ങളെക്കുറിച്ചു്, ഓർത്തു് ക്ലേശിക്കുന്നുണ്ടെന്നു് എനിക്കുതോന്നി. സാധിക്കപ്പെടാത്ത ആശകളേയും, തകർന്നുപോയ സങ്കല്പങ്ങളേയും കുറിച്ചോർത്തു് ഉഴറി ആ ആത്മാവു് ആ തണുത്തുമരിയ ശരീരത്തിനു ചുറ്റും വലയം ചെയ്യുകൊണ്ടിരിക്കുന്നുണ്ടായിരിക്കും എന്നു് എന്നോടു് ആരോ പറഞ്ഞപോലെയും എനിക്കു തോന്നി.

അതു ശരിയായിരിക്കാം. സാധിക്കപ്പെടാത്ത ആശകളുടെ? അവയ്ക്കു ജീവനുണ്ടു്; ഒരു പിടപ്പും. ആ പിടപ്പു് നിങ്ങൾക്കു് നിങ്ങളുടെ ഹൃദയത്തിൽ കേൾക്കാം. അതു് നിങ്ങളുടെ തലച്ചോറിൽ മുഴങ്ങിക്കൊണ്ടിരിക്കും.

പറഞ്ഞില്ലേ, ആശകൾക്കു ജീവനുണ്ടെന്നു്. അവയുടെ കഴുത്തു ഞെരിച്ചാൽ രക്തംചാടും; ജീവൻറെ പൂട്ടും, നിറവും മണവുമുള്ളരക്തം.

പക്ഷേ, ഈ ആശകൾ ഞങ്ങൾക്കുമാത്രമേ ഉണ്ടായിരുന്നുള്ളോ? ഹൃദയത്തിനു് ഹൃദയത്തിനോടും. ശരീരത്തിനു് ശരീരത്തിനോടും തോന്നിയിരുന്ന ആശകൾ ഞങ്ങളുടെ ഈ അഞ്ചുഹൃദയങ്ങളിൽമാത്രമേ ഉണ്ടായിരുന്നുള്ളൂ?

ഞങ്ങളുടെ ഹൃദയങ്ങൾ തന്നെ, ഒന്നു് ഒന്നിനോടും, ഒന്നു് പലതിനോടും, പലതു് ഒന്നിനോടും പരസ്പരം കെട്ടിപ്പിണഞ്ഞു് കിടക്കുകയല്ലേ?

എനിക്കതന്നെ ഇനിയും വേറെ ബന്ധങ്ങളില്ലേ? എന്നേപ്പോലതന്നെ, ഈ നാലുഹൃദയങ്ങൾക്കും, ഇനി എത്രയെത്ര ഹൃദയങ്ങളോടും ശരീരങ്ങളോടും ബന്ധം കാണുകയില്ല അങ്ങനെ ഈ പ്രപഞ്ചം മുഴുവൻ ഹൃദയങ്ങൾ ഹൃദയങ്ങളോടും, ശരീരങ്ങൾ ശരീരങ്ങളോടും, കെട്ടിപ്പിണഞ്ഞു് ഒരു നൂലാമാല പോലെ കിടക്കുകയല്ലേ?

ഈ നൂലാമാലയുടെ അന്തമെവിടെ? ആ ശവക്കോട്ടയിലോ? ആ ശവക്കോട്ടയിൽ കിടക്കുന്ന ഓരോ ശവത്തിനേയും വിളിച്ചുണർത്തി ചോദിച്ചാൽ അറിയാം പലതും പറയൻ കാണുകയില്ല?

ഞാനെന്തുകൊണ്ടു്, അകാരണമായി ഞെട്ടുന്നു! എൻറെ നിശ്വാസങ്ങൾ എന്തുകൊണ്ടിത്ര ഭീർഘമായിരിക്കുന്നു? പിന്നെ ഈ പൂട്ടു്!

ഈ മുറി മുഴുവൻ പൂട്ടുള്ള നിശ്വാസങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നപോലെ.

എത്രയെത്ര നാലുകെട്ടുകളിൽ, നാലുവശവും ഭിത്തികൾകൊണ്ടു മറയ്ക്കപ്പെട്ട ഇടുങ്ങിയ മുറികളിൽ, കനത്ത മതിലുള്ള ജയിലുകളിൽ, സ്ത്രീകളിൽ, കന്യാസ്ത്രീമഠങ്ങളിൽ എത്രയായിരം ശക്തിയുള്ള ശ്വാസകോശങ്ങളിൽനിന്നു ഇതിലും പല എത്രയെത്ര ഭീർഘനിശ്വാസങ്ങൾ ഈ സമയത്തു ഉയരുന്നുണ്ടായിരിക്കാം!

എനിക്കു ശ്വാസംമുട്ടുന്നതുപോലെ. ഞാനെഴുന്നേറ്റു ജനൽ തുറന്നു. വെളിയിൽ കാറ്റു ശമിച്ചിരിക്കുന്നു. കഴിഞ്ഞുപോയ കാറ്റിൽ അടർന്നുവീണ ഒരിലത്തുമ്പിക്കുപ്പു് പരസഹസ്രം പൂക്കളേയുംപേറി വെളിയിൽ കിടപ്പുണ്ടു്.

ഞാൻ ആ ശവക്കോട്ടയിലേയ്ക്കു നോക്കി. ആ പുതിയ ശവം എനിക്കെത്തുങ്ങിക്കഴിഞ്ഞിരിക്കുന്നു. അതിൻറെ പുറത്തു ചാരം വന്നടിഞ്ഞുകൊണ്ടിരിക്കുകയാണു്. ആ ശവത്തിൻറെ ആൾക്കാരും പൊയ്ക്കഴിഞ്ഞു. അകലെനിന്നെങ്ങാനും ഒരു മോങ്ങാൻ ഒരു പട്ടിപോലുമില്ല.

എല്ലാം ശാന്തം!


പ്രേതങ്ങൾപോലെ, ആ ഇല്ലാനില്ലാത്ത മരങ്ങൾമാത്രം അങ്ങുകിഴക്കുണ്ടു്. ആ മരങ്ങൾക്കുമപ്പുറത്തു് ഒരു വെള്ളായംപോലെ. അപ്പോൾ രണ്ടു വെളുത്ത തുമ്പുകൾ ഉയരുന്നു. അവ വളരുന്നു—വളർന്നു വളർന്നു് ആകാശം മുട്ടുന്നു. പിന്നെ ഒരുന്മേഷത്തിൽ ലയിക്കുന്നു.

അതെന്താണാവോ!






യു. എസ്സ്.-ൻറെ പുതിയതരം വിമാനവാഹിനി «ആൻ റിയെറ്റം.» ബ്രിട്ടനും യു. എസ്സും യോജിച്ചു ഡിസൈൽ ചെയ്തിട്ടുള്ളതാണ് ഏറ്റവും ആധുനികമായ ഈ വിമാനവാഹകക്കപ്പൽ.




യു. എസ്. പ്രതിനിധിസംഘം നയിച്ച ശ്രീമതി വിജയലക്ഷ്മിപണ്ഡിറ്റ് വൈറ്റ്ഹൗസിൽ പ്രസിഡൻറ് ഐസൻഹൗവറെ സന്ദർശിക്കുകയുണ്ടായി. വലതുവശം നിൽക്കുന്നതു മി: ഡള്ളസ്സാണ്.







മുകളിൽ—ഇടത്തുനിന്ന് — 1) പ്രസിഡൻറ് രാജേന്ദ്രപ്രസാദ് ഇൻഡ്യൻറെയിൽവേശതവത്സരപ്പുരുഷനം സന്ദർശിക്കുന്നു. റെയിൽവേമന്ത്രി ശ്രീ. ലാൽബഹദൂർ ശാസ്ത്രി, റെയിൽവേബോർഡുചെയർമൻ മി. എഫ്. സി. ബലാചാർ എന്നിവരാണ് അദ്ദേഹത്തിൻറെ ഇടതും വലതും ഭാഗത്തു നിൽക്കുന്നത്. 2) യു. എൻ. ഹെഡ്കപാർട്ടേഴ്സിൽ (ന്യൂയോർക്ക്) വച്ച് ഇൻഡ്യൻപ്രതിനിധിസംഘനേതാവു ശ്രീമതി വിജയലക്ഷ്മി പണ്ഡിറും സഹപ്രവർത്തകരുമായി അനൗപചാരികചർച്ചകളിൽ നടത്തുന്നു. ഇടത്തുനിന്ന് (ക്യാമറാഭിമുഖമായി) ഇറാക്കിലെ അബ്ബുള്ളാമാക്കർ, ഇറാനിലെ അംബാസ്സഡർ നാസ്സറുള്ളാഎൻറസ്സറം, ഡോ: അലി ഗൊളി അർഡലൻ എന്നിവരും, മറുള്ളവർ (ഇടത്തുനിന്ന്) ബമ്മയിലെ ജെയിംസുബാരിംഗ്ടൺ, മിസ്സിസ് പണ്ഡിറും, അഫ്ഘാനിസ്ഥാനിലെ കബൂർ ലുഡിൻ എന്നിവരും. 3) യു. എൻ. പ്രതിനിധികളും തമ്മിലുള്ള അനൗപചാരികസംഭാഷണങ്ങളാണ് പരസ്പരധാരണ പുലർത്തുന്നതിനുപകരിക്കുന്നത്. ശ്രീമതി വിജയലക്ഷ്മിയുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ട് ഇടതുവശം ഇരിക്കുന്നത് അഫ്ഘാൻപ്രതിനിധി ക










ഖീർ ലുഡിൻ ആണു്. ജെയിംസ് ബാരിംഗ്ടൺ, ഡാ: അലിഗൊളി അർഡലൻ (ഇറാൻ) എന്നിവരാണു് മറ്റുള്ളവർ.

താഴെ—ഇടത്തുനിന്നു് — 1) ഇൻഡ്യയും ഇൻഡൊനേഷ്യയും തമ്മിൽ ശാശ്വതമൈത്രിയും സമാധാനവും ഉറപ്പുചെയ്യുന്ന ഒരുടമ്പടി ജക്കർത്തായിൽവച്ചു് മാർച്ചു് 3-നു് ഒപ്പുവയ്ക്കപ്പെട്ടു. ഇൻഡ്യയിലെ കാമൺവെൽത്തു സെക്രട്ടറി B. F. H. B. തയ്യാബ്ജിയും ഇൻഡൊനേഷ്യയുടെ അംബാസ്സഡർ ഡാ: സൊഡർസ്സനോയുമായി മേയ് 1-നു് പ്രസ്തുത ഉടമ്പടി കൈമാറുന്നു. 2) ബ്രിട്ടനിലെ രാജകുടുംബം. "സേവനത്തിനും പ്രയോജനം നൽകുന്നതിനും പരിശീലനം നൽകപ്പെട്ട യുവതി" എന്നാണീ ചിത്രത്തിന്റെ വിവരണം. ചാൾസ് രാജകുമാരനും, ആൻകുമാരിയും, മാതാപിതാക്കളും. 3) കിരീടധാരണഘോഷയാത്ര. എട്ടുകുതിരകളെ കെട്ടിയ രാജകീയരഥം അകമ്പടിസഹിതം വിക്ടോറിയാമെമ്മോറിയലിനുസമീപം ഘോഷയാത്രയായി നീങ്ങുന്നു. 1937 മേയ് 12-നു് ജാഞ്ജു് 6-ാമന്റെ കിരീടധാരണഘോഷയാത്രയുടെ ഒരു ചിത്രം.





അന്ധന്മാർ ഇന്ത്യയിൽ

— വി. എസ്സ്. കുട്ടങ്ങല്ലൂർ —

കാണുള്ളവർക്ക് പിഴയ്ക്കുവാൻ മാർഗ്ഗമില്ല, നമ്മുടെനാട്ടിൽ പിന്നെ കണ്ണില്ലാത്തവനെന്തിനാണ് പറയുന്നത്? കണ്ണുള്ള ദയാലുക്കളുടെ അൻപകന്നാ മസ്സണമായ സഹായഹസ്തം ഒന്നുമാത്രം അവലംബമാക്കിക്കൊണ്ട് ആയിരക്കണക്കിന് അന്ധന്മാർ നമ്മുടെനാട്ടിൽ കഴിഞ്ഞുകൂടുന്നുണ്ട്. ജീവിതം അവർക്കും മറ്റുള്ളവർക്കും ഒരു ഭാരമാണ്.

കണക്കുകളെന്നും പരിപൂർണ്ണമായും വിശ്വസനീയങ്ങളല്ലെങ്കിലും ആകെക്കൂടി ഇരുപതുലക്ഷത്തിലേറെ അന്ധന്മാർ ഇന്ത്യയിലുണ്ടെന്നാണ് കണക്കാക്കുന്നത്. ലോകത്തു് ആകെയുള്ളതിന്റെ അഞ്ചിലൊന്നോ നമ്മുടെ നാട്ടിൽ. ഇതിട്ടം വെളിച്ചവും മറ്റും തിരിച്ചറിയാൻ കഴിയുന്നവരും അതുപോലും അങ്ങുമിങ്ങും നടക്കുന്നതിനുകഴിയുന്നവരും വാസ്തവത്തിൽ അന്ധന്മാർതന്നെയെങ്കിലും കണക്കിൽ പെടാത്തവരാണ്. പെരുവഴിമാത്രം ആശ്രയമാക്കി കഴിയേണ്ടിവന്നിരിക്കുന്ന നിർഭാഗ്യവാന്മാരായ ഈ സഹോദരീസഹോദരന്മാർ കാഴ്ചശക്തിയില്ലെന്നതൊഴിച്ചാൽ മറ്റു മനുഷ്യരെപ്പോലെതന്നെ കഴിവും ബുദ്ധിശക്തിയുമുള്ളവരാണെന്നതാണ്.

വേണ്ടത്ര പരിശീലനവും അനുകൂലമായ സാഹചര്യങ്ങളും ലഭിക്കുന്നപക്ഷം അന്ധന്മാർക്കും മറ്റു സമുദായാംഗങ്ങളോടൊപ്പം ജീവിക്കുവാൻ കഴിയുമെന്നതു് ഒരു പരമാർത്ഥമാണ്. മറുനാടുകളിലും ഇന്ത്യയിൽതന്നെയും ഇതു സാധിച്ചിട്ടുണ്ട്. പരിശീലനംലഭിച്ച അന്ധന്മാർക്കു പ്രത്യേകകേന്ദ്രങ്ങളിലോ അല്ലെങ്കിൽ സാധാരണ വ്യവസായസ്ഥാപനങ്ങളിലോ മാനസമായി പ്രവർത്തിയെടുത്തു കഴിയുന്നതിനു ബുദ്ധിമുട്ടില്ല.

അന്ധന്മാരിൽ പലരും അസാധാരണതലങ്ങൾ കൈവരിക്കുന്നുണ്ട്. പരമകാരുണികനായ ദൈവം കാഴ്ചശക്തിയില്ലാത്തവർക്ക് മറ്റുശക്തികൾ കുറെയേറെ ദാനംചെയ്തിട്ടുണ്ടെന്നാണ് സാധാരണവിശ്വാസം. അതെത്രമാത്രം പരമാർത്ഥമാണെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അവർക്ക് യാതൊരസാധാരണശക്തികളും ദൈവം നൽകിയിട്ടില്ലെന്നും കാഴ്ചശക്തിമാത്രമില്ലാത്ത സാധാരണക്കാർ മാത്രമാണ് അന്ധന്മാർ എന്നുമാണ് അവരുമായി കൂടുതൽ ഇടപെട്ടിട്ടുള്ളവർ അഭിപ്രായപ്പെടുന്നതും. കാഴ്ചശക്തിക്കുപുറമേ ശ്രവണശക്തിയും ചിലപ്പോൾ സ്പർശനശക്തിയും അവർക്ക് കൂടുവായി കാണുന്നുണ്ടത്രേ.

അതുയേറെ ഏളുപ്പമുള്ള കാര്യമല്ല, അന്ധന്മാർക്ക് വിദ്യാഭ്യാസവും തൊഴിൽപരിശീലനവുംനൽകി, അവരെ സാധാരണസമുദായവുമായി കൂട്ടിയിണക്കുകയെന്നുള്ളതു്. ഇന്ത്യയിൽതന്നെ അങ്ങിങ്ങു വ്യക്തിപരമായും സ്ഥാപനങ്ങളുടെ വകയായുംമറ്റും ഈവകശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും പലകാരണങ്ങളാലും അവയെല്ലാം വൻകടലിലെ ജലകണങ്ങൾപോലെ ശോഷിക്കുന്നതേയുള്ളൂ.

ഒന്നുമതിയായി, അവിടവിടെ ചിന്നിച്ചിതറിക്കിടക്കുന്ന ഉദ്യാരണശ്രമങ്ങളെ കേന്ദ്രീകരിക്കേണ്ടതാവശ്യമാണ്. ഈയിടെ ബോംബെയിൽ ശ്രീ പമ്മെട്ടത്തിട്ടുള്ള നാഷനൽഅസ്സോസിയേഷൻ ഫോർബ്ലൈൻഡ് (N. A. B.) എന്ന സംഘടന ആശാസ്യമായ ഒന്നാണ്. നാട്ടിന്റെ നാനാഭാഗത്തായി ഒന്നിനൊന്നുബന്ധപ്പെടാതെകിടക്കുന്ന അന്ധദുരിതനിവാരണശ്രമങ്ങളെ സുശക്തമായി കേന്ദ്രീകരിക്കുന്നതിൽനിന്നും പലതു നേട്ടങ്ങളും നമുക്കു പ്രതീക്ഷിക്കാം.

പരിശീലനംലഭിച്ച അന്ധന്മാർക്കും തൊഴിൽലഭിക്കുന്നതിനു പ്രയാസമുണ്ടാകാം. തൊഴിൽശാലക്കാർ ആദ്യമൊന്നും അന്ധന്മാരെ ജോലിക്കെടുക്കാൻ സമ്മതിച്ചെന്നുവരില്ല. ഒരുപക്ഷേ കാഴ്ചയുള്ളവരെക്കാൾ കൂടുതൽ ഉല്പാദനശേഷി അന്ധനായ തൊഴിലാളിക്കു കണ്ടേക്കാമെങ്കിലും അങ്ങിനെയൊരു പരീക്ഷണത്തിനു തൊഴിൽശാലക്കാർ മിനക്കെട്ടെന്നുവരില്ല. മറ്റൊരുവഴിക്കും ശ്രദ്ധ വികേന്ദ്രീകരിക്കാത്തതുകൊണ്ടു് അന്ധനായ തൊഴിലാളി കൂടുതൽ കാര്യക്ഷമമായി ജോലിനിർവ്വഹിക്കുമെന്നുള്ളതു് അവിതർക്കിതമാണ്. അന്ധനല്ലാത്ത തുല്യയോഗ്യതയുള്ള ഒരു തൊഴിലാളിക്കു് തൊഴിൽ നഷ്ടപ്പെടാതിരിക്കുന്നിടത്തോളംകാലം അന്ധനായ തൊഴിലാളിക്കു് സ്ഥിരനാംനൽകുവാനും ഒരു പരീക്ഷണം വിജയകരമായി നടത്തുവാനും തൊഴിൽശാലക്കാർ ശ്രമിക്കേണ്ടതാണ്.

അവരവരുടെ വീടുകളിൽവച്ചോ അല്ലെങ്കിൽ പ്രത്യേകകേന്ദ്രങ്ങളിൽവച്ചോ അന്ധന്മാർക്ക് തൊഴിലുനൽകാവുന്നതാണ്. അസംസ്കൃതപദാർത്ഥങ്ങളും സമയാദിച്ചുകൊടുക്കുക, നിർമ്മാണവസ്തുക്കൾക്ക് വിപണി കണ്ടുപിടിക്കുക എന്നിങ്ങനെയുള്ള പ്രശ്നങ്ങളെക്കൂടി അപ്പോൾ നേരിടേണ്ടിവരും. പ്രത്യേകതൊഴിൽകേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതോടെ അന്ധന്മാരുടെ ഒരു ലോകംതന്നെ സൃഷ്ടിക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ടു് അവരെ സമൂഹത്തിന്റെ മുഖ്യധാരയോടു കൂട്ടിയിണക്കുവാനുള്ള ശ്രമങ്ങളോടൊപ്പം അന്ധന്മാരുടേതായ ഒരു ലോകംതന്നെ സൃഷ്ടിക്കുന്നതിനല്ല നാം ശ്രമിക്കേണ്ടതു്. അല്ലാതെ അന്ധന്മാരുടേതായ ഒരു ലോകംതന്നെ സൃഷ്ടിക്കുന്നതിനല്ല തന്നെ.

ഇതെല്ലാം പരിശീലനംലഭിച്ചതിനുശേഷമുള്ള കാര്യങ്ങളാണ്. അതിനുമുമ്പോ. അവിടെയാണ് വിദ്യാഭ്യാസത്തിന്റെയും വ്യായാമത്തിന്റെയും എഴുത്തും വായനയും തുടങ്ങി ഏതെങ്കിലും തൊഴിൽപരിശീലനംവരെ നടത്തുകയെന്നതു് അത്ര എളുപ്പമുള്ള പണിയല്ല. വിലപിടിപ്പുള്ള ഉപകരണങ്ങൾ, കഴിവും പരിചയവുമുള്ള അധ്യാപകർ അങ്ങനെ നൂറുനൂറുകാര്യങ്ങൾവേണം. അന്ധന്മാരുടെ ആവശ്യത്തിന് പ്രത്യേകം പുസ്തകങ്ങളുണ്ട്. പക്ഷേ ആവശ്യത്തിനവയോ ഇല്ല. നാം അതെല്ലാം ഉടനടി ഉണ്ടാക്കണം.

ഇന്ത്യയിലാകപ്പാടെ മുപ്പത്തിരണ്ടോളം വിദ്യാലയങ്ങളുണ്ട്; അന്ധന്മാർക്കുവേണ്ടി. വളരെക്കുറച്ചു വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങളേയുള്ളൂ അവിടെല്ലാംകൂടി.

അരശതാബ്ദമായി വിജയകരമായ സേവനം നടത്തിവരുന്ന ഒരു വിദ്യാലയമുണ്ട് കല്ക്കത്തയിൽ. നൂറിൽപരം വിദ്യാർത്ഥികൾക്കുമാത്രമാണവിടെ സൗകര്യമുള്ളതു്. ബംഗാളിൽ ഇതുപോലൊരാറ് വിദ്യാലയമേയുള്ളതത്രേ. അവിടെത്തന്നെ ഏതാണ്ടു നാല്പതിനായിരത്തോളം അന്ധന്മാരും. അദ്ധ്യാപകന്മാർക്ക് പരിശീലനംനൽകുന്നകാര്യത്തിലും ഈ വിദ്യാലയം ശ്രദ്ധിക്കുന്നുണ്ട്. മനോഹരമായ ചുറുചുറുക്കുകളിൽ വേണ്ടരീതിയിൽ നടത്തുന്ന ഈ വിദ്യാലയത്തൽ വിദ്യാർത്ഥികൾ അന്ധന്മാരാണെങ്കിലും ജീവിതം അവരാസ്വദിക്കുന്നുണ്ട്. അന്ധവിദ്യാർത്ഥികൾ ഓടുന്നതും ചാടുന്നതും നീന്തുന്നതുമെല്ലാം കാണുന്നതു സുഖമുള്ളകാര്യമാണ്. മറ്റൊരുവിധത്തിലാണെങ്കിൽ നരകമാകുമായിരുന്ന ജീവിതം ജീവിതമായി മാറുന്നകാഴ്ച; അതു സുഖമുള്ളതുതന്നെ.

ഗവൺമെന്റിന്റെയും പൊതുജനങ്ങളുടെയും പിന്തുണ വേണ്ടത്രലഭിക്കുന്നില്ലെന്നാണ് അധികൃതരുടെ പരാതി. ന്യായമായതേതിൽ ഗ്രാൻവലിപ്പിക്കുമെന്നും വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കാമെന്നുംമറും ഈയിടെ വിദ്യാലയവാർഷികത്തിൽ പ്രസംഗിച്ച മന്ത്രി പറഞ്ഞു. പറഞ്ഞതുകൊണ്ടായോ. കണ്ണില്ലാത്തതു സ്വയംചെയ്ത പാപമല്ലെങ്കിൽ മനുഷ്യപ്പോയതു ഒരപരാധമല്ലെങ്കിൽ അവർക്കും ജീവിക്കാനുള്ള മുറുചുറുപ്പാടുകൾ സൃഷ്ടിച്ചുകൊടുക്കേണ്ടതല്ലേ, ആരെന്നാണ് എനിക്കതോന്നുന്നതു്.

★

അന്ധനായ ഒരു ഭിക്ഷുവിന്റെ കഥ ഓർമ്മവരുന്നു. അദ്ദേഹത്തിന്റെ വസതിക്കു മുൻപിലായി ഒരു ദാസിയുടെ വീടു് ഉണ്ടായിരുന്നു. ആ വേശ്യയുടെ വീട്ടിൽ എല്ലുംതോലും പുരുഷന്മാർ കൂടിയിരിക്കുന്നതുകണ്ടു്, അദ്ദേഹം ഒരുദിവസം അവരോടു് ഇപ്രകാരം പറഞ്ഞു. "നീ ഒരു മഹാപാപിയായിത്തീരും; രാത്രിയും പകലും നീ പാപംചെയ്യുകൊണ്ടിരിക്കുന്നു; നിന്റെ ഗതിയെന്തായിത്തീരുമോ?" താൻ ചെയ്ത പാപവൃത്തികൊണ്ടു് അടിമപ്പെട്ട ആ ദാസി ഏറ്റവും കഠോരയായി തന്റെ കുറ്റങ്ങളും എല്ലാം പൊറുക്കണമെന്നു് ഈശ്വരനോടു പ്രാർത്ഥിച്ചു. വേശ്യാവൃത്തി അവളുടെ കുലത്തൊഴിലായതുകൊണ്ടു് വേറെ ജോലിയൊന്നും അവലംബിക്കുവാൻ നിശ്ചയമില്ല. എന്നിട്ടും വയറുപിഴപ്പിനുവേണ്ടി തന്റെ ശരീരം വിൽക്കുമ്പോഴെല്ലാം അവൾ മനമുരുകി ക്ഷമായാചനയോടെ ഈശ്വരനെ സ്തുതിച്ചുവന്നു. സന്ന്യാസിയുടെ കണ്ണു, മനസ്സു പറഞ്ഞതു് ദാസി കേൾക്കുന്നില്ലെന്നുകരുതി. ഇവളുടെ ആയുസ്സുതീരുമ്പോൾ ഏതുപോലെ ഇവളുടെ സമീപം വരുന്നുവെന്നറിയണമെന്നു നിശ്ചയിച്ചു", അന്നുമുതൽ അവളെ ശ്രദ്ധിക്കുന്നതിൽ മനസ്സുവച്ചു. ആരെങ്കിലും ഒരാൾ അവളുടെ വീട്ടിലേക്കു കയറിയാൽ ഒരു കല്ലെടുത്തു് ഒരു സ്ഥലത്തിട്ടു് എണ്ണും. ഇങ്ങനെ ഇരുകല്ലുകൊണ്ടൊരുവലിയകൂട്ടമായിത്തീർന്നു. ഒരുദിവസം ആ സന്ന്യാസി ആ കൽക്കൂട്ടത്തെ ദാസിയെ കാണിച്ചു" "പെണ്ണേ ഈ കൽക്കൂട്ടം കണ്ടോ? ഞാൻ ഏതുകാര്യംചെയ്യുന്നതും എന്നു പറഞ്ഞുവോ, ആ കാര്യംനീ എത്രപാവശ്യംചെയ്യുവെന്നു് ഈ കൂട്ടത്തിലുള്ളതുപോലെ കല്ലുംമനസ്സിലാക്കും. ഇനിയും പറയുന്നു, വൃഥാ നശിക്കരുതേ." എന്നുപറഞ്ഞു. തന്റെ പാപസമൂഹത്തെക്കണ്ട ദാസി നടുങ്ങിപ്പോയി. അവൾ ആകപ്പാടെ, വിവശയായി, കണ്ണീരൊലിപ്പിച്ചുകൊണ്ടു്, മനമുരുകി, ഇങ്ങനെ പ്രാർത്ഥിച്ചു. "ഈശ്വരാ, ഈ ദുഷ്പ്രവൃത്തി ഇനിമേൽ ചെയ്യാനിടവരുത്തരുതേ എന്റെ ജീവൻ അവിടന്നു കൊണ്ടുപോകേണമേ." ആ പ്രാർത്ഥനയനുസരിച്ചു് അന്നുരാത്രി അവളുടെ ജീവനെ ഈശ്വരൻ കൈക്കലാക്കിയത്രേ. ഈശ്വരോ രക്ഷതി ചൊല്ലുപോലെ പാവമല്ലേ! അന്നുതന്നെ ആ സന്ന്യാസിയും മരിച്ചു. വൈകുണ്ഠത്തിൽനിന്നു് വിഷ്ണുതന്നെ വന്നു് ആ ദാസിയുടെ ജീവനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതായി ആ സന്ന്യാസിയുടെ ജീവനെ കൈപിടിച്ചു. ദാസിയുടെ സദ്ഗതികണ്ട സന്ന്യാസി "ഇതാണോ ഈശ്വരനീതി? ആയുസ്സുമുഴുവൻ തപസ്സുചെയ്ത എന്നെ നരകത്തിലേക്കും, ദിനംതോറും പാപംചെയ്ത ദാസിയെ സ്വർഗ്ഗത്തിലേക്കും കൊണ്ടുപോകുന്നതു് ന്യാ

ബ്രിട്ടനിലെ രാജകൊട്ടാരങ്ങൾ

★

ലോകത്തിലെ ഏറ്റവും പഴക്കമുള്ള ഭരണഘടനയനുസരിച്ചുള്ള ഭരണം നടക്കുന്ന രാജ്യമാണ് ബ്രിട്ടൻ. അവിടെ രാജാക്കന്മാർക്കും രാജ്ഞിമാർക്കും ഭരണകാര്യങ്ങളിൽ ഒരു പങ്കുമില്ല. എന്നാൽ അവർക്കു താമസിക്കുവാനും ഔദ്യോഗിക കൃത്യങ്ങൾ നിർവഹിക്കുവാനുമായി ഏതാനും കൊട്ടാരങ്ങൾ അവിടെയുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ബക്കിംഗ്ഹാം കൊട്ടാരം. ഇപ്പോൾ രാജ്ഞിയുടെ മുഖ്യവസതി ഇതാണ്. ഇതിനെപ്പറ്റിയുള്ള ചില വിവരങ്ങൾ ഇതാ:

ലണ്ടൻനഗരത്തിന്റെ മദ്ധ്യഭാഗങ്ങളിലും പരിസരങ്ങളിലുമാണ് ഈ കൊട്ടാരങ്ങളിലധികവും നിലകൊള്ളുന്നത്. ഇവയിൽ ഏറ്റവുംകൂടുതൽ ചരിത്രപ്രധാന്യവും പുരാണികവുമായ ഒന്ന് ലണ്ടൻഗോപുരമാണ്. അതിന്റെ നീണ്ടചരിത്രത്തിൽ അതൊരു കൊട്ടാരമായും തടങ്കൽപാളയമായും ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഇന്നവിടെയാണ് രാജകീയരത്നങ്ങൾ സൂക്ഷിക്കുന്നത്.

രാജ്ഞിയുടെ മുഖ്യവസതി ബക്കിംഗ്ഹാം കൊട്ടാരമത്രേ. അവിടെ പൊതുജനങ്ങൾക്കു പ്രവേശനമില്ല. നയനാഭിരാമമായ അതിന്റെ മുറികളിൽ സുന്ദരമായ ചിത്രങ്ങളുടെ ഒരു ശേഖരമുണ്ട്. പ്രസിദ്ധമായ പല രാജകീയ ചടങ്ങുകൾക്കും സാക്ഷ്യംവഹിച്ചതാണ് ഈ മുറികൾ. ദേശീയ ആഘോഷവേളകളിൽ ഈ കൊട്ടാരവാതുക്കൽ ലണ്ടനിലെ ജനങ്ങൾ തടിച്ചുകൂടുക പതിവാണ്. ജൂൺ 2-ാം തീയതിയിലെ കിരീടധാരണത്തിനു ശേഷം കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ടനവരാജ്ഞിക്കു പുറത്തുതടിച്ചുകൂടിയിട്ടുള്ള ജനങ്ങൾ ഹർഷാരവം മുഴക്കുന്നതായിരിക്കും.

വിശാലമായ മണിമന്ദിരം

കഴിഞ്ഞ 850 വർഷങ്ങളായി ഇംഗ്ലണ്ടിലെ രാജാക്കന്മാരുടെ പ്രധാന വസതിയായിരുന്നു വിൻഡ്സർകൊട്ടാരം. ഇംഗ്ലണ്ടിന്റെ ഒന്നാമത്തെ നോർമൻരാജാവായ വില്യം പണികഴിപ്പിച്ചതാണ്. യൂറോപ്പിൽ ഇന്നവശേഷിക്കുന്ന വിശാലമായ കൊട്ടാരം ഇതത്രേ. ലണ്ടൻനഗരത്തിന്റെ മദ്ധ്യഭാഗത്തുനിന്നും 25 മൈൽ പടിഞ്ഞാറുമാറി തേംസ്നദിക്കരയിലെ ഈ വലിയകുന്നിന്റെ മുകളിലാണ് ഈ കൊട്ടാരം സ്ഥിതിചെയ്യുന്നത്. ഈ കൊട്ടാരത്തിന്റെപരിസരങ്ങളും ആ ഗ്രാമമൊട്ടുക്കും വ്യാപിച്ചിരിക്കുന്നു. യുദ്ധാവശ്യങ്ങളിലേക്കു പണികഴിപ്പിച്ച ഗോപുരങ്ങളും കോട്ടകളുമാണ് അതിനു ചുറ്റും. പൂർണ്ണമായും രാജകീയമായ പല ചിത്രങ്ങളുമുൾക്കൊള്ളുന്ന ഈ കൊട്ടാരത്തിന്റെ മുറികളും രാജ്ഞി (രാജാവ്) താമസിക്കാത്തപ്പോൾ പൊതുജനങ്ങൾക്കു കാണുവാൻ തുറന്നുകൊടുക്കാറുണ്ട്. അവിടത്തെ സെന്റ്ജോർജ്ജ് ദേവാലയം ലണ്ടനിലെ ഏറ്റവും മനോഹരമായ ശില്പകലാവിശേഷങ്ങളിലൊന്നാണ്.

ഹെൻട്രി എട്ടാമന്റെ കാലത്താണ് പണികഴിപ്പിച്ചതെങ്കിലും ഹാംപ്ടൺകോർട്ടുകൊട്ടാരവും സെന്റ്ജെയിംസ്കൊട്ടാരവും ഹാംപ്ടൺകോർട്ടുകൊട്ടാരത്തിലെ ചിത്രശേഖരവും ഉദ്യാനങ്ങളും അതിസുന്ദരങ്ങളാണ്. അവിടെ പൊതുജനങ്ങൾക്കു പ്രവേശിക്കാം. തേംസ്നദിക്കരയിലെ ഈ വലിയകുന്നിനു സർ ക്രിസ്റ്റഫർറെന്റെ വിശാലമായ ഒരു കൂട്ടിക്കെട്ടുനിർമ്മിച്ചു. അതുകൊണ്ട് ട്യൂഡർ കാലത്തിലെയും നവോത്ഥാനകാലത്തിലെയും ശില്പവിദ്യകളുടെ ഒരു സങ്കരമാണ് നമുക്കിവിടെ ദർശിക്കുക.

വില്യംമൂന്നാമന്റെ കാലംമുതൽ വിക്ടോറിയരാജ്ഞിയുടെ സ്ഥാനാരോഹണകാലംവരെ ഇംഗ്ലീഷുരാജാക്കന്മാരുടെ ഔദ്യോഗികവസതിയായിരുന്ന സെന്റ്ജെയിംസ്കൊട്ടാരം. ഇന്ന് രാജ്ഞിയുടെ വസതി ഇതല്ലെങ്കിലും സ്ഥാനപതികൾ അധികാരപത്രം സമർപ്പിക്കുന്നതും രാജകീയലഘുവിരുന്നുകൾ നടത്തപ്പെടുന്നതും വില്യംനാലാമനും വെസ്റ്റ്മിൻസ്റ്റർകൊട്ടാരം പാർലമെന്റുസഭയ്ക്കു നഷ്ടപ്പെട്ടതിനാണ് അനുയോജ്യമായി അറിയപ്പെടുക. ഇവിടെവച്ചാണ് രാജ്ഞി രാജ്യം വാഴ്ത്തുന്നതും പാർലിമെന്റുസമ്മേളനത്തിനു തുടക്കം നിർവഹിക്കുന്നതും.


വില്യംനാലാമനുവേണ്ടി 525-ൽ പണികഴിപ്പിച്ച ക്ലാരൻസ്ഹൗസ് എന്ന കൊട്ടാരത്തിലാണ് 1949 മുതൽ എലിസബേത്തുരാജ്ഞിയും എഡിൻബറോപ്രഭുവും താമസിച്ചിരുന്നത്.

ഇപ്പോൾ നടന്നുവരുന്ന മോടിമാറ്റങ്ങൾക്കുശേഷം രാജ്ഞിയുടെ ഔദ്യോഗികവസതിയായിരുന്ന സെന്റ്ജെയിംസ് കൊട്ടാരത്തിനു സമീപമുള്ള മാൾബറോഹൗസ്. 1709-10-ൽ നിർമ്മിച്ച ഈ കൊട്ടാരം കെട്ടിയിട്ടുള്ളതു ചെമന്ന ഇഷ്ടികകൊണ്ടാണ്.

എഡിൻബറോകാസിലും ഹോളിറൂഡ്ഹൗസുകൊട്ടാരവും സ്കോട്ടിഷ് ചരിത്രത്തിൽ ഒരു സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഇതിൽ രണ്ടാമത്തെ പറഞ്ഞകൊട്ടാരമാണ് എഡിൻബറോയിലെ രാജ്ഞിയുപയോഗിക്കുന്ന ഔദ്യോഗികവസതി.

ആബർഡീൻഷയറിലെ കുന്നുകളുടെ മദ്ധ്യത്തു സ്ഥിതിചെയ്യുന്ന ബാൽമോറൽകാസിൽ ഒരു കൊട്ടാരത്തിനേക്കാൾ സ്വകാര്യഭവനമെന്നനിലയിലാണ് പരിഗണിച്ചുപോരുന്നത്. നിട്ടൻപുറത്തെ രാജകീയവസതികളിലൊന്നാണ് ഇതു്.

★



ബക്കിങ്ഹാംകൊട്ടാരം—രാജ്ഞിയുടെ സാധാരണ താമസിക്കുന്ന ഈ കൊട്ടാരം 1703-ൽ ബക്കിങ്ഹാംപ്രഭു പണിയിച്ചതാണ്. ജോർജ്ജ് തൃതീയൻ ഇതു വിലയ്ക്കുവാങ്ങുകയും, ജോർജ്ജ് നാലാമന്റെ ആവശ്യത്തിനായി പുതുക്കപ്പെടുകയും ചെയ്തു. 1837-ൽ വിക്ടോറിയ ഇപ്പോഴത്തെ കൊട്ടാരത്തിലേയ്ക്കു മാറി. അമൂല്യമായ നിരവധി ചിത്രങ്ങൾ ഇവിടെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

യമാണോ?'' എന്നുപറഞ്ഞു. വിഷ്ണുദത്തർ ഇതുകേട്ട് ''ഈശ്വരാജ്ഞ ഏതുപ്രകാരം ഇപ്പോഴും ന്യായമായതായിരിക്കും. നീ എന്തു വിചാരിക്കുന്നുവോ, അതു് അനുഭവിക്കുക. അന്തസ്സും കീർത്തിയും പാലിക്കുന്നതിനുവേണ്ടി നീ മിഥ്യാചാരങ്ങളോടുകൂടി കാലംകഴിച്ചു. ഈശ്വരൻ അവനിഷ്ടമുള്ളതു നിനക്കുതന്നു. നിന്റെ മനസ്സ് ഒരിക്കലെങ്കിലും അന്തർമുഖമാക്കി അദ്ദേഹത്തെ അന്വേഷിച്ചില്ല. ഈ ദാസിയാകട്ടെ, ശരീരത്താൽ പാപംചെയ്യുകിലും, മനോവാക്കുകളും മനസ്സുകൊണ്ടു ഈശ്വരനെ സ്തുതിച്ചിരുന്നു. ഭൂമിയിൽ നിന്റെ ശരീരവും അവളുടെ ശരീരവും പ്രാപിക്കുന്ന സമ്പ്രദായം നോക്കുക. നീ ശരീരത്താൽ പാപംചെയ്തില്ല; അതുകൊണ്ട്, നിന്റെ ശരീരത്തെ പുഷ്പങ്ങളാൽ അലങ്കരിച്ച്, ആഘോഷത്തോടെ കൊണ്ടുപോകുന്നു. പാപംചെയ്ത ഈ ദാസിയുടെ ശരീരം ഈ ക്ഷണത്തിൽ പട്ടിയും കുറുക്കനും കടിച്ചുതിന്നും. എന്നാലും അവളുടെ ശുദ്ധമായ മനസ്സുള്ളവളാകയാൽ, സ്വർഗ്ഗത്തിൽ പോകുന്നു. നിന്റെ മനസ്സ് ഈ പ്രാവശ്യം അവളുടെ പാപവൃത്തികളെപ്പറ്റി ചിന്തിച്ചിരുന്നതിനാൽ അത്യന്തമായിത്തീർന്നു. അതുകൊണ്ട് നീ അത്യന്തമായുള്ള അധമലോകത്തിലേക്കു പോകുന്നു. വാസ്തവത്തിൽ നീയാണ് വേശ്യ; അവളല്ല'' എന്നു മഹാപടി പറഞ്ഞു.

2-63

ശ്രീരാമകൃഷ്ണദേവൻ

★

— പി. സി. എം. രാജാ. ബി. എ. എൽ. ടി. —

വിശ്രമത്തിനേറ്റവും പറ്റിയമാണെന്ന് എവക്കും അറിയാം ഇവ അന്യോന്യം ബന്ധപ്പെട്ടതാണിരിക്കുന്നു. ആരോഗ്യത്തിനു കളിയും ഉറക്കവും അത്യന്താപേക്ഷിതമാണെന്നും ഡാക്ടർമാർ പറയാതെതന്നെ പലർക്കും അനുഭവമാണ്. ഉറക്കമില്ലായ്മത്തെ ക്ഷിണിപ്പും അലസതയും തിരാനുള്ള പ്രത്യൗഷധം അഭ്യംഗസ്നാനംതന്നെ. അതുപോലെ നിദ്രയില്ലാത്തവരോട് കളിക്കാനോ വൈദ്യന്മാരും മറ്റുപേരും ഉപദേശിക്കാറും. കളിക്കാത്തതിൽ ക്ഷീണത്തിനു മാത്രമല്ല ക്രമേണ മനസ്സിനും രോഗം ബാധിക്കാറുണ്ടല്ലോ. മാനസ്സികരോഗിയും തണുപ്പും ലഭിച്ച് സ്വസ്ഥപ്പെടാനായിട്ടാണ് കളി ഒഴിച്ചുകൂടാത്തതാണ്. ഉറക്കമില്ലാത്തവരുടെ തലച്ചോറ് ക്രമത്തിൽ ഭ്രാന്തുപിടിച്ചുപോലെയായിത്തീരുന്നു.

എന്നാൽ ഭാരതീയരാണ് വളരെ പുരാതനമായിത്തന്നെ കളിക്കുന്നതിൽ അതിയായ നിഷ്കർഷകാണിച്ചുവന്നതെന്ന് വെപ്പും അതിശയോക്തിമാത്രമല്ല. അതിനു ലക്ഷ്യവുംകൂടി ഉണ്ട്. പിന്നെ ജപ്പാൻകാരും ചൈനക്കാരും ശരീരവൃത്തിക്കായി കളിക്കുവാൻ പണ്ടേ ശീലിച്ചവരാണ്. 130 ഡിഗ്രി ചൂടുള്ളവെള്ളത്തിൽ ജപ്പാൻകാർ കുളിക്കാൻ ശ്രമിപ്പെട്ടവരാണ്. ക്രമേണ ഹസ്തക്കളുടെ പ്രത്യേകിച്ച് കേരളീയരായ ഉയർന്നജാതിക്കാരുടെ കളിവൃത്തിയുദ്ദേശിച്ചുതുപോയി. അന്ധവിശ്വാസം മൻനിത്തിയുള്ളതായിത്തീർന്നെങ്കിലും ഇന്നും ഏതൊരാൾക്കും ചൈനയിൽപോയാൽ അമ്മമാർ രാവിലെ ഏഴുവീട്ടിലെ കുട്ടിയേയും വൃത്തിയായി കളിപ്പിക്കുന്നകാഴ്ച സാധാരണമുള്ളതാണെന്ന് ജെ. സി. കുമരപ്പ പ്രതിപാദിച്ചിരിക്കുന്നു. ഇന്ന് ഇംഗ്ലീഷുകാരും അമേരിക്കക്കാരും മറ്റും കളിയുടെകാര്യത്തിൽ ഏതൊരാജ്യക്കാരേയും അതിശയിച്ചുനിൽക്കുന്നുവെങ്കിലും 300 കൊല്ലംമുമ്പ് യൂറോപ്യന്മാർ തീരെ കളിക്കാത്തവരായിരുന്നു. പക്ഷെ പുരാതനഗ്രീക്കുകാരും അവരെ അനുകരിച്ച റോമൻകാരും ഭാരതീയരിൽനിന്നായിരിക്കാം കളിക്കുവാൻ ശ്രദ്ധിച്ചിരുന്നതു്. കഷ്ടം ശമിക്കാൻ കുടി സഹായിക്കുമെന്നുള്ള പ്രചരിച്ചതോടെ യൂറോപ്പിൽ റോമൻകാർ കളിക്കാൻതുടങ്ങി. പുരാതനഗ്രീക്കുവരിതമാർ ക്ഷീരപാനത്തിനെന്നപോലെ ക്ഷീരസ്നാനത്തിലും തല്പരകളായിരുന്നു. എന്നിട്ടും ഭ്രഷ്യക്ഷം റോമൻകാരും കുടി കാറകരമാക്കുന്നാണിഷ്ടപ്പെടതെ കുടി സദാചാരവിരുദ്ധമാണെന്നുകൂടി യൂറോപ്പിൽ സമർ 300 കൊല്ലംമുമ്പുവരെയും ധരിച്ചിരുന്നു. രാജാക്കന്മാർ പ്രഭുക്കന്മാർ മുതലായവർക്ക് കുളി ഒരു പദവിപോലെ അവരും സാധാരണക്കാരും കരുതിവന്നു. വേർസെയ്ൽസ് മുതലായ നഗരങ്ങളിൽ പണ്ടത്തെ പരന്ത്രീസ് രാജാക്കന്മാർക്കും രാജ്ഞിമാർക്കും കുളിക്കാൻവേണ്ടി പണിത ശീതീരകങ്ങളുടെ കുറികൾ ഇന്നും കാണപ്പെടുന്നു. എന്നാൽ ഫ്രാൻസിലെ പ്രസിദ്ധരാജാവായിരുന്ന ലൂയി 14-മൻ (Louis XIV) കൊല്ലത്തിലൊരിക്കൽമാത്രമാണ് കുളിച്ചതു; ഉല്ലാഭമേ മുഖം കഴുകിയിരുന്നുള്ളു. മന്ത്രസംബന്ധമായുംകൂടി 17 ശതകം കഴിയുംവരെ യൂറോപ്പുകാർ കുളിച്ചിരുന്നില്ലത്രെ. പക്ഷെ ഉർഗ്ഗസ്ഥം വരുത്തിരിക്കാൻ പൗഡറും വാസനദ്രവ്യവും ഉപയോഗിക്കുവാൻതുടങ്ങി.

യൂറോപ്പിലെ വനിതമാർ കുളിയിൽ കൂട്ടത്തിൽ പിന്നോക്കമായിരുന്നു. എന്നാൽ കുലീനകുടുംബത്തിൽ കൃത്രിമതടാകമുണ്ടാക്കിയോ, കുളിമുറിയെപ്പെട്ടിയോ കുളിച്ചിരുന്നു. സ്വഭവനത്തിലല്ലാതെ പൊതുസ്ഥലത്തുവെച്ച് കുളിക്കുക, നീന്തുക ഇവയൊന്നും യൂറോപ്യൻസ്ത്രീകൾക്കു പാടില്ലായിരുന്നു. ആവക നടപടികളും സദാചാരവിരുദ്ധവും അസഭ്യമായിട്ടുകൂടിയാണ് കണക്കാക്കപ്പെട്ടു. 1840-ലാണ് പാരസ്യമായി ഒരു വനിത യൂറോപ്പിൽ കുളിച്ചതു്. അതു് ബൈറിയിലെ ഡച്ചസ് (പ്രഭ) ആയിരുന്നു. പിന്നീടു സ്ത്രീകൾക്ക് പുറത്തു കുളിക്കുമ്പോഴും നീന്തുമ്പോഴും പലതരം ഉടുപ്പുകളും നിർദ്ദേശിക്കപ്പെട്ടു. ഒടുവിൽ നൂൽബന്ധംപോലുമില്ലാതെ ഇംഗ്ലീഷ്ചാനലും മറ്റും നീന്തിക്കടക്കാനുള്ള മത്സരത്തിൽ പുരുഷന്മാരെ സ്ത്രീകൾ പരാജയപ്പെടുത്തുന്ന സംഭവങ്ങളും ധാരാളമായി. പണക്കാരികളായ പുരാതന റോമൻസ്ത്രീകൾ കഴുത്തുവരെ കുളിക്കുവാൻ വളരെയധികം മോഹിച്ചിരുന്നതുപോലെ നാനൂറുകൊല്ലംമുമ്പ് യൂറോപ്പിലെ ഒരു ഹങ്കേറിയൻ പ്രഭ പോയിൽ സ്നാനംചെയ്യാനുള്ള അത്യാഗ്രഹം സാധിക്കാനായി 80 ബാലികമാരെ കൊന്ന് ചോരശേഖരിച്ച് എണ്ണയും ഒരുകുളിനടത്തിയത്രെ.

എന്നാൽ പുരാതനഭാരതീയർ കുളിശീലിച്ചതു് പദവി, പരിഷ്കാരം, ആഭാസം ഇവയുദ്ദേശിച്ചല്ലെന്നും, കായശുദ്ധി; ബലം, ശുക്ലം ജാഠരാഗ്നി ഇവ വർദ്ധിക്കുവാനും നിറംകൂട്ടുവാനും (രക്തശുദ്ധി), ദേഹശ്രമനം, പ്രവൃത്തിക്കുന്നേഷം, ആഹാരം ക്രമമായി പാകപ്പെടൽ, തക്രോഗശമനം മുതലായ ആരോഗ്യനിയമങ്ങളും മുൻനിത്തിയും ആണെന്നുകാണാം. പ്രഭാതത്തിൽ പച്ചവെള്ളക്കുളി ബുദ്ധിയുടെ കൂർമ്മ, പ്രവൃത്തിക്ക് നൈപുണ്യം, രക്തസഞ്ചാരം മുതലായവ വർദ്ധിപ്പിക്കുന്നതിനാലാണ് ഏതൊരാളും വിശിഷ്യാ വിദ്യാർത്ഥികൾ, കായികപ്രവൃത്തിക്കാർ എന്നിവർ കുളിക്കണമെന്ന് പണ്ടേ നിശ്ചയിച്ചതു്. യാത്രകഴിഞ്ഞാൽപിന്നെയുള്ള അവയവസ്നാനംപോലെ പണ്ടേ വിദ്യാർത്ഥികൾ വേദവും ശാസ്ത്രവുമെല്ലാംപഠിച്ചുതീർന്നശേഷം അഭ്യംഗസ്നാനംചെയ്തു് സ്നാതകനാവുന്ന ചടങ്ങുണ്ടായിരുന്നു.

ഇന്ന് പാകിസ്ഥാനിലെ സിന്ധുസംസ്ഥാനത്തിൽനിന്നും കുറെവർഷങ്ങൾക്കുമുമ്പു് കുഴിച്ചെടുത്ത ചരിത്രാവശിഷ്ടങ്ങളും തെളിയിക്കുന്നതു് മോഹൻജദാരോ, ഹരപ്പ സംസ്കാരങ്ങളും അവിടെ ശോഭിച്ചിരുന്നതു് ഉദ്ദേശം 5,000 കൊല്ലം മുമ്പാണെന്നാണ്. ദ്രാവിഡസംസ്കാരത്തോടു സാദൃശ്യമുള്ള ഈ അവശിഷ്ടങ്ങളും 5500 കൊല്ലംമുമ്പ് ഭാരതത്തിലുള്ള സംസ്കാരത്തിന്റെ ഉത്തമദൃഷ്ടാന്തമാണ്. വലിയ നഗരത്തിലെ ഏതു് ഭവനത്തിലും പ്രത്യേകം കുളിമുറിയും അഴുക്കുചാലും ഉണ്ടെന്ന് ഭൂമിയിൽനിന്നു കുഴിച്ചെടുത്ത നഗരാംശങ്ങളും കാണിച്ചിരിക്കുന്നു. ലോകത്തിലെങ്ങുമില്ലാത്ത കുളിയുംനനുള്ള ഇത്ര ഗംഭീര ഏർപ്പാടുകളും ഭാരതത്തിൽ കുസുവിനു് 3500 കൊല്ലംമുമ്പുതന്നെ സുലഭമാണെന്നതു് നമ്മെ അഭിമാനികളാക്കുന്നു. ഹരപ്പയിൽ 11440 ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള ഒരു നീന്തൽകുളവും ഒട്ടധികം കേടില്ലാതെ ഭൂമിയിൽ മറിഞ്ഞുകിടന്നിരുന്നതു് പുരാതനക്കണ്ടെത്തിരിക്കുന്നു.

കുസുവിനും 400 കൊല്ലംമുമ്പ് ഇന്ത്യയിൽപാർത്ത ഗ്രീക്കുചരിത്രകാരനായ മെഗസ്തനിസ് പാടലീപുത്രത്തിലെ പല വിശേഷതകളും വർണ്ണിച്ചകൂട്ടത്തിൽ കുറിക്കാനുള്ള സൗകര്യങ്ങളെപ്പറ്റിയും എടുത്തുകാണിച്ചിട്ടുണ്ട്, സ്ത്രീകൾ നേരത്തെ കുളിച്ച് ഒരുതരം വാസനദ്രവ്യം മേലെല്ലാം പൂശിയിരുന്നുവെന്നും അദ്ദേഹം പറയുന്നു. വേദങ്ങളുടെ കാലത്തോടുകൂടി വസ്ത്രം ശരീരഭാഗങ്ങളെയാകെയുള്ള ഒരുതരം സോപ്പുചെടികളും ഭാരതീയർ ഉപയോഗിച്ചിരുന്നതിനാൽ ദേഹവൃത്തിക്കും അവർ എത്ര ശ്രദ്ധിപ്പെട്ടിരുന്നിരിക്കണം.! കുസുവിനുമുമ്പ് ജീവിച്ച ചരകനും ശുശ്രുതനും കുളിയുടെ ഗുണത്തെ വളരെവ്യക്തമാക്കിട്ടുണ്ട്. വായ്, മുഖം, കൈകാൽ മുതലായവ കഴുകൽ, വസ്ത്രം, ചെരിപ്പു്, മുടി ഇവയുടെ വൃത്തി ഇത്യാദി ആരോഗ്യത്തിനുള്ള സകല കാര്യവും ഈ വിഷയത്തിൽ അന്നേ എഴുതിട്ടുണ്ട്. അന്യരുടെ കുടെ, ആഭരണം, വസ്ത്രം, ഭക്ഷണപാത്രം ഇവ വേറെ രോഗപ്രയോഗിച്ചുപോലുണ്ടാവുന്ന ഭവിഷ്യത്തുകളും ഇവർ എടുത്തുപറഞ്ഞിരിക്കുന്നു. മലമൂത്രവിസർജ്ജനത്തിനിരിക്കുന്നവൻ ഒരുപൈറിഞ്ഞു് വീണസ്ഥലത്തുപോയി വിസർജ്ജിച്ചു് മീതെ മണ്ണിട്ടുമൂടണമെന്ന് ചരകൻ പറഞ്ഞിട്ടുള്ളതു് ഇന്ന് 2400 കൊല്ലത്തിനുശേഷം നമ്മുടെ ആരോഗ്യവകുപ്പുകാർ നടപ്പിലാക്കുവാൻ തയ്യാറില്ലെങ്കിലും അതെല്ലാം ആരോഗ്യശാസ്ത്രാനുസരണമായിരിക്കുന്നു എന്നു സമ്മതിച്ചിട്ടുണ്ട്. പാലക്കാട്ടുപോലുള്ള പ്രധാനനഗരിയിലെ ചെയർമാന്മാരായിരിക്കുന്നവർ ഇംഗ്ലണ്ടിലും മറ്റും പോയി വൈദ്യംപഠിച്ചുവന്നവരായിട്ടുംകൂടി, അവിടങ്ങളിലെ റോഡ്, തെരുവു്, കുടുക്കുവഴി കുളക്കര, ക്ഷേത്രപരിസരം തുടങ്ങിയ സകല ഭിക്കും മുതിന്ന ആൺ പെൺ ജനതയുടെ മലമൂത്രവിസർജ്ജനത്തിനു് വട്ടംകൊട്ടത്തിരിക്കുന്നതും, 2000-ത്തിലധികം ആണ്ടുകൾക്കുമുമ്പു് ശ്രുശ്രുതൻ "യതൊരാളും നിരത്തിലെ, ജലാശയത്തിന്റെ അടുക്കെയോ മറ്റൊരു മൃഗിക്കുടി ചെയ്യരുതു്; അനുന്നഭിമുഖമായി കോട്ടയിടുക, ശപസിക്കുക, തുപ്പുക മുതലായതൊന്നും ആരും ചെയ്യരുതു്" ഇവയെല്ലാം അനുശാസനത്തിൽ എഴുതിവച്ചതുംതമ്മിൽ എത്ര അന്തരമുണ്ട്. എന്നിട്ടും നാം പണ്ടത്തെക്കാളും യോഗ്യരാണെന്നു ഭാവവും.

കേരളീയർ ഇതരദേശക്കാരേക്കാൾ കുളിയിലും വൃത്തിയിലും പണ്ടേ പ്രശസ്തി നേടിയിരുന്നു. 16-ാം ശതകത്തിൽ മലബാറിൽവന്ന ദ്വാർത്തി ബാർബോസ എന്ന യൂറോപ്യൻ മലയാളസ്ത്രീകളുടെവെടുപ്പ് പ്രശംസിച്ചിരിക്കുന്നു. ഇന്ന് നായർവരെയുള്ള ഉയർന്നജാതിക്കാർ കുളിക്കുന്നതിവസമുണ്ടാവില്ല. പാലക്കാട്ടിലെ ബ്രാഹ്മണപക്ഷം ഇഴുവർഗ്ഗക്കാരായ കീഴ്ജാതിക്കാർ, വിശിഷ്യാ അവരുടെ സ്ത്രീകൾ ഇന്നും മാസത്തിലൊരിക്കൽമാത്രം കുളിക്കുന്നവരാണെന്നു ക്ഷണം മനസ്സിലാക്കാം. കുളിക്കാതെ സദാ അഴുക്കുപിരണ്ടവസ്ത്രവുമായി വളരെ ആഴ്ചകൾ ജോലിചെയ്യുന്നതുകൊണ്ടായിട്ടുള്ള ഒരുതരം സോപ്പുചെടികളും ഭാരതീയർ ഉപയോഗിച്ചിരുന്നതിനാൽ ദേഹവൃത്തിക്കും അവർ എത്ര ശ്രദ്ധിപ്പെട്ടിരുന്നിരിക്കണം.! കുസുവിനുമുമ്പ് ജീവിച്ച ചരകനും ശുശ്രുതനും കുളിയുടെ ഗുണത്തെ വളരെവ്യക്തമാക്കിട്ടുണ്ട്. വായ്, മുഖം, കൈകാൽ മുതലായവ കഴുകൽ, വസ്ത്രം, ചെരിപ്പു്, മുടി ഇവയുടെ വൃത്തി ഇത്യാദി ആരോഗ്യത്തിനുള്ള സകല കാര്യവും ഈ വിഷയത്തിൽ അന്നേ എഴുതിട്ടുണ്ട്. അന്യരുടെ കുടെ, ആഭരണം, വസ്ത്രം, ഭക്ഷണപാത്രം ഇവ വേറെ രോഗപ്രയോഗിച്ചുപോലുണ്ടാവുന്ന ഭവിഷ്യത്തുകളും ഇവർ എടുത്തുപറഞ്ഞിരിക്കുന്നു. മലമൂത്രവിസർജ്ജനത്തിനിരിക്കുന്നവൻ ഒരുപൈറിഞ്ഞു് വീണസ്ഥലത്തുപോയി വിസർജ്ജിച്ചു് മീതെ മണ്ണിട്ടുമൂടണമെന്ന് ചരകൻ പറഞ്ഞിട്ടുള്ളതു് ഇന്ന് 2400 കൊല്ലത്തിനുശേഷം നമ്മുടെ ആരോഗ്യവകുപ്പുകാർ നടപ്പിലാക്കുവാൻ തയ്യാറില്ലെങ്കിലും അതെല്ലാം ആരോഗ്യശാസ്ത്രാനുസരണമായിരിക്കുന്നു എന്നു സമ്മതിച്ചിട്ടുണ്ട്. പാലക്കാട്ടുപോലുള്ള പ്രധാനനഗരിയിലെ ചെയർമാന്മാരായിരിക്കുന്നവർ ഇംഗ്ലണ്ടിലും മറ്റും പോയി വൈദ്യംപഠിച്ചുവന്നവരായിട്ടുംകൂടി, അവിടങ്ങളിലെ റോഡ്, തെരുവു്, കുടുക്കുവഴി കുളക്കര, ക്ഷേത്രപരിസരം തുടങ്ങിയ സകല ഭിക്കും മുതിന്ന ആൺ പെൺ ജനതയുടെ മലമൂത്രവിസർജ്ജനത്തിനു് വട്ടംകൊട്ടത്തിരിക്കുന്നതും, 2000-ത്തിലധികം ആണ്ടുകൾക്കുമുമ്പു് ശ്രുശ്രുതൻ "യതൊരാളും നിരത്തിലെ, ജലാശയത്തിന്റെ അടുക്കെയോ മറ്റൊരു മൃഗിക്കുടി ചെയ്യരുതു്; അനുന്നഭിമുഖമായി കോട്ടയിടുക, ശപസിക്കുക, തുപ്പുക മുതലായതൊന്നും ആരും ചെയ്യരുതു്" ഇവയെല്ലാം അനുശാസനത്തിൽ എഴുതിവച്ചതുംതമ്മിൽ എത്ര അന്തരമുണ്ട്. എന്നിട്ടും നാം പണ്ടത്തെക്കാളും യോഗ്യരാണെന്നു ഭാവവും.

കേരളീയർ ഇതരദേശക്കാരേക്കാൾ കുളിയിലും വൃത്തിയിലും പണ്ടേ പ്രശസ്തി നേടിയിരുന്നു. 16-ാം ശതകത്തിൽ മലബാറിൽവന്ന ദ്വാർത്തി ബാർബോസ എന്ന യൂറോപ്യൻ മലയാളസ്ത്രീകളുടെവെടുപ്പ് പ്രശംസിച്ചിരിക്കുന്നു. ഇന്ന് നായർവരെയുള്ള ഉയർന്നജാതിക്കാർ കുളിക്കുന്നതിവസമുണ്ടാവില്ല. പാലക്കാട്ടിലെ ബ്രാഹ്മണപക്ഷം ഇഴുവർഗ്ഗക്കാരായ കീഴ്ജാതിക്കാർ, വിശിഷ്യാ അവരുടെ സ്ത്രീകൾ ഇന്നും മാസത്തിലൊരിക്കൽമാത്രം കുളിക്കുന്നവരാണെന്നു ക്ഷണം മനസ്സിലാക്കാം. കുളിക്കാതെ സദാ അഴുക്കുപിരണ്ടവസ്ത്രവുമായി വളരെ ആഴ്ചകൾ ജോലിചെയ്യുന്നതുകൊണ്ടായിട്ടുള്ള ഒരുതരം ചില വിശേഷദിവസങ്ങളിൽ അടിയിലെ മുഷിഞ്ഞവസ്ത്രത്തിനുമീതെ ഒരു നല്ല വസ്ത്രം ധരിക്കുകമാത്രമാണ് പതിവു്. മറ്റു താഴ്ന്നകളിലെ തീയ്യർ—പ്രത്യേകിച്ചും അഭ്യസ്തവിദ്യരുള്ളവർ—മുങ്ങിക്കുളിക്കാറില്ലെങ്കിലും വളരെ നിഷ്കർഷിച്ച് കുളിച്ച് സദാ ശുദ്ധസ്വരൂപരായിരിക്കുന്നവരാണ്. നായന്മാരിൽനിന്ന് ഇന്നുകണ്ടുകേട്ടുള്ളിലെല്ലാം മുങ്ങിക്കുളിക്കുന്ന സ്വഭാവം തീരെ വിട്ടുമാറിയിട്ടില്ല. പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ചവർ പ്രായേണ ഈ ദുഷിച്ചശീലം തൃജിച്ചിരിക്കുന്നു

വെങ്കിലും ഇതുപോലെ സ്ത്രീകൾ ഇതിനെറ ദോഷം അറിഞ്ഞുകഴിഞ്ഞിട്ടില്ല. കാൽപടംമൂടാൻ ജലമില്ലാത്ത പുഴയിൽ നിറയെ മീൽ നിറഞ്ഞിട്ടും അതിൽ പുരുഷന്മാരെ തിക്കിയുംകൊണ്ട് കുളിക്കയും അഴുക്കുമുട്ടകൾ അലക്കുകയും ചെയ്യുന്ന കല്പത്തിപുഴയിലെ കാഴ്ച വേദനാജനകമത്രെ. മിക്കദേശത്തും പടവില്ലാതെ കാലികളെ തേച്ചും ഒരുത്തിലെ മലജലംവീണും നാനാവിധം കൂപ്പകംവീണ് ജീർണ്ണിച്ചും ഉരിവെള്ളം പച്ചപിടിച്ച് ചലനമില്ലാതെ കിടപ്പുണ്ടെങ്കിൽ അതിൽ മുങ്ങാൽ സാമാന്യം ഭേദപ്പെട്ട സ്ത്രീകൾക്ക സങ്കോചമില്ല. സൂര്യകിരണമേറ്റതിനാൽ ആ ജലം പല്ലതേയ്ക്കാൻകൂടി പാടുമെന്ന് ഒരു ഡാക്ടർ പ്രസംഗിക്കുന്നതുകേട്ട് ഇയ്യുള്ളവൻ ഞെട്ടിപ്പോയി. മരണം, ജനനം, ശ്രാദ്ധം തുടങ്ങിയ വൃത്തങ്ങളിൽ അത്തരം കുളത്തിൽ പോയി മുങ്ങാഞ്ഞാൽ പുണ്യമില്ലെന്നും ധരിച്ചിട്ടുണ്ട്. ഇത്തരം കുളങ്ങളല്ല കൃസ്താബ്ദം ഒന്നാംശതകത്തിൽ ദിയോൺക്രൈസോസ്തമ്മിനെ(Dion Chrysosthum) ഇന്ത്യക്കാരുടെ സ്നാനസൗകര്യാദികളെപ്പറ്റി പ്രശംസിക്കാൻ പ്രേരിപ്പിച്ചത്.

വിദ്യാഭ്യാസപരവും ആരോഗ്യസംബന്ധവുമായ പ്രദർശനങ്ങളും എല്ലാംകൊല്ലവും നടത്തിപ്പിച്ച് പണമുണ്ടാക്കുന്ന ഏപ്പാട് ഇന്നു മുനിസിപ്പാലിറ്റി തുടങ്ങിയ പല സ്ഥാപനങ്ങളും ഒരു ഫാഷനായി അംഗീകരിച്ചിരിക്കയേണല്ലോ. മുനിസിപ്പാലിറ്റിയിൽ മിക്കതിലും ഇന്നാട്ടാരുടെ തേട്ടിച്ചികളെ മലം നീക്കാനായി നല്ല ശമ്പളംകൊടുത്ത് പാർപ്പിച്ചിട്ടുണ്ടാവും. പാലിശ്ശേരിമാറാം ഇവ പ്രവർത്തിയെടുക്കുന്നതു കേയത്തൂർക്കാരുമാറാമായ തമിഴ്സ്ത്രീകളാണ്. നഗരത്തിൽ ധാരാളമുള്ള ചെട്ടിച്ചികളും കാഴ്ചയിൽ ഇവരെപ്പോലിരിക്കും. ഈ തോട്ടിസ്ത്രീകൾ ചുമലിൽ കുക്കുസുനിറച്ച ടിന്നും ബക്കറ്റോടെ ഭംഗിയും കൊണ്ട് വീട്ടുതോറും ചെന്നിരപ്പും. കയ്യ്, ഉടുപ്പുമുതലായതിലെല്ലാം മലാംശമുണ്ടായിട്ടും ടിൻ നിറത്തിൽവെച്ച് തീരെ കൈകൊൽ കഴുകാതെ തൊട്ട ബ്രാഹ്മണക്കുപ്പിക്കുബ്ബിലും നായരുടെ ചായപ്പിടികയിലും സാധാരണക്കാരുടെകൂടെ പോയിരുന്ന് ചായ പലഹാരംകഴിക്കുക, പഴം, വെറ്റില, പലഹാരം ഇവയിൽക്കുന്ന പെരുപീടികയിൽ കയറി ഒരോന്നും പലപ്രാവശ്യം കയ്യുകൊണ്ട് പരിശോധിക്കുക, തുടങ്ങിയ പ്രവൃത്തികളും ഹെൽത്ത്ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരുടേയും കാൺഗ്രസ് പ്രവർത്തകർ, കമ്യൂണിസ്റ്റുകാരും, കാളേജ് വിദ്യാർത്ഥികളും, വക്കീലന്മാർ, സർക്കാരുദ്യോഗസ്ഥന്മാർ, ടീച്ചർമാർ മുതലായവരുടെയും കൺമുൻപിൽവെച്ച് പലപ്രാവശ്യം നടക്കുന്നതായിട്ടും ആതരംസ്ത്രീകളിൽ അന്നന്നുവയുള്ളവരായിട്ടോ, മറ്റുകാരണത്താലോ, ചില യുവാക്കന്മാർ തോട്ടിച്ചിയേയുംമറ്റും കഥാനായികയാക്കി ആരാധിച്ച് നോവലെഴുതിക്കാണുന്നതു നല്ല നേരമ്പോക്കുതന്നെ.

കുളിച്ചാൽ ദീനംവരുന്നതു് സമയംപോലെ കുളിക്കാത്തതിനാലാണത്രെ. ഒരു സാമൂതിരിക്ക് കുളിച്ചാൽ ദീനമായതിനാൽ പ്രധാനമന്ത്രി മങ്ങാട്ടച്ചനോട് ആലോചിച്ചു: "രാജാവുകുളിക്കാൻ എപ്പോഴാ സൗകര്യമാവുക, മങ്ങാടാ?" എന്നു ചോദ്യത്തിനു രാവിലെയും ഉച്ചയ്ക്കും രാത്രിയും കുളിച്ചാൽ മതിയെന്ന മറുപടികൊടുത്തപ്പോൾ അധികപ്രസംഗമാണെന്ന സാമൂതിരി ധരിച്ചതിനു വിവരണം മങ്ങാട്ടച്ചൻ കൊടുത്തതു് യഥാർത്ഥ വൈദ്യശാസ്ത്രംതന്നെയിരുന്നു. നല്ല മഴക്കാലത്തു് (മിഥുനംകർക്കടകം മാസങ്ങളിൽ) രാവിലേയും, മഞ്ഞുകാലമായ വൃശ്ചികംധനുമാസക്കാലത്തു് ഉച്ചയ്ക്കും ഉഷ്ണക്കാലമായ കുംഭം മീനമാസക്കാലങ്ങളിൽ രാത്രിയും കുളിച്ചാൽ രോഗം വരാനിടയില്ലെന്ന സംഗതിയും അറിഞ്ഞ മന്ത്രി സമുചിതമായുപദേശിച്ചു. സ്വതവേ ദീനക്കാർ ഇതനുസരിച്ചാൽ ഫലമറിയാം. സ്നാനം സപ്തവിധംപ്രോക്തം ഏതുള്ളതിനാൽ, ഏവനും കൂടക്കൂടെ കയ്യ്, കാൽ, മുഖം ഇവയെങ്കിലും കഴുകിയാൽ നന്ന്.

ഉറക്കം വളരെക്കാലമായി മനുഷ്യൻ ശീലിച്ച ഒരു ഉല്ലാലമാത്രമാണെന്നും ഉറക്കമില്ലാഞ്ഞാൽ യാതൊരു ദോഷവും വരാനില്ലെന്നും വിശ്രമത്തിനു് ഉറക്കംവേണ്ടെന്നും പ്രവർത്തിമാറ്റത്താലും വിഭ്രമക്രിയയുടെ സഹായത്താലും വിശ്രമം ലഭിക്കുമെന്നും ഇയ്യടെ പാശ്ചാത്യശാസ്ത്രജ്ഞന്മാർ ഘോഷിച്ചുതുടങ്ങിയിരിക്കുന്നു. അനാശരീകമനുഷ്യൻ ഇരുട്ടായാൽ ഗതൃന്തരമില്ലാതെ ഉറങ്ങിത്തീരിച്ചിനാലാണത്രെ മനുഷ്യൻ രാത്രി ഉറങ്ങുവാൻ തുടങ്ങിയതു്. ആരോഗ്യമില്ലാതെ അലസനായിക്കഴിയുന്നവൻ മാത്രമെ ഉറങ്ങുകയുള്ളു എന്നും അവർ പറയുന്നു. ജാഗ്രതയ്ക്കും വ്യായാമത്തിനും കഴിയുന്നവനു് ഉറക്കം തീരെവേണ്ടെന്നു അവർ സമ്മതിക്കുന്നില്ല. പകലത്തെ അദ്ധ്വാനനിമിത്തം ദേഹത്തിനത്യാവശ്യമായ വിശ്രമം ഉറക്കരൂപത്തിൽ നമ്മുടെ സഹായം കൂടാതെ പ്രകൃതിതന്നെചെയ്യുന്നുണ്ടെന്നാണ് നിദ്രയെന്നു് ഇവരുകൂടെ വിശ്വസിക്കുന്നില്ല. രാത്രിയിൽ ഉറങ്ങാതെയിരുന്നു് പത്രങ്ങളുമെഴുതിക്കഴിഞ്ഞശേഷമുള്ള നാടകം സിനിമ, കൊട്ട് മുതലായവയുടെ 'നൈറ്റ്സിൻസ്' ചാഞ്ഞുചെയ്യുന്നതിനും ശിക്ഷിക്കുന്നുള്ള ക്രിമിനൽ വകുപ്പുകളെല്ലാം തച്ചുടയ്ക്കുണമെന്നും അവർക്കഭിപ്രായമുണ്ട്. തങ്ങൾ ഉറങ്ങാറില്ലെന്നു വാദിക്കുന്ന അവരിൽ ചിലർ നടക്കുമ്പോഴും സംസാരിക്കുമ്പോഴും പുസ്തകം വായിക്കുമ്പോഴും, നിയമസഭാപ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോഴും മേളപ്പദം ആക്കുന്ന കഥകളിരംഗത്തിൻറെ ശല്യം ഉള്ളപ്പോഴും, ഉറങ്ങുന്നുണ്ടല്ലോയെന്നു നിങ്ങൾ ആക്ഷേപിച്ചാൽ ആയതിനു് തക്ക കാരണമുണ്ടാവുമെന്നു മാത്രമാണവരുടെ സമാധാനം.

കാംഭകസ്റ്റാമരും മുകുന്ദനാരും സഹോദരങ്ങിക്കഴിഞ്ഞുവെങ്കിലും ജർമൻ ക്ലാസിക്കുകളുടെ പിതാവും വലിയ ശാസ്ത്രജ്ഞനായ എഡിസനും (Edison) യൂറോപ്പിലെ പണ്ടത്തെ ഒരു മഹാചക്രവർത്തിയായിരുന്ന ഫ്രീഡിക്കും (Frederick the Great) നെപ്പോളിയൻ ബോണപ്പാർട്ടും തീരെ, അഥവാ വളരെനാൾ, ഉറങ്ങാതിരുന്നിട്ടും അവക്ക് യാതൊരു ദോഷവും വന്നിട്ടില്ലെന്ന ചിലർ ചൂണ്ടിക്കാണിക്കുന്നു. ഇങ്ങിനെ മറ്റങ്ങാതെ കഴിഞ്ഞ മഹാന്മാരുണ്ടെന്നുള്ളതു കൊണ്ട് പല കണ്ടുപിടിത്തങ്ങളും സംഭവിച്ചതെന്നു ധരിക്കാൻ പാടുണ്ടോ? 1925 മുതൽ 16 കൊല്ലം സദാ ഉറങ്ങിക്കിടന്ന ബ്രഹ്മസമുംസി ലോകനാഥനെപ്പറ്റി എന്താണ് പറയുക എന്ന ചോദ്യത്തിനു് ഹിന്ദുക്കൾ സമാധിയിൽ ഇരുന്നു് വളരെക്കാലം തപസ്സുചെയ്തിരുന്നില്ലെ എന്ന മറുപടികൊടുത്തതു ചിലർക്ക് പിടിച്ചില്ല. യോഗവും സമാധിയും ഒന്നും അവർക്ക് അത്ര ബോദ്ധ്യപ്പെട്ടിട്ടില്ല.

ശാസ്ത്രജ്ഞന്മാരും യുക്തിവാദികളും എത്ര ആക്ഷേപിച്ചാലും എന്തു് സ്യൂയും പുറപ്പെടുവിച്ചാലും സാധാരണ മനുഷ്യൻ എത്രകാലവും എത്രദിക്കിലും കുറച്ചെങ്കിലും യുക്തംപോലെ ഉറങ്ങിത്തന്നെ കഴിഞ്ഞുകൂടുമെന്നതിൽ ഒട്ടും സംശയിക്കാനില്ല. സകലക്ഷീണവും മനസ്സിലെ ദുഃഖംതന്നെയും ശമിച്ച് മനുഷ്യനു് അല്പമെങ്കിലും സമാധാനം കിട്ടേണമെങ്കിൽ ഉറക്കംതന്നെ. ആത്യന്തികം. തൻറെ വികാരങ്ങളും പരിഭവവും എല്ലാം ഉറക്കത്തിലെ സ്വപ്നം അവനെ അലട്ടുമെങ്കിലും സർവ്വസൈരക്കേടുംമറന്നു് ഒരു പുതിയ ജീവൻകൊടുത്തു് മനുഷ്യനെ ഉത്സാഹിപ്പിച്ചു് മുന്നോട്ടു പോകാൻ പ്രേരിപ്പിക്കുന്നതും ഉറക്കമല്ലാതെ മറ്റൊന്നുമല്ല. ഉറങ്ങുന്നവരേയും മദ്യപന്മാരേയും കുട്ടികളേയും ദൈവം നോക്കിക്കൊള്ളുമെന്നു് ഇംഗ്ലീഷിൽ ഒരു പഴമൊഴിയുണ്ട്. പക്ഷിമൃഗാദികൾപോലും ചില കൃത്യസമയങ്ങളിൽ ഉറങ്ങുകയും ഉണരുകയും ചെയ്യുകാണുന്നുണ്ടല്ലോ. അതിനാൽ നാം ദിവസവും ശുദ്ധജലത്തിൽ കുളിച്ച് ശീലിക്കയും പ്രകൃതിയോടു മല്ലിടാതെ രാത്രി വേണ്ടത്ര ഉറങ്ങുകയും ചെയ്താൽ ആരോഗ്യം നിലനിൽക്കും. കുളിച്ചശേഷം രാവിലെ പട്ടുക്കുന്നതു് ദേഹത്തിൽ സ്വതവേയുള്ള ഒരു തരം കാന്തശക്തി (Magnetic power) സംരക്ഷിക്കപ്പെടേണ്ടതിനാണ്. ഉണർന്ന ഉടനെ കുളിക്കണമെന്നുപറയുന്നതു് ഒരു അയിത്തം ബാധിക്കാതിരിക്കാനാണെന്ന് ധരിച്ചാലും തെറ്റില്ല. ഉണരുന്നനേരത്തെ വായു, കണ്ണ് ഇവയിൽനിന്നും ശരീരത്തിൽനിന്നും വിയർപ്പും നേരും മറ്റും ഒഴുകുന്നതു് നാം കാണാറില്ലെ. നിത്യം മുടങ്ങാതെ കുളിക്കുന്നവനു് ഉറക്കം കിട്ടാതിരിപ്പാനും വിഷമമെന്നു് ആദിയിലേ സൂചിപ്പിച്ചുവല്ലൊ. എന്നാൽ മൂട്ട, കൊതു, ഉമ്പു് ഉർനാറാം, അസ്വസ്ഥവായു, തക്കിടയ്യായില്ലായ്മ, ശബ്ദം, വെളിച്ചം, ഭ്രാന്തലോചന, അതിഭക്ഷണം മുതലായവയുടെ ശല്യം എത്രക്ഷണം ഉറക്കം തടസ്സപ്പെടുത്തുന്നു എന്നറിയാത്തവരും ഉണ്ടാവില്ല. ആരോഗ്യനിയമങ്ങളെ ഒക്കിപ്പിക്കുവാൻ കൂടക്കൂടെ ഒരു ചങ്ങനാശ്ശേരിപരമേശ്വരൻപിള്ള അത്യാവശ്യമാണെന്ന് വിശ്വസിച്ചും കൊണ്ട് ഇവിടെ നിർത്തുന്നു.

★

7 നാൾക്കുള്ളിൽ

പ്രമേഹം

സുഖപ്പെട്ടു

മൂത്രത്തിലധികം പഞ്ചസാര പോകുന്നതിനാണ് പ്രമേഹ (Diabetes) മെന്നു പറയുന്നതു്. ഇതു ഒരു ഭയങ്കരവ്യാധിയാണ്. പ്രമേഹരോഗി അനുദിനം മരണത്തിലേയ്ക്കു നീങ്ങുന്നു. പ്രമേഹ ചികിത്സയ്ക്കു ഡാക്ടർമാർ വിധിച്ചിട്ടുള്ളതു് ഇൻസുലിൻ കുത്തിവെപ്പുണ്ട്. ഈ കുത്തിവെപ്പുകൊണ്ടൊന്നും രോഗശമനമുണ്ടാകുന്നതല്ല. കുത്തിവെപ്പിൻറെ ശക്തിയുള്ള കാലത്തോളം പഞ്ചസാര തല്ക്കാലം ഇല്ലാതായി കാണാം.

അധികദാഹം, വിശപ്പ്, ഇടയ്ക്കിടെ മൂത്രം പോകുക (പഞ്ചസാരയോടുകൂടി,) ചൊറിയുക എന്നിവയാണ് ഈ രോഗത്തിൻറെ പ്രധാന ലക്ഷണങ്ങൾ. ഇതു കഠിനമായാൽ പ്രമേഹക്കുരു, വീക്കം, തിമിരം മുതലായ രോഗങ്ങളും ബാധിക്കുന്നു.

"വീനസ്സ്" ചൂരം" ആധുനികശാസ്ത്രത്തിൻറെ ഒരത്ഭുത കണ്ടുപിടിത്തമാണ്. ഇതുപയോഗിച്ച ആയിരമായിരം പ്രമേഹരോഗികളെ മരണത്തിൻറെ പിടിയിൽനിന്നും രക്ഷപ്പെടുത്തിട്ടുണ്ട്. "വീനസ്സ്" ചൂരം" രണ്ടുനേരം ദിവസം ഉപയോഗിക്കുമ്പോൾത്തന്നെ മൂത്രത്തിലെ പഞ്ചസാര കുറയുകയും ഇടയ്ക്കിടെ മൂത്രം ഒഴിയുന്നതു് നിൽക്കുകയും ചെയ്യുന്നു. മൂന്നാലുദിവസമായി കൊണ്ടതന്നെ പകുതി സുഖമായ പ്രതീതി ഉണ്ടാകുന്നു. യാതൊരു ഭക്ഷ്യപഥ്യമോ കുത്തിവെപ്പോ ആവശ്യമില്ല. കൂടുതൽ വിവരത്തിനു് ഇംഗ്ലീഷ് ലഘുലേഖയ്ക്കു ആവശ്യപ്പെടുന്നതിനും. 50 ഗ്രാമുള്ള കുപ്പിക്ക് വി.പി. 6 രൂ. 12 അണ. പാക്കിങ്ങുപോസ്റ്റേജ് ഒരുരൂപാ അണ.

Venus Research Laboratory.
P. B. No.587, Calcutta.(MNW)

ചെറുകഥ

നിയമം

പട്ടിയത്തു

മുറപ്രകാരം അന്നത്തെ പരതി രാവിലും അവരാ കുളക്കടവിൽ സമ്മേളിച്ചു. കുളിരേകിയ പൂനിലാവു് നിറഞ്ഞ ആ രാത്രിയിൽ ചിരിച്ചും, കളിച്ചും, ദുർമ്മന്ത്രങ്ങളും പറഞ്ഞും, അങ്ങിനെ സല്ലാപസുഖനിർവൃതിയിൽ ആറാടിയിരുന്ന അവരെ അവിടെയെങ്ങും ഒരു നേരിയ ശബ്ദമുണ്ടാക്കിക്കൊണ്ടു പറന്നടന്നിരുന്ന കൊതുകുകളുതന്നെ ല്ലൊന്നു ശല്യപ്പെടുത്തിയിരിക്കണം.

"നമ്മുടെ വിവാഹം?"

വികാരാവേശംപൂണ്ട നർമ്മചുംബനങ്ങൾക്കിടയിൽ സഫിയ ആരാഞ്ഞു.

ഒരു നെടുവീർപ്പിനുശേഷം അബ്ദുഹക്കു് ആ ചോദ്യത്തിനു മറുപടി നൽകി.

"അതിനൊരുമുമ്പിൽ ചില കുഴപ്പങ്ങളുണ്ടു്."

"കുഴപ്പങ്ങളോ? ഉമ്മ?...എന്താ?"

ഹക്കു് മറുപടിയൊന്നുംപറഞ്ഞില്ല.

കുറച്ചുനാളുകൾക്കുമുമ്പുവരെ ഹക്കും സഫിയയും ദമ്പതികളായിരുന്നു. നാലുമാസക്കാലം നീണ്ടുനിന്ന ആ ദാമ്പത്യജീവിതം പെട്ടെന്നു തകർന്നു. നിറഞ്ഞ കണ്ണുകളോടെയാണു ദമ്പതികൾ വേർപിരിഞ്ഞതു്.

മകനെക്കൊണ്ടു സഹോദരപുത്രിയെ വിവാഹംചെയ്യിക്കണമെന്നായിരുന്നു ഹക്കിന്റെ ഉമ്മാ ഉദ്ദേശിച്ചിരുന്നതു്. എന്നാൽ ഹക്കിന്റെ വാപ്പായോ? മകനെക്കൊണ്ടു തന്റെ സഹോദരിപുത്രിയെ വിവാഹംചെയ്യിക്കണമെന്നദ്ദേഹം നിശ്ചയിച്ചുറച്ചിരുന്നു. ഹക്കും ആ ബന്ധത്തെയാണാഗ്രഹിച്ചിരുന്നതു്.

വാപ്പായുടേയും, മകന്റേയും അഭിപ്രായത്തിനുമുമ്പിൽ ആ ഉമ്മായുടെ അഭിപ്രായത്തിനു വിലയില്ലാതായി. അങ്ങിനെ അവസാനം ഹക്കും, സഫിയയും തമ്മിലുള്ള വിവാഹം സാഘോഷം കൊണ്ടാടി.

ആ വിവാഹത്തിൽ ഹക്കിന്റെ ഉമ്മാക്കു് അടക്കാനാവാത്ത പ്രതിഷേധമുണ്ടായിരുന്നു. എന്നാലതു പുറമെ പ്രകടിപ്പിക്കുവാൻ സാധിച്ചിരുന്നില്ലെന്നുമാത്രം. കാരണം ഹക്കിന്റെ നന്മ ബാധിച്ചുകഴിഞ്ഞ പിതാവു് ഒരർത്ഥം മാത്രമായിരുന്നു. മുഖം കറുപ്പിച്ച മരുമകളുടെനേരേ ഒരുവാക്കുപോലും ഉച്ചരിക്കുവാൻ അദ്ദേഹം 'കെട്ടിയവളെ' അനുവദിച്ചിരുന്നില്ല. അങ്ങനെയിരിക്കെയാണു് അങ്ങു വിദൂരതയിൽ നിന്നും ആ ഓർഡർ ലഭിച്ചതു്. തന്റെ സ്നിയാതെ മൂപ്പർ 'മലക്കൽമൗത്തു'മൊന്നിച്ചു പരലോകത്തിലേയ്ക്കു യാത്രയാവുകയുംചെയ്തു.

'കെട്ടിയവന്റെ' മരണം ഹക്കിന്റെ ഉമ്മാക്കു് തന്റെ മനസ്സിൽ അടങ്ങിയൊതുങ്ങിക്കിടന്നിരുന്ന ആ പ്രതിഷേധം പുറത്തേയ്ക്കു വിടുവാനുള്ള വഴിതെളിയിച്ചു. 'ഇഷ്ടമില്ലാത്തവനെ തൊട്ടുന്നതെല്ലാം കുറ്റം' എന്ന പഴഞ്ചൊൽ സാക്ഷാത്ക്കരിക്കപ്പെടുവാനോ എന്തോ സഫിയായുടെ ഇരുപ്പിലും, കിടപ്പിലും എന്നുവേണ്ട, ഓരോരോ ചലനങ്ങളിൽപോലും കുറ്റങ്ങളും കുറവുകളും ആ അമ്മായി കാണുവാൻ തുടങ്ങി.

കുറവു അവസാനിക്കാറായ പാത്രവിനു പാൽ കുറഞ്ഞപ്പോൾ അവർ പറഞ്ഞു.

"ബക്കറ്റുകെട്ടോളു് ബന്നുകേറ്യേ ഭീപ്പിന്ന എല്ലാം നാശമാ."

അതിനടുത്ത ദിവസം രാവിലെ പായകഴിച്ചുകൊണ്ടിരുന്ന സഫിയായുടെ കയ്യിൽനിന്നും ഗ്ലാസ് താഴെ വീണുടഞ്ഞു. അന്നു അവർ ആരോടെന്നില്ലാതെ ചോദിച്ചു.

"കുരുത്തംകെട്ടവൾ പറയുന്നമില്ലല്ലോ?"

അതു് സഫിയ കേട്ടു. ഒരു ക്രൗര്യം കണക്കെയാണു് അതവളുടെ ഹൃദയത്തിൽചെന്നു പതിഞ്ഞതു്. എങ്കിലും അവൾ മറുത്തൊന്നും പറഞ്ഞില്ല. അമ്മായിയുടെ ഈവിധേനയുള്ള പെരുമാറ്റങ്ങളെക്കുറിച്ചവൾ ആരോടും ആവലാതിപ്പെട്ടുമില്ല. ഒരു 'പൊട്ടി' കണക്കെ അവളങ്ങിനെ കഴിഞ്ഞു.

ദിനംപ്രതി ആ ജീവിതത്തിൽ ഇരുട്ടു് വ്യാപിക്കുവാൻതുടങ്ങി. എന്നാൽ ആ ഇരുട്ടിനെ ദൂരീകരിച്ചു ആ ജീവിതത്തിൽ പ്രകാശം പരത്തുവാൻ ഹക്കു് അശ്രാന്തപരിശ്രമംചെയ്യുകൊണ്ടിരുന്നു' എന്നാൽ ഫലം?.....

അന്നെന്തോ ഒരത്യാവശ്യകാര്യം പ്രമാണിച്ചു ഹക്കു് അഴീക്കോട്ടു പോയിരിക്കുകയായിരുന്നു. തിളച്ചുമറിഞ്ഞുകൊണ്ടിരുന്ന കഞ്ഞി സഫിയ അടുപ്പിൽനിന്നും ഇറക്കുവാൻ ശ്രമിക്കവെ എങ്ങിനേയോ അതവളുടെ പാദങ്ങളിൽവീണു് അവിടം പൊള്ളി. അതെല്ലാം കണ്ടുകൊണ്ടുനിന്നിരുന്ന സഫിയായുടെ അമ്മായി ഒരു പുലികണക്കെ അവളുടെനേരേ ചാടിവീണിട്ടു് ശകാരിക്കുവാൻ തുടങ്ങി.

"കുരുത്തംകെട്ട ശൈത്താൻ തൊടണതു് നാശമല്ലാതെ ഒരു കൊണോമില്ല. എബടന്ന കടത്തൊക്കിബിട്ടതാ ഇബളെ?"

സഫിയ വെന്തുനീറിക്കൊണ്ടിരുന്ന തന്റെ പാദങ്ങളിൽ ഊതുകയായിരുന്നു. അപ്പോഴാണാ അജ്ഞത പുറപ്പെട്ടതു്.

"ബാരടീന്നു്, ബാര്....';

കണ്ണിൽ ചോരയില്ലാത്തജന്തു.....

ഓ!...എന്തൊരു ഹൃദയം.....ഇത്രമനക്കട്ടിയുള്ള ഒരുത്തിയെ നിങ്ങളാരെങ്കിലും കണ്ടിട്ടുണ്ടോ? അല്ലെങ്കിൽ അവരെമാത്രമെന്തിനു കുറ്റപ്പെടുത്തണം? അവരും ഒരു സ്ത്രീതന്നെയല്ലേ? വിദ്വേഷങ്ങൾകൊണ്ടുവാനും, അപവാദങ്ങൾ പറഞ്ഞുപരത്തുവാനും സ്ത്രീക്കുള്ള കഴിവു് ഒന്നുവേറെതന്നെയാണു്.

തന്റെ പാദങ്ങൾ വെന്തുനീറിക്കൊണ്ടിരുന്ന ആ സന്ദർഭത്തിൽ നിലത്തു ചിന്നിച്ചിതറികിടന്നിരുന്ന ആ തിളച്ചകഞ്ഞിയിലെ വറുകലം വാരിയെടുക്കുവാനുള്ള അമ്മായിയുടെ ആജ്ഞ കേട്ടമാത്രയിൽ സഫിയായുടെ ആ നിഷ്കളങ്കഹൃദയം പൊട്ടിത്തകർന്നുപോയി. ആ കണ്ണുകളിൽനിന്നും ചുടുവെള്ളം പ്രവഹിക്കുവാൻതുടങ്ങി. അവൾ അമ്മായിയുടെ ആജ്ഞ സ്വീകരിക്കുവാൻ തയ്യാറായില്ല. ആ പെൺകൊടി തന്റെ വെന്തുനീറിക്കൊണ്ടിരുന്ന പാദങ്ങളിൽ ഊതിക്കൊണ്ടേയിരുന്നു.

"ഹെന്താടീ, ഇത്രകുത്തുനായേ? അട്ടു് ബാരിയെടുക്കാനാറത്തിട്ടു് മരം പോലെ ഇരുന്നാളുഞ്ഞതുകണ്ടില്ലേ?"

"പതച്ചകഞ്ഞി എങ്ങനെ ബാരുന്നാ?"

സഫിയ ചോദിച്ചുപോയി. ഇനിയും എല്ലാം എല്ലാംകേട്ടു് ചുമ്മാ ഇരിക്കുവാൻ അവൾക്കുമനസ്സില്ല. അവളും അതിനുമുമ്പു് മാതാപിതാക്കളുടേതല്ലാതെ മറ്റാരുടെയും ശകാരം കേട്ടിട്ടില്ല. ഇപ്പോൾ കേൾക്കേണ്ടതായി വന്നു. അമ്മായി എന്ന ഒറ്റക്കാരണത്താൽമാത്രം അവളതേവരെ അതെല്ലാം ക്ഷമിച്ചു. ഇനിയും ക്ഷമിക്കുകയൗദ്യമാണു്.

"ഹെന്താടീ, ബായീതല്ലി ബർത്താനംപറയാനായ?"

ആ അമ്മായി സഫിയായുടെ തലനാരിൽ കടന്നുപിടിച്ചു തേങ്ങവിലുനോക്കുന്നപോലെ ആ തല മുന്നോട്ടു പ്രാവശ്യം കുലുക്കിനോക്കിയിട്ടു് ഉറക്കോടെ ഒരു തള്ളുംകൊടുത്തു. മതിലിലായിരുന്ന നെറിത്തടം ചെന്നുകൊണ്ടതു്. അവിടം പൊട്ടി രക്തം വന്നു.

മരുമകളുടെ പൊട്ടിയ നെറിത്തടത്തിൽനിന്നും ഊറുന്ന ചോരിക്കൊണ്ടിരുന്ന രക്തംകണ്ടു് ആ അമ്മായി പൊട്ടിച്ചിരിച്ചു. സഫിയായുടെ അപ്പോഴത്തെ പരാക്രമംകണ്ടു് ആ ഭയങ്കരി ആനന്ദസിന്ധുവിലാറാടി. അപ്പോഴുമാത്രമെ അവളുടെ കലി അവസാനിച്ചുള്ളൂ.

എന്തൊക്കെയോ പറയുവാനായി സഫിയായുടെ നാവനങ്ങി. അതോടെ ആ കയ്യും ഉയർന്നു. പെട്ടെന്നൊരുചിന്ത അവളെ പിടികൂടി. ആ ഉദ്യമങ്ങളിൽനിന്നും സഫിയ പിന്തിരിഞ്ഞു. എന്തായിരിക്കാം ആ ചിന്ത?

എങ്കിലും ആ ഹൃദയം നൊന്തുപ്പെട്ടു് പിടഞ്ഞുകൊണ്ടിരുന്നു. പാത്രിരാവിനുശേഷം അഴീക്കോട്ടുനിന്നും മടങ്ങിവന്ന ഹക്കു് സഫിയായുടെ പൊട്ടിയ നെറിത്തടംകണ്ടു. അയ്യോ പോദിച്ചു.

"എന്തുപറ്റി?"

"അമ്മായിപിടിച്ചുന്തീപ്പ ചുമരുമ്മക്കെണ്ടു് പൊട്ട്യേന്നാ."

അങ്ങിനെയാണവൾ ഭർത്താവിനോടുപറയുവാൻ നിശ്ചയിച്ചിരുന്നതു്. എങ്കിലും അങ്ങിനെ പറഞ്ഞില്ല. മറ്റൊന്നുകൊണ്ടുമല്ല. താൻമൂലം ഒരു കുടുംബകലഹം പൊട്ടിപ്പുറപ്പെടരുതെന്നവളാശിച്ചു. ആ കലഹംമൂലം ഒരു മാതൃപുത്രബന്ധം തകർന്നുപോകുമോ എന്നുകൂടി സഫിയ ഭയപ്പെട്ടു...

"എന്തുപറ്റി?"

ചോദ്യം ആവർത്തിച്ചു.

"ഉരീലുബെച്ചിരുന്ന പാലുമ്മൊന്തബീണ്ടു് പൊട്ടിയതാ."

കളവുപറയുന്ന നാവു് നരകത്തിൽപോകുമെന്നറിഞ്ഞിട്ടുകൂടി ഒരു കുടുംബകലഹമുണ്ടാകാതിരിക്കുവാനും, തന്മൂലം ഒരു മാതൃപുത്രബന്ധം തകരാതിരിക്കുവാനുംവേണ്ടി അവളങ്ങിനെ പറഞ്ഞു.

ഹക്കു് വിശ്വസിച്ചു. തെല്ലുനേരത്തെ മൌനത്തിനുശേഷം അയാൾ ചോദിച്ചു.

"ഉമ്മ ചീത്തപറഞ്ഞു് കണ്ണൊട്ടിച്ചായിരിക്കും, ല്ലേ?"

"ഇല്ല."

സംഭാഷണം ദീർഘിപ്പിക്കണ്ടെന്നുകരുതിയിട്ടാവാം അവളപ്പോഴും കളവു പറഞ്ഞതു്.

രണ്ടു്

അതിനടുത്തദിവസമാണു് മകളെ കാണ്മാനായി സഫിയയുടെ പിതാവു് അവിടെവന്നതു്. മകളുടെ നെറിയിലെ മുറിവു് ആ കുഴിഞ്ഞകണ്ണുകൾ എങ്ങിനേയോ കണ്ടുപിടിച്ചു. അ ഹമ്മദാരഞ്ഞു.

"നെറിമ്മെന്തു പറ്റിമോളേ?"

സഫിയ വാസ്തവം മറച്ചുപിടിക്കുവാൻശ്രമിച്ചു. എന്നാൽ അപ്പോഴേക്കും അവളുടെ അമ്മായി ആ രംഗത്തുചാടിവീണിട്ടു് പറഞ്ഞു.

"മോള നാക്കിന്റെകൊണം."

ആ വയസ്സനും, ഹക്കിനും യാതൊന്നുംതന്നെ മനസ്സിലായില്ല. ആ വൃദ്ധൻ മകളുടേയും, മരുമകന്റേയുംമുഖങ്ങളിൽ മാറിമാറിനോക്കി. ആ വൃദ്ധ പറഞ്ഞുതുടങ്ങി.

"ബായീതല്ലി ബർത്താനംപറഞ്ഞപ്പോ ഞാമ്പിടിച്ചൊരുന്തുകൊടുത്തു. അപ്പോ ചെമരുമ്മക്കൊണ്ടു് പൊട്ടിയതാ."

ആ വയസ്സന്റെ ഒട്ടിച്ചുളുങ്ങിയമുഖം വീർത്തു് കേറുന്നു. കീഴ്ചുണ്ടു് കടിച്ചുപിടിച്ചുകൊണ്ടു് ആ വയസ്സി അപ്പുറത്തയ്ക്കുപോയി.

"ബാമോളെ, നെനക്കു് ബേറെ മറ്റപ്പന കിട്ടോന്നു തോന്നോക്കട്ടെ."

അയാൾ വയസ്സൻപിതാവു് മുറത്തേയ്ക്കു് ഓടിക്കിതച്ചിറങ്ങിനിന്നു.

ഹക്കും, സഫിയയും നിശ്ശബ്ദത പാലിച്ചു.

"ബാടീ, ബാ."

അയാൾ വീണ്ടും വിളിക്കുകയാണു്.

സഫിയ ഹക്കിന്റെമുഖത്തേയ്ക്കു് ഉറ്റുനോക്കി. ആ നോട്ടത്തിൽ എന്തെല്ലാമോ അടങ്ങിയിരുന്നു. ഒന്നും തന്നെ ശബ്ദിക്കുവാൻകഴിയാതെ ഹക്കു് തന്റെതല മെല്ലെ കുനിച്ചു.

"നെനക്കൊത്ത മാപ്പളനെ തേടിത്തരാൻ ഈ ബാപ്പ ബിശ്രരിച്ചാലൊക്കെ കയ്യുമ്മോളെ. രണ്ടുമാസത്തിനകത്തു് നടത്തേംശെയ്യും. ബാ....."

"ഞാൻ....."

വാപ്പായോടോ, ഭർത്താവിനോടോ, ആരോടായാലും ഇടറിയ കണ്ഠത്തിൽ നിന്നും പുറപ്പെട്ട ആ വാചകം പൂരിപ്പിക്കുവാൻ സഫിയയ്ക്കു കഴിഞ്ഞില്ല.

ഹക്കു് ഒരുത്തു; തന്റെ വിവാഹമണ്ഡപം. അവിടെവെച്ചു ആചാരപ്രകാരംതന്നെ താൻ വിവാഹംകഴിച്ചവളാണു് സഫിയ. ഇപ്പോൾ തന്റെ വീട്ടിലേയ്ക്കു സഫിയയെ വിളിക്കുന്ന ആ വൃദ്ധൻതന്നെയാണു്. നിരവധി പേർ ഒത്തുചേർന്നിരുന്ന ആ വിവാഹവേദിയിൽവെച്ചു "എന്റെ മകനും സഫിയാബീയ്ക്കു പത്തൊമ്പതര മിസ്ഖാൽ പൊന്നുംമഹറിനു് നിനക്കു ഞാൻ വിവാഹംചെയ്തു കലാലായ ഭാര്യയാക്കി, ഇണചേർത്തു്, 'പൊരുത്തപ്പെട്ടതുതന്നു" എന്നു പറഞ്ഞതു്.

അങ്ങിനെ ആ ഒരൊറ്റ വാചകം മൂലം സഫിയായുടെമേൽ അയാൾക്കുണ്ടായിരുന്ന അവകാശം തനിക്കു വിട്ടുതന്നതല്ലേ? പിന്നെ അയാൾ സഫിയയെ വിളിക്കുവാൻ? രീച്ചയും അതിനു തീരുമാനിക്കുവാനുമുള്ള അവകാശം തനിക്കു മാത്രമാണുള്ളതു്.

ഹക്കു് സൂഫിയയെനോക്കിപ്പറഞ്ഞു.

"നീ പോകരുതു്."

"നിന്റെ ഉമ്മാക്കു് കുത്തനെ ഇടിക്കാനുള്ളതല്ലൻറാമോളു്."

ആ വാദത്തിന്റെ മുമ്പിൽ ഹക്കിന്റെ തല താണുപോയി. തന്റെ ഉമ്മായുടെ ന്യായീകരിക്കുവാൻവയ്യാത്ത ചെയ്തികളെക്കുറിച്ചു ഹക്കു് ശുദ്ധമായി ചിന്തിച്ചു. അതെ, തനിക്കു മാത്രമേ സഫിയയെ ശിക്ഷിക്കുവാനുള്ള അധികാരമുള്ളൂ. പിന്നെ ഇതിന്റെയെല്ലാം അർത്ഥം?.....

അതെ, തന്റെ ഉമ്മാ അന്ത്യശ്വാസംവലിക്കുന്ന ആ നിമിഷംവരെ ഈ അനീതിക്കു് കൂവുവരികയില്ല..... അതേവരെയും സഫിയായ്ക്കു യാതൊരുവിധ സൈര്യത്തും ലഭിക്കുകയില്ല... താൻമൂലം ആ ജീവിതം ശോകപൂരിതമാകരുതു്.....ഹക്കു് മനസ്സിലുറപ്പിച്ചു.

"ൻറാമോളമെയ്ചൊല്ലിയേക്കു്."

സഫിയായുടെ പിതാവു് ആവശ്യപ്പെട്ടു.

തന്റെ സുഖദുഃഖസമ്മിശ്രമായ ജീവിതത്തിൽ തന്നോടു പങ്കുകൊണ്ടു കഴിയുന്ന ഭാര്യയെ പുറംതള്ളുക!..... അതെ, ആ പവിത്രബന്ധം തകർത്തു തരിപ്പണമാക്കുക!!.....ഹക്കിനതു് ആലോചിക്കുവാൻപോലും കഴിഞ്ഞില്ല. അയാൾ പറഞ്ഞു.

"ഞാൻ മൊയ് ചൊല്ലല."

"ഇന്നതന്നെ മൊയ് ചൊല്ലിത്തരാം."

അപ്പുറത്തുനിന്നും ഓടിപ്പാഞ്ഞുവന്ന ഹക്കിന്റെ ഉമ്മാ പറഞ്ഞു.

"ന്നാക്കൊണ്ടാവുല മൊയ്ചൊല്ലാൻ."

"ഹക്കു് രീത്തുപറഞ്ഞു.

"മൊയ് ചൊല്ലീലങ്കി ഇപ്പനീയും, നിന്റെ കെട്ടിയേ ഉം ഈ ബീട്ടീന്നു ബെളീപോണം."

ഹക്കിന്റെ ഉമ്മാ മുന്നറിയിപ്പു നൽകി.

"ഞങ്ങ ഒപ്പോക്കോളാം."

ഹക്കു് തയ്യാറായി.

"പിന്നെ ഈ അതിക്രമത്തു് കാലെടുത്തുബെക്കാമ്പാങ്ങില്ല."

'ഉം' ഹക്കു് അതും സമ്മതിച്ചു.

"ൻറാമോള പൊരുവയ്ലിലക്കാന്നോ കണ്ടെ. അവളു് തെണ്ടിനടന്നു ബെളന്നോളല്ല. ഞാനയ്നൊട്ടു തമ്മയ്ക്കേമില്ല. ൻറാമോളമെയ് അങ്ങ് ചൊല്ലിയേക്കാം."

സഫിയായുടെ പിതാവു് വീണ്ടും ആവശ്യപ്പെട്ടു.

"മൊയ് ചൊല്ലലന്നല്ലേ പറഞ്ഞതു്?"

ഹക്കിന്റെ മുഖഭാവം തെല്ലൊന്നു മാറി.

രണ്ടുമൂന്നു് മണിക്കൂർ നീണ്ടുനിന്ന ആ വാക്കുതർക്കം ഒടുവിൽ നിലച്ചു. മൂന്നു്നാല്പേർചേർന്നു് ഒരു വിധിപുറപ്പെടുവിച്ചു. 'മൊഴി' ചൊല്ലുവാൻ.

അങ്ങിനെ ആ പവിത്രബന്ധം തകർന്നു.....നിറഞ്ഞകണ്ണുകളോടെ ആ ദമ്പതികളും വേർപിരിഞ്ഞു.

മൂന്നു്

ആ വൃദ്ധയുടെ തമ്മിലകന്നില്ല. അല്ലെങ്കിൽ എങ്ങിനെ അകലും? പരസ്പരം സ്നേഹിച്ചും, വിശ്വസിച്ചും ജീവിച്ചുപോന്ന ദമ്പതികൾക്കു് പെട്ടെന്നു പരസ്പരം മറക്കുവാൻസാധിക്കുമോ?

അന്നുരാത്രി അവരിരുവരും ഉറങ്ങിയില്ല. അവരുടെ തലയിണകളും കണ്ണുനീർകുടിച്ചുവീർത്തു. ആ മുറികളിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ദീർഘനിശ്വാസങ്ങളും കേൾക്കാനോ ആരുമാരും മിനക്കെട്ടില്ല. അവരിരുവരും ഒരിക്കൽക്കൂടെ പരസ്പരം കാണ്മാനാഗ്രഹിച്ചു.

ഹക്കു് തന്റെകിടക്കയിൽ തിരിഞ്ഞും, മറിഞ്ഞും കിടന്നു. ഉരുവല്ലാത്ത അസ്വസ്ഥത.....തന്നോടു് ചേർന്കിടക്കാറുള്ള സഫിയായുടെസ്ഥാനത്തു് ഒരു തലയിണ എടുത്തുവെച്ചു. മടക്കിയ വലതുകൈൽ ആ തലയിണയിലേറിവെച്ചിട്ടു് അതു യന്റെ രോമനിബിഡമായ മാർവ്വിടത്തോടമർത്തിപ്പിടിച്ചു.....അസ്വസ്ഥത.....ആ വല്ലാത്ത അസ്വസ്ഥത.....

കിടക്കയിൽനിന്നും എഴുന്നേറ്റ ഹക്കു് ആ മുറിയിൽത്തന്നെ അങ്ങുമിങ്ങും ഉലാത്തുവാൻതുടങ്ങി. അയാളാലോചിച്ചു.

സഫിയ അന്നു് തന്നോടു് കളവുപറയുവാൻ കാരണം? രീർച്ചയായും അന്നവർക്കു് അങ്ങിനെ ഒരു കളവുപറയേണ്ട ആവശ്യമുണ്ടായിരുന്നില്ല.

അതിനെക്കുറിച്ചു് ഹക്കു് ഗാഢമായി ചിന്തിച്ചു. അവസാനമയാൾ ആ പരമസത്യം മനസ്സിലാക്കി.

ഒരു കുടുംബകലഹമുണ്ടാകാതിരിപ്പാനും, തന്മൂലം ഒരു മാതൃപുത്രബന്ധം തകരാതിരിപ്പാനുമുള്ള സഫിയായുടെപ്രവൃത്തി ശ്ലാഘ്യമാണു്. അങ്ങിനെ തന്നേയും തന്റെ കുടുംബത്തേയും ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ആ "ദേവത"യെ ഉപേക്ഷിച്ചതിൽ ഹക്കു് കുണ്ഠിതപ്പെട്ടു.

താൻ ചെയ്തുപോയ അപരാധം സഫിയയോടേറ്റുപറയുവാനും, അവളോടു് മാപ്പിന്നപേക്ഷിക്കുവാനും ഹക്കു് നിശ്ചയിച്ചുറച്ചു. അയാളപ്പോഴും ആ മുറിയിൽ അങ്ങുമിങ്ങും ഉലാത്തുകയായിരുന്നു. ആ അസ്വസ്ഥതയ്ക്കൊരുകുറവും കണ്ടില്ല. അയാൾ കതകുതുറന്നു് പുറത്തിറങ്ങിനടന്നു.

സഫിയായുടെ വീട്ടിനു് മുൻവശത്തെത്തിയപ്പോൾ മുറ്റുകാലിൽനിന്നും ആരംഭിച്ചു് വിറയൽ ദേഹമാസകലം വ്യാപിച്ചു. ശ്വാസമടക്കിപ്പിടിച്ചുകൊണ്ടു് അയാൾ സഫിയായുടെ മുറിയെ സമീപിച്ചു. ജനൽതുറന്നു് അയാൾ പതുക്കെ വിളിച്ചു.

"സഫിയാ.....സഫിയാ....."

സഫിയ അപ്പോഴും ഉറങ്ങിയിട്ടില്ലായിരുന്നു. ഭ്രാന്തകാലാസുരണകളും അയവിറക്കിക്കൊണ്ടു് അവളങ്ങിനെകിടക്കുകയായിരുന്നു. ആ പതിഞ്ഞ സ്വരത്തിന്റെ ഉടമസ്ഥനെ സഫിയ ഒരൊറ്റവിളികൊണ്ടുതന്നെ മനസ്സിലാക്കി. അവൾ വേഗം കതകുതുറന്നു പുത്തുവന്നു.

വളരെസമയത്തേയ്ക്കു അവർക്കിരുവർക്കും ഒന്നുംതന്നെ ശബ്ദിക്കുവാൻകഴിഞ്ഞില്ല. കുറേക്കഴിഞ്ഞു അവരിരുവരും തങ്ങൾ ആവീട്ടിൽ താമസിക്കുന്നുള്ള ദിവസങ്ങളിലെ രാത്രികളിൽ ലീലാവിനോദങ്ങൾക്കായി സമ്മേളിക്കാറുള്ള ആ കളക്കടവിലേയ്ക്കു നടന്നു.

അവിടെ എത്തിയപ്പോൾ താൻ ചെയ്തുപോയ അപരാധത്തിനു് ഹക്കു് മാപ്പപേക്ഷിച്ചു. എന്നിട്ടയാൾ സഫിയയെ തന്റെ മാറോടുചേർത്തുപിടിച്ചു് അവളുടെ നറുകയിലും, കവിൾത്തടങ്ങളിലും നിരവധി സ്നേഹമുദ്രകളുപ്പിച്ചു.

നാല്

ആ പവിത്രബന്ധം തകർത്തശേഷം ഹക്കിന്റെ ഉമ്മാ തന്റെ സഹോദരപുത്രിയെ മകനെക്കൊണ്ടു് വിവാഹം കഴിപ്പിക്കുന്നകാര്യത്തെക്കുറിച്ചു് അലോചിക്കുകയായിരുന്നു. സഹോദരനോടക്കാര്യത്തെക്കുറിച്ചവർ സംസാരിക്കുകയും ചെയ്തു. തനിക്കാബന്ധത്തിൽ അതൃപ്തിയില്ലെന്നു് അയാളും സഹോദരിയെ അറിവിച്ചു.

അന്നുരാത്രി പുതിയ വിവാഹകാര്യത്തെക്കുറിച്ചു് ആ ഉമ്മാ ഹക്കുമായി സംസാരിച്ചു. താൻ ഇനിയുമൊരു വിവാഹത്തിനാഗ്രഹിക്കുന്നില്ലെന്നായാളും ഉമ്മയോടു തുറന്നുപറഞ്ഞു.

"അതു പറ്റില്ല".

ആ മാതാവു നിർബ്ബന്ധം പിടിച്ചു.

"ഉമ്മയുടെ കാലശേഷമല്ലാതെ ഞാൻ വേറെ കല്യാണം കഴിക്കില്ല."

"അപ്പോ ഞാൻ നിന്റെ ശത്രുവാണെന്നോ?"

"ഒരുത്തനെ പെറ്റുവളർത്തിയ ഉമ്മ അവന്റെ ശത്രുവാണെന്നു പറഞ്ഞാൽ ലോകം ഒരുപക്ഷേ അതു വകവച്ചുതരികയില്ല. എന്നാൽ നിങ്ങളെന്നെ സ്നേഹിക്കുന്നില്ല."

"ഹെന്തു്? നിന്നെ ഞാൻ സ്നേഹിക്കുന്നില്ലന്നോ?"

"എന്നെ നിങ്ങൾ സ്നേഹിച്ചിരുന്നുവെങ്കിൽ എന്റെ ഭാര്യയേയും നിങ്ങൾ സ്നേഹിച്ചിരുന്നേനെ."

"....."

ഹക്കു് തുടർന്നു.

"ഇനി വേറൊരുത്തിയെ കൊണ്ടുവന്നു് അവളേയും വേദനിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല".

അഞ്ചു്

മകളുടെ മൊഴി വാങ്ങിയതിനുശേഷം സഫിയായുടെ പിതാവിനാക്കുമുണ്ടായിട്ടില്ല. താൻ ചെയ്തതു് പൊറുക്കുവാൻവയ്യാത്ത ഒരു തെറ്റാണെന്നു് ആ വയസ്സൻ മനസ്സിലാക്കി.

ക്രൂരയായ അമ്മായി.....എങ്കിലും തന്റെ ജീവന്റെ ജീവനായി സഫിയയെ കരുതിപ്പോന്നിരുന്ന ഭർത്താവു് .....അവർക്കയാൾ കൺമുമ്പിൽ കണ്ട പടച്ചവനും.....ആ സ്നേഹബന്ധം തകർന്നു.....അല്ല തകർത്തു..... ഇനി അതിനെക്കുറിച്ചൊന്നും ആലോചിച്ചിട്ടു് ഫലമില്ല. നടക്കേണ്ടിയിരുന്നതു് നടന്നു.

ഇതവളുടെ വിധി(!!)യായിരിക്കാം.....

അയാൾ ആശ്വസിച്ചു. ഒരു പരാധിയെപ്പോലെ അദ്ദേഹം മകളുടെ മുമ്പാകെചെന്നുനിന്നു. കുറച്ചുനേരത്തെ മൗനത്തിനുശേഷം അദ്ദേഹം മകളെ വിളിച്ചു.

"മോളെ, സഫിയാ....."

നിലത്തു ദൃഷ്ടികളുപ്പിച്ചിരുന്ന സഫിയ തലയുയർത്തി വാപ്പായുടെ മുഖത്തേയ്ക്കു നോക്കി. ആ കൺപീലികളും നനഞ്ഞിരുന്നു.

"നീ എന്തിനാ കരേണെ?"

ആ പിതാവാരാഞ്ഞു.

"....."


പോട്ടെ മോളെ. പ്പൊ നാത ബന്നു. ഇനി കരഞ്ഞു്, കരഞ്ഞു് കണ്ണും മോവും ബീപ്പിച്ചിട്ടെന്താ?"

"....."

"നനക്കൊരു മാപ്പളനെ ഞാൻ നെച്ചയിച്ചിട്ടൊണ്ടു്."

"ബാ.....പ്പാ..."

വിഡ്ഢിക്കൂട്ടം



വിഡ്ഢി വല്ലപ്പോഴും ബുദ്ധിവൈഭവം പ്രകടിപ്പിച്ചാലും അവൻ വിഡ്ഢിതന്നെ ബുദ്ധിമാൻ വല്ലപ്പോഴും വിഡ്ഢിത്തം പ്രവർത്തിച്ചാലും അവൻ ബുദ്ധിമാൻതന്നെ

— വക്കം അബ്ദുൽഖാദർ —

സഫിയ വിളിച്ചു.

"ഊംം.....നേരം മോളേ..."

അവൾ ഉറപ്പിച്ചു പറഞ്ഞു.

"ഖാ...പ്പാ...എ...നി...ക്കും..."

ആ വാചകം പൂരിപ്പിക്കുവാൻ സഫിയായുടെ ഇടറിയ കണ്ഠം അവളെ അനുവദിച്ചില്ല.

"ഊം?...നെനക്ക്?..."

"....."

"പറ.....നെനക്കെന്തുവേണം?"

"എനിക്കിനി.....കല്യാണം ബേണ്ട..."

"ഊം?....."

"....."

"ഊംം...പറ..."

"....."

ആറ്

പരിരംഭണങ്ങളിലെ കൂളക്കടവില്ലാത്ത ആ സമ്മേളനം മുറതെറ്റാതെ തുടർന്നു പോന്നിരുന്നു. അന്നും ആ വേർപിരിഞ്ഞ ദമ്പതികൾ അവിടെ സമ്മേളിച്ചു. അങ്ങിനെയിരിക്കവെ വികാരാവേശം നിറഞ്ഞ നർമ്മസംഭാഷണങ്ങൾക്കിടയിലാണാപ്രാഥമ്യശരം സഫിയ ഹക്കിന്റെ നേരെ വലിച്ചെറിഞ്ഞത്.

"നമ്മുടെ വിവാഹം?....."

ഹക്ക് പറഞ്ഞു.

"അതിനെന്റെ മുമ്പിൽ പല കഴപ്പുങ്ങളുണ്ട്".

"ഉമ്മ മരിച്ചാലല്ലാതെ ഇനി കല്യാണം കഴിക്കലാന്ന അല്ലേ മുമ്പെല്ലും പറഞ്ഞിരുന്നത്. ഇപ്പോ അതുംകഴിഞ്ഞു. ഇനിയും കൊഴപ്പമാ? എന്താണത്?"

"ഒരു ചീഞ്ഞുനാറിയ നിയമം".

"എനിക്കൊന്നും മനസ്സിലാകുന്നില്ല"

"തെറ്റിക്കേ നീ എന്റെ ഭാര്യയായിരുന്നാ"

"ഊംം...അതിന്?"

"നിന്നെ ആചാരപ്രകാരംതന്നെ ഉപേക്ഷിക്കുകയും ചെയ്യും."

"....."

ഹക്ക് തുടർന്നു.

"വീണ്ടും ഞാൻ നിന്നെ വിവാഹം ചെയ്യുന്നതിനുമുമ്പായി നിന്നെ വേറൊരാൾ വിവാഹം ചെയ്ത് അയാളുമൊത്ത് ഒരു രാത്രി നീ കഴിച്ചുകൂട്ടിയശേഷം അയാൾ ആചാരപ്രകാരം ഉപേക്ഷിക്കണം. അതു കഴിഞ്ഞ് നാല്പതു ദിവസത്തിനു ശേഷമേ വീണ്ടും നിന്നെ എനിക്ക് വിവാഹം ചെയ്യുകൂടൂ."

"ഇതെന്ത് നിയമം"

"എന്താണുദ്ദേശിക്കുന്നത്?"

"നിയമം അനുസരിക്കാതെന്തു ചെയ്യും?"

"നീ ഒരന്യന്റെ ഭാര്യയായി, അയാളുമൊത്തു മറ്റു രാത്രി കഴിച്ചുകൂട്ടുക.....അല്ലാ എന്റെ അറിവോടും സമ്മതത്തോടുംകൂടി.....സഫിയാ... അതു സാദ്ധ്യമല്ല."

"പിന്നെ?"

"നീ തയ്യാറുണ്ടോ?"

"എന്തിന്?"

ഹക്ക് എന്തൊക്കെയോ സഫിയായുടെ ചെവിയിൽ മന്ത്രിച്ചു. അവൾ സമ്മതഭാവേന തലയാട്ടി.....

ഏഴ്

നാടാകെ ആ വാർത്ത കാട്ടുതീപോലെ പടർന്നുപിടിച്ചു. നാട്ടിലാകെ അതൊരു പാട്ടായി. നാലുപേർ കൂടുന്നിടത്തു് അതല്ലാതെ വിഷയമില്ലെന്നായി.

അന്ന് ആ പ്രദേശത്തിലെ ആകെ കാപ്പിക്കടയിൽ കാപ്പിയും കഴിച്ചുകൊണ്ടിരുന്നിരുന്നവരുടെ കൂട്ടത്തിൽനിന്നും അബ്ദുള്ള മുസ്ലിയാർ തന്റെ ആ നരച്ചുനീണ്ട താടി തടവിക്കൊണ്ട് ആരോടെന്നില്ലാതെ പറഞ്ഞു.

"അബൂ കാഫീൽങ്ങളും. നാലാമ്പേരുമനുസരിക്കാത്ത മുത്തൻ കാഫീങ്ങളു."

"നാലും ഈ മുസ്ലിമീങ്ങടെടേതോണ്ട് അവക്കിതു ശെയ്യാൻ തോന്നിയില്ലാ."

ഹൈദ്രോസ് മൗലവി മൂക്കിൽ വിരൽവച്ചു.

",അവനിനി പള്ളിക്കക്കേറരുതു".

കാപ്പിക്കടക്കാരൻ അയമുട്ടിയുടെ അഭിപ്രായമായിരുന്നതു"

"മരിച്ചാലൊട്ട് പള്ളിപ്പറമ്പീലു മറോം ശെയ്യിക്കരുതു".

മീൻകാരൻ കാദർ തട്ടിവിട്ടു.

അങ്ങിനെ ഹക്കിന്റെയും, സഫിയായുടെയും റജിസ്ട്രിവിവാഹത്തെക്കുറിച്ചു പലരും പലതും പറഞ്ഞു. അവർക്കെതിരായി പലരും സംഘടിച്ചു. പലരും അവരെ ഭീഷണിപ്പെടുത്തി.

എന്നാൽ ആ ദമ്പതികൾ തെല്ലുപോലും കുലുങ്ങിയില്ല. അവർ ഉറക്കെ, വളരെ വളരെ ഉറക്കെ വിളിച്ചുപറഞ്ഞു.

"ഇനിയും ഈ ചീഞ്ഞുനാറിയ നിയമസംഹിതകളെ തഴകിത്തഴമ്പിച്ചുവാൻ ഞങ്ങൾ തയ്യാറില്ല. ഈ നൂറ്റിപ്പഴുത്ത നിയമങ്ങളെയും, അനാചാരങ്ങളേയും ഞങ്ങൾ പിഴുതെറിയും. ഞങ്ങളെ മതദ്രോഹികളെന്നോ, അമുസ്ലിംകൾ എന്നോ, എന്തെന്നു വേണമെങ്കിലും മുദ്രകുത്തിക്കൊള്ളട്ടെ. ഞങ്ങൾക്കവരുടെനേരെ വിദ്വേഷം തോന്നുകയില്ല; നേരെമറിച്ച് സഹതാപമേയുള്ളൂ."

★

ഉച്ചരകൃതികളിലൊന്നു് വിഡ്ഢിത്തത്തിനൊരു നിർവചനം നൽകുക. നിഘണ്ടുവിൽക്കൂടി ഒരു വിഡ്ഢിയെ മനസ്സിലാക്കാൻ നിങ്ങൾക്കു കഴികയില്ല. ഭോഷൻ, അറിവില്ലാത്തവൻ, ബുദ്ധിയില്ലാത്തവൻ, മഠയൻ എന്നൊക്കെ വിഡ്ഢിക്കു് അർത്ഥം കല്പിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ വിഡ്ഢി ആരാണെന്നു് വൈകല്യംകൂടാതെ മനസ്സിലാക്കണമെങ്കിൽ അതിനു് ഒരേയൊരു മാർഗ്ഗമേയുള്ളൂ. അതു വിഡ്ഢിയോടു് നേരിട്ടിടപെടുകയാണു്.

ആദ്യത്തെ വിഡ്ഢി ആരാണെന്നും അവൻ ഏതുരാജ്യത്തു് ഏതുസ്ഥലത്തു ജനിച്ചുവെന്നും ചരിത്രകാരന്മാരിലോ ശാസ്ത്രജ്ഞന്മാരിലോ ആരും ഇന്നുവരെ കണ്ടുപിടിച്ചിട്ടില്ല. ലോകചരിത്രകാരന്മാരും നരവംശശാസ്ത്രജ്ഞന്മാരും വിഡ്ഢിലോകത്തെയും വിഡ്ഢിയുടെ വിചിത്രസൃഷ്ടിയേയും സംബന്ധിച്ചു മൗനനിരീക്ഷിക്കയാണു ചെയ്യുന്നതു്. ആദ്യംതൊട്ടു് ഇന്നുവരെ വിഡ്ഢികളുണ്ടു് മനുഷ്യസമുദായത്തിലെ ഭൂരിപക്ഷക്കാർ എന്നും ഒരു ബുദ്ധിമാൻ പ്രഖ്യാപിക്കുന്നു. അതു ശരിയാണെന്നു് നിങ്ങളും സമ്മതിക്കുന്നുണ്ടെങ്കിൽ ഭൂരിപക്ഷത്തിന്റെ ഭരണം എന്നുവെച്ചാൽ 'വിഡ്ഢികളുടെ ഭരണമാണെന്നു് നിങ്ങൾക്കു സമ്മതിക്കേണ്ടിവരും.

ഒരുകാര്യം തീർച്ച. ബുദ്ധിമാൻ വിഡ്ഢിയെക്കൊണ്ടുമാണു് തിരിച്ചറിയപ്പെടുന്നതു്. മനുഷ്യനാഗരികതയായി ആവിർഭവിച്ചതു് പൗരസ്ത്യരാജ്യത്താണെന്നു നരവംശശാസ്ത്രജ്ഞന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതുകൊണ്ടു് ഒന്നാമത്തെ വിഡ്ഢിയോ ഒന്നാമത്തെ ബുദ്ധിമാനോ പൗരസ്ത്യനാടിരിക്കണം എന്നു് യുക്തിപൂർവ്വം അനുമാനിക്കാം. ഇവിടെ മറ്റൊരു സംശയം. വിഡ്ഢി ബുദ്ധിമാന്റെ മകനോ ബുദ്ധിമാൻ വിഡ്ഢിയുടെ മകനോ എന്നു്. ഇന്നുവരെ വിഡ്ഢികളുണ്ടു് ഭൂരിപക്ഷക്കാരെങ്കിൽ ആദിപിതാവെന്നു പറയപ്പെടുന്ന ആദ്യം വിഡ്ഢിയായിരുന്നേക്കാം. വളരെ കുഴപ്പംപിടിച്ച ഒരു പ്രശ്നമാണിതു്. ശാസ്ത്രജ്ഞന്മാരുടെ തലയെ ക്ഷണിച്ചുകൊള്ളുന്നു.

വിഡ്ഢിയുടെ സ്വഭാവത്തെയും സമ്പ്രദായങ്ങളെയും സംബന്ധിച്ചു അശാധ്യപഠനങ്ങൾ നടത്തപ്പെടേണ്ട ഒരു കാലഘട്ടമാണിതു്. അറിവും ബുദ്ധിയും ഇല്ലാത്തവരെല്ലാം വിഡ്ഢികളാണെന്നു ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അവർ വിഡ്ഢിത്തത്തെ തെറ്റിദ്ധരിച്ചിട്ടുള്ളവരാകും. അജ്ഞതയിൽനിന്നും ബുദ്ധിശൂന്യതയിൽനിന്നും വളരെ വ്യത്യസ്തമായ ഒന്നാണു് വിഡ്ഢിത്തം. ഒരു വിഡ്ഢി അജ്ഞനായിരിക്കും; ബു

ബുദ്ധിശൂന്യനായിരിക്കും. എത്ര അജ്ഞനായിരുന്നാലും എത്ര ബുദ്ധിമോശക്കാരനായിരുന്നാലും മുങ്ങിച്ചാവുന്ന നേരത്തു ഒരുവൻ ചിരിക്കയില്ല. എന്നാൽ ഒരു വിഡ്ഢി അങ്ങനെ ചെയ്തേക്കും. എത്ര പടുവിഡ്ഢിയും ചിലപ്പോൾ ബുദ്ധിമാനായിരിക്കും. എത്ര വലിയ ബുദ്ധിമാനും ചിലപ്പോൾ വിഡ്ഢിയായിരിക്കും. കുറച്ചുകൂടി വ്യക്തമായി മറ്റൊരുപ്രകാരത്തിൽ പറയുകയാണെങ്കിൽ ഒരുവൻ എല്ലായ്പോഴും വിഡ്ഢിയായിരിക്കയില്ല, എല്ലാവരും ചിലപ്പോഴും വിഡ്ഢികളായിരിക്കും.

വിഡ്ഢികളെ എന്നൊരു പ്രത്യേകവർഗ്ഗമുണ്ട്. അസ്സാധാരണമായി അവർ ബുദ്ധിവൈഭവം പ്രകടിപ്പിച്ചാലും അവർ വിഡ്ഢികൾതന്നെ. ബുദ്ധിമാൻ വല്ലപ്പോഴും വിഡ്ഢിത്തം പ്രവർത്തിച്ചാലും അവൻ ബുദ്ധിമാൻതന്നെ. ഇതാണ് വിഡ്ഢിയും ബുദ്ധിമാനുംതമ്മിലുള്ള മൗലികമായ അന്തരം.

ഒരു വിഡ്ഢിയുമായി നിങ്ങൾ വീട്ടിൽവച്ച് കളിക്കുക. അവൻ തെരുവിൽവെച്ച നിങ്ങളോടുകളിക്കും. വിഡ്ഢി ബുദ്ധിമാനിൽനിന്നു ഒരിക്കലും ഒന്നും പഠിക്കയില്ല. നേരേമറിച്ചാണ് ബുദ്ധിമാൻ. ബുദ്ധിമാന്മാരിൽ പലരും വിഡ്ഢികളെക്കൊണ്ടു രസിക്കയും ആഹ്ലാദിക്കയും ചെയ്യുന്നു. ചെകുത്തൈതലിനോടും വിഡ്ഢിയോടും കഴുതയോടും കരടിനോടും കളിക്കരുതെന്നുണ്ട് അനിവാര്യവും അപഗ്രഥനാതീതവുമായ ഒരുതരം സന്തോഷരസാനുഭൂതി അനുഭവിക്കുന്നവരുണ്ട്.

വിഡ്ഢി ഏറ്റവും ഒടുവിൽ ചെയ്യുന്ന കൃത്യം ബുദ്ധിമാൻ ആദ്യം ചെയ്യുന്നതെന്നു ആപ്തവാക്യം. അത്ര ശരിയല്ല. കാരണം, വിഡ്ഢി എത്ര പുരോഗമിച്ചാലും വിഡ്ഢിതന്നെയായിരിക്കും. വിഡ്ഢി നിശ്ശബ്ദനും നിശ്ചേഷ്ടനുമായിരിക്കുമ്പോൾ ബുദ്ധിമാനാണെന്നു ചിലപ്പോൾ തെറ്റിദ്ധരിക്കപ്പെട്ടേക്കും. ഏഴുകൊല്ലക്കാലംകൊണ്ടു ഒരു ബുദ്ധിമാൻ മറുപടി നൽകുന്നതിനെക്കാളധികമായി ഒരു മണിക്കൂർകൊണ്ടു ഒരു വിഡ്ഢി ചോദ്യങ്ങൾ ചോദിക്കുമെന്നൊരു ചൊല്ലുണ്ട്. അരവിഡ്ഢിയും അരബുദ്ധിമാനുമാണ് ലോകസമാധാനത്തിന്റെയും ലോകപുരോഗതിയുടേയും ഏറ്റവും വലിയ ആപൽക്കാരികൾ. വിഡ്ഢിയെ കണ്ടുമുട്ടുന്നതെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യമായിചെയ്യേണ്ടതു് നിങ്ങളുടെ മുഖം നോക്കുന്ന കണ്ണാടി ഉടച്ചുകളയുകയാണെന്നു ഒരാൾ പ്രസ്താവിക്കുന്നു. അയാളും വിഡ്ഢിയോ ബുദ്ധിമാനോ ആരാണെന്നു നിങ്ങൾ ആലോചിച്ചു തീരുമാനിക്കുക. താൻ ബുദ്ധിമാനാണെന്നു ആരുവിചാരിക്കുന്നുവോ അവനാണ് ഒരു വിഡ്ഢിയോടു് ഏറ്റവും അടുത്തിരിക്കുന്നവൻ. താൻ വിഡ്ഢിയാണെന്നുവിചാരിക്കുന്നവൻ ഒരിക്കലും വിഡ്ഢിയായിരിക്കയില്ല. എന്നാൽ വിഡ്ഢി എന്നു എത്ര സ്നേഹനിർഭരമായി വിളിക്കപ്പെട്ടാലും വിളി കൊടുക്കുവാൻ ആരും ഉണ്ടായിരിക്കയില്ല.

വിഡ്ഢിയായി ജനിക്കുന്നവൻ, വിഡ്ഢിയാക്കപ്പെടുന്നവൻ, ഇങ്ങനെ വിഡ്ഢികളും രണ്ടുതരക്കാരുണ്ട്. ജന്മനാ വിഡ്ഢിയായിരിക്കുന്നവൻ മരിക്കുവോളം വിഡ്ഢിതന്നെ. വിഡ്ഢി ബുദ്ധിമാനായിരിക്കുന്നതു അവനെ വിഡ്ഢിയെന്നു മറ്റൊരുകൂട്ടുകാരൻവിഡ്ഢി വിളിക്കുമ്പോഴാണ്. വിഡ്ഢി ബുദ്ധിമാനെന്നും ബുദ്ധിമാൻ വിഡ്ഢിയെന്നും വിളിക്കപ്പെടുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നതു്.

വിഡ്ഢികളെയെല്ലാം ലോകത്തു നിന്നു നിക്കംചെയ്യുവാനോ ലോകത്തെ വിഡ്ഢികളെക്കൊണ്ടുമാത്രം നിറയ്ക്കുവാനോ ചെയ്യുന്ന ശ്രമമാണ് ഏറ്റവും വലിയ വിഡ്ഢിത്തം. വിഡ്ഢിയുടെ ബദ്ധവിരോധി വിഡ്ഢിതന്നെയാണ്. അവന്റെ ഉറ്റസ്നേഹിതനും വിഡ്ഢിതന്നെ. വിഡ്ഢിയുടെ ദൃഷ്ടിയിൽ ലോകത്തു ഒരൊറ്റ ബുദ്ധിമാനേയുള്ളൂ. അതു അവനല്ലാതെ മറ്റാരുമല്ല. അല്ലെങ്കിൽ ഒരു വിഡ്ഢി ലോകത്തുള്ള ബുദ്ധിമാന്മാരുടെ മനസംഖ്യക്കണക്കെടുത്താൽ അതിന്റെ ആകത്തുക ഒന്നായിരിക്കും. ആദരിക്കപ്പെടേണ്ടവനോ അനുകരിക്കപ്പെടേണ്ടവനോ അല്ലെങ്കിലും വിഡ്ഢി വെറുക്കപ്പെടേണ്ടവനല്ല. ആഭാസനെയോ കപടനെയോ ക്രൂരനെയോ പോലെ അവൻ ചീത്തയല്ല. വിഡ്ഢി കളങ്കരഹിതനാണ്. പരിശുദ്ധനാണ്. എന്നാൽ അവൻ മാന്യദർശിയല്ല; വിഡ്ഢി രസിക്കുന്നതിനേക്കാൾ രസികത്വത്തിനു വകനൽകുന്നു. അവൻ അറിയാതെയും ആവശ്യപ്പെടാതെയും അവന്റെ ചുറ്റിലും ആളുകൾ വന്നുകൂടുന്നു. ഒരുപ്രകാരത്തിൽ അവൻ വലിയ ആൾംബലമുള്ളവനാണ്. ആൾംബലമുള്ളവരെല്ലാം വിഡ്ഢികളാണെന്നു നിങ്ങൾ തീർത്തുപറയരുതു്. സാവകാശത്തിൽ ചിന്തിച്ചു ഏതെങ്കിലും ഒന്നു തീരുമാനിച്ചാൽമതി.

മഹാന്മാർ കാലുകുത്തുവാൻ മടിക്കുന്നിടത്തു മായന്മാർ തള്ളിക്കയറുന്നുവെന്ന ചൊല്ലു് പ്രസിദ്ധമാണല്ലോ. ഇക്കാലത്തു ആ ചൊല്ലിനെ പരിഷ്കരിച്ചു എത്രപറഞ്ഞാലും എഴുതിയാലും അതു അധികമായിപ്പോകയില്ല. വിഡ്ഢി ഏറ്റവും വിനാശകരിയായുവർത്തിക്കുന്നതു അവൻ രംഗീയ ലോകത്തു കടക്കുമ്പോഴാകുന്നു. നായകത്വം പാർട്ടിബലവുംസിദ്ധിക്കുന്ന വിഡ്ഢി സ്റ്റാൻഡാർഡുവിഡ്ഢിയായിരിക്കയില്ല.

★

സംസ്കാരത്തിന്റെ സർഗശക്തികൾ

★

— പി. വി. വേലായുധൻ —

ഒന്നു്

കവിപാടുന്ന മുക്ത
കണ്ണാമീ,യുഗങ്ങളും തൻ-
ചെവികളം പിടിച്ചാട്ടി
ത്തെളിക്കുന്നവർ നമ്മളം.
മർത്യസംസ്കാരം നമ്മളം
കുളമ്പൊരിക്കടിഞ്ഞാണി-
ന്നാറ്റുന്ന പരതന്ത്ര
മെപ്പൊഴും ജാതോന്മേഷം
സ്നേഹിത,കൃഷക, നാം
രണ്ടുപേരിലുമായി-
ജ്ജീവിതം വളരുന്നു,
ജീവിതം തെളിയുന്നു.
നീൽകരമേലും കരു-
ത്തേറിടും കലപ്പയാ-
ലങ്കുരിച്ചല്ലോ മണ്ണി-
ലാദ്യമായ് ജീവച്ഛക്തി.

ഉപ്പുവെള്ളത്തിൻ വെള്ളി-
ച്ചെതുമ്പൽ വാഴിക്കുടി-
ഞ്ഞുമ,യപരമായ്
ക്കിടന്ന ഭൂഭാഗങ്ങളം,
രാവുകളുനിരുലു-
മന്തസ്സിലാടിപ്പോന്ന-
കാട്ടുകം, മലീമസ
നഗ്നമാം ചേറ്റുപടങ്ങളം,
കുന്നുകളും, നാടിൻചങ്കി-
ലാധികാരത്തിൻ പാദ-
മുന്നിനിന്നലറിയ
കുന്നുകളിവയൊക്കെ
കേവലം കലപ്പതൻ
മൂർച്ചയേറിയ നാവാൽ
ചാലുകം കീറിപ്പുത്തൻ
വിത്തിട്ടു നിരപ്പാക്കി
തവകപ്രയത്നത്തി-
ന്നപ്പനീർ തേകിത്തേകി
മേദുരമധുരമായ്
ത്തീർത്തുനീയുലകെല്ലാം.
ഒന്നോർത്തുനോക്കു, നമ്മം
രണ്ടാളുമമാന്നേച്ചെയ്യു;
മന്നിനെഭവാനും ഞാൻ
മനസും വിളക്കുന്നു.

പേനയാലിരുളുണ്ട
മർത്യമാനസത്തിലെ-
ക്കാനനമനലസം
വെട്ടി, വിജ്ഞാനംവീശി.
കുടികം, ശ്രുതിഭംഗ-
ഭീരുവും മലിനവു-
മാകിയവികാരങ്ങം
വളരുംവനാന്തങ്ങം,
മർത്യമാനസങ്ങളിൽ
സ്ഥാപിതവിശ്വാസത്തിൻ
കുത്തുകം, മുറിവുക-
ളേല്പിക്കുമാചാരങ്ങം,
ഈവകയൊക്കെത്തേഹി-
പ്പിച്ചുമെവെളിച്ചത്തിൻ-
ഭാവുകരഥചക്ര-
മുരുട്ടിഞാനന്നാളിൽ.
മാമകകരസ്പർശ-
മേൽക്കുതെയിന്നോളവും
മാനവസംസ്കാരങ്ങം
വളരാൻ കഴിഞ്ഞീല.
ഞാനനിഷേധ്യൻ, വർഗ്ഗ-
ചരിത്രംകുറിച്ചുനൂ-
നനമെന്നിച്ഛാശക്തി
തന്നുടെപേനത്തുമ്പാൽ.

രണ്ടു്

ഇന്നുഞാൻനിൽപ്പു,ജീവൽ
ജീവിതസംസ്കാരത്തിൻ
മുന്നിലെന്നവബോധ
ചേതസ്സുവിജൃംഭിക്കേ,
നേരിയപരാജയ-
ബോധമൊന്നെന്നെച്ചുറ്റി
യോരിയിട്ടീടുംപോലെ
തോന്നുന്നു വിഷാദത്താൽ.
വ്യാധികം—ഹൃദയത്തിൽ
ബുദ്ധിയിൽപുഴുക്കുത്തും
വ്യാധികളെങ്ങുംഘനം
പൊക്കിനിന്നാടീടുന്നു
ചൂഴവുമളിഞ്ഞതി-
ഞ്ഞായുസ്സുദ്ദീപ്തങ്ങളാം
വംഗനം; സംസ്കാരത്തിൻ
ശിരസ്സേകുനിഞ്ഞുപോയ്
ഹാ! വാഴിവരണ്ടുപോയ്
മനുഷ്യത്വത്തിൻചോര-
ച്ചാലുകംമാംസതൃത്തിൻ
പുകയുംവെയിൽതട്ടി.
സ്വതന്ത്രവുമസ്വയം
ഭരയും വിങ്ങുംവാഴ്വോ-
രാന്ധികമദവുമായ്
ഞങ്ങളിൽകലഹിക്കെ
കവിഞ്ഞാൻ കടയോടെ
വീണെരീവിശ്വാസത്തിൻ
ചുവടിപ്പൊഴുംകാക്കും
വെള്ളത്തിടികളംകൺകെ,
ഭാവിതന്നവികല-
ശോഭമാമാരമത്തി-
ലാവിലവികാരത്തിൻ
മൂഢങ്ങം കടക്കുന്നാൻ.
പേനയെ നിശിതമാം
ഖഡ്ഗമായ്മാറ്റീടുന്ന-
ഭാവനയുടെ നവ-
ഗാനങ്ങം പാടിപ്പാടി
ജനമാനിതങ്ങളാ-
മായിരം കിനാവുകം
വിരിയും, യാഥാർത്ഥ്യമായ്
വിരിയുംകാലംകാണാൻ

കൊളമ്പുപദ്ധതിയനുസരിച്ചുള്ള സാങ്കേതികസഹായം

★

ജി. ഡാർണോ ടെയ്‌ലർ

കൊളംബൊപദ്ധതിയനുസരിച്ച് ദക്ഷിണപൂർവ്വേഷ്യയിലെ രാജ്യങ്ങൾക്കനുവദിക്കുന്ന സാങ്കേതികസഹായത്തിന്റെ പ്രവാഹം 1952-ൽ വമ്പിച്ചതോതിൽ വർദ്ധിക്കുകയുണ്ടായി. 1951-ലെ 45 വിദഗ്ദ്ധന്മാർക്കെതിരായി പ്രസ്തുത വർഷത്തിൽ 90 വിദഗ്ദ്ധന്മാരെയാണ് നൽകപ്പെട്ടത്. അതോടൊപ്പം 1950 ജൂണിൽ പദ്ധതിയാരംഭിച്ചുകഴിഞ്ഞശേഷം നൽകിയ വിദഗ്ദ്ധന്മാരുടെ സംഖ്യ 135 ആയിത്തീർന്നു. ഇതിൽ 67-പേർ ബ്രിട്ടനിൽനിന്നും 40-പേർ ആസ്ത്രേലിയയിൽനിന്നും 17 ന്യൂസിലണ്ടിൽനിന്നും 6 കാനഡയിൽനിന്നും 5 ഇന്ത്യയിൽനിന്നുമുള്ളവരാണ്. ഇപ്പോൾ ഇവരുടെ സംഖ്യ ഇതിലും വർദ്ധിച്ചുകാണും.

അതുപോലെതന്നെ 1952-ൽ പരിശീലനസഹകര്യം നൽകപ്പെട്ടവരുടെ സംഖ്യ 309-ൽ നിന്ന് 538-ആയി വർദ്ധിച്ചു. 1950 നുശേഷം ബ്രിട്ടൻ, ആസ്ത്രേലിയ, ന്യൂസിലണ്ട്, കാനഡാ, ഇന്ത്യാ, പാകിസ്ഥാൻ എന്നീ രാജ്യങ്ങളാണ് പദ്ധതിയുടെ പ്രാരംഭം

1950-ൽ കൊളമ്പുപദ്ധതിയുടെ ആലോചനയ്ക്കുമിറിറി ലണ്ടനിലും സിഡ്നിയിലുമായി സമ്മേളിച്ചതിന്റെ ഫലമായാണ് പദ്ധതി ഉടലെടുത്തത്. ദക്ഷിണേഷ്യയിലെയും ദക്ഷിണപൂർവ്വേഷ്യയിലെയും രാജ്യങ്ങളെ 80-ലക്ഷം പവനോളം സഹായിക്കണമെന്നും അതിൽ ബ്രിട്ടന്റെ പങ്ക് 2,800,000 പവനായിരിക്കണമെന്നുമാണ് അന്നു തീരുമാനിച്ചത്. കോമൺവെൽത്തുരാജ്യങ്ങളെക്കൂടാതെ പുറമേനിന്നു കംബോഡിയ, വിയറ്റ്നാം, ബർമ്മ എന്നീരാജ്യങ്ങളും പിന്നീട് കൗൺസിലിൽചേർന്നു. ഫിലിപ്പൈൻസും തായ്‌ലണ്ടും പദ്ധതിപ്രകാരമുള്ള സഹായങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിലും കൗൺസിലിന്റെ അംഗങ്ങളല്ല.

ബ്രിട്ടീഷ് ഗവർമെൻറുദ്യോഗസ്ഥനായ മി: ജിയോഫ്രി വിത്സന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥിരമായ സാങ്കേതികസഹായബ്യൂറോ കൊളമ്പിൽ പ്രവർത്തിക്കുന്നുണ്ട്. ക്രടിയാലോചനകളും ഗവർമെൻറുകളും തമ്മിലാണ് നടത്തുന്നതെങ്കിലും ഈ ബ്യൂറോ ഒരു മദ്ധ്യവർത്തിയായിനിന്നു സഹായങ്ങൾ നൽകുന്നു.

ഇൻഡ്യാ, പാകിസ്ഥാൻ, സിലോൺ എന്നീ രാജ്യങ്ങൾക്കാണ് കൂടുതൽ വിദഗ്ദ്ധന്മാരെ ലഭിച്ചിട്ടുള്ളത്. അതുപോലെതന്നെ കൂടുതൽ പരിശീലനസൗകര്യം ലഭിച്ചിട്ടുള്ള രാജ്യങ്ങളും ഇവതന്നെയാണ്. ഈ മൂന്നു രാജ്യങ്ങൾക്കുംകൂടി 118 വിദഗ്ദ്ധന്മാരെയും 689 പരിശീലനസ്ഥാനങ്ങളും കിട്ടിയിട്ടുണ്ട്. ഇൻഡോനേഷ്യയ്ക്ക് 62-ും മലയയ്ക്ക് 39-ും മാത്രമേ സ്ഥാനങ്ങൾ ലഭിച്ചിട്ടുള്ളൂ. 135 വിദഗ്ദ്ധന്മാരിൽ 13 പേർ മലയയിലും 3 പേർ ഉത്തരബോർണിയോവിലും ഒരാൾ സിംഗപ്പൂരിലും സേവനമനുഷ്ഠിക്കുന്നു.

വികസനത്തിന്റെ വിവിധവശങ്ങൾ

വികസനപദ്ധതികളുടെ മുന്നുവശങ്ങളെ ആസ്പദമാക്കിയാണ് സഹായം നൽകുന്നതെന്ന് റിപ്പോർട്ടു വ്യക്തമാക്കുന്നു. പദ്ധതികൾ ആസൂത്രണം ചെയ്യുക ചില പ്രത്യേകപദ്ധതികൾ പ്രായോഗികമാക്കുക, ആവശ്യമുള്ള സാങ്കേതികവിദഗ്ദ്ധന്മാർക്ക് അതുരാജ്യങ്ങളിൽ പരിശീലനം നൽകുക എന്നിവയാണ് ആ മുന്നുവശങ്ങൾ. മുന്നാമത്തേതിനു കൂടുതൽ പ്രാധാന്യം നൽകിവരുന്നുണ്ട്. ഒന്നാംകിടവിദഗ്ദ്ധന്മാരെ സ്ഥലത്തു ലഭിക്കുതെവരുമ്പോൾ പുറമേനിന്നു കൊണ്ടുവരാം എങ്കിലും താഴ്ന്നതരം സാങ്കേതികവിജ്ഞാനം ലഭിച്ചവരുടെ സ്ഥിതി ഇതല്ലെന്നാണ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നത്.

അടിയന്തിരബോധം

പദ്ധതിയിലുൾപ്പെട്ട പ്രദേശത്തെ സാങ്കേതികവൈദഗ്ദ്ധ്യം വികസിപ്പിക്കേണ്ടതിന്റെയാവശ്യം 1952-ൽ നൽകിയ സഹായത്തിന്റെ സ്വഭാവത്തിൽനിന്നുതന്നെ പ്രതിഫലിക്കുന്നുണ്ട്. 131 വിദഗ്ദ്ധന്മാരെയാവശ്യപ്പെട്ടതിൽ 90 പേരെയാണ് പ്രസ്തുതവർഷത്തിൽ നൽകിയത്. ഈ സംഖ്യ മുൻകൊല്ലത്തേതിന്റെ ഇരട്ടിയാണ്. അവികസിതരാജ്യങ്ങളുടെയാവശ്യം നേരിട്ടന്നതിൽ അംഗരാഷ്ട്രങ്ങൾക്ക് ഒരടിയന്തിരബോധമുണ്ടായിട്ടുണ്ടെന്നു ഇതു തെളിയിക്കുന്നു. കൊളമ്പുപദ്ധതി രാജ്യങ്ങൾ ഏതുവഴിക്കാണ് വികസിച്ചുകൊണ്ടിരിക്കുന്നതെന്ന് ഈ വിദഗ്ദ്ധന്മാരുടെ സേവനത്തിൽനിന്നു മനസ്സിലാക്കാം. ഇന്ത്യയിലെ നദീതടപദ്ധതികളുടെ നിർമ്മാണത്തിനുസഹായിക്കുന്ന വിദഗ്ദ്ധന്മാർ പ്രാദേശികവിദഗ്ദ്ധന്മാരെ പരിശീലിപ്പിക്കുന്നു.

അതതുപ്രദേശങ്ങളിലെ ആളുകളെ പരിശീലിപ്പിക്കുകമാത്രം പ്രധാനജോലിയായുള്ള വിദഗ്ദ്ധന്മാരുടെയും വശ്യം വർദ്ധിച്ചുവരികയാണ്. ഖരക്പൂരിലെ ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു ട്യൂട്ടോറിയൽ സ്കൂൾതന്നെ വേണമെന്ന് ഇന്ത്യയാവശ്യപ്പെട്ടിട്ടുണ്ട്. ടെലികമ്മ്യൂണിക്കേഷൻ വിദഗ്ദ്ധനെയാണ് പാകിസ്ഥാൻ ആവശ്യപ്പെട്ടത്.

സംയുക്തപരിപാടികൾ

പലരാജ്യങ്ങൾക്കുംതന്നെ മുതലിറക്കിയും സാങ്കേതികസഹായം നൽകിയുമുള്ള പരിപാടികൾ 1952-ൽ വർദ്ധിച്ചിട്ടുള്ളതായിക്കാണുന്നു. പാകിസ്ഥാനിലെ ഒരു കനകലിവെളത്തിൽ കേന്ദ്രത്തിനുള്ള സാങ്കേതികസഹായവും യന്ത്രോപകരണങ്ങളും കാനഡാ, ആസ്ത്രേലിയ, ന്യൂസിലണ്ട് എന്നീ മൂന്നുരാജ്യങ്ങൾചേർന്നാണ് നൽകുന്നത്. ഇമ്മാതിരിയുള്ള സംയുക്തസഹായം സിലോണിനും ലഭിക്കുന്നുണ്ട്.

ഇന്ത്യയുടെ സംഭാവന

പരസ്പരസഹായമാണ് കൊളമ്പുപദ്ധതിയുടെ അടിസ്ഥാനതത്വം. ഈ പ്രദേശത്തിന്റെ മുഴുവൻ വികസനത്തിനു തങ്ങളാവുന്നതരത്തിൽ ഓരോരോരാജ്യങ്ങളും സഹായിക്കുക. ഈ ലക്ഷ്യത്തെ മുൻനിറുത്തിയാണ് അയൽരാഷ്ട്രങ്ങളെ സഹായിക്കാൻ ഇന്ത്യ 750 000 പവൻ ചെലവിടാമെന്നു സമ്മതിച്ചിട്ടുള്ളത്. പാകിസ്ഥാൻ 161,290 പവനും സിലോൺ 400000 പവനും ഇതിലേക്കു സംഭാവന നൽകിയിട്ടുണ്ട്.

ഈ ഫണ്ടിൽനിന്നാണ് ഇന്ത്യ അഞ്ചുവിദഗ്ദ്ധന്മാരുടെ സേവനം സിലോണിനു നൽകിയിട്ടുള്ളത്. സ്ഥിതിവിവരക്കണക്കുകാരൻ, ഷുഗർടെക്നോളജി, കസ്റ്റംസ്, പ്രക്ഷേപണം, എൻജിനീയറിംഗ് എന്നീ മുിഷയങ്ങൾക്ക് ഇന്ത്യ 55 സ്കോളർഷിപ്പുകളും വിദേശവിദ്യാർത്ഥികൾക്കു നൽകുന്നു. ഈ വിദ്യാർത്ഥികൾ ഇന്ത്യൻസർവ്വകലാശാലകളിലും മറ്റു സ്ഥാപനങ്ങളിലും പഠിക്കുന്നതാണ്.

മറ്റുമാർഗ്ഗങ്ങളിൽകൂടി ഈ പ്രദേശത്തിനു ലഭിക്കുന്നസഹായത്തിനു കൊളംബുപദ്ധതി ഒരു പൂരകമായേവർത്തിക്കുന്നുള്ളൂ. ഇങ്ങനെ സഹായംനൽകുന്ന കേന്ദ്രങ്ങളുമായി ഉറ്റസമ്പർക്കംപുലർത്താൻ കൗൺസിൽ കഴിഞ്ഞവർഷം ശ്രമിച്ചിട്ടുണ്ടെന്നുകാണുന്നു. ഐക്യരാഷ്ട്രസാങ്കേതികസഹായബോർഡിന്റെ സിലോണിലെ പ്രതിനിധിയും കൊളംബിലെ അമേരിക്കൻ സ്ഥാനപതികാര്യാലയത്തിലെ ലിയാസൺ ഓഫീസറും കൗൺസിലിന്റെ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ടിരുന്നു എന്നു വസ്തുതപ്രസ്താവയോഗ്യമത്രേ.

പോകയാണസന്ദിഗ്ദ്ധമാകുമെൻ വിജയത്തിൻ
ശ്രീലമാമടയാള
വൈജയന്തികപൊക്കി.
എൻകരംഗ്രഹികളിൽ
കരങ്ങുംജഗത്തിന്റെ-
മംഗളമണിമയ-
ഭാവി; ഹാ! ഭാഗ്യം! ഭാഗ്യം!
ചക്രവാളത്തിൽ മഞ്ഞ്ള
മായുഷാവലിചിന്നി-
നിൽക്കുമെൻ ഹിതാഹിത
മറിയാൻ വിഭാതങ്ങളും.
എങ്ങുമേ സൗഹാർദ്ദവും
സൗന്ദര്യബോധതരവു-
മുണ്മയും പനീർപ്പൂക്കളും
ചൊരിയുംകുലംവന്നാൽ
നാമിതുപേക്ഷചെയ്ത
പോരുമീയജ്ഞങ്ങളുംതൻ-
നാവുകളംപാട്ടും, ചിത്ത-
മുജ്ജ്വലംവികസിക്കും.
പൊന്നാളിസ്സൗഹാർദ്ദത്തിൻ-
നാട്ടുപാതയിലൂടെ-
യുന്നതവികാരങ്ങളും
വിരിയുംഹൃദയങ്ങളും
തോളോടുതോളായ്പ്പോകും-
മക്കാറ്റ്യ കാലത്തിന്റെ
നീലംമിഴിക്കോണിൽ സ്നേഹ-
മണ്ഡലംജ്വലിപ്പിക്കും!!"

(പകർപ്പവകാശം)

★



എന്റെ നാട്

മൂത്തൂർ രാഘവൻനായർ

അനഘപ്രശാന്തിതൻ മലർവാടം ഭാരതം
മുനിമനസ്സുടെ നാടാണെൻജന്മഭൂമി
ഉപനിഷത്കവിതകൾ പുഷ്പിച്ചതിവിടെയും-
ണ്ടതുപുണ്യഭൂമിയെൻ ജന്മഭൂമി—

ജനകീയഭരണത്തിൻതന്ത്രംപഠിപ്പിച്ച
ജനകൻറെഭൂമിയെൻ ജന്മഭൂമി—

ദശരഥനയൻറെ രാജ്യവും, ത്യാഗവും
വിശദം വിളക്കിയെൻ ജന്മഭൂമി—

മണിമുകിൽവസ്ത്രൻറെ മുരളിയിലോങ്കാര-
മണിനാദം വീശിയെൻജന്മഭൂമി—

ഗംഗയും, "ജവഹരിചന്ദന"തത്വവു-
മിങ്ങിവിടം സുഖസംഗ്രസ്പർശ്യഭൂമി—

അലകളും, മലകളും പാറാവുനില്പൂന്നൊ-
രനഘഭണ്ഡാരമേ, രത്നഗർഭേ,

തവപാദപീഠത്തിലർപ്പിച്ചുകൊള്ളുന്നു
തൊഴുകരമലർമെർട്ടിൻനിരകളും ഞങ്ങളും

അരിവാളും, പടവാളും അന്യോന്യംരണ-
അവസരംനോക്കുകയാണതായേ,

തവനാദംകേൾക്കുവാൻ വെമ്പുന്നമത്സര-
തരളമനമാമിപ്രപഞ്ചം!

ഉലകിൻറെശാന്തിമയൂഖമാണു നന്മ-
മണിദീപമാണെൻറെ ജന്മഭൂമി—

അരുവികളും, പൊയ്കകളും, വാടങ്ങളും, (പാടങ്ങളും
മരതകമേചകശാദ്വലങ്ങളും,

പ്രകൃതിതൻതിരുമാറത്തലതല്ലീമിന്നുന്ന,
സുകൃതപ്രതിമയെൻജന്മഭൂമി—

വിജയിക്ക പാവനേ! ദീനാഭിദേവതേ
വിജയിക്ക വിശ്വമണിപ്രതാകേ.

"നിന്റെ കാമത്തൃഷ്ണയെ നല്ലപോലെ നിയന്ത്രിക്കാനായി പ്രയത്നിക്കുക; അതിൽ ജയം സിദ്ധിച്ചാൽ ശരീരത്തിൽ ഒരുവിധ മാറ്റവും സംഭവിക്കും. ഇന്ദ്രിയശക്തികളെ ആത്മവിഷയത്തിൽ പ്രവർത്തിപ്പിക്കുന്ന "മേധ" എന്ന ഒരു നാഡിവളരും. ഈ മേധാനാഡി വളരുന്നതിനനുശേഷമേ ആത്മാവിനെ സംബന്ധിച്ച ഉൽകൃഷ്ടജ്ഞാനം ഉണ്ടാകയുള്ളൂ." 2-55

"മലമുകളിൽനിന്നു നോക്കുന്നവനു താഴെയുള്ള മരവും പുല്ലുമെല്ലാം ഒരേ സമനിരപ്പായിക്കാണും. ബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചുശേഷം എല്ലാം ഒരേവിധമായ് തോന്നും. അപ്പോൾ നല്ലതു, ചീത്ത, ഉയർച്ച, താഴ്ച എന്നീ വ്യത്യാസം തോന്നുകയില്ല." 2—57

"ഒരു അടുത്ത ബന്ധു മരിച്ചാൽ, ആ സന്ദർഭത്തിൽ, ക്ഷണികസുഖത്തെപ്പറ്റി വിചാരിക്കാൻ ആരാലും സാധ്യമല്ല; മനസ്സുമുഴുവൻ ദുഃഖത്തിനധീനമായിത്തീരുന്നു. അതുപോലെ ഏതൊരാളുടെ മനസ്സുമുഴുവൻ ഈശ്വരനിലേക്കു തിരിയുന്നുവോ, അയാൾ ഇന്ദ്രിയങ്ങളെപ്പറ്റി ചിന്തിക്കാൻ കഴിയുകയില്ല. ഇന്ദ്രിയങ്ങളെല്ലാം താനേ ഒഴിഞ്ഞുപോകുന്നു." 2—61

ശ്രീരാമകൃഷ്ണദേവൻ.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service
KRISHNAN NAIR'S WATCH Co.
@TRICHUR-ERNAKULAM & QUILON



കുട്ടിച്ചേച്ചിയുടെ കത്ത്

കുട്ടിച്ചേച്ചിയുടെ പൊന്നനുജന്മാരേ, അനുജത്തിമാരേ,

കൊച്ചുകുടമായി കുട്ടിച്ചേച്ചിക്ക് ഓമന സോദരന്മാരായി സന്നിധ്യം പുലർത്തുവാൻ സൗകര്യം സിദ്ധിച്ചിട്ടില്ല. ഇന്ന് അല്പം സമയം ലഭിച്ചു. കൊച്ചുസോദരന്മാരുമായി ഒന്നു കളിച്ചുചിരിച്ചു രസിച്ചുകളയാമെന്ന് തീരുമാനിച്ചിരിക്കുകയാണ്. മേടം 21-ാംനു യിലെ ആഗസ്റ്റ് പതിപ്പിലെ ബാലപംക്തിയിൽ കൈരളീബാലസമിതി ചെറുകഥാമത്സരത്തിൽ സമ്മാനാർഹരായവരുടെ കഥകളും പ്രസിദ്ധീകരിച്ചിട്ടുള്ളതു കുട്ടിച്ചേച്ചി വായിച്ചു. പ്രിയ അനുജത്തി രാധാബായി, കുട്ടിച്ചേച്ചിയുടെ ഹൃദയം കവിഞ്ഞൊഴുകുന്ന അഭിനന്ദനം! പൊന്നനുജ, ശിവകുമാർ, കുട്ടിച്ചേച്ചിയുടെ സന്തോഷം എങ്ങിനെ അറിയിക്കണമെന്ന്! കൊച്ചനുജനെ വാരിയെടുത്ത് ഒരായിരം ചുംബനംതരാൻ കുട്ടിച്ചേച്ചിക്കു തോന്നുന്നു! രണ്ടുപേരുടെയും കഥകളും നന്നായിട്ടുണ്ട്. പക്ഷെ, കൊച്ചനുജത്തി, രാധ, എന്തുണ്ടായാലും ദുഃഖപര്യവസായിയായ ഒരു കഥയെഴുതുവാൻ കാരണം! ഇതു ചെറുപ്രായത്തിൽതന്നെ ജീവിതത്തിന്റെ മധുരം കണ്ടുകഴിഞ്ഞതുപോലെയിരിക്കുന്നല്ലോ ആ കഥ വായിച്ചാൽ! ഇനിയും ധാരാളം കഥകളെഴുതുവാൻ ശ്രമിക്കൂ, അനുജത്തി, പ്രായം ചെല്ലുമ്പോൾ ഒന്നാംകിട ചെറുകഥാകാരന്മാരുടെ കൂട്ടത്തിൽ ഒരു പ്രമുഖസ്ഥാനം രാധയ്ക്കു ലഭിക്കയില്ലെന്നാരു കണ്ടു? ശ്രമിക്കൂ, കുട്ടിച്ചേച്ചിയുടെ ഉള്ളുഴിഞ്ഞുള്ള പ്രാർത്ഥന ദൈവം കേൾക്കാതിരിക്കില്ല. അനുജൻ ശിവനും വിടാതെ ശ്രമിച്ചുകൊള്ളുക! എട്ടോ പത്തോ കൊല്ലങ്ങൾ കഴിയുമ്പോൾ സഹിതൃകാരന്മാരുടെ സഭയായ 'സമസ്ത കേരളസാഹിതൃപരിഷത്തിന്റെ വാർഷികസമ്മേളനത്തിൽ ചെറുകഥാമത്സരത്തിൽ സമ്മാനാർഹരായവരിൽ ഒന്നാംസ്ഥാനം അനുജനു ലഭിക്കണം എന്നതാണ് കുട്ടിച്ചേച്ചിയുടെ ഏറ്റവും വലിയ ആശ.

നമ്മുടെ കൈരളീബാലസമിതിയുടെ ഒരു മുഖ്യോദ്ദേശം വളർന്നുവരുന്ന ചെറുസാഹിതൃകാരന്മാരുടെ സാഹിതൃസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണെന്നല്ലോ.

മറെറാന്ന്, ചിത്രമെഴുത്തു തുടങ്ങിയ ലളിതകലകളിൽ സമിതി അംഗങ്ങൾക്ക് അഭിരുചിയുണ്ടാക്കിത്തീർക്കുക, ലളിതകലകളിൽവാസനയുള്ളവരെ കണ്ടുപിടിച്ച് അവരുടെ ജന്മവാസന വികസിപ്പിച്ചുകൊണ്ടുവരുവാനാവശ്യമായ പ്രോത്സാഹനം നൽകുകയുമാണ്. ഇതിനു കൊച്ചുസോദരരെ ചിത്രങ്ങൾ വരയ്ക്കുക, തയ്യൽവേലകളെപ്പറ്റി 'ലേഖനങ്ങളും മറെറാരെഴുതി അറിയുവാൻ വഴിപ്പിക്കുക, എന്നിവയ്ക്കും പുറമേ ഇടയ്ക്കിടെ ഈ വിഷയങ്ങളിലും മത്സരങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഇനിയത്തെ മത്സരം ഇന്ത്യൻ ഇങ്കു കൊണ്ടുള്ള ചിത്രം വരയായാൽ നന്നെന്നു കുട്ടിച്ചേച്ചി പത്രാധിപരെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.


പിന്നൊരുകാര്യം. നമ്മുടെ ബാലപംക്തിയും, കൈരളീബാലസമിതിയും ആരംഭിച്ചിട്ട് രണ്ടുവർഷമായല്ലൊം. ഇതേവരെ കുട്ടിച്ചേച്ചി മിക്കവാറും ചേച്ചിയുടെ കൊച്ചനുജന്മാർക്കും അനുജത്തിമാർക്കും രസപ്രദമായ ലേഖനങ്ങൾ എഴുതുന്നതിലാണല്ലൊ ശ്രദ്ധിച്ചിരുന്നതു്. സോദരരുടെ വിജ്ഞാനം വർദ്ധിപ്പിക്കുവാനുതകുന്ന ലേഖനങ്ങൾക്കു പ്രമുഖസ്ഥാനം നൽകാതിരുന്നതിനുള്ള കാരണം കുഞ്ഞുങ്ങൾക്കു പ്രയോഗവിഷയങ്ങളെ സംബന്ധിച്ചുള്ള ലേഖനങ്ങൾ വായിക്കുവാനുള്ള ക്ഷമയില്ലെന്നവന്നാൽ ബാലപംക്തിതന്നെ ഉടഞ്ഞുപോകുമോ എന്നുള്ള ഭയം തോന്നി. എന്നാൽ ബാലപംക്തിയുടെ ലക്ഷ്യം വെറും രസിപ്പിക്കൽ മാത്രമായിരിക്കരുതെന്നാണ് കുട്ടിച്ചേച്ചിയുടെ അഭിപ്രായം. രസിപ്പിക്കുന്നതോടൊപ്പം ബാലപംക്തി വായനക്കാരായ കൊച്ചുസോദരരുടെ അറിവും വർദ്ധിക്കുവാനുതകുന്ന ഉള്ളടക്കമായിരിക്കണം ബാലപംക്തിയുടേതും.

മാത്രമല്ല, കൊച്ചനുജത്തിമാർക്കും അനുജന്മാർക്കും വായിക്കുവാനുള്ള അഭിരുചി ഉണ്ടാക്കിത്തീർക്കണമെന്നുള്ള ഉദ്ദേശത്തിലാണ് കുട്ടികൾക്കു രസിക്കുന്ന ലേഖനങ്ങൾമാത്രം ബാലപംക്തിയിൽ ചേർത്തിരുന്നതു്.. ചേച്ചിയുടെ ഏറ്റവും പ്രിയപ്പെട്ട കൊച്ചനുജന്മാരും അനുജത്തിമാരും ബാലപംക്തി എത്രയും ശ്രദ്ധയോടുകൂടി വായിക്കുന്നുണ്ടെന്നുള്ളതിനു നിങ്ങളുടെ വാത്സല്യം നിറഞ്ഞൊഴുകുന്ന കുത്തുകൾ സാക്ഷ്യംവഹിക്കുന്നുണ്ട്. കുട്ടിച്ചേച്ചിയുടെ കുത്തുകളിലെ ഏറ്റവും നിസ്സാരമായ ഭാഗങ്ങളുംകൂടി കുട്ടിച്ചേച്ചിയുടെ വാത്സല്യഭാജനങ്ങളും സുഹൃത്തും വായിക്കുന്നുണ്ടെന്നുള്ളതിനു് എത്രയോ ദൃഷ്ടാന്തങ്ങളുണ്ടായിട്ടുണ്ടു്: ഇതിൽനിന്നും വായനയുള്ള അഭിരുചി നിങ്ങളിൽ ജനിച്ചുകഴിഞ്ഞുവെന്നു വ്യക്തമായി. അതുകൊണ്ടു് ഇനി രണ്ടാമത്തെ പടിയിലേയ്ക്കു കയറാം.

രസാവഹമാത്രമല്ല വിജ്ഞാനപ്രദവുംകൂടിയായ ലേഖനങ്ങൾകൂടി ബാലപംക്തിയിൽ കൂടുതൽ പ്രാധാന്യം നൽകാം. എന്താ, പ്രിയസോദരരേ, കുട്ടിച്ചേച്ചിയുടെ അഭിപ്രായം സ്വീകാരയോഗ്യമാണോ? കുട്ടിച്ചേച്ചിയെ കുത്തുമൂലം അറിയിക്കുക നിങ്ങളുടെ ഓരോരുത്തരുടേയും അഭിപ്രായം.

ഗൗരവംകൂടിയ വിഷയങ്ങൾക്കു പ്രാധാന്യം നൽകണമെന്നതിൽനിന്നും കുട്ടിച്ചേച്ചിയുടെ കൊച്ചുസോദരരുടെ കൊച്ചുലേഖനങ്ങൾക്കോ ചിത്രങ്ങൾക്കോ ബാലപംക്തിയിൽ ഇനി സ്ഥാനമില്ല എന്നർത്ഥമില്ലേയില്ല. കുട്ടിച്ചേച്ചിയെപ്പോലെ പ്രായംകൂടിയവരുടെ ലേഖനങ്ങളെമാത്രം ബാധിക്കുന്ന ഒരു ആലോചനയാണിതു്. ബാലജനങ്ങളുടെ ബാലിശരചനകൾക്കു ബാലപംക്തിയിൽ സ്ഥാനം നൽകാതിരിക്കുമോ? ഒരിക്കലുമില്ല.

മറെറാരുകാര്യം. കുട്ടിച്ചേച്ചി "മലയാളരാജ്യം" മാത്രമല്ല, മറെറാചല വാരികകളും, മാസികകളും പുസ്തകങ്ങളും വായിക്കുവതിവാണ്. ജനങ്ങൾക്കുവേണ്ടി ജനങ്ങൾതന്നെ രാജ്യംഭരിക്കുകഎന്നഭരണസമ്പ്രദായത്തിനു പ്രജായത്തഭരണമെന്നോ, ജനാധിപത്യഭരണം എന്നോ ആണ് പറയുന്നവർ. പ്രജായത്തഭരണക്രമത്തിൽരാജാവുണ്ടാകയില്ല; ജനങ്ങൾതന്നെ അവരുടെയിടയിൽനിന്ന് തിരഞ്ഞെടുക്കുന്ന അധ്യക്ഷനും (പ്രസിഡണ്ട്) മന്ത്രിമാരും ആണ് രാജ്യം പരിപാലിക്കുന്നതു്. നമ്മുടെ മാതൃഭൂമിയായ ഇന്ത്യയിൽ പ്രജായത്തഭരണമാണ്. നമ്മുടെ രാജ്യത്തിന്റെ അധ്യക്ഷൻ ആരാണെന്നു നിങ്ങളിലധികംപേർക്കും അറിയാമായിരിക്കും, ഇല്ലേ? ഡാക്ടർ രാജേന്ദ്രപ്രസാദാണ്. ഗാന്ധിജിയുടെ നേ



1. കൊല്ലം ശ്രീനാരായണഗുരുകോളേജിൽ പ്രൊഫ: ഘോഷ് ആൻഡ് മറെറാലംബമെന്നുമില്ലാതെ വായുവിൽ വിവിധരീതികളിൽ നിൽക്കുന്ന ഘോഷാണ്. 2. യുവതിയെ വായുവിൽ നിൽക്കുന്നതിന്റെ രണ്ടാമത്തെ ഘട്ടം. 3. മൂന്നാംഘട്ടം. 4. യുവതി അന്തരീക്ഷത്തിൽ പാർട്ടിനടത്തുന്ന മായാജാലങ്ങളിൽ ഒരെണ്ണം ഒരു യുവതിയെ സുഖനിദ്രയെ പ്രാപിച്ചിരിക്കുന്ന ഒടുവിലത്തെ ഘട്ടം. എന്നതാണ്. ചിത്രത്തിൽ ഇടതുവശം നിൽക്കുന്നതു് പ്രൊഫസർ

Republic Photo News Bureau, Bombay.

ുതന്ത്രത്തിൽ നമ്മുടെ ഭാരതമാതാവിനെ ബ്രിട്ടീഷ് ഭരണാധിപത്യത്തിൽ നിന്നും മോചിപ്പിക്കുവാൻ നടത്തിയ സത്യഗ്രഹസമരത്തിലെ മുന്നണിനേതാക്കളിലൊരാളാണ് നമ്മുടെ അഭിവന്ദ്യനേതാവു്, രാജ്യത്തിന്റെ തലവൻ. മാത്രമല്ല, വെള്ളപ്പൊക്കം, ഭൂമികുലുക്കം, ഭക്ഷ്യനക്ഷാമം തുടങ്ങി അടുത്തകാലത്തു് സംഭവിച്ചതായ അനവധി കേടുപാടുകളിൽനിന്നുള്ള സകല കഷ്ടനഷ്ടങ്ങളിലും അദ്ദേഹം സഹതപിച്ചു് അവരുടെ ദുരിതശമനത്തിനു് എത്രയെല്ലാം ക്ലേശങ്ങളും ത്യാഗങ്ങളുമനുഭവിച്ചിട്ടുണ്ടെന്നതിനു കണക്കില്ല.

അദ്ദേഹം വെറും ഒരു സാധാരണ ക്ഷേത്രനാണു്. നമ്മെപ്പോലെ ഒരാൾ. സ്വഭാവഗുണം, ത്യാഗശീലം, ഉദാരമനഃസ്ഥിതി മുതലായ ഗുണങ്ങളെ മാനിച്ചിട്ടാണു് അദ്ദേഹത്തെ ഭാരതത്തിന്റെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തതു്. അതുപോലെതന്നെയാണു് നമ്മുടെ പ്രധാനമന്ത്രിയായ ജവഹർലാൽനെഹ്റുവും വിദ്യാഭ്യാസമന്ത്രി മൌലാനാ ആസാദ് തുടങ്ങിയ സചിവന്മാരും. തറവാട്ടമഹിമയോ, പണക്കൂട്ടമോ ഉണ്ടാക്കുന്നതുകൊണ്ടു് ഇന്നത്തെക്കാലത്തു് സ്ഥാനമാനങ്ങളേ ഭരണാധികാരമോ ആക്കാംന്നൊന്നു ലഭിക്കയില്ല. സ്വഭാവഗുണം, കാര്യപ്രാപ്തി-ഇതുരണ്ടുമാണു് ഇന്നാവശ്യമായ യോഗ്യതകൾ. ഇതുരണ്ടും നമുക്കോരോരുത്തർക്കും നമ്മുടെ പരിശ്രമത്തിന്നനുസരിച്ചുണ്ടാക്കാവുന്നതാണു്. "ചെറുപ്പകാലങ്ങളിലുള്ളശീലം മറക്കുമോ മനുഷ്യരുള്ളകാലം", എന്നല്ലെ ചൊല്ലു്? കുട്ടിക്കാലത്തു് ശരിയായ വിദ്യാഭ്യാസം സിദ്ധിച്ചു് സൽസ്വഭാവത്തോടുകൂടിവളരുന്നു പ്രായപൂർത്തിവന്ന ഏതൊരാൾക്കും—ഒരു ചെറുകുടിലിൽ ജനിച്ചുവളർന്നതായാലും ശരി—രാജ്യത്തിലെ ഏതുവലിയസ്ഥാനവും ലഭിക്കുവാനുള്ള അവകാശമുണ്ടു്, അർഹതയുണ്ടു്. "കുട്ടിക്കാലം കളിച്ചു ചിരിച്ചു 'രസിച്ചു' കഴിക്കുവാനുള്ളതാണു്. വലുതാകുമ്പോൾ ഞാനെല്ലാംപഠിച്ചു് യോഗ്യനായിക്കൊള്ളാം" എന്ന വിചാരിക്കുന്നതിൽപ്പരം അബദ്ധം മറ്റൊന്നില്ല. "ചൊട്ടയിലെശീലം ചുടലയിലേ പോകൂ." അതുകൊണ്ടു് പൊന്നനുജന്മാരെ അനുജത്തിമാരേ, നിങ്ങളും സൽസ്വഭാവികളായി നല്ലപോലെപഠിച്ചു മിടുക്കന്മാരായി വളരുവാൻ ശ്രമിക്കുവിൻ. പ്രായംചെല്ലുമ്പോൾ നിങ്ങളായിരിക്കും മന്ത്രിമാരും, അദ്ധ്യക്ഷന്മാരും, രാജപ്രമുഖന്മാരും മറ്റും ആകുവാനുള്ളവർ. നിങ്ങളും നല്ലവരാണെങ്കിൽമാത്രമേ കുട്ടിച്ചോറിയെപ്പോലെ പ്രായംചെന്നവർ നിങ്ങളെവിശ്വസിച്ചു് നിങ്ങളെ മന്ത്രിമാരോഅദ്ധ്യക്ഷനോ മറ്റുമായി തിരഞ്ഞെടുക്കയുള്ളു. ഉത്തമപൌരന്മാരായി വളർന്നവന്നു് രാജ്യത്തിനും ക്ഷേമവും മേന്മയും ഉണ്ടാക്കിത്തീർക്കുവാൻ ചുമതലപ്പെട്ടവർ നിങ്ങളാണെന്നുള്ള ബോധത്തിലാണു് ഇന്നു് ശവമ്മെൻറുകളും, വൃത്തന്തപത്രങ്ങളും മറ്റും കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നതു്. ശവമ്മെണ്ടുകളെ വിദ്യാഭ്യാസപ്രചാരം വിപുലപ്പെടുത്തുന്നതിനായി വിദ്യാലയങ്ങൾ സ്ഥാപിക്കയും, വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ഉത്തമപൌരന്മാരാക്കിത്തീർക്കുവാൻ സഹായകമായ വിഷയങ്ങളും പഠിപ്പിക്കയും ചെയ്യുന്നതിനുപുറമെ, ബാലസംരക്ഷണകേന്ദ്രങ്ങൾ, അനാഥമന്ദിരങ്ങൾ, ബാലവിനോദാരാമങ്ങൾ മുതലായവ സ്ഥാപിക്കുന്നു. ലോകത്തിലുള്ള സർവരാജ്യങ്ങളിലേയും പ്രതിനിധികളടങ്ങിയ സർവ്വരാഷ്ട്രസമിതിയു. എൻ. ഐ. സി. ഇ. എഫ്. (യൂനിസേഫ്) എന്ന ഒരുവിഭാഗം ലോകത്തിലുള്ള കുട്ടികൾക്കു ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം മുതലായവ നൽകുന്നതിനു് സഹായംനൽകുവാനുള്ള ഉദ്ദേശത്തോടുകൂടി സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്.

റേഡിയോപ്രക്ഷേപണപരിപാടികളിലും എല്ലാംകേന്ദ്രങ്ങളിലും "ബാലപരിപാടികൾക്കു പ്രമുഖസ്ഥാനം നൽകിയിരിക്കുന്നതിന്റെ ഉദ്ദേശവും ഇതുതന്നെയാണു്.

ഇതേഉദ്ദേശത്തോടുകൂടിയാണു് വർത്തമാനപ്പത്രങ്ങളിലും മാസികകളിലും വാരികകളിലുമറ്റും ബാലപംക്തി തുടങ്ങിയിട്ടുള്ളതു്. മലയാളത്തിൽ അമ്മിളിഅമ്മാമൻ, ബാലസഖ്യം, ഇംഗ്ലീഷിൽ ശങ്കേഴ്സ് വീക്ക്ലി എന്നവാരികയുടെ കുട്ടികൾക്കുള്ള പ്രത്യേകപ്പതിപ്പു്, ഹിന്ദിയിൽ 'ചന്ദാമാമാ' എന്നി മാസികകൾക്കു വാർഷികപ്പതിപ്പിനുപുറമെ ഓരോ പത്രത്തിലും വാരികയിലും ബാലപംക്തിയും ആരംഭിച്ചിട്ടുണ്ടു്. കുട്ടിച്ചോ വായിച്ചിട്ടുള്ള ബാലപംക്തികളിൽ, ഇല്ലസ്ട്രെയ്റ്റഡ് വീക്ക്ലി ഓഫ് ഇന്ത്യ, ബാംബെക്രോണിക്കിൾ എന്നിവയിലെ ബാലപംക്തിക്കാണു് പ്രഥമസ്ഥാനം നൽകേണ്ടതെന്നു കുട്ടിച്ചോച്ചിക്കുതോന്നുന്നു. മലയാളത്തിൽ മലയാളമനോരമയിലെ ബാലസഖ്യം നല്ലനിലയിൽ നടക്കുന്നുണ്ടു്. മാതൃഭൂമി, മലയാളരാജ്യം എന്നിവയുടെ ആഴ്ചപ്പതിപ്പുകളിൽ അടുത്തകാലത്താണല്ലൊ ബാലപംക്തികൾ തുടങ്ങിയിട്ടുള്ളതു്. ഇതാ ഇപ്പോൾ 'സഹോദരൻ' എന്നവാരികയിലും 'കുഞ്ഞുങ്ങൾക്കുള്ളതു്' എന്നപേരിൽ ഒരു ബാലപംക്തി ആരംഭിച്ചുകാണുന്നു. കുറച്ചുകാലം കഴിയുമ്പോൾ മനോരമ, മാതൃഭൂമി, മലയാളരാജ്യം എന്നിവയിലെ ബാലസംഘടനകൾപോലെ 'സഹോദര' ന്റെ വായനക്കാരായ 'കുഞ്ഞുങ്ങളും അവരുടെ ഒരു 'പ്രത്യേകസംഘടന തുടങ്ങുകയില്ലെന്നാരുകണ്ടു?

എന്നാൽ കുട്ടിച്ചോച്ചിക്കൊരാലോചന—അല്ല ഒരഭിപ്രായമാത്രം. ഓരോപത്രത്തിന്റേയും വായനക്കാരായ ബാലികാബാലന്മാർ പ്രത്യേകംപ്രത്യേകം സംഘടനകളായി വേർതിരിഞ്ഞു് സ്ഥിതിചെയ്യുന്നതിനുപകരം എല്ലാവരും ഒരുമിച്ചുചേർന്നു് ഒരു അഖിലമലയാളി—അല്ലെങ്കിൽ കേരള ബാലസംഘടന രൂപീകരിക്കുന്നതല്ലേ കൂടുതൽനല്ലതു്? നമ്മുടെ സംഘത്തിനു നൽകിയിട്ടുള്ള, "കൈരളീ ബാലസമിതി"യെന്നപേർ മേല്പറഞ്ഞ അഖിലകേരളസംഘടനയ്ക്കു ഏറ്റവും യോജിച്ച പേരായിരിക്കയും ചെയ്യും.

കുട്ടിച്ചോച്ചി ഒരുകാര്യംചെയ്യാം. കൈരളീബാലസമിതിയിലെ അംഗങ്ങളായ കുട്ടിച്ചോച്ചിയുടെ കൊച്ചനുജത്തിമാരും, അനുജന്മാരും ഈ അഭിപ്രായത്തോടു യോജിക്കുമെങ്കിൽ, കുട്ടിച്ചോച്ചി മാറിപത്രങ്ങളിലെ "ചേച്ചിമാരും," "ഏട്ടന്മാരും", "മാമ" മാരുമായി കത്തിടപാടുകൾനടത്തി അവരുടെ അഭിപ്രായവും അറിയാം. നിങ്ങളുടെ അഭിപ്രായം നമുടെ ബാലപംക്തിമുഖേന അറിയിക്കുക.

വാത്സല്യാതിരേകത്തോടെ
സ്വന്തം കുട്ടിച്ചോച്ചി.

—o—

അംഗങ്ങളുടെ പേരുവിവരം

(തുടർച്ച)

1343 റ്റി. ഡി. ശ്രീവിശ്വൻ, പഴിക്കൽവീട്ടിൽ, തലവടി.
1344 വി. ആർ. ഗോപിനാഥൻനായർ, വാഴവേലിൽവീട്ടിൽ, കോട്ടയ്യകം, മുട്ടംപൊസ്റ്റ്, ഹരിപ്പാട്ടിൽ, (സ്റ്റാമ്പുശേഖരണം)
1345 എൽ. വസുന്ധതി, പെരുമനയിൽ, ആതിനാട്ടിൽ, ക്ലാപ്പന. (സംഗീതം)
പി. കെ. കൃഷ്ണപ്പണിക്കർ, പട്ടശ്ശേരിൽ, കുഴിത്തുറ, ക്ലാപ്പന.
1346 പി. കെ. രാമചന്ദ്രൻപിള്ള, ഇ. എച്ച്. എസ്സ്. ചേത്തല. (ചെറുകഥയെഴുത്തു്)
1347 കെ. ശ്രീവാസുദേവൻ C/o എം. കെ. പരിക്കർ, മുഞ്ഞനാട്ടിൽ, കൊക്കുളം. (പടംശേഖരണം)
1348 ബി ബി. പണ്ടാരത്തിൽ, നന്ദിമഠം, കളക്കട. (സ്റ്റാമ്പു് ശേഖരണം.)
1349 ചാൾസ് ജൺ C/o വിദ്വാൻ, എം. എം. ജൺ, ടീച്ചർ, ഇംഗ്ലീഷ് ഹൈസ്ക്കൂൾ, കുമ്പനാട്ടിൽ. (സ്റ്റാമ്പുശേഖരണം)
1350 എം. മധുസൂദനൻനായർ, വാസന്തിമന്ദിരം, വെള്ളനാട്ടിൽ നെടുമങ്ങാട്ടിൽ. (ചിത്രമെഴുത്തു്)
1351 പി. കെ. വിശ്വംഭരൻ, പടിയിൽവീട്ടിൽ, തൃക്കുന്നപ്പുഴ. (സ്ത്രീയിങ്ങു്)
1352 പി. എസ്സ്. ചന്ദ്രശേഖരൻനായർ C/o പി. ശിവശങ്കരപ്പിള്ള, റിട്ടീച്ചർ, ഹൈസ്കൂൾ അഞ്ചൽ. (ചെറുകഥ)
1353 കെ. രാധാകൃഷ്ണപിള്ള, പട്ടയത്തു് കളീക്കൽവീട്ടിൽ, പത്തിയൂർപടിഞ്ഞാറു് കീരിക്കാട്ടിൽ.
1354 കുമാരി സി. ലളിതാംബിക, സി. എം. ജി. എച്ച്. സ്കൂൾ, പൂജപ്പുര തിരുവനന്തപുരം തിരുമല. P. O. (ചെറുകഥ)
1355 ഗോപാലകൃഷ്ണൻനായർ, കുമ്പളത്തുവീട്ടിൽ, മറ്റക്കിൽ ഊരുട്ടമ്പലം. (ചെറുകഥ)
1356 കെ. എൻ. സുധാ, നന്ദനൻവിലാകം, കുപ്പിൽ ഇടവാ.
1357 സി. കൃഷ്ണൻകുട്ടി, മീനാക്ഷിസദനം കൊല്ലം. (ചെറുകഥ)
1358 എം. കെ. കരുണാകരൻപിള്ള, ഈ. എച്ച്. എസ്സ്. തേവലക്കര. (പ്രസംഗം)
1359 കെ. കെ. സരളാദേവി, കുറിയിൽവീട്ടിൽ, പുലിമേൽ നാറാനാട്ടിൽ പാറശ്ശാല. P. O. (തോട്ടപ്പണി)
1360 ജി. കേശവപിള്ള, കരുവള്ളിൽവീട്ടിൽ, അയിത്തോട്ടുവാ വെസ്റ്റ് കല്ലട. (ബാഡ്മിൻറൻ)
1361 ആർ. ഗോപിനാഥൻനായർ, കൊച്ചുപുരയ്ക്കൽവീട്ടിൽ, ഏറാമാന്തറ. (സംഗീതം)
1362 ജി. ബാലകൃഷ്ണൻനായർ, ഗോപാലവിലാസം, കലഞ്ഞൂർ. (ചെറുകഥ)
1363 ജി. സദാശിവൻനായർ, ഇംഗ്ലീഷ് ഹൈസ്ക്കൂൾ, നെടുമങ്ങാട്ടിൽ. (കവിത)
1364 എം. കരുണാകരൻനായർ, മാമ്പാമ്പുവീട്ടിൽ, കളർകോട്ടിൽ ആലപ്പുഴ. (ചെറുകഥ)
1365 എസ്സ്. രാധാമണി, വാഴേട്ടുവീട്ടിൽ, കോട്ടമുക്കിൽ കൊല്ലം. (സ്ത്രീയിങ്ങു്)
1366 പി. വി. അനന്തരാമൻ, കിഴക്കെപുത്തൻമഠം, മങ്കൊമ്പിൽ. (പടംവരയ്ക്കുക)
1367 വി. പി. മത്തായിനാഥൻ എന്ത്രാന്തിരി പുത്തൻവലിയമഠം, പന്തളം മുളമ്പുഴ. (കടംകഥ)
1368 കെ. എസ്സ്. പുരുഷോത്തമൻപിള്ള, പുത്തൻപുരയ്ക്കൽവീട്ടിൽ, മനക്കര ശാസ്താംകോട്ട. P. O. (സംഗീതം)
1369

(തുടരും)

(2-ംപേജിൽനിന്നും തുടർച്ച)

വാൻ ഇടയാക്കുന്നു. സലോണി ദീപക്കിനെ സ്വന്ത ബംഗ്ലാവിലേക്ക് ക്ഷണിക്കാനുദ്ദേശിക്കുന്നു തുടർന്ന് അവർതമ്മിൽ പ്രണയബദ്ധരാകുന്നു. സലോണിയുടെ മാതാവ് ഈ പ്രണയബന്ധത്തിനു് എതിരായിരുന്നു. വിനോദ് എന്നൊരു സെമിന്ദർ സലോണിയെ വിവാഹംകഴിക്കുന്നതിനു മോഹിച്ചിരുന്നു. ദീപക്കിന്റെ കണ്ണു ചികിത്സയ്ക്കായി സലോണിയിൽനിന്നു് വേർതിരിക്കപ്പെടുന്നു. വൈദ്യന്റെ ചികിത്സകൊണ്ടു് ദീപക്കിനു് കാഴ്ച തിരിച്ചുകിട്ടുന്നു. ഇതിനിടയിൽ ദീപക്കിനെ അന്വേഷിച്ചു് പുറപ്പെട്ട സലോണിയെ ടെയിനിൽവച്ചു് വിനോദ് ബലാൽക്കാരംചെയ്യാൻതുനിയുന്നു. സലോണി ടെയിനിൽനിന്നു ചാടുകയും അകാലമരണമടയുകയും ചെയ്യുന്നു. സലോണിയുടെ മരണത്തിൽ വ്യാകുലതയനുഭവിക്കുന്ന ദീപക്കിന്റെ മുൻപിൽ സലോണിയുടെ പ്രേതം പ്രത്യക്ഷപ്പെട്ടു് അവളുടെ അസ്ഥിപഞ്ജരം കിടക്കുന്ന സ്ഥലം കാണിച്ചുകൊടുക്കുന്നു. ദീപക് അവിടെ സലോണിക്കുവേണ്ടി ഒരു സ്മാരകംപണികഴിപ്പിക്കുന്നു. സലോണിയുടെ സ്വത്തുക്കളെല്ലാം ദീപക്കിനുലഭിക്കുന്നു. തന്റെപ്രേമദേവതയുടെ ആരാധകനായി ദീപക് ശേഷിച്ച ജീവിതം നയിക്കുന്നു. ഇതാണു കഥയുടെ രത്നച്ചുരുക്കം. കഥയിൽ അവിശ്വസിനീയമായ നിരവധി സംഭവങ്ങളുണ്ടു്. പ്രേതത്തിന്റെ പ്രത്യക്ഷപ്പെടലുമെല്ലാം സാമാന്യബുദ്ധിക്കു് വിശ്വസിക്കുവാൻ വിഷമമാണു്. കഥ പൊതുവേ ബുദ്ധിഹീനരായ പ്രേക്ഷകരുടെ ജീവിതത്തെ ആസ്പദമാക്കിയാണു് രചിച്ചിരിക്കുന്നതു്. സാധാരണ ജനങ്ങളുടെ ജീവിതത്തേയും താല്പര്യങ്ങളേയും പ്രശ്നങ്ങളേയും ഈ ചിത്രത്തിൽ ആവിഷ്കരിച്ചിട്ടില്ല. "പർച്ചായി" എന്ന പദത്തിന്റെ അർത്ഥം "പ്രതിഛായ" എന്നാണു്. കഥയ്ക്കു് പർച്ചായി എന്ന നാമകരണം നൽകാൻ കാരണമെന്തെന്നു് ചിന്തിച്ചുനോക്കുക.

അഭിനയത്തിൽ എല്ലാവരും അവരവരുടെ ഭാഗങ്ങളും വളരെ തന്മയത്വമായി അഭിനയിച്ചിട്ടുണ്ടു്. ശാന്താറാമിന്റെ (ദീപക്) അഭിനയം പ്രശംസാർഹമായിട്ടുണ്ടു്. സലോണിയുടെ ഭാഗത്തിൽ ജയശ്രീ വേണ്ടുംവണ്ണം ശോഭിച്ചിട്ടുണ്ടു്. ജയശ്രീ സിനിമാലോകത്തിലെ അനർഘരത്നമാണു്. ജയശ്രീയുടെ അഭിനയത്തിനു് ഒരു പ്രത്യേകമായ തെളിവും മിഴിവും കാണേണ്ടതില്ലല്ലോ. സന്ധ്യ (കിഷോറി) ഈ ചിത്രത്തിൽ വികാരരഹിതയായി അഭിനയിച്ചിട്ടുണ്ടു്. സുന്നിയുടെ ഭാഗത്തിൽ സരോജയും ശോഭിക്കുന്നുണ്ടു്. ലളിതപോവർ പാത്രസ്വഭാവം തികച്ചും പാലിച്ചിട്ടുണ്ടു്. പർവ്വസ്സിയും മോശപ്പെട്ടിട്ടില്ല. പർച്ചായിയിലെ ഗാനങ്ങൾ അതിവശ്യമുള്ളതായിട്ടുണ്ടു്. ലതാമങ്കേഷ്കറും താലത്തു് മുഹമ്മദുമാണു് പിന്നണി ഗാനങ്ങൾ പാടിയിരിക്കുന്നതു്. അർത്ഥവത്തും മധുരമനോഹരവുമായ നൃത്തങ്ങളാണു ഇതിലുള്ളതു്. സംഗീതികവശങ്ങളിൽ ചിത്രത്തിനു യാതൊരു ന്യൂനതയും സംഭവിച്ചിട്ടില്ല. ശാന്താറാമിന്റെ സംവിധാനം തൃപ്തികരമായിട്ടുണ്ടു്. നവരസങ്ങളും വേണ്ടവണ്ണം കോർത്തിണക്കി കാണികൾക്കു് ആനന്ദം പ്രദാനംചെയ്യുന്നതിനുപുറമെ ഉദ്ബോധനപരമായ പ്രശ്നങ്ങളും ചിത്രീകരിച്ചു് മാർഗ്ഗദർശനം നൽകുവാൻ ശാന്താറാമിനുള്ള പ്രതിഭാശേഷി പർച്ചായിമുഖാന്തിരം വെളിവാക്കിയിട്ടുണ്ടു്. പ്രദർശനം തുടങ്ങിയതിൽ ആദ്യവസാനം ശാന്തചിത്തരായിരുന്നു കാണുന്നതിനുവേണ്ടി, ഉണർത്തുപാട്ടുമുള്ളതും ഏവർക്കും സകുടുംബംകണ്ടാനന്ദിക്കാവുന്നതുമായ ഒരു അത്യുന്നതചിത്രമാണു് പർച്ചായി.

★

അടിയന്തിരമായ ആവശ്യം

★

ചലച്ചിത്രങ്ങൾക്കു് ആദർശമുണ്ടായിരുന്നുവെന്നുവരികിലും അവ ജനസമൂഹത്തിന്റെ ഉന്നമനത്തിനു പ്രയോജനപ്പെടണമെന്നോ കലാപരമായി അവ വിജയിക്കണമെന്നോ നമ്മുടെ നിർമ്മാതാക്കൾക്കു് യാതൊരു ഉദ്ദേശവുമില്ല. നിർമ്മാണകർക്കു് ലാഭംകിട്ടണമെന്നുള്ള ഒരു ഉദ്ദേശം മാത്രമാണു് മുഖ്യമായിട്ടുള്ളതു്. പ്രേക്ഷകർ, ബുദ്ധിയില്ലാത്ത കഴുതകളാണെന്നും അവരെ എത്രത്തോളം വിഡ്ഢികളാക്കാമോ അത്രത്തോളം കൂടുതൽ പണം വാരാമെന്നും ചില നിർമ്മാണകർ ധരിച്ചുവെച്ചിട്ടുണ്ടു്. വാസ്തവത്തിൽ ബോക്സ് ആഫീസ് ഫോർമുലാക്കാരാണു് മലയാളചലച്ചിത്രങ്ങളുടെ ആരോഗ്യകരമായ വളർച്ചയ്ക്കു് വിലങ്ങുതടികളായിവർത്തിക്കുന്നതും. വിദ്യാഭ്യാസപരമായും കലാപരമായും വളരെയധികം പ്രാധാന്യം അർഹിക്കുന്ന ചലച്ചിത്രങ്ങളെ വെറും ലാഭമുണ്ടാക്കുന്ന ഒരു കമ്പോളച്ചരക്കായി അധഃപതിപ്പിക്കുന്നതു് എത്ര കഠിനവും കഷ്ടവുമാണെന്നു ചിന്തിച്ചുനോക്കുക.

മലയാളചലച്ചിത്രനിർമ്മാണത്തിന്റെ പുരോഗതി തമിഴ് ചിത്രനിർമ്മാതാക്കളെ അമ്പരപ്പിച്ചു തുടങ്ങിയിട്ടുണ്ടു്. മലയാളചലച്ചിത്രങ്ങൾ സാമ്പത്തികമായും കലാപരമായും വിജയിക്കുന്നതു് തമിഴർക്കു് വളരെ ദോഷമാണെന്നു് അവർക്കറിയാം. എന്തെന്നാൽ മലയാളചലച്ചിത്രങ്ങളുടെ നിലവാരം ഉയർന്നാൽ തമിഴ് ചിത്രങ്ങൾക്കു് പിന്നെ കേരളക്കരയിൽ കമ്പോളംകിട്ടുന്നകാര്യം പരുങ്ങലിലാകും. അതുകൊണ്ടു് ഏതുവിധവും മലയാളചലച്ചിത്രങ്ങളെ പരാജയപ്പെടുത്തുന്നതിൽ തമിഴർ വേണ്ടത്ര എല്ലാ ശ്രമങ്ങളും നടത്തുന്നുമുണ്ടു്. തമിഴരുടെ മൂലധനശക്തിയുമുള്ള ഒരു സെൻസർബോർഡാണു മലയാളചലച്ചിത്രങ്ങളെ സെൻസർചെയ്യുന്നതു്. മലയാളം അറിയാവുന്ന ഒരംഗംമാത്രമാണു് ഈ സെൻസർബോർഡിലുള്ളതും. മലയാളഭാഷയെക്കുറിച്ചോ സംസ്കാരത്തെക്കുറിച്ചോ അശേഷം ബോധമില്ലാത്തവരാണു് മലയാളചലച്ചിത്രങ്ങളെക്കുറിച്ചു് വിധിയെഴുതുന്നവർ. ഇക്കൂട്ടർക്കു മലയാളചലച്ചിത്രങ്ങളെ വളർത്തണമെന്നല്ല തെരിച്ചുകൊല്ലണമെന്നുമാത്രമാണു് ഉദ്ദേശമുള്ളതു്. മലയാളത്തിൽ നിന്നിച്ചിട്ടുള്ള പലചിത്രങ്ങളും വിലക്ഷണങ്ങളും നിർജ്ജീവങ്ങളുമായിത്തീരാൻ കാരണം സെൻസർബോർഡിന്റെ അനാശാസ്യമായ കൈകടത്തലുകളാണു്. നല്ലൊരു ചിത്രമായിരുന്ന നവലോകത്തെ ഏതുമാത്രമാണു് സെൻസർബോർഡുകാർ നാശമാക്കിയതു്. "തിരമല"യും 'വേലക്കാരനു'മെല്ലാം സെൻസർബോർഡിന്റെ കത്തിപ്രയോഗങ്ങളിൽ വിലക്ഷണങ്ങളായിത്തീർന്നിട്ടുണ്ടു്. ലോകനീതിയെ സെൻസർബോർഡു് അധികമൊന്നും ദ്രോഹിച്ചില്ല. പക്ഷേ ലോകനീതി മുതലാളിത്തത്തിന്റെനേരെയോ അവരുടെ സ്ഥാപിതതാല്പര്യങ്ങൾപോറ്റി പുലർത്തുന്ന ഭരണകൂടത്തിന്റെനേരെയോ പ്രതിഷേധശബ്ദമൊന്നും ഉയർത്തിയിട്ടില്ല. അതുകൊണ്ടു് സെൻസർബോർഡു് ലോകനീതിയെ തഴുകി താലോലിച്ചു. ഏതായാലും ഇന്നത്തെ സെൻസർബോർഡിന്റെ നയം മാറേണ്ടതും മാറേണ്ടതുമാണു്. മലയാളചലച്ചിത്രങ്ങളെ രക്ഷിക്കണം ശിക്ഷിക്കണമുള്ള അധികാരം തമിഴരിൽനിന്നു കഴിയുന്നതുംവേഗം തിരിച്ചെടുക്കേണ്ടതാണു്. സിനിമയുടെ സാങ്കേതികവശങ്ങളെക്കുറിച്ചു ബോധമുള്ളവരേയും അനുഗ്രഹീതരായ കലാകാരന്മാരേയും നിരുപകരേയും ഉൾക്കൊള്ളിച്ചു് എതുംവേഗം കേരളത്തിന്റേതായ ഒരു സെൻസർബോർഡു ശുപവൽക്കരിക്കേണ്ടതു ഗവൺമെന്റിന്റെ ധാർമ്മികമായ ഒരു കടമമാത്രമാണു്. ജനങ്ങളുടെ അവകാശങ്ങളേയും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുകയാണല്ലോ ജനകീയഗവൺമെന്റിന്റെ മുഖ്യമായ ചുമതലയും. ഗവൺമെന്റിനു നാനാതരത്തിൽ ആദായംലഭിക്കാവുന്ന ഒരു വളർന്നുവരുന്ന വ്യവസായമാണു സിനിമാ. അതിന്റെ വളർച്ച ഗവൺമെന്റിന്റെകൂടെ ഒരു ആവശ്യമാണു്. അതിനാൽ തമിഴരുടെ അനാശാസ്യമായ ഒപ്പുമാറ്റത്തിൽ മലയാളചലച്ചിത്രങ്ങൾക്കു ഭാവിയിലെങ്കിലും ദോഷവും ദുഷ്യവും സംഭവിക്കാതിരിക്കുന്നതിനു നടപടികളും സ്വീകരിക്കുന്നതിനുള്ള അവസരം ആസന്നമല്ലെന്നു അതിക്രമിച്ചിരിക്കുകയാണു്. കേരളീയചലച്ചിത്രങ്ങളും കേരളസംസ്കാരത്തിന്റെയും കേരളീയ ജീവിതരീതിയുടേയും മോഹനമുകുരങ്ങളായി വിടർന്നു വികസിക്കേണ്ടതാണു്. അതിനായി ഇന്നാട്ടിലെ കലാബോധമുള്ളവരും കലാപ്രേമികളും ഗവൺമെന്റും ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണു്. കേരളത്തിനു സ്വന്തമായി ഒരു സെൻസർബോർഡു ശുപവൽക്കരിക്കുന്നതു അടിയന്തിരമായ ആവശ്യമാത്രമല്ല ഗവൺമെന്റിന്റെ കർത്തവ്യംകൂടിയാണെന്നു ഞാനുസ്മരിപ്പിച്ചുകൊള്ളുന്നു.

★

വാർത്തകൾ

★

സുപ്രസിദ്ധ സിനിമാതാരമായ നർഗ്ഗീസ് ഒരു ജപ്പാൻപര്യടനത്തിനു തീരുമാനിച്ചിരിക്കുന്നു. ഏകദേശം രണ്ടുവാരത്തോളം നർഗ്ഗീസ് ജപ്പാനിൽപര്യടനംനടത്തുന്നതായിരിക്കും.

* * *

ആർ. കെ. ഫിലിംസ് യൂണിറ്റ് "അജന്താ" എന്നചിത്രത്തിന്റെ ചില 'ഔട്ട്ഡോർസീൻസ്' ഷൂട്ടുചെയ്യുന്നതിനായി ആഗസ്റ്റ്മാസത്തിൽ സിലോൺ സന്ദർശിക്കുന്നതാണു്. തുടർന്നു യൂണിറ്റ് ഡാർജിലിംഗ് കാശ്മീരം സന്ദർശിച്ചു് ഔട്ട്ഡോർസീൻസ് ഷൂട്ടുചെയ്യുന്നതായിരിക്കും.

* * *

കപിൽപിക്ചേഴ്സ് ബോംബയിലെ എം. ആൻഡ് ടി. സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന "വാക്കച്ചാർ" എന്നചിത്രത്തിൽ നായികയായി അഭിനയിക്കുന്നതു നിശാർസുൽത്താനയാണു്. കമൽകപൂർ നായകനായും പ്രത്യക്ഷപ്പെടുന്നു. പ്രഥിരാജ്കപൂർ, ടിവാരി, രത്തൻ, പ്രകാശ്കുമാർ തുടങ്ങിയവരും ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണു്. പ്രൊഡ്യൂസർ ഡയറക്ടറായ ജഗദീഷ് സെത്തിയുടെ അസിസ്റ്റന്റായ കിഷോർകപൂർ ചിത്രം ഡയറക്ട്ചെയ്യുന്നു.

* * *

സ്വസ്തിക്ക് ചിത്രമാഫിലിംസ് "മേഘജ്യോൽ" എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ശശിജോഹർ, ചഞ്ചൽ, ബൈജയന്തിമാല, കേസരി, ഹബീബു്, രവികാന്ത് തുടങ്ങിയവർ അഭിനയിക്കുന്ന ഈ ചിത്രം യോഗേഷ് സാഹ്നിയാണു് സംവിധാനംചെയ്യുന്നതു്.

* * *

എസ്. എം. യൂസഫ് "ഹസ്സാരാ" എന്നൊരു ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. രാജ്, യൂസഫ്, ടിവാരി, സുസഞ്ചീൻ, ഫൈസി തുടങ്ങിയവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണു്.

ഫിലിംസ്ഥാൻ കമ്പനിക്കാർ നിർമ്മിക്കുന്ന "ക്യാരത്ത" എന്ന ചിത്രത്തിനുവേണ്ടി ഗാനങ്ങളും രചിക്കുന്നതു് ഹേമന്തകുമാറാണു്. കണ്ണടകരംഗങ്ങളിലുള്ള ഗായകനും അദ്ദേഹം തന്നെയായിരിക്കും. ഈ ചിത്രത്തിനുവേണ്ടി രചിക്കുന്നതു്.

* * *

നിരുപറോയിയുടെ ഭർത്താവായ കമൽറോയി യൂറോപ്പിലേക്കു യാത്രതിരിച്ചിരിക്കുന്നു. ഫ്രാൻസിലേയും ഇറാലിയിലേയും ചലച്ചിത്രനിർമ്മാണരീതികളും അദ്ദേഹം നേരിട്ടുകണ്ടു പഠനം നടത്തുന്നതായിരിക്കും. യൂറോപ്പിലെ ഫിലിം ഫെസ്റ്റിവലിൽ സംബന്ധിച്ചതിനുശേഷമേ അദ്ദേഹം ഇന്ത്യയിലേക്കു മടങ്ങിവരികയുള്ളൂ.

* * *

അസോസിയേഷൻ ആർട്ട് മൂസിക്കു് ഡയറക്ടേഴ്സ് എന്ന സംഘടനയ്ക്കുവേണ്ടി ഒരുലക്ഷ്യം ശ്രീ. സംഭവനചെയ്യുമെന്നു് സണ്ണി ആർട്ട് പ്രൊഡക്ഷൻസ് സമ്മതിച്ചിരിക്കുന്നു.

* * *

കിഷോർസാഹു നിർമ്മിക്കുന്ന "മയൂരപങ്കം" എന്ന വർണ്ണചിത്രത്തിനുവേണ്ടി പിന്നണിഗാനങ്ങൾ പാടുന്നതു് ലതാ മങ്കേഷ്കറും അവരുടെ സഹോദരി ആഷാ ബോൺസലേയുമാണു്.

* * *

വി. എം. വ്യാസ് അടുത്തതായി നിർമ്മിക്കുന്ന ചിത്രം നൂർജഹാനാണു്. ആഗാ ജാനികാഷ്മീരിയാണു് നൂർജഹാന്റെ കഥയെഴുതുന്നതു്. ഭാരത് ഭൂഷണും ജിഹാൻഗീറിന്റേയും മീനകുമാരി നൂർജഹാന്റേയും ഭാഗങ്ങളും അഭിനയിക്കുന്നതാണു്. സംഗീതം സി. രാമചന്ദ്രയും.

* * *

ചിത്രദർശനം ഫിലിംസു് "സയോ ബാവാ"യുടെ ജീവിതത്തെ ആസ്പദമാക്കി ഒരു മറാത്തിചിത്രം നിർമ്മിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടു്.

* * *

കിഷോർസാഹു നിർമ്മിച്ചുകൊണ്ടിരിക്കുന്ന മയൂരപങ്കം എന്ന വർണ്ണചിത്രത്തിന്റെ നിർമ്മാണം ജൂൺമാസത്തിൽ പൂർത്തിയാകുന്നതാണു്. ഈ ചിത്രത്തിന്റെ വിതരണം സംബന്ധിച്ചുള്ള ഏർപ്പാടുകൾ ചെയ്യുവാനായി കിഷോർസാഹു സെപ്തംബർമാസത്തിൽ യൂറോപ്പും അമേരിക്കയും സന്ദർശിക്കുന്നതാണു്.

* * *

ശ്രീപകമൽ ചിത്രയുടെ "ഭാഗ്യവാൻ" എന്ന ചിത്രത്തിന്റെ നിർമ്മാണം പൂർത്തിയാകാറായി. രാധാകൃഷ്ണൻ, യശോധരാകട്കർ, നിരുപറോയി, ശകുന്തള, രത്നകുമാർ തുടങ്ങിയ താരങ്ങളെല്ലാം ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

* * *

ബോംബെയിലെ ഹേമസ് ചിക്ച്ചേഴ്സ് സ്റ്റുഡിയോയിൽ മദൻമോഹൻഫിലിംസിന്റെ "ഷി—ഷി—കീ—ദിവാർ" എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. പ്രാൺ, വിനാ, ഷമ്മി, മൻമോഹന കൃഷ്ണാ, തുടങ്ങിയ പ്രമുഖതാരങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നുണ്ടു്. ചിത്രം സംവിധാനംചെയ്യുന്നതു് വൻമോഹൻ സബീർനാണു്. ഡെൽഹി, ആഗ്രാ, അലഹബാദു് എന്നീ സ്ഥലങ്ങളിൽനിന്നു് ചില ഔട്ട്ഡോർ രംഗങ്ങളും ഷൂട്ടുചെയ്യുന്നതിനും ഫിലിം യൂണിറ്റു് തീരുമാനിച്ചിട്ടുണ്ടു്.

* * *

ബോംബെയിലെ ശ്രീകന്ദ് സ്റ്റുഡിയോയിൽ "ധർമ്മപത്നി" എന്ന ചിത്രത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ശകുന്തള, യശോധരകട്കർ, ഉർമ്മിളാഭോട്ടി, കമൽ, ഗോപു്, മോട്ടിസാഗർ തുടങ്ങിയ പ്രശസ്തതാരങ്ങളെല്ലാം ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണു്.

* * *

മെഹ്ബൂബ് നിർമ്മിക്കുന്ന "അവർ" എന്ന ചിത്രത്തിൽ നായികയുടെ ഭാഗം അഭിനയിക്കുന്നതിനു് മീനകുമാരിയെ തെരഞ്ഞെടുത്തിരിക്കുന്നു.





ലോകവൃത്താന്തഗതി

കൊറിയായിൽ നടന്നുകൊണ്ടിരിക്കുന്ന സന്ധിസംഭാഷണം യുദ്ധത്തടവുകാരുടെ പ്രശ്നത്തിന്റെ പുറകിൽ കുരുങ്ങിത്തിരിഞ്ഞു കൊണ്ടാണിരിക്കുന്നതു്. നിർദ്ദേശങ്ങളും പ്രതിനിർദ്ദേശങ്ങളും മറുനിർദ്ദേശങ്ങളുമായിട്ടാണു് സംഭാഷണത്തിന്റെ പോക്കെന്നുകാണാം. കമ്മ്യൂണിസ്റ്റുകളുടെ അഷ്ടമുഖപ്രതിനിധി ഐക്യരാഷ്ട്രങ്ങൾ പുതുതായി പുറപ്പെടുവിച്ച മറുനിർദ്ദേശങ്ങളും ചില കാര്യങ്ങളിൽ യോജിപ്പു പ്രകടിപ്പിക്കുന്നവയാണു്. ഒരു യുദ്ധവിരാമസന്ധി നടപ്പിൽ വരുന്നയുടൻ തിരിച്ചുപോകാൻ വിസമ്മതിക്കുന്ന എല്ലാം കൊറിയൻ തടവുകാരെയും സിവിലിയൻ പദവിയോടെ മോചിപ്പിക്കേണ്ടതാണെന്നു് ഐക്യരാഷ്ട്രങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. തടവുകാരുടെ മേൽനോട്ടം വഹിക്കാൻ കമ്മ്യൂണിസ്റ്റുകൾ നിർദ്ദേശിച്ച അഞ്ചു രാജ്യങ്ങളുടെ ഒരു റിപ്പാട്രിയേഷൻ കമ്മിഷനെ തങ്ങൾ സ്വീകരിക്കാൻ തയാറാണെന്നു് ഐക്യരാഷ്ട്രസെക്രട്ടറിജനറൽ പറയുന്നു. എന്നാൽ പ്രസ്തുത കമ്മിഷൻ കൊറിയക്കാരല്ലാത്ത തടവുകാരുടെ അതായതു് ചൈനീസ് തടവുകാരുടെ മാത്രം മേൽനോട്ടം വഹിക്കണമെന്നാണു് ജന: ഹാരിസൻ വാദിക്കുന്നതു്. ഇതു് പ്രസ്തുത നിർദ്ദേശം നിരാകരിക്കുന്നതിനുസമമാണു്. യുദ്ധവിരാമസന്ധി നടപ്പിലായ ഉടൻ എല്ലാം കൊറിയൻ തടവുകാരെയും സിവിലിയൻ പദവിയിൽ മോചിപ്പിക്കാമെന്നിരിക്കെ ചൈനീസ് തടവുകാരുടെ കാര്യത്തിൽ ഐക്യരാഷ്ട്രങ്ങൾ ഒരു വിവേചനം കാണിക്കുന്നതെന്താണെന്നു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. ഏതായാലും യുദ്ധത്തടവുകാരുടെ പ്രശ്നം ഒരു വലിയ 'കീറാമുട്ടി'യായി ശേഷിക്കുകയാണു ചെയ്യുന്നതു്. അതിനു തക്കതായ പരിഹാരം ഉണ്ടാക്കാതെ കൊറിയൻ യുദ്ധവിരാമസന്ധി ഒപ്പുവയ്ക്കുവാൻ സാധിക്കുന്നതല്ല.

യു. എസ്സിന്റെ പുതിയ ബഡ്ജറിൽ വിദേശരാജ്യങ്ങൾക്കുള്ള സാമ്പത്തികസഹായങ്ങളും വെട്ടിച്ചുരുക്കുവാനും ചില രാജ്യങ്ങൾക്കുള്ള സഹായംതന്നെ നിർത്തിവയ്ക്കുവാനും യു. എസ്. ഗവൺമെന്റു് ആലോചിക്കുന്നതിന്റെ ലക്ഷണങ്ങളും കാണുന്നുണ്ടു്. വിദേശസഹായത്തിൽ ഇപ്പോൾതന്നെ ശുണ്ഠിയായ ഒരു ലോബി വെട്ടിക്കുറച്ചിട്ടുണ്ടു്. ഈ നടപടി ബ്രിട്ടനേയും ഫ്രാൻസിനേയും മറ്റും സാമ്പത്തികമായി ഇരുതരാവസ്ഥയിലെത്തിക്കുവാനിടയുണ്ടു്. ഫ്രഞ്ച് ഇൻഡോചൈനയ്ക്കു മുൻഗണന നൽകുവാൻ യു. എസ്. തീരുമാനിച്ചിരിക്കുന്നതാണു് ശ്രദ്ധേയമായ മറ്റൊരു കാര്യം. ലാവോസിലെ വീറ്റ്മീൻ ആക്രമണത്തെപ്പറ്റി സയാമിനെക്കൊണ്ടു് ഐക്യരാഷ്ട്രസഭയിൽ ഒരു പരാതി ബോധിപ്പിക്കുവാൻ യു. എസ്. വളരെയൊക്കെ ശ്രമിച്ചുവരുന്നുണ്ടു്. ഫ്രാൻസ് അങ്ങിനെയൊരു ശുപാർശത്തിനു തയ്യാറില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ലാവോസിലെ സ്ഥിതിയനുസരിച്ചാൽ രാജകീയതലസ്ഥാനമായ ലുവാങ്ങ്പ്രബാംഗിന്റെനേക്കുള്ള വീറ്റ്മീൻവിപത്തു നീങ്ങിയതായി പറയാൻ നിവൃത്തിയില്ല. കുറെ വീറ്റ്മീൻഭടന്മാർ പിന്മാറിയെങ്കിലും ഇരുപതിനായിരം ഭടന്മാരെങ്കിലും ലാവോസിൽ ശേഷിക്കുന്നുണ്ടെന്നു ഫ്രഞ്ച് ന്യൂസ് ഏജൻസി പറയുന്നതിൽനിന്നു മേല്പറഞ്ഞ കാര്യം വെളിപ്പെടുന്നതാണു്. ഏതുനിമിഷത്തിലും തലസ്ഥാനത്തിന്റെനേക്കു ഒരു തള്ളിക്കയറ്റം ഫ്രഞ്ചുകാർ പ്രതീക്ഷിക്കേണ്ടതാണു്.

ബ്രിട്ടനിൽ നടന്ന തദ്ദേശസ്വയംഭരണവകുപ്പിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ ബ്രിട്ടനിലെ ലേബർകക്ഷിക്കു കൂടുതൽ സീറ്റുകൾ ലഭിച്ചിരിക്കുന്നു. വാമപക്ഷത്തേയ്ക്കു സൂചിപ്പിതമായ ഒരു ചായ്വ് കാണാനുണ്ടു്. ലണ്ടനിലും മറ്റും ലേബർകക്ഷിക്കാണു വിജയമുണ്ടായതു്. യാഥാസ്ഥിതികകക്ഷിക്കു ജനസാമാന്യത്തിന്റെ ഇടയിലുള്ള സ്വാധീനക്കുറവിന്റെ ലക്ഷണമാണിതു്.

കൊറിയൻസന്ധിസംഭാഷണങ്ങളെപ്പറ്റി പ്രധാനമന്ത്രി ചർച്ചിൽ വലിയ ഉൽക്കണ്ഠ പ്രദർശിപ്പിക്കുന്നുണ്ടു്. വലിയ ശക്തികളുടെ ഒരു കൂടിക്കാഴ്ചയാണു ചർച്ചിൽ ആവശ്യപ്പെട്ടതു്. അങ്ങനെയുള്ള സംഭാഷണങ്ങൾ കഴിയുന്നതുവരേയ്ക്കും നടക്കണമെന്നും ചർച്ചിൽ കാമൺസിൽ പ്രസ്താവിച്ചിരിക്കുന്നു. ഒരു യൂറോപ്യൻ ഫെഡറൽസമ്പ്രദായത്തിൽ ബ്രിട്ടൻ ചേരുകയില്ലെന്നുള്ള ചർച്ചിലിന്റെ പ്രസ്താവന മറ്റു പാശ്ചാത്യശക്തികളെയെല്ലാം ഇച്ഛാഭംഗപ്പെടുത്തുന്നതാണു്. ലാവോസിലെ വീറ്റ്മീൻ പുരോഗതി സോവിയറ്റുപ്രേരണയിലുള്ളതാണെന്നു കരുതിക്കൂടെന്നാണു ചർച്ചിലിന്റെ അഭിപ്രായം. ഇന്തോചീനയ്ക്കു പുറത്തുള്ള പ്രസ്താവനയാണു് ഈയവസരത്തിൽ ഏറ്റവും ശ്രദ്ധേയമായിരിക്കുന്നതു്. സൂയസ് കനാൽമേഖലയിലെ ബ്രിട്ടീഷ് ഭടന്മാരെ ആക്രമിച്ചാൽ ബ്രിട്ടൻ എതിർക്കുമെന്നു ഈജിപ്തിനെ താക്കീതുചെയ്യുകൊണ്ടുള്ളതാണതു്.

ഇജിപ്ഷ്യൻപ്രധാനമന്ത്രി ജന: നജീബ് ചെയ്ത പ്രസ്താവനയിൽ കനാൽമേഖലയിലെ ബ്രിട്ടീഷ് ഭടന്മാരെ തുടർന്നുള്ള സാന്നിദ്ധ്യം ഈജിപ്തിനെ നേക്കുള്ള കയ്യേറ്റമായിരിക്കുമെന്നും അതിനെ നിർബ്ബന്ധം ചെയ്യുന്നതാണെന്നും തുടർന്നു പ്രസ്താവിച്ചിരിക്കുന്നു. ഏതായാലും ഇരുകൂട്ടരുടേയും പ്രസ്താവനകളിൽ രണ്ടുപേരും ആക്രമണത്തെ എതിർക്കുമെന്നു പറയുന്നുണ്ടെന്നല്ലാതെ ആര് ആരെ ആക്രമിക്കുമെന്നോ യുദ്ധവിപത്തുവർദ്ധിക്കുമെന്നോ ഒന്നും പറയാൻ തരപ്പെടാതെയാണിരിക്കുന്നതു്. ഈജിപ്തും ബ്രിട്ടനും തമ്മിലുള്ള ബന്ധം അങ്ങനെ ഒരു ദുർഘടാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഏതുനിമിഷത്തിലും ബന്ധശൈഥില്യം സംഭവിക്കുമിടയുണ്ടു്. ഈജിപ്തിന്റെ സഹകരണമില്ലാതെ ബ്രിട്ടനു് അവിടത്തെ സങ്കേതം തുടർന്നു സംരക്ഷിക്കുമെന്നു കരുതുന്നതു് ബുദ്ധിശൂന്യമായിരിക്കും. ഈജിപ്തിൽനിന്നു പ്രകോപനകരമായ പ്രവൃത്തികളുണ്ടായാൽ അതിനെ നേരിടുന്നതിനായി മെഡിറ്റേറേനിയത്തിലെ ബ്രിട്ടീഷ് നാവികക്കപ്പലുകളിൽ ചിലതു സൂയസ്സിലേയ്ക്കു നീങ്ങിത്തുടങ്ങിയിട്ടുണ്ടു്.

ജോർഡനിലും ഇറാക്കിലും പുതിയ രാജാക്കന്മാരെ അഭിഷേകം ചെയ്തിരിക്കുന്നു. പെഴ്സ്യയിൽ ഷായുടെ കുറെ എസ്റ്റേറ്റുകളും ഒരു നിശ്ചിതപ്രതിവർഷ ആദായം പിറക്കൊണ്ടു് ഗവൺമെന്റിനു വിട്ടുകൊടുക്കുവാൻ ഷാ സമ്മതിച്ചിരിക്കുന്നു. പെഴ്സ്യൻ മജ്ലിസ്സിൽ ഈയിടെ ഡെപ്യൂട്ടികൾ തമ്മിലുള്ള അടികലശലും മറ്റും രാഷ്ട്രീയസ്ഥിതിഗതികൾക്കു കൂടുതൽ പ്രക്ഷുബ്ധമാക്കിയിട്ടുണ്ടു്. മദ്ധ്യാഫ്രിക്കയിൽ ആഫ്രിക്കൻഫെഡറേഷനോടുള്ള എതിർപ്പും കീനിയായിലും ദക്ഷിണാഫ്രിക്കയിലും വെള്ളക്കാരുടെ ആധിപത്യത്തിനെതിരായുള്ള സമരങ്ങളും ഉടനുടനുണ്ടാകുന്നു.

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർഷിച്ചു് യൌവനം നിലനിൽക്കുന്നതിനു് സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം


ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങളും ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജ്ജശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാം ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

ധന്വന്തരിവൈദ്യശാല, H. O. തൊടുപുഴ, തിരുവിതാംകൂർ.


ബ്രാഞ്ചുകൾ:

1. ആലപ്പുഴ
2. ആലുവാ
3. ആറ്റിങ്ങൽ
4. ഇടപ്പള്ളി
5. ഈരാറ്റുപേട്ട
6. എറണാകുളം
7. കായംകുളം
8. കാഞ്ഞാർ
9. കിളിമാനൂർ
10. കുന്നാട്ടുകുളം
11. കൊട്ടാരക്കര
12. കൊച്ചി
13. കൊല്ലം
14. കോതമംഗലം
15. കോഴിക്കോട്ടു്
16. കോട്ടയം
17. ചങ്ങനാശ്ശേരി
18. ചേർത്തല
19. തക്കല
20. തിരുവനന്തപുരം
21. തിരുവല്ലാ
22. തുമ്പുണിത്തുറ
23. തൃശ്ശൂർ
24. നാഗർകോവിൽ
25. നെടുമങ്ങാട്ടു്
26. നെയ്യാറ്റിൻകര
27. പാറശ്ശാല
28. പന്തളം
29. ബാംഗ്ലൂർ
30. പാലാ
31. പിറവം
32. പുനലൂർ
33. പൂഞ്ഞാർ
34. പെരുമ്പാവൂർ
35. പൊൻകുന്നം
36. മദ്രാസ്
37. മാർത്താണ്ഡം
38. മാവേലിക്കര
39. മുണ്ടക്കയം
40. മൂവാറ്റുപുഴ
41. വാഴക്കുളം
42. വൈക്കം

ശ്രീനാരായണനഗറിലെ കലാപരിപാടികളിൽ പങ്കെടുത്ത ചില താരങ്ങൾ




കൃഷ്ണവിജയസഭക്കാരുടെ ശാകുന്തളം നാടകത്തിൽ
ദുഷ്യന്തമഹാരാജാവു്



ഇഴന്തകാതൽ എന്ന നാടകത്തിൽ
എൻ. എസ്. കൃഷ്ണനും ടി. എ.
മധുരവും.



മിസ് ഇന്ത്യ എന്നറിയപ്പെടുന്ന
ഇന്ദ്രാണിറഹിമാനു് ആർ. ശങ്കർ
പ്രസൻറു് നൽകിക്കൊണ്ടു് കൈ
കുപ്പിനില്ക്കുന്നതു്.



മദ്രാസിലെ കൃഷ്ണവിജയസഭയുടെ ശാകുന്തളം നാടകത്തിൽ ശ്രീ: ഹേ
മമാലിനി ശകുന്തളയായി അഭിനയിച്ചു. കണ്വാശ്രമത്തിൽനിന്നു ശകു
ന്തളയെ ദുഷ്യന്തന്റെ കൊട്ടാരത്തിലേയ്ക്കു യാത്രയയയ്ക്കുന്ന രംഗം.



കുമാരി ഭാരതി, മദ്രാസ്, നൃത്തം.



കുമാരി കമല നൃത്തം.

Republic Photo News Bureau. Bombay.

Reg: No. M. 2689. MALAYALA RAJYAM

"കോമറിന്റെ" തകർച്ച

—o—

കൽക്കത്തയ്ക്കടുത്തുണ്ടായ വിമാനാപകടത്തെപ്പറ്റി "ഡെയിലി ടെലഗ്രാഫ്"


കൽക്കത്തയ്ക്കു സമീപമുണ്ടായ കോമറ വിമാനാപകടത്തെപ്പറ്റി മെയ് 4-ാംതീയതിയിലെ ബ്രിട്ടീഷു പത്രങ്ങളും പലതും മുഖപ്രസംഗങ്ങളെഴുതി 'ഡെയിലി ടെലഗ്രാഫ്' ഴുതിയതാണ് താഴെ ഉദ്ധരിക്കുന്നത്.

"ഇതിനേക്കാളും ഏറെവലുപ്പമായ വിമാനാപകടങ്ങളും ഇതിനുമുമ്പുണ്ടായിട്ടുണ്ടെങ്കിലും കൽക്കത്തയിൽനിന്നു പുറപ്പെട്ടുന്നവേളയിൽ കോമറ വിമാനത്തിനു നേരിട്ട അപായം മറ്റേതിനേയുംകാൾ കൂടുതൽ പൊതുജനശ്രദ്ധ അർഹിക്കുന്നു. മരണത്തിനിരയാകുന്നതിനുതന്നെ മിനിറ്റുകൾക്കു മുമ്പ് വിമാനത്താവളത്തിൽ വച്ചു യാത്രാഭിവാദനം സ്വീകരിച്ച സ്ത്രീപുരുഷന്മാരുടെയും കുട്ടികളുടെയും ബന്ധുക്കളോടാണ് ഈ അനുകമ്പ ആദ്യമായി നമുക്കുണ്ടാകുക. അതോടൊപ്പം കോമറ വിമാനസർവീസ് ആരംഭിച്ച് ഒരു വർഷം തികയുന്ന ഈ ഘട്ടത്തിൽ അതിന്റെ പ്രണേതാക്കളായ ഡിഹവിലണ്ട് കമ്പനിക്കും പ്രയോജകന്മാരായ ബി. ഒ. എ. സി. കമ്പനിക്കും ഈ അത്യാഹിതത്തെ അഭിമുഖീകരിക്കേണ്ടിവന്നതു പരിതാപകരമത്രേ.

"ഈ അത്യാഹിതത്തിനുമുമ്പുവരെ ജീവാപായംകൂടാതെ 27,700 യാത്രക്കാരെ കോമറ വഹിച്ചുകൊണ്ടുപോയിട്ടുണ്ട്. നാലു രാജ്യങ്ങളിലായി നടത്തുന്ന 250 യാത്ര (മടക്കമുൾപ്പെടെ)കൾക്ക് 9,450 മണിക്കൂറും ഈ വിമാനങ്ങൾ പറന്നിട്ടുണ്ട്. വിമാനഗതാഗതത്തിൽ ഒരു വിപ്ലവമുണ്ടാക്കിയ ഏറ്റവും അഭിനവമായ കയിലുള്ള ഒരു യന്ത്രമാണിതിൽ ഘടിപ്പിച്ചിട്ടുള്ളതെന്നോർക്കുമ്പോൾ പ്രശംസാർഹമായ ഒരു റെക്കോർഡാണിതു്. അന്വേഷണഫലം മുൻകൂട്ടി പറയാൻപാടില്ലെങ്കിലും കാലാവസ്ഥയുടെ പ്രതികൂലം ഈ ദുരന്തസംഭവത്തിൽ ഒരു പക്ഷേ ഒരു വലിയ പങ്കു വഹിച്ചിട്ടുണ്ടാവുമെന്നു റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അന്വേഷണഫലമായി ഇതുവരെ സംശയിക്കപ്പെടാത്ത എന്തെങ്കിലും നൂതനവിവരങ്ങൾ വെളിക്കുവരുന്നതുവരെ കോമറ ലോകവിമാനപ്പടയുടെ അഭിമാനസ്തംഭമായിരിക്കും".

—o—

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.



ഞരമ്പുകളെ ശക്തിപ്പെടുത്തി ധാതുപുഷ്ടി ഉണ്ടാക്കുന്നതും ശാസ്ത്രീയമായ അംഗീകാരം സിദ്ധിച്ചിട്ടുള്ളതുമായ ഒരു

വിശിഷ്ട ടോണിക്ക്

(പ്രത്യേകിച്ച് സ്ത്രീകൾക്കു പ്രസവാനന്തരം വളരെ ഉത്തമം)

പല ചികിത്സകൾക്കുശേഷം, നിങ്ങളുടെ ദേഹദൗർബല്യത്തെ അകറ്റി ദുഷ്ടാംശുവാന്മാരാക്കി തീർപ്പാനും, ഗർഭിണികൾക്കു ശരീരപുഷ്ടി ഉണ്ടാക്കി സുഖപ്രസവം ഉണ്ടാക്കുന്നതിനും, രക്തവൃദ്ധിനവിനും, മാംസക്കൊഴുപ്പിനും അത്യുത്തമമായ അനുഗ്രഹിതമായ സഞ്ജീവി.

ഡോക്ടർ ജോൺ സൺസ്

എലിക്സിർ-ഡി-ചവന

(അഷ്ടവർഗ്ഗം, കാരസ്കരം, സ്വർണ്ണം, വൈഢൂര്യം മുതലായ അപൂർവ്വം വിലപിടിച്ചതുമായ ഔഷധങ്ങളും ചേർത്തിട്ടുള്ളതു്)

ബഹുമാനപ്പെട്ട ശ്രീ: പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ പിതാവായ രാജശ്രീ. മോട്ടിലാൽ നെഹ്രുവിന്റെ വൈദ്യശിരോമണിയായ രാജവൈദ്യകവിരാജ് മുക്കർജിയുടെ പ്രശസ്തപ്രശംസയും, അനവധി വൈദ്യവിശാരദന്മാരുടെയും, ആയിരക്കണക്കിനു പ്രശസ്തന്മാരായ ഡോക്ടറന്മാരുടെയും, ഉപയോഗിച്ചു കൈമേൽ ഫലം കണ്ടതിനുശേഷം നിരവധി പൊതുജനങ്ങളുടെയും അകമഴിഞ്ഞ അഭിനന്ദനങ്ങളും പ്രശംസകളും നേടിയതും ഏറ്റവും ഫലപ്രദവുമായതുമാണ് ഈ ദിവ്യാമൃതം.

നിങ്ങളുടെ ബന്ധുമിത്രാദികളെയും നിങ്ങളുടെ പ്രായംചെന്നവരെയും അവരുടെ ക്ഷീണാവശതയ്ക്കു പറ്റിയ 'എലിക്സിർ-ഡി-ചവന'വാങ്ങി ഉപയോഗിച്ചു ക്ഷീണരഹിതരായി സന്തോഷജീവിതം തുടരുവാൻ അറിയിക്കുക. ഇതു നിരവധി രോഗികളെ അവരുടെ സാധാരണജീവിതത്തിലേയ്ക്കു ഉയർത്തിയിട്ടുണ്ട്. ഓരോ തുള്ളി ടോണിക്കും പുനർജീവൻ നൽകുന്ന അമൃതാണ്. ആദ്യത്തെ ഒരു മാത്രതന്നെ നിങ്ങളുടെ സിരകളിൽ നവചൈതന്യം പ്രവഹിപ്പിക്കുകയും, രോഗത്തിൽ നിന്നും പൂർണ്ണശമനം സിദ്ധിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

പഥ്യം ഇല്ല.

24	ഔൺസുകുപ്പി	1-ക്ക്	വില	5 രൂ: 8 ണ.
12	"	"	"	3 രൂ: 4 ണ.

നിർമ്മാതാക്കൾ:

ജോൺ സൺസ് ഫാർമ്മസ്യൂട്ടിക്കൽവർക്സ്, ആലപ്പുഴ:

എല്ലാ ഇംഗ്ലീഷുമരുന്നുപ്പകളിലും കിട്ടുന്നതാണ്.

വെളിച്ചം കിട്ടി

★

(കാർഷികപ്രശ്നത്തെ പരാമർശിച്ചുള്ള ഒരു നോവൽ)

By

എ. പി. കളയ്ക്കാട്

ഇടത്തരം കൃഷിക്കാർക്ക് തുടച്ചുമാറ്റാവുന്നതാകുന്ന തകർച്ചകളും, അവരെ പിച്ചുതെണ്ടിക്കുന്നവരുടെ വിവിധങ്ങളായ പൂർണ്ണനഗ്നരൂപങ്ങളും ഭംഗിയായി ഇതിൽ തെളിഞ്ഞുകാണാം. സാമ്പത്തികമായിമാത്രമല്ല, സാംസ്കാരികമായുംകൂടി ഒരു പുതിയ പ്രഭാപൂർണ്ണത ഇതിൽകൂടി പ്രസരിക്കുന്നുണ്ട്.

വില രൂപാ ഒന്നുമാത്രം.

മാനേജർ,

ശ്രീരാമവിലാസംപ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.

ഗ്രന്ഥകർ:—തിരുവനന്തപുരം, ആലപ്പുഴ & എറണാകുളം.

★★★★★★★

റബ്ബർ മുദ്രകൾ

★

വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ വളരെക്കാലം ഉപയോഗിക്കത്തക്കവിധം ഉറപ്പായും ഭംഗിയായും മിതമായ ചാർജ്ജിൽ ഇവിടെ ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

★★★★★★★